ശ്രീ. ഇ. കെ. നായനാർ: സർ, ശ്രീ. കെ. ശിവദാസൻ മന്ത്രി രാജിവയ്ക്കേണ്ടതാണ്.

മി. സ്പീക്കർ: അങ്ങനെ സംസാരിക്കാൻ അനുവദിച്ചിട്ടില്ല..... I have not allowed you to raise anything on this matter.

IV. മേശപ്പുറത്തു വച്ച കടലാസുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986 മേയ് 5-ാം തീയതിയിലെ ജി. ഒ. എം. എസ്. നമ്പർ 144/86/ ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 916/86).

(2) 1986 മേയ് 21-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 163/86 ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 968/86).

(3) 1986 ഏപ്രിൽ 25-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 62/86/ റവ. ഡി. (എസ്. ആർ. ഒ. നമ്പർ 832/86.)

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1983 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തെ കണക്കുകളെ സംബന്ധിച്ച കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ കമൻറ്സ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തു വയ്ക്കുന്നു.

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ 1983-84 വർഷത്തേക്കുള്ള വാർഷിക കണക്ക്, ആഡിറ്റ് സർട്ടിഫിക്കറ്റ് സഹിതം.

V. ധനകാര്യം

1986-87-ലെ ബഡ്ജറിലേയ്ക്കുള്ള സപ്ലിമെൻററി ഗ്രാൻറിനെയും 1981-82, 1982-83, 1983-84 എന്നീ വർഷങ്ങളിലേയ്ക്കുള്ള എക്സസ് ഗ്രാൻറിനേയും സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, സംസ്ഥാന രേണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ, എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടേയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും മെഡിക്കൽ എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,20,500 രൂപയുടേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,56,000 രൂപയുടേയും, പൊതുജനാരോഗ്യം എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും, ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,83,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

യുടേയും വിനോദസഞ്ചാരം എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,76,400 രൂപയുടേയും 1986-87 വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 വർഷത്തേയ്ക്ക് 96,22,576 രൂപയുടേയും മെഡിക്കൽ എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 വർഷത്തേയ്ക്ക് 10,68,265 രൂപയുടേയും അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1983-84 വർഷത്തേയ്ക്കുള്ള 35,56,394 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയംകൂടി മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ 1986-87-ലേക്കുള്ള ഉപ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും പെൻഷനും പലവകകളും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,50,100 രൂപയുടേയും 1986-87-ലേക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടെ 1986-87-ലേക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,06,000 രൂപയുടേയും ഭവനനിർമ്മാണം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,25,02,900 രൂപയുടേയും പ്രകൃതിക്ഷോഭത്തിന് ഇരയാകുന്നവർക്ക് ദുരിതാശ്വാസം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും 1986-87-ലേക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫാമിൻ എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 വർഷത്തേക്ക് 4,67,075 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയംകൂടി ഞാൻ അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ 1986-87-ലേക്കുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷണറിയും അച്ചടിയും ഭരണപരമായ മറ്റ് സർവ്വീസുകളും എന്ന XIV-ാം

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 വർഷത്തേക്ക് 3,67,75,365 രൂപയുടെ അധിക ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം കൂടി സഹകരണവകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നഗരസംവിധാനം എന്ന XXIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ 1986–87–ലേക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 വർഷത്തേയ്ക്ക് റവന്യൂ ഇനത്തിൽ 2,34,42,709 രൂപയുടെയും മൂലധനം ഇനത്തിൽ 1,38,38,245 രൂപയുടേയും, ജലസേചനം എന്ന XXXVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 ലേക്ക് 3,10,39,001 രൂപയുടേയും അധിക ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയംകൂടി ഞാൻ അവതരിപ്പിക്കുന്നു.

പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982–83 സാമ്പത്തിക വർഷത്തേക്ക് 1,46,12,846 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, കൃഷി എന്ന XXX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35 ലക്ഷം രൂപയുടെ 1986–87–ലേക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, മത്സ്യ ബന്ധനം എന്ന XXXIV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1986–87 ലേക്ക് 70,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഫിഷറീസ് വകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, തുറമുഖം എന്ന XLI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1986–87–ലേക്ക് 4,17,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഏക്സൈസ് എന്ന VIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982–83 വർഷത്തേക്ക് 25,07,839 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയംകൂടി ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ഗതാഗതം എന്ന XLII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8 കോടി രൂപയുടെ 1986–87–ലേക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ ഇവയെ പിന്താങ്ങുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഈ ഭരണത്തിൽ സാധാരണക്കാരുടെ സൈ്വരജീവിതം തകർന്നിരിക്കുകയാണ്. സാമൂഹ്യവിരുദ്ധൻമാരെ അമർച്ച ചെയ്യാൻ കഴിയുന്നില്ല. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, തൊഴിലാളികൾ, എൻ.ജി.ഒ. മാർ തുടങ്ങി വിവിധമേഖലയിൽ കഴിയുന്ന ആളുകൾക്കെല്ലാം ഈ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഭരണംകൊണ്ട് വളരെയധികം ബുദ്ധിമുട്ടുണ്ട്. വയലാർ രവിയുടെ പോലീസ് ഭരണത്തിൽ മാർക്സിസ്റ്റ് പാർട്ടിക്ക് മാത്രമായിരുന്നു രക്ഷയില്ലാതിരുന്നത്. ഇപ്പോൾ കോൺഗ്രസ് (എ) കാർക്കു പോലും രക്ഷയില്ല. തിരുവനന്തപുരം ജില്ലയിൽ പോലീസിന്റെ ഭരണം നടത്തിയിരുന്ന പാലോട് രവിക്കുപോലും ഇന്നത്തെ പോലീസ് ഭരണത്തിൽ രക്ഷ കിട്ടുന്നില്ല. 1986 ജൂൺ മാസം 6–ാം തീയതി രാത്രി ഒരു മണിക്ക് പാലോടു രവിയുടെ ഭാര്യവീട്ടിൽ 22 ആളുകളും ഒരു ട്രക്കറിൽ ചെന്നിറങ്ങി. ഗേറ്റ് തല്ലിപ്പൊളിച്ച് അകത്തു കയറി. സൈക്കിൾ ചെയിൻ, വടി തുടങ്ങിയ മാരകായുധങ്ങളുമായി ചെന്ന് രവിയുടെ ഭാര്യയുടെ അച്ഛൻ ശ്രീ. എം. ശ്രീധരൻപിള്ളയെ വിളിച്ചിറക്കാൻ ശ്രമിച്ചു. അദ്ദേഹം ഗ്രില്ല് തുറന്നില്ല. തുറന്നിരുന്നെങ്കിൽ അദ്ദേഹത്തെ അപകടപ്പെടുത്തിയേനേ. വിക്രമൻ, റാഫി എന്നിവരുടെ നേതൃത്വത്തിലാണ് ഈ ആക്രമണം നടന്നത്. ഇതു നടന്നിട്ട് 2 മാസമായി. ഞാൻ ഉൾപ്പെടെയുള്ള ആളുകൾ പരാതി പറഞ്ഞു. പക്ഷെ എന്തു ചെയ്യാം? ഒരൊറ്റ ആളിന്റെ പേരിലും നടപടി എടുത്തിട്ടില്ല. പ്രതികളെ ആരെയും അറസ്റ്റു ചെയ്തിട്ടില്ല. പ്രതികൾ ആരാണെന്നു തിരക്കിയിട്ടില്ല.

സർ, എം. ജി. കോളേജിൽ വിദ്യാർത്ഥികളെ ക്ലാസ്മുറികളിലിട്ട് തല്ലിച്ചതച്ചു. പോലീസും ഗുണ്ടകളും ചേർന്നാണ് അതു ചെയ്തത്. അവിടെ കോഴ വാങ്ങുന്നതിനെതിരെ വിദ്യാർത്ഥികൾ സമരം ചെയ്തു. എം. ജി. കോളേജിൽ നിന്ന് ഇന്റർവ്യൂവിന് കാർഡ് വരുമ്പോൾ അതിനകത്തുതന്നെ എഴുതിയിരിക്കും ഇത്ര രൂപ കൊടുക്കണമെന്ന്. അങ്ങനെ കൊടുക്കുന്നതിനെതിരായിട്ടാണ് വിദ്യാർത്ഥികൾ സമരം നടത്തിയത്. സമാധാനപരമായി പിക്കറ്റിംഗ് നടത്തിയ 27 വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തു കസ്റ്റഡിയിലെടുത്തു. അതിൽ പ്രതിഷേധിച്ചു പ്രകടനം നടത്തിയ 11 വിദ്യാർത്ഥികളെ ക്ലാസ്റൂമിലിട്ടു തല്ലിച്ചതച്ചു. ഈ വിവരം അറിഞ്ഞുചെന്ന എസ്.എഫ്.ഐ. നേതാക്കളായ റഷീദ്, ശിവൻകുട്ടി എന്നിവരെ ഭീഷണിപ്പെടുത്തുക മാത്രമല്ല, കേസിൽ കുടുക്കാനും ശ്രമിക്കുന്നു. പോലീസിനെ കയറൂരിവിട്ടിരിക്കുകയാണ്. രാജേന്ദ്രൻ, രാജീവ്, ഗോപൻ എന്നീ വിദ്യാർത്ഥികളെ കോളേജിൽ നിന്നു നീക്കാതിരിക്കാൻ കാരണം ചോദിച്ചുകൊണ്ട് നോട്ടീസ് അയച്ചിരിക്കുന്നു. ഇക്ബാൽ കോളേജിലും കുട്ടികൾ ഇന്നു സമരത്തിലാണ്. അവിടത്തെ വി. കെ. സതീശൻ, രാധാകൃഷ്ണൻ എന്നിവർ നെടുമങ്ങാട് ആശുപത്രിയിലാണ്. അവിടെയും വിദ്യാർത്ഥികളെ തല്ലിച്ചതച്ചു. അവിടെ പോലീസ് ഇടപെട്ടിരുന്നില്ല. ജലീൽ, റഹീം, കലാം, ജബ്ബാർ തുടങ്ങിയ വിദ്യാർത്ഥികൾ സമാധാനപരമായി പ്രകടനം നടത്തിയപ്പോൾ മാനേജുമെന്റിന്റെ ആളുകൾ അവരെ ആക്രമിക്കുകയുണ്ടായത്. അവർ ആശുപത്രിയിലാണ്. പോലീസ് ഇതിൽ ഇടപെട്ടില്ല. എസ്.എഫ്.ഐ. മാത്രമല്ല കെ.എസ്.യു. ഉൾപ്പെടെ സകല കക്ഷികളും ചേർന്നാണ് ഇതിനെതിരായിട്ട് അവിടെ സമരം നടത്തുന്നത്.

ഈ സഭയിൽ ഇതിനുമുമ്പ് ഞാൻ പറഞ്ഞിട്ടുള്ളതാണ് വാമനപുരം ഇന്ദിരയുടെ കഥ. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ കൃത്യമായും ക്ലിയറായും അതൊരു കൊലപാതകമാണെന്നും ബലാൽസംഗം ചെയ്തിരുന്നെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതു ക്രൈംബ്രാഞ്ചിന് വിടുമെന്നു പറഞ്ഞു. ക്രൈംബ്രാഞ്ച് ഈ മുഖ്യമന്ത്രിയുടെ വകുപ്പല്ലേ? അത് ആഭ്യന്തര വകുപ്പിൽ പെടില്ലേ? യാതൊരു സംഗതിയും അതിൽ ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആറ്റിങ്ങൽ വഞ്ചിയൂരിൽ ഗോപാലന്റെ മകനും ബേബിയെന്ന ഹരിജൻ യുവതിയെ കൊട്ടാരക്കര ഓടനാവട്ടത്ത് മോഹനൻ കല്ല്യാണം കഴിച്ചു. മോഹനന്റെ സഹോദരി സരസുവും അമ്മ ചെല്ലമ്മയും കൂടി ആ യുവതിയെ തല്ലിക്കൊന്ന കാര്യം പത്രങ്ങളിൽ വന്നതാണ്. ആ കൊലപാതകത്തെക്കുറിച്ച് അന്വേഷിച്ചില്ല, കേസ് സെടുത്തില്ല. ഈ സഭയിലെ എം.എൽ.എ. മാരായ ശ്രീ. സി. കെ. തങ്കപ്പൻ, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ തുടങ്ങിയവർ നിരവധി നിവേദനങ്ങളും ഈ സഭയിൽ നടത്തിയതാണ്. എന്നിട്ട് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് ഒന്നു അന്വേഷിപ്പിക്കാൻ കഴിഞ്ഞോ? ഒരു കൊലപാതകകേസ്സിൽ സംശയത്തിന്റെ പേരിൽ സുധാകരൻ എന്ന ഒരാളിനെ അറസ്റ്റുചെയ്തു. അയാളെ കോടതി റിമാൻഡ് ചെയ്തു. തിരുവനന്തപുരം സബ്ജയിലിൽ കൊണ്ടുപോയി. സബ്ജയിലിൽ വച്ചു സുരേഷ് ബാബു എന്നൊരു വാർഡനും ഒരു സൂപ്രണ്ടും കൂടി തല്ലി അയാളുടെ നടുവൊടിച്ചു. ഇയാളെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 18—ാം നമ്പർ വാർഡിൽ അഡ്മിറ്റ് ചെയ്തു. ഡോക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് കേസ്സെടുത്തു. ഇതുവരെ ഈ സുരേഷ് ബാബുവിനു എതിരായി നടപടിയെടുത്തിട്ടില്ല. ഈ സുരേഷ്ബാബു ഒന്നിലധികം തവണ ഇതുപോലെയുള്ള കേസ്സുകളിൽ സസ്പെൻഡ് ചെയ്യപ്പെട്ടിട്ടുള്ള ആളാണ്.

തൊഴിലാളിമേഖലയെ ആകെ സ്തംഭിപ്പിച്ചിരിക്കുകയാണ്. പോലീസിന്റെ നടപടിയാണ് ഇതിനും കാരണം. കീഴ്വഴക്കങ്ങളും ലംഘിച്ചു. തൊഴിൽ നിയമങ്ങളും കാറ്റിൽപ്പറത്തി—ഇവിടെ ഐ.എൻ.ടി.യു.സി. യെ ഉയർത്തിക്കൊണ്ടുവരാൻ പോലീസിനെ നിയോഗിച്ചിരിക്കുകയാണ്. തിരുവനന്തപുരം എയർപോർട്ടിൽ എന്താണ് നടന്നത്? തിരുവനന്തപുരം എയർപോർട്ടിൽ സി.ഐ.ടി. യു. വിന്റേയും ടാക്സി വെൽഫെയർ അസോസിയേഷന്റേയും ടാക്സികളാണ് ഓടിച്ചുകൊണ്ടിരുന്നത്. ഇവിടത്തെ സിറ്റി പോലീസ് കമ്മീഷ്ണർ ശ്രീ വാസ്തവ മുഖ്യമന്ത്രി കരുണാകരന്റെ പാർട്ടികാര്യക്കുവേണ്ടി പ്രവർത്തിക്കുന്ന ആളാണ്. ആ ശ്രീവാസ്തവയെപ്പറ്റി പറയുകയാണെങ്കിൽ ഒന്നര പേജ് പറയാനുണ്ട്. അതുകൊണ്ട് ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്റെ നിയന്ത്രണത്തിലും നേതൃത്വത്തിലും ഐ.എൻ.റ്റി.യു.സി.യിൽപ്പെട്ട ടാക്സി തൊഴിലാളികളും വണ്ടിയുമായി ചെന്ന് അവിടെ കുഴപ്പമുണ്ടാക്കി. ലീഗൽ അഡ്വൈസറടക്കമുള്ള ആളുകളെ അറസ്റ്റ് ചെയ്തു. എന്നിട്ട് അതിന് പരിഹാരമുണ്ടാക്കിയില്ല. കല്ലറ പഞ്ചായത്തിലെ മുതുവിളയിലും സി. ഐ.റ്റി.യു.ക്കാരെ ജോലി ചെയ്യാൻ സമ്മതിക്കുന്നില്ല. ജോലി ചെയ്യാത്ത ഐ.എൻ.റ്റി.യു.സി. കാർക്ക് ജോലി ചെയ്യണമെന്നു പറയുന്നു. 200 ദിവസമായി സമരം നടക്കുന്ന പോപ്പുലർ ഓട്ടോമോബൈൽസിൽ തൊഴിലുടമയെ സഹായിക്കാനാണ് ശ്രീവാസ്തവ പോലീസിനെ നിയോഗിച്ചിരിക്കുന്നത്. അവിടെ 200 ദിവസമായി തൊഴിലാളികളും സത്യാഗ്രഹമിരിക്കാൻ കെട്ടിയിരുന്ന പന്തൽ പൊളിച്ചുമാറ്റാൻ ശ്രീവാസ്തവ നിർദ്ദേശം കൊടുത്തു. പന്തൽ പൊളിച്ചുമാറ്റുന്നത് ശ്രീവാസ്തവയ്ക്ക് ഇപ്പോൾ ഒരു തമാശയാണ്. 6 മാസമായി സമരം ചെയ്യുന്ന എഫ്.സി.ഐ.ക്കാർ കെട്ടിയിരുന്ന പന്തലും 4 മാസമായി സമരം ചെയ്യുന്ന പൊൻമുടി എസ്റ്റേറ്റുകാരുടെ പന്തലും പൊളിച്ചുമാറ്റി. 62 തൊഴിലാളികളും 3 മാസമായി ബ്രൈമൂർ എസ്റ്റേറ്റിൽ സമരം ചെയ്യുകയാണ്. ലേബർ കോൺട്രാക്റ്റ് സിസ്റ്റം അവസാനിപ്പിച്ച ഈ രാജ്യത്ത് മുതലാളിമാർക്കുവേണ്ടി നിയമം കാറ്റിൽപ്പറത്തിക്കൊണ്ട് ലേ ഓഫ് ഏർപ്പെടുത്തി. കണിയാപുരത്ത് നസീർ എന്നുപറയുന്ന ഒരാൾ ഒരേക്കർ 20 സെന്റ്സ്ഥലം വിലയ്ക്ക് വാങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

11 ആളുകൾ അവിടെ ഒരു കൂര കെട്ടി താമസിക്കുകയാണ്. കണിയാപുരം വാഹീദ് കോൺഗ്രസ് (ഐ) യുടെ പ്രമുഖനായ ഒരു നേതാവാണ്. അയാൾ ആൾമാറാട്ടത്തിൽ ഒരു ശശിധരൻനായരുടെ പേരിൽ പാലോട് സബ് രജിസ്ട്രാർ ഓഫീസിൽ ചെന്നു കള്ളപ്രമാണമുണ്ടാക്കി. 11 പേർ താമസിക്കുകയായിരുന്ന വീട് പോലീസിന്റെ നേതൃത്വത്തിൽ പൊളിച്ചു മാറ്റിയിരിക്കുകയാണ്. ശ്രീ. എം. എം. ഹസ്സൻ അവിടത്തെ എം.എൽ.എ. യാണ്. ശ്രീ. ഹസ്സൻ ഇതിൽ പ്രതിഷേധമുണ്ട്. പക്ഷേ നാക്കെടുക്കാൻ കഴിയുകയില്ല. ഇന്നു കോൺഗ്രസ്സിനകത്തെ സ്ഥിതി അതാണ്. അമ്മ മകന് ഇഷ്ടദാനം കൊടുത്തതാണ് ആ സ്ഥലം. ഇതിൽ ആൾമാറാട്ടത്തിന് കേസെടുത്തു ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണം. ഇതുപോലെയുള്ള നിരവധി കേസുകളുണ്ട്.

ഇവിടെ നാണംകെട്ട രേണമാണുള്ളത്. ഈ സഭയിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത നാണംകെട്ട കാര്യങ്ങളാണ് നടക്കുന്നത്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി എന്താണ് സർ ചെയ്തത്? തൊഴിൽ വകുപ്പുമന്ത്രി നടത്തിയത് അഴിമതിയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി രാജി വയ്ക്കാതിരിക്കുന്നത് ഈ സംസ്ഥാനത്തിന് ഭൂഷണമാണോ? ജനാധിപത്യപരമാണോ? അങ്ങനെയുള്ള ഈ ഗവൺമെന്റിന് ഒരു നിമിഷംപോലും അധികാരത്തിൽ തുടരാൻ അവകാശമില്ല. അതു കൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

മി. സ്പീക്കർ: സഭയുടെ മുമ്പാകെ ഒരുകാര്യം പറയാൻ ആഗ്രഹിക്കുകയാണ്. സ്പീക്കറുടെ റൂളിംഗിന്റെ ഉള്ളടക്കം ഒരു കാരണവശാലും ഒരിടത്തും പരാമർശവിഷയമാക്കാൻ പാടുള്ളതല്ല. അതു പ്രത്യേകമായി ഒന്നു ശ്രദ്ധിക്കണം. അങ്ങനെയുണ്ടാകുന്ന പരാമർശങ്ങളൊന്നും രേഖയിൽ ഉണ്ടാകുകയില്ല.

ശ്രീ. ബേബി ജോൺ: സർ, റൂളിംഗിനെപ്പറ്റിയല്ല. പക്ഷേ അതിനാധാരമായ വസ്തുതകളെ സംബന്ധിച്ച് പറയേണ്ടിവരും.

മി. സ്പീക്കർ: സ്പീക്കറുടെ റൂളിംഗിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട യാതൊരു പരാമർശവും ഏതു ഭാഗത്തു നിന്നുണ്ടായാലും അതു രേഖയിലുണ്ടായിരിക്കുകയില്ല. കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് പറയുന്നതിൽ അപാകതയില്ല.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഒരു മെമ്പറേയോ മന്ത്രിയേയോ സംബന്ധിച്ച് പരാമർശമുണ്ടാകുകയാണെങ്കിൽ ബന്ധപ്പെട്ട ആളുകൾക്ക് കൂടി മറുപടി പറയാനുള്ള അവസരം നൽകണം.

മി. സ്പീക്കർ: ആർക്കും മറുപടി പറയേണ്ട പ്രശ്നം ഇവിടെയില്ല. There is no debate on the ruling given by the Speaker. അത് വളരെ വ്യക്തമായി പറയുന്നുണ്ട് "..... It is the right of the Speaker to interpret the Constitution and Rules so far as matters in or relating to the house are concerned and no one including the Government can enter into any argument or controversy with the Speaker over such interpretation. His rulings constitutes precedents by which subsequent Speakers, Members and Officers are guided....."

Minister for Industries (**Shri E. Ahamed**): Sir, I entirely agree with you. പക്ഷേ ഒരു കാര്യം കൂടി പറയട്ടെ. While protecting the rights of every member, the Speaker may also give time to any member from the treasury benches, if any reference is made about him.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച സപ്ലിമെന്ററി ഡിമാൻഡുകളെ ഞാൻ പൂർണ്ണമായി പിന്താങ്ങുകയാണ്. ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് നമ്മുടെ രാജ്യത്തിലെ ജനവിഭാഗങ്ങൾക്ക് സംരക്ഷണം നൽകാനുള്ള ഗ്രാൻറുകളിൽ ഏറ്റവും പ്രധാനപ്പെട്ട കെ.എസ്.ആർ.ടി.സി. യുടേതാണ്. കെ.എസ്. ആർ.ടി.സി. യുടെ ഇതുവരെയുള്ള പ്രവർത്തനത്തിലുണ്ടായിട്ടുള്ളതും ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് കൊടുത്തുതീർക്കാനുള്ളതുമായ കടം മാസംതോറും ഒരുകോടി രൂപവച്ച് കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു പരിപാടിയാണിത്. നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമമനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിൻറെ ഭാഗമായിട്ടാണ് ഒരുകോടി രൂപ വീതം മാസംതോറും കൊടുക്കുന്നത്. അതുപോലെതന്നെ ഹൗസിംഗ് ബോർഡ് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ചെറിയ വീടുകൾ നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ് അനുവദിക്കുന്നതിനായിട്ടുള്ള പരിപാടിക്കു വേണ്ടിയാണ് 115 ലക്ഷം രൂപയുടെ അധിക ഗ്രാൻറിന് അപേക്ഷിച്ചിരിക്കുന്നത്. മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി 75 ലക്ഷം രൂപയുടെ അധികച്ചെലവ് അനുവദിക്കണമെന്നുള്ളതാണ് മറെറാരപേക്ഷ. പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പരിപാടിയാണിത്. പുഞ്ചകൃഷിക്കാർക്ക് വളം സബ്സിഡി നൽകുന്നതിനുവേണ്ടി 35 ലക്ഷം രൂപ അനുവദിക്കണമെന്നാണ് മറെറാരാവശ്യം. അതുപോലെ വയനാട്ടിലെ ആദിവാസികളുടെ ചികിൽസാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി 11.83 ലക്ഷംരൂപ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. പോലീസ്, സഹകരണം, പ്രിൻറിംഗ്, പൊതുജനാരോഗ്യ എഞ്ചിനീയറിംഗ്, പി. ഡബ്ലിയു.ഡി., ഫോറസ്റ്, മെഡിക്കൽ, കൃഷി തുടങ്ങിയ വിവിധ വകുപ്പുകൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകൾ പാസ്സാക്കിക്കൊടുത്താൽ ഈ സംസ്ഥാനത്തുള്ള എല്ലാ ജന വിഭാഗങ്ങൾക്കും അതിനേറതായ അനുപാതത്തിലുള്ള ഗുണം കിട്ടും. അതിനെ എതിർക്കുന്നത് പ്രതിപക്ഷത്തിൻറെ ആത്മാർത്ഥതയില്ലായ്മ കൊണ്ടാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സൃഷ്ടിപരമായി ഈ സംസ്ഥാനത്തിലെ ജനങ്ങളെ സേവിക്കാനുള്ള താല്പര്യം അവർക്കില്ല എന്നുള്ളതാണ് വളരെ വ്യക്തമായിരിക്കുന്നു. ഇത് പതിവുള്ള സംഭവങ്ങളാണ്. ദിവസംപ്രതി അതാണു നടക്കുന്നത് എന്നാണ് എനിക്കു മുമ്പു പ്രസംഗിച്ച ബഹുമാന്യനായ കോലിയക്കോടു കൃഷ്ണൻ നായർ പറഞ്ഞത്. ഈ ഗ്രാൻറ് അനുവദിച്ച് എത്രയും വേഗം ഈ രാജ്യത്തെ ജനങ്ങളുടെ ജീവിതത്തിന് ആശ്വാസം നൽകണം. ഈ രാജ്യത്തെ ജനങ്ങളുടെ ജീവിതത്തിൽ ആശ്വാസം നൽകാൻവേണ്ടി മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്, കൃഷിക്കാരനു കിട്ടേണ്ട വളം സബ്സിഡിക്ക്, ട്രാൻസ്പോർട്ട് ബസ്സുകൾ മുടങ്ങാതെ ഓടിക്കുന്നതിന്, വയനാട്ടിലെ ആദിവാസികൾക്ക് വൈദ്യസഹായം തുടങ്ങി വിവിധമേഖലകളിലുള്ള ജനങ്ങൾക്ക് ചെലവു ചെയ്യാൻ വേണ്ടിയുള്ള സപ്ലിമെൻററി ഗ്രാൻറുകൾ അനുവദിപ്പിച്ചുകൊടുക്കുകയാണ് പ്രതിപക്ഷം ചെയ്യാനുള്ളത്. കോലിയക്കോടു കൃഷ്ണൻനായർ പറഞ്ഞതു കേട്ടപ്പോൾ എനിക്ക് അൽഭുതം തോന്നിപ്പോയി. തിരുവനന്തപുരം ജില്ലയിൽ എതോ ഒരു വീട്ടിൽ അടിപിടികൂടി, ഒരു വീട്ടിൽ കളളൻ കയറാൻ ശ്രമിച്ചു, എസ്.എഫ്.ഐ. വിദ്യാർത്ഥികൾ സമരം ചെയ്യുന്നതിനെ തടയാൻ ചെന്നു എന്നിങ്ങനെയുള്ള

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

നിസ്സാര കാര്യങ്ങളും അദ്ദേഹം പറയുകയുണ്ടായി. ഇതിനെ ഇങ്ങനെ പൊരുപ്പിച്ചു പറയാൻ എന്തെങ്കിലുമുണ്ടോ കൃഷ്ണൻനായരേ? ഈ രാജ്യത്തെ രണ്ടേമുക്കാൽ കോടി ജനങ്ങളുടെ പ്രശ്നങ്ങളും പരിഹരിക്കാൻ വേണ്ടിയാണ് സപ്ലിമെന്ററി ഗ്രാന്റ് അനുവദിക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, കൊലപാതകം നടക്കാത്തതുകൊണ്ടാണോ? അർദ്ധരാത്രി ഒരു വീട്ടിൽ പത്തിരുപതാളുകളും ചെന്ന് ഗേറ്റു തള്ളിത്തുറന്നാണ് അകത്തുകയറിയത്. ഗ്രില്ലു തുറന്ന് ഗൃഹനാഥൻ വെളിയിൽ ഇറങ്ങിയിരുന്നുവെങ്കിൽ അവിടെ കൊലപാതകം നടക്കുമായിരുന്നു. കോൺഗ്രസ്സ് (എ) യിലെ പാലോടു രവിയുടെ ഭാര്യയുടെ അച്ഛന്റെ വീട്ടിലാണ് അത് സംഭവിച്ചത്. അതുനടന്നിട്ട് ഒന്നര മാസമായി. അതിൽ നിങ്ങൾ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. രാഘവൻ പൊഴക്കടവിൽ: കൊലപാതകത്തെക്കുറിച്ച് ഇത്രയൊക്കെ പറഞ്ഞാൽ നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് അത് ഉണ്ടായിരുന്നില്ലേ? അന്ന് ഇവിടെ ദിവസംപ്രതി അഞ്ചുംപത്തും കൊലപാതകങ്ങൾ വീതം നടന്നിട്ടുണ്ട്. 1,800–ൽപ്പരം ആളുകളെ കൊലചെയ്ത സംസ്ഥാനമാണിത്. നിങ്ങൾ പരസ്യമായി കൊല ചെയ്തതാണ്. ഇവിടെയിപ്പോൾ അങ്ങനെയുള്ള കൊലപാതകങ്ങളൊന്നും ഉണ്ടായിട്ടില്ല. ഏതെങ്കിലും വഴക്കുണ്ടാകുമ്പോഴും അതിർത്തി വഴക്കുണ്ടാകുമ്പോഴും ചായയും കുടിക്കാൻ പോകുമ്പോഴും ചില സന്ദർഭങ്ങളിൽ തർക്കങ്ങളുണ്ടായി കൊലപാതകങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. അല്ലാതെ വേറെ ഏതെങ്കിലും കൊലപാതകം ഇവിടെ ഉണ്ടായിട്ടുണ്ടോ? എത്ര ശാന്തമാണ് നമ്മുടെ സംസ്ഥാനം. അത് ഈ രാജ്യത്തിലെ ജനങ്ങൾക്കറിയാം. ഇവിടത്തെ ക്രമസമാധാനം പാലിക്കുന്നകാര്യത്തിൽ പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ രാജ്യത്തെ ജനങ്ങൾക്ക് സുരക്ഷിതത്വം ഇന്നുള്ളപ്പോലെ. ഇത്രയും നല്ല ഒരു സ്ഥിതി ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? പണ്ട് ഇവിടെ നടക്കാൻ പാടുമായിരുന്നോ? നടക്കുമെങ്കിൽ പിന്നിൽ നിന്ന് കാറോ വരുമോ പിന്നിൽനിന്ന് കൈബോംബ് വരുമോയെന്നു ഭയന്നു കൊണ്ടല്ലേ ഈ സംസ്ഥാനത്തെ ജനങ്ങൾ നടന്നിരുന്നത്? ഇന്ന് അങ്ങനെയുള്ള സ്ഥിതി വല്ലതുമുണ്ടോ? മുമ്പത്തെ ആഭ്യന്തര വകുപ്പു മന്ത്രിയുടെ കാലത്തും മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷവും വളരെ ശാന്തമായ അന്തരീക്ഷമാണുള്ളത്. തല്ലും വഴക്കുമൊക്കെ ഉണ്ടാകുന്നത് സ്വാഭാവികമാണ്. അത് നിങ്ങൾ ഭരിച്ചാലും ഞങ്ങൾ ഭരിച്ചാലും ആരും ഭരിച്ചില്ലെങ്കിലും ഉണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷേ ക്രമസമാധാനപാലനരംഗത്ത് ഇത്രയും ശക്തമായ നേതൃത്വം നൽകാൻ കഴിഞ്ഞിട്ടുള്ള ഒരു സർക്കാർ ഈ രാജ്യത്ത് ഇതിനുമുമ്പ് ഉണ്ടായിട്ടില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ക്രമസമാധാനം തകർക്കുന്നതിന്റെ പ്രധാന ഉത്തരവാദി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന് അങ്ങേക്ക് അറിയാമോ? ശ്രീ. എം. വി. രാഘവന്റെ ആളുകൾ തൃശ്ശൂർ സമ്മേളനത്തിനു പോയപ്പോൾ വഴിയിൽവച്ച് ജീപ്പിനു കല്ലെറിയുകയും അവരുടെ വീട്ടിലെ തെങ്ങു വെട്ടിനശിപ്പിക്കുകയും അടിയ്ക്കുകയുമൊക്കെ ചെയ്തത് മാർക്സിസ്റ്റുകാർ ഇവിടത്തെ ക്രമസമാധാനം തകർക്കുന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, രാമചന്ദ്രൻ മാസ്റ്റർ പറയുന്നത് ശരിയാണ്. ഇന്നലെ തൃശ്ശൂരിൽ ശ്രീ. എം. വി. രാഘവൻ പ്രസംഗിക്കുന്ന യോഗത്തിൽ പങ്കെടുക്കാൻ പോയ ആളുകളെ ആക്രമിക്കാനായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടംകൂട്ടമായി മാർക്സിസ്റ്റുകാർ അവിടെ നിൽക്കുകയായിരുന്നു. കൈയിൽ മാരകായുധങ്ങളുമുണ്ടായിരുന്നു. അങ്ങനെയുള്ള അക്രമങ്ങൾ ഉണ്ടാക്കുകയെന്നല്ലാതെ വേറൊരു പരിപാടിയും അവർക്ക് ഇല്ല. ഇത് ഒന്നു തിരുത്താനെങ്കിലും വേണ്ടിയാണ് പ്രതിപക്ഷത്തിരിക്കുന്നവർ ശ്രമിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. പണ്ട് എല്ലാ വ്യവസായ രംഗത്തും നമുക്ക് കടന്നുചെല്ലാൻ സാധിക്കുമായിരുന്നോ? അവിടെയെല്ലാം നിരന്തരമായ സമരങ്ങളായിരുന്നു. ഇന്ന് തൊഴിൽ വകുപ്പിന്റെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി ഒന്നുരണ്ടു വ്യവസായങ്ങളിലൊഴിച്ച് വേറെ എവിടെയെങ്കിലും സമരമുണ്ടോ? അന്ന് തിരുവനന്തപുരം മുതൽ കാസർകോടുവരെ കാറിലോ വണ്ടിയിലോ സഞ്ചരിച്ചാൽ കാണാം എവിടെയും ചുവപ്പുകൊടിയും സമരങ്ങളും കുഴപ്പങ്ങളും. ഇതെല്ലാം നടത്തിയിരുന്ന ഒരു സംസ്ഥാനമാണിത്. ഇന്ന് അങ്ങനെയുള്ള യാതൊരു സംഭവങ്ങളും ഇല്ല. ഇത്രയും നല്ല ഒരു 'ക്ലീൻസ്ലേറു'ള്ള ഒരു സംസ്ഥാനം നിങ്ങൾക്ക് വേറെയെവിടെയെങ്കിലും കാണാൻ കഴിയുമോ? അങ്ങനെയുള്ള ഒരു സ്റ്റേറ്റിൽ തിരുവനന്തപുരത്ത് അക്രമസംഭവങ്ങളുണ്ട് എന്നു പറയുന്നത് ശ്രീ. കൃഷ്ണൻനായർ കുളത്തിലെ തവള പോലെ ഓരോരുമാറുന്നതുകൊണ്ടാണ്. മേൽപ്പോട്ടു നോക്കിയാൽ ആകാശം, കീഴ്പ്പോട്ടു 'നോക്കിയാൽ ഭൂമി' എന്ന് പണ്ട് തവള പറഞ്ഞിട്ടുണ്ട്. അതുപോലെ തിരുവനന്തപുരത്തുള്ള ഒരു പ്രദേശത്തെ കുറച്ചാളുകളുടെ കാര്യം മാത്രം പറഞ്ഞാൽ മതിയോ?

ശ്രീ. വി. ദിനകരൻ: സർ, ഇവിടെ കോലിയക്കോടു കൃഷ്ണൻനായർ കൊലപാതകങ്ങളെക്കുറിച്ച് വളരെയധികം ധാർമ്മികരോഷം പ്രകടിപ്പിച്ചു. ആലപ്പുഴയിൽ ഒരു സി.പി.ഐ. പ്രവർത്തകനെ സി.പി.എം—ൽപ്പെട്ട ആളുകൾ നിഷ്ഠൂരമായി കൊലചെയ്തപ്പോൾ നിങ്ങളുടെ ധാർമ്മികരോഷം എവിടെപ്പോയി?

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, പ്രതിപക്ഷങ്ങൾ ഭരിച്ചിരുന്നപ്പോൾ ചെയ്തിരുന്ന കൊലപാതകങ്ങളൊന്നും കൊലപാതകങ്ങളല്ല. ഇപ്പോൾ ആരെങ്കിലുമൊന്നു ചുരണ്ടിയാൽ കൊലപാതകം, ഒന്നു നുള്ളിയാൽ കൊലപാതകം. ഇതൊക്കെയാണ് ഇവിടത്തെ സ്ഥിതി. ഞാൻ അതിലേക്ക് കടക്കുന്നില്ല. സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ സഖാവ് എം. വി. രാഘവൻ ഇന്നലെ ഒരു വലിയ സമ്മേളനം നടത്തി. എന്റെ തൊട്ടടുത്തുള്ള തൃശ്ശൂർ ജില്ലയിലെ ടൗൺഹാൾ തിങ്ങിനിറഞ്ഞ് ചെറുപ്പക്കാരായ മുഴുവനാളുകളും അവിടെയുണ്ടായിരുന്നു. ഇപ്പോൾ അവർ പറയുന്നത് കോൺഗ്രസ്സുകാർ ആളിനെ അയച്ചിട്ടാണ് ഇത്രയും ആളുകൾ വന്നതെന്നാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ ഉന്നതൻമാരായ ആളുകൾ മുഴുവനും ആ സമ്മേളനത്തിൽ പങ്കെടുത്തുവെന്നാണ് പറയുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: പൊഴക്കടവിലിനും ഉണ്ടായിരുന്നല്ലോ അവിടെ ഒരു പ്രതിനിധി?

ശ്രീ. രാഘവൻ പൊഴക്കടവിൽ: ഞാൻ പൊഴിക്കടവിൽ അല്ല; പൊഴക്കടവിൽ ആണ്. ഞാൻ ഒരു ആദിവാസിയാണു ഗൗരിയമ്മേ. മഹാനായ ജവഹർലാൽ നെഹ്റു ജനിച്ചത് ഒരു പുഴയുടെ തീരത്താണ്. ഞാനും ജനിച്ചത് ഒരു പുഴയുടെ തീരത്താണ്. അതുകൊണ്ടാണ് പൊഴക്കടവിൽ എന്ന പേരു വന്നത്. ഞാൻ പുഴയുടെ തീരത്ത് മനോഹരമായ ഒരു കൊച്ചുകുടിലിൽ ജനിച്ച ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ.....

* * * * *

അതുപോലെ കമ്മ്യൂണിസ്റ്റു പാർട്ടി ഇന്നു പിളരുകയാണ്. എല്ലാ ഭാഗത്തും പിളർന്നുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റു പാർട്ടി പണ്ട് ഒന്നേ ഉണ്ടായിരുന്നുള്ളൂ. അതായത്, ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി യായിരുന്നു അത്. ഇപ്പോഴും മൂന്നു കമ്മ്യൂണിസ്റ്റു പാർട്ടികളുണ്ട്..... .....(ബഹളം).....എങ്കിലും കമ്മ്യൂണിസ്റ്റു പാർട്ടി പണ്ട് ഒന്നേ ഉണ്ടായിരുന്നുള്ളൂ. അത് കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ (ലിമിറഡ്)'' എന്നു പറയാവുന്ന ഒരു ലിമിറഡ് കമ്പനിയായിരുന്നു. ആശയ കുഴപ്പത്തെ സംബന്ധിച്ചും പണത്തെ സംബന്ധിച്ചും തർക്കം വന്നപ്പോൾ അത് രണ്ടായി പിളർന്നു. ഇപ്പോൾ അത് മൂന്നായി പിളർന്നി രിക്കുന്നു. എം. വി. ആറിന്റെ മാർക്സിസ്റ്റുപാർട്ടിയെന്ന നാമധേ യത്തിൽ ഒരു പാർട്ടി മൂന്നാമതുണ്ടായി. ഇപ്പോൾ നടത്തുന്നതെന്താണെന്ന റിയാമോ? സി. പി. ഐ. (എം) ഒന്നായിച്ചുകൊണ്ടിരുന്നത് അച്യുതാനന്ദൻ, ബാലാനന്ദൻ, കൃഷ്ണാനന്ദൻ, ഗൗരി ആനന്ദൻ എന്നിവരാണ്. ഈ ആനന്ദൻമാർ ഈഴവ സമുദായത്തിൽ പെട്ടവരാണ്. ആ ഈഴവ സമു ദായത്തിന് എതിരായിട്ട് ഇപ്പോൾ പുതിയ പാർട്ടി രൂപീകരിച്ചു. എം.വി. ആർ. നമ്പ്യാർ, ഇ. പി. കൃഷ്ണൻനമ്പ്യാർ, വാസുദേവമേനോൻ തുട ങ്ങിയവരുടെ നേതൃത്വത്തിൽ പുതിയ പാർട്ടിയായിരിക്കുകയാണ്. സവർണ്ണ മേധാവിത്വം കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ഉടലെടുത്തുരിക്കുന്നു. .....(ബഹളം).....

ശ്രീമതി മേർഗ്വി തങ്കപ്പൻ: സർ, ഞാനീ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു. കഴിഞ്ഞ നാലു വർഷമായി ഈ സർക്കാർ ഭൂരിപക്ഷം ഉപയോഗിച്ച് ബഡ്ജറുകളും ധനാഭ്യർത്ഥനകളും ഉപധനാഭ്യർത്ഥനകളും പാസ്സാക്കി അഴിമതിയും ധൂർത്തും നടത്തി ക്കൊണ്ടിരിക്കുകയാണ്. യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളോ വികസനപ്രവർത്തനങ്ങളോ ഈ സംസ്ഥാനത്ത് നടക്കുന്നില്ല. ഈ സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും വികസന പ്രവർത്തനങ്ങളും നിർമ്മാണപ്രവർത്തനങ്ങളും നടക്കുന്നുണ്ടോ എന്നതിനെക്കുറിച്ച് ഒരു പരിശോധന നടത്തിയാൽ, നമ്മുടെ അനുഭവത്തിൽനിന്ന് തെളിയുന്നത് ചില വസ്തുതകളാണ്. എന്റെ നിയോജകമണ്ഡലത്തിലെ അനുഭവം വച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ കഴിഞ്ഞ നാലുവർഷക്കാലമായി, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം. എൽ. എ. റോഡുകളെന്നു പറഞ്ഞ രണ്ടു റോഡുകളുടെ പണി ഇതുവരെ തുടങ്ങിയിട്ടില്ല. പൊരുന്നമൺ—കല്ലറ, പറപ്പാല—പാരുത്തറ എന്നീ റോഡുകളുടെ പണിയാണ് ഇതുവരെ തുടങ്ങാതിരിക്കുന്നത്. അതുപോലെ തട്ടത്തുമല—തകരപ്പറമ്പ്, ചെമ്മരുതിമുക്ക്—പുതുശ്ശേരിമുക്ക് എന്നീ റോഡുകളും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തി ലിരിക്കുമ്പോൾ തുടങ്ങിവച്ച റോഡുകളാണ്. ഈ സർക്കാർ വന്നതിനുശേഷം ആ രണ്ടു റോഡുകളുടെയും പണികളും നിറുത്തി വച്ചിരിക്കുന്നു. അതുപോലെ നോർത്ത് ഡെയിൻറനൻസ് നടത്തേണ്ട 18 റോഡുകളുടെ കാര്യം അസിസ്റ്റൻറ് എഞ്ചിനീയർമാർ നാലു വർഷക്കാലമായി ഈ സർക്കാരിന് എഴുതി അയച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ഒരൊറ്റ റോഡിന്റെ പണിപോലും പി. ഡബ്ലിയു.ഡി. മെയിൻറനൻസ് വർക്കിൽ ഉൾപ്പെടുത്തി നടത്തിയിട്ടില്ല.

* * * സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ സ്പെഷ്യൽ കമ്പോണൻറ് പ്ലാനനുസരിച്ച് കഴിഞ്ഞ നാലു വർഷമായി എട്ടു പത്തു റോഡുകളുടെ പേര് ഈ സർക്കാരിന് അയച്ചുകൊണ്ടിരിക്കുന്നു. ഇന്നുവരെ ഈ റോഡുകളുടെ ലിസ്റ്റ് സ്പെഷ്യൽ കമ്പോണൻറ് പ്ലാനിൽപ്പെടുത്തി ഒരു വർക്കും ഈ മണ്ഡലത്തിൽ ചെയ്തിട്ടില്ല.

സാമൂഹ്യവികസന രംഗത്ത് നമ്മുടെ സംസ്ഥാനത്തുനടക്കുന്ന കാര്യങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ എൻറെ നിയോജകമണ്ഡലത്തിൽത്തന്നെ എൻ.ആർ.ഇ.പി. സ്കീമനുസരിച്ച് പണിത പതിനൊന്നു റോഡുകളും ഉണ്ട്. അതിൻറെ പണികളും ആരംഭിച്ചപ്പോഴും ഇതിന് എട്ടു മീറ്റർ വീതിവേണമെന്ന് സർക്കാർ നിർബന്ധിച്ചിരുന്നില്ല. ഇന്ന് ഈ പതിനൊന്നു റോഡുകളുടേയും പണികൾ സ്തംഭിച്ചിരിക്കുകയാണ്. അതുകാരണമായി ഇപ്പോൾ സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത് റോഡിന് എട്ടു മീറ്റർ വീതിവേണമെന്നാണ്.

പ്രായോഗികമല്ലാത്ത പദ്ധതികളുണ്ടാക്കുക, എന്നിട്ട് പദ്ധതികൾ തുടങ്ങിക്കഴിഞ്ഞിട്ട് അത് പൂർത്തിയാക്കാതിരിക്കുക അങ്ങനെ ബ്ലോക്കു തലത്തിലുള്ള എൻ.ആർ.ഇ.പി. സ്കീമനുസരിച്ചുള്ള 11 റോഡുകളുടെ പണി നടത്താൻ നിർവ്വാഹമില്ലാതെ ഇന്ന് ഉപയോഗശൂന്യമായ രീതിയിൽ കിടക്കുന്നു. അതുപോലെതന്നെ ആർ.എൽ.ഇ.ജി.പി. സ്കീമനുസരിച്ച് 105 വീടുകളുടെ പണി കഴിഞ്ഞവർഷം ആരംഭിച്ചതാണ്. ആ 105 വീടുകളിൽ 30 വീടുകളുടെ പണി മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. എന്തുകൊണ്ടാണ് ആ പദ്ധതി അപ്രായോഗികമായത്? ഈ സർക്കാർ പറയുന്നതുപോലെ 6500 രൂപ ചെലവാക്കിക്കൊണ്ട് അത്തരത്തിൽ ഒരു വീട് നിർമ്മിക്കുവാൻ സാദ്ധ്യമല്ല. ഇത്രയും രൂപ കൊണ്ട് ഒരു മുറി നിർമ്മിക്കുവാൻ കഴിയുമായിരിക്കും. ഈ സർക്കാരിൻറെ, വികലമായ നയം കൊണ്ട് ആർ.എൽ.ഇ.ജി.പി. സ്കീമനുസരിച്ചോ എൻ.ആർ.ഇ.പി. സ്കീമനുസരിച്ചോ ഉള്ള വീടുകളുടെ പണി ഒന്നും തന്നെ ആ മണ്ഡലത്തിലോ അതുപോലുള്ള അനേകം മണ്ഡലങ്ങളിലോ നടക്കുന്നില്ലെന്നുള്ളതാണ് സത്യം. അതുപോലെ തന്നെ വെളിച്ചത്തിൻറെ കാര്യവും. ഇവിടെ വെളിച്ചവിപ്ലവം നടത്തി. എൻറെ നിയോജകമണ്ഡലത്തിൽ എവിടെയെങ്കിലും ഒരു സ്ഥലത്ത് ഒരു ബൾബ് കൊണ്ടിട്ടാൽ ആ പഞ്ചായത്തു മുഴുവൻ വൈദ്യുതീകരിച്ചു എന്നാണ് മന്ത്രി നിയമസഭയിൽ പറയുന്നത്. വെളിച്ചവിപ്ലവമെന്ന് പുറത്ത് പ്രഖ്യാപിച്ചുകൊണ്ട് കള്ള പ്രചരണം നടത്തി, രാഷ്ട്രീയ പ്രചരണം നടത്തി, വോട്ട് വാങ്ങാനുള്ള ഒരു തന്ത്രമാണ്. സ്പെഷ്യൽ കമ്പോണൻറ് പ്ലാനിൽ പോലും 10% തുക മാറ്റിവച്ചുകൊണ്ട് ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും വെളിച്ചം നൽകുന്നതിനുവേണ്ടി പദ്ധതിയുണ്ട്. എന്തുകൊണ്ട് ഈ പദ്ധതികൾക്കുള്ള പണം കഴിഞ്ഞ നാലരവർഷക്കാലമായിട്ട് ഈ ഗവൺമെൻറ് ചെലവഴിച്ചില്ല? അക്കാര്യം ആലോചിക്കണം. അതുപോലെതന്നെ വെള്ളം കൊടുക്കുന്ന പദ്ധതി. ചില പദ്ധതികളുണ്ട്. ആ പദ്ധതികൾ നടപ്പിലാക്കാൻ നിർവ്വാഹമില്ല. എന്തുകൊണ്ടെന്നാൽ ആ പദ്ധതിയും അപ്രായോഗികമാണ്. വാട്ടർ സോഴ്സും ഓവർ ഹെഡ് ടാങ്കും കെട്ടുന്നതിനുള്ള സ്ഥലം കിട്ടാതെ പൈപ്പു കുഴിച്ചിട്ടതുകൊണ്ട് ആർക്ക് വെള്ളം കിട്ടും? വാട്ടർ സോഴ്സും ഓവർ ഹെഡ് ടാങ്കും ഇല്ല. അത് ഉണ്ടാക്കിക്കൊടുക്കണം. ആരാണ് ഉണ്ടാക്കിക്കൊടുക്കേണ്ടത്? പഞ്ചായത്താണ്, ഉണ്ടാക്കിക്കൊടുക്കേണ്ടത്. ആ പഞ്ചായത്തുകളിൽ ഇന്ന് പഞ്ചായത്ത് കമ്മിറ്റികളും ഉണ്ടോ? ഉണ്ടായിരുന്നെങ്കിൽ അവർ സ്ഥലം കണ്ടെത്തി കൊടുക്കുമായിരുന്നു. ഏക സിവിൽ കൺട്രീവ് ഓഫീസർമാർക്ക് ഇതിനുള്ള ഉത്തരവാദിത്വമുണ്ടാകുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ശുദ്ധജലവിതരണ പദ്ധതി എന്റെ മണ്ഡലത്തിൽ ഉടനീളം മുടങ്ങിക്കിടക്കുകയാണ്. ഈ സർക്കാർ അതിനുവേണ്ടി എന്തുചെയ്തു? ഇതിനുവേണ്ടി മാറി വയ്ക്കുന്ന തുക മുഴുവൻ ധൂർത്തടിക്കാനും അഴിമതി നടത്താനും ഓരോ ഡിപ്പാർട്ടുമെന്റും ചെലവാക്കുകയല്ലേ? അതുപോലെ തന്നെ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷന്റെ കാര്യം. എന്റെ മണ്ഡലത്തിൽ ഇതിന്റെ പ്രവർത്തനം തുടങ്ങിയത് ഇടതു പക്ഷജനാധിപത്യമുന്നണി സർക്കാർ ഇവിടെ അധികാരത്തിൽ ഇരിക്കുമ്പോഴാണ്. അത് തുടങ്ങിയത് യാത്രക്കാരുടെ അസൗകര്യങ്ങൾ കുറയ്ക്കുവാനും അവർക്ക് വേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാനുമാണ്. എന്നാൽ ഇന്ന് 50% ഷെഡ്യൂളുകൾപോലും അവിടെ ഓടുന്നില്ല. അവിടെ ടയറില്ല. സ്പെയർ പാർട്ടില്ല. ഈ പ്രശ്നം ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നുമുള്ള എല്ലാ എം.എൽ.എ. മാരും ഈ സഭയിൽ ഉന്നയിച്ച പൊതുവായിട്ടുള്ള ഒരു പ്രശ്നമാണ്. വളരെ ഗൗരവമായിട്ടുള്ളതാണ് എന്റെ നിയോജകമണ്ഡലത്തിലെ പ്രശ്നം. അവിടെ ഡീസൽ പമ്പ് ഇല്ല. ഗ്രൗൺഡ് മെറലിട്ടത് ഇളകി കിടക്കുന്നതുകൊണ്ട് വണ്ടി വരുമ്പോൾ അത് വണ്ടി കാത്ത് നിൽക്കുന്ന ആളുകളുടെ ദേഹത്തു തെറിച്ചു വീഴുന്നു. അങ്ങനെ അവിടെ അപകടങ്ങൾ ഉണ്ടാകുന്നു. അവിടെ വെയിറ്റിംഗ് ഷെഡ്ഡില്ല. മൂത്രപ്പുരയില്ല, എന്തിന് ഏറെ പറയുന്നു? ഫ്ളഡ് ലൈറ്റുകൾ പോലും വെളിച്ചമില്ലാത്തതുകൊണ്ട് ഉപയോഗപ്രദമല്ല. മെക്കാനിക്കൽ സ്റ്റാഫില്ല. മഴ പെയ്താൽ ബസ്സിനുള്ളിൽ മാത്രമല്ല, ഗാരേജും ഷെഡ്ഡും ഉൾപ്പെടെ ജലപ്രളയമാണ്. അവിടെ വർക്ക് ഷോപ്പിൽ ആവശ്യത്തിന് സ്റ്റാഫില്ല. വെറുതേ അവിടെ എന്തിന് ഒരു സബ് ഡിപ്പോ തുടങ്ങി? ഇത് എം. സി. റോഡിന്റെ സൈഡിലാണ്. കൊട്ടാരക്കരക്ക് പോകണമെങ്കിൽ 65 കിലോമീറ്റർ പോകണം. അവിടെ ഒരു സബ്ഡിപ്പോ ഉണ്ട്. ആ സബ്ഡിപ്പോ വികസിപ്പിക്കുന്നതിനുള്ള യാതൊരു വിധമായ നടപടിയും ഇന്നുവരെ എടുത്തിട്ടില്ല. എൻ. എച്ചിൽ ആണെങ്കിൽ ആറ്റിങ്ങൽ ഒരു ഫുൾ ഡിപ്പോ എത്രയോ വർഷങ്ങളായി പ്രവർത്തിക്കുന്നു. അവിടെയും കുറ്റമറ്റതാണെന്ന് ഞാൻ പറയുന്നില്ല. അവിടെയും ധാരാളം കുറ്റങ്ങളുണ്ട്. അതിനുവേണ്ടി നീക്കിവയ്ക്കുന്ന കാശ് എന്തു ചെയ്യുന്നുവെന്ന് അറിയുവാൻ ഈ നാട്ടിലെ ജനങ്ങൾക്ക് അവകാശമില്ലേ? ആ മണ്ഡലത്തിൽ യാത്രാസൗകര്യമില്ലാത്തതുകൊണ്ട് ജനങ്ങൾ അനുഭവിക്കുന്ന ക്ലേശങ്ങൾ നിരവധിയാണ്.

അതുപോലെതന്നെ മറ്റൊരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നത്, ക്രമസമാധാനത്തിന്റെ കാര്യമാണ്. ക്രമസമാധാനം നമ്മുടെ നാട്ടിൽ വളരെ വഷളായിക്കൊണ്ടിരിക്കുകയാണ്. ഇതുപോലെ വഷളായ വേറൊരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? 15–5–1986–ൽ എന്റെ നിയോജകമണ്ഡലത്തിലുണ്ടായ ഒരനുഭവം ഞാൻ പറയാം. പെരിന്തമൺ പ്രഭാകരൻ എന്ന് പറയുന്ന ഒരാൾ മരണപ്പെട്ടു. അയാൾ എങ്ങനെ മരണപ്പെട്ടുവെന്നുള്ളതിന് ഇന്നുവരെ യാതൊരു തെളിവും ഇല്ല. അന്വേഷണം നടക്കുന്നുണ്ടോ എന്നുള്ളതിനെക്കുറിച്ച് എനിക്കറിഞ്ഞുകൂടാ. മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട അധികാരികൾക്കുമെല്ലാം പെറ്റീഷൻ കൊടുത്തു. അതുപോലെതന്നെ 4–6–1986–ൽ വെള്ളല്ലൂർ വില്ലേജിൽ ശ്രീമതി വിലാസിനിയുടെ മകൻ രാജൻ കാർ ആക്സിഡന്റിൽ മരിച്ചു. ഒരു സർക്കിൾ ഇൻസ്പെക്ടറുടെ കാർ തട്ടി ശക്തിക്കുളങ്ങര വച്ച് മരണപ്പെട്ടതാണ്. എന്നാൽ ആ പയ്യന്റെ ശവശരീരം പോലും ഇന്നുവരെ കിട്ടിയിട്ടില്ല. ആ ശവശരീരം നാഗർകോവിലിൽ കൊണ്ടുപോയി ചുട്ടുകരിച്ചുകളഞ്ഞു എന്നാണ് ഇപ്പോൾ അറിയുന്നത്. അതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

തെളിവില്ല. ആരാണ് കുറ്റവാളികൾ എന്ന് കണ്ടുപിടിക്കുന്നില്ല. സി. ഐ. എ. ക്കാരുണ്ടായിരുന്നു ആ കാറിൽ. സി. ഐ. എ. ആണ് അതിന്റെ പിന്നിലുള്ളത്. എന്തുകൊണ്ടാണ് ആ കറുത്ത കൈകളെ കണ്ടുപിടിക്കാൻ ഈ സർക്കാരിന് കഴിയാത്തത്? 12–5–1986–ൽ നഗരൂർ പഞ്ചായത്തിൽ 'മാത' എന്ന സ്ഥലത്ത് കെ. എസ്. ഇ. ബി. യിൽ ജോലിയുള്ള കൊച്ചുനാരായണപിള്ളയെ കാണാതായി. ഇന്നുവരെ അതിനെക്കുറിച്ച് ഒരു തുമ്പും കിട്ടിയിട്ടില്ല. ആ മനുഷ്യനെ ആര് കൊന്നു എന്ന് അറിവില്ല. അതുപോലെതന്നെ മേയ് മാസത്തിൽ നഗരൂർ പഞ്ചായത്തിൽ തന്നെ രാമചന്ദ്രൻ നായർ എന്ന ആളുടെ കട തീവച്ച് നശിപ്പിച്ചു. ആരാണ് തീവച്ചതെന്ന് കണ്ടുപിടിച്ചിട്ടില്ല. പതിനായിരക്കണക്കിന് ഉറുപ്പികയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ രാജ്യത്തെ പോലീസ് ഡിപ്പാർട്ടുമെന്റ് എന്താണ് ചെയ്യുന്നത്? ഈ പോലീസ് വകുപ്പുമന്ത്രി എന്താണ് ചെയ്യുന്നത്? എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടോ? അതുപോലെതന്നെ 1986 ജൂൺ മാസത്തിൽ പള്ളിക്കൽ പഞ്ചായത്തിൽ തകൽക്കുടിയിൽ ബേബി റസീന എന്ന പെൺകുട്ടി—പത്രങ്ങളിൽ വന്നിരുന്നല്ലോ ഡയറിക്കുറിപ്പുകൾ ആ കുട്ടിയെ പീഡിപ്പിച്ചുകൊന്നതല്ലേ? ആ കുട്ടിയുടെ മരണത്തിൽ സംശയമുണ്ട്. എന്തുകൊണ്ട് കുറ്റവാളികളെ കണ്ടുപിടിക്കാനും കർശനമായ നടപടികൾ സ്വീകരിക്കാനും തയ്യാറാകുന്നില്ല? 1986 ജൂലയ് മാസം 8–ാം തീയതി പുളിമാത്ത് പഞ്ചായത്തിൽ ഇന്ദിര, 14 ദിവസമേ ആയിട്ടുള്ളൂ ആ കുട്ടി വിവാഹിതയായിട്ട്. ആ കുട്ടിയുടെ ജഡം വീട്ടിന്റെ ജനലിൽ കെട്ടിയിട്ടിരിക്കുന്നു. ഇതിന്റെ കുറ്റവാളികൾ ആരാണെന്ന് കണ്ടുപിടിക്കാനോ അവരെ ശിക്ഷിക്കുവാനോ കഴിഞ്ഞോ? 22–10–1985–ൽ സുധാമിനെ കൊലപ്പെടുത്തി. അതിനെക്കുറിച്ച് ആര് അന്വേഷിക്കുന്നു? ഏതെങ്കിലും കുറ്റവാളികളെ കണ്ടുപിടിച്ചിട്ടുണ്ടോ? പത്ത് നൂറാമത് ദിവസത്തോളമായി നടപടിയൊന്നും എടുത്തിട്ടില്ല. രണ്ടുമാസം മുൻപ് മോഹനൻ എന്നു പറയുന്ന ഒരു കോളേജ് വിദ്യാർത്ഥിയെ കാണാതായി. എവിടെ പോയി? ജീവിച്ചിരിപ്പുണ്ടോ, ആരെങ്കിലും കൊന്നോ എന്നുള്ളതിനെ സംബന്ധിച്ച് ഇതുവരെയും ഒരു തുമ്പും കിട്ടിയിട്ടില്ല. അതുപോലെതന്നെ മടവൂരിൽ മധുസൂദനൻപിള്ള എന്ന ഒരാളെ ആരോ അടിച്ചുകൊന്നു. പ്രതികൾ എന്ന് സംശയിക്കപ്പെടുന്ന ആളുകളെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. ചിലയാളുകളെ വിട്ടയച്ചു. വൈദ്യൻ എന്നു പറയുന്ന ഒരാളെ സ്റ്റേഷനിൽ ലോക്കപ്പിൽ വച്ചിരുന്നു. പിറ്റേദിവസം നോക്കിയപ്പോൾ ആ ലോക്കപ്പിൽ കിടന്ന വൈദ്യർ അയാളുടെ വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. ഇത് എങ്ങനെ സംഭവിച്ചു? കുറ്റവാളികളെ ആരെയെങ്കിലും കണ്ടുപിടിച്ചോ? അതിനുള്ള നടപടി എടുത്തോ? അമ്മിണി എന്നു വളിക്കുന്ന 7 വയസ്സുകാരിയെ ബലാൽസംഗം ചെയ്ത ഒരു 53 കാരനെ പോലീസുകാരാണ് സംരക്ഷിക്കുന്നത്. നാട്ടുകാർ കൈകാര്യം ചെയ്യുമോ എന്ന് ഭയന്ന് പോലീസുകാർ അയാളെ പിടിച്ച് ലോക്കപ്പിൽ സുരക്ഷിതമായി വച്ചിരുന്നു. ഇതാണ് ഈ സർക്കാർ ചെയ്ത കാര്യങ്ങൾ. ഇതുപോലുള്ള എത്രയെത്ര സംഭവങ്ങളുണ്ട്. ക്രമസമാധാന രംഗത്ത് ആണെങ്കിൽ എന്തെല്ലാം കാര്യങ്ങൾ—എന്റെ മണ്ഡലത്തിലുള്ള കേസ്സുകളെ സംബന്ധിച്ചു മാത്രമാണ് ഞാനിവിടെ പറഞ്ഞത്. വളരെ ചുരുക്കമായ ചില കേസ്സുകൾ. സാമൂഹ്യ രംഗത്തായാലും ക്രമസമാധാന രംഗത്തായാലും വികസനരംഗത്തായാലും നിർമ്മാണപ്രവർത്തന രംഗത്തായാലും ഈ സർക്കാർ പൊതുവേ പരാജയമാണ്. നാലുവർഷമായി ഇവിടെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകളും ഉപധനാഭ്യർത്ഥനകളും ഈ സംസ്ഥാനത്തിൽ അഴിമതിയും ധൂർത്തും നടത്താൻവേണ്ടിമാത്രം ഉപയോഗിക്കുകയാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭയിലെ മന്ത്രിമാരെപ്പറ്റിയുള്ള ആരോപണങ്ങളും അതുമായി ബന്ധപ്പെട്ട കഥകളുമെല്ലാം തന്നെ ഈ നിയമസഭയിൽ പൊന്തിവന്നിട്ടുള്ളതാണ്.

ശ്രീ. കെ. പി. രാമൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പലതരത്തിലുള്ള ജനങ്ങളുടെ വിചാരവികാരങ്ങളും മനസ്സിലാക്കിക്കൊണ്ട് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഈ വിഭാഗക്കാരുടെ ഉന്നതിക്കുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പരിപാടികളും തുടർച്ചയായി നടത്തുന്നതിനുവേണ്ടി പല വകുപ്പുകൾക്കും പണം ആവശ്യപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ കാലത്തെ നമ്മുടെ സംസ്ഥാനത്തിലെ കുഗ്രാമങ്ങളുടെ കാര്യം എടുത്തു പരിശോധിച്ചാൽ വികൃതമായി കിടക്കുകയായിരുന്നുവെന്ന് കാണാൻ കഴിയും. അങ്ങനെ വികൃതമായിക്കിടന്നിരുന്ന നമ്മുടെ രാജ്യത്തെ കുഗ്രാമങ്ങളുടെ മുഖച്ഛായ മാറ്റുന്നതിനുവേണ്ടി നടപടി സ്വീകരിക്കുവാൻ ഇന്ന് ഭരിക്കുന്ന ഗവൺമെന്റിന് സാധിച്ചിട്ടുണ്ടെന്നുള്ളതു് സത്യമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഗ്രാമ വികസനത്തിന്റെ കാര്യം പരിശോധിക്കുകയാണെങ്കിൽ ഒരു രാഷ്ട്രീയ ചരിത്രം തന്നെ രചിച്ചിരിക്കുകയാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇന്ന് നമ്മുടെ ഗ്രാമതലങ്ങളിലെ സ്ഥിതിയെന്താണ്? ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം ഐ.ആർ.ഡി.പി., എൻ.ആർ.ഇ.പി., ആർ. എൽ. ഇ. ജി. പി. എന്നിവയുടെ ഗുണം അവർ അനുഭവിച്ചിരിക്കുകയാണ്. ഈ പദ്ധതികളെ സംബന്ധിച്ചിടത്തോളം ഇന്ന് അവർ ബോധവാൻമാരാണ്. ഇന്ന് ആര് ഈ ഗവൺമെന്റിനെതിരായി മുദ്രാവാക്യം മുഴക്കുന്നതിന് തയ്യാറായാലും ഗ്രാമവാസികൾ അതിന് മുതിരുകയില്ല. ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന് എതിരായിട്ടുള്ള മുദ്രാവാക്യങ്ങൾക്ക് അവർ തയ്യാറായിട്ടില്ല, തയ്യാറാകുകയില്ലെന്നുള്ളതാണ് സത്യം. കാരണം ഇന്ന് ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ദുർബലവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവർ ഇന്ന് ഉയർത്തിപ്പിടിച്ചിരിക്കുന്ന മുദ്രാവാക്യങ്ങൾ, ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി., എന്നിവയാണ്. ഗ്രാമവാസികളുടെ ഇടയിൽ ചെന്നു നോക്കുകയാണെങ്കിൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും ഈ പാവപ്പെട്ട ദുർബലവിഭാഗക്കാർ ഇന്ന് അന്വേഷിക്കുന്നത് നമ്മുടെ പൂജാരി എപ്പോൾ നമ്മുടെ സംസ്ഥാനത്ത് എത്തും എന്നതിനെക്കുറിച്ചാണ്. ഇത് പറയാനുള്ള കാരണം എന്താണെന്ന് അറിയാമോ? ശ്രീ. ജനാർദ്ദനൻ പൂജാരി പങ്കെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഐ.ആർ.ഡി.പി. മേളകളും സംഘടിപ്പിക്കുകയുണ്ടായി. കാര്യമായ പ്രതികരണമാണ് നമ്മുടെ സംസ്ഥാനത്ത് പാവപ്പെട്ടവരുടെ ഇടയിൽ നിന്ന് ഉണ്ടായത്. അങ്ങനെ സമുദായത്തിന്റെ അടിത്തട്ടിൽ ആരും ഗൗനിക്കാതെ കിടന്നിരുന്ന ദുർബലവിഭാഗങ്ങളെ, ''പൂജയ്ക്കെടുക്കാത്ത പൂക്കളെപ്പോലെ'' കിടന്നിരുന്ന അവരുടെ ഉന്നമനത്തിനുവേണ്ടി നമ്മുടെ കേന്ദ്രമന്ത്രി ശ്രീ. ജനാർദ്ദനൻ പൂജാരി ശ്രമിച്ചിട്ടുണ്ടെന്നുള്ളതിന്റെ തെളിവാണ് നമ്മുടെ ഗ്രാമവാസികൾ ഇന്ന് ശ്രീ. പൂജാരിയെ അന്വേഷിക്കുന്നതിനുകാരണം എന്നു പറയുവാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1980–86 കാലഘട്ടത്തിൽ ഐ.ആർ.ഡി.പി. യുടെ ഭാഗമായി 160 കോടി രൂപ സംസ്ഥാനത്ത് ചെലവാക്കിയിട്ടുണ്ട്. അതിൽ അഞ്ചര ലക്ഷത്തോളം ഈ സംസ്ഥാനത്തെ പാവപ്പെട്ട കുടുംബങ്ങൾക്ക് സാമ്പത്തിക സഹായമായും വായ്പയായും നൽകുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 136 കോടി രൂപ ഐ.ആർ. ഡി. പി. പ്രകാരം വായ്പയായും സാമ്പത്തിക സഹായമായും ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽ 53 ശതമാനത്തോളം പേർക്ക് ഇതിന്റെ ആശ്വാസം ലഭിച്ചിട്ടുണ്ട്. നേരെ മറിച്ച് 1980–84 കാലഘട്ടത്തിൽ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിരുന്നത് വെറും 18 ശതമാനം മാത്രമായിരുന്നു. മാത്രമല്ല ബഹുമാനപ്പെട്ട മുൻ സാമൂഹ്യ വികസന വകുപ്പു മന്ത്രിയായിരുന്ന ശ്രീ. പി. കെ. വേലായുധന്റെ കാലത്ത് ദുർബ്ബല വിഭാഗങ്ങളുടെ കാര്യത്തിൽ അദ്ദേഹം അതിയായ താൽപ്പര്യംകാണിച്ചതു കൊണ്ട് ഐ.ആർ.ഡി.പി. യും എൻ.ആർ.ഇ.പി. യും കാര്യക്ഷമമായി നടപ്പാക്കുന്നതിനു തയ്യാറായി. അതിന്റെ ഭാഗമായി ധനശേഷിയില്ലാത്ത, പാവപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ടവരിൽ കോളേജുകളിൽ പഠിക്കുന്ന അയ്യായിരത്തോളം പേർക്ക് പഠന സൗകര്യം നൽകി. ഇങ്ങനെയുള്ള ആനുകൂല്യങ്ങളും നടപ്പാക്കിയതുകൊണ്ട് അപ്പുറത്തു നിന്ന് ആര് എങ്ങനെ സംസാരിച്ചാലും ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം ആശ്വാസം നൽകുവാൻവേണ്ടി ഗവൺമെന്റ് തയ്യാറായിട്ടുണ്ടെന്നതിൽ ആർക്കും സംശയമുണ്ടാകാനിടയില്ല. നമ്മുടെ സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും ആശ്രിതർക്ക് ആതുരാലയം എന്നപേരിൽ മാരോ ആശുപത്രി നിർമ്മിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് വളരെ കാര്യമായ ഒരു സ്കീമുണ്ട്. ഇത് എത്രയും വേഗം നടപ്പാക്കുന്നതിനു ഗവൺമെന്റ് താൽപ്പര്യമെടുക്കണം.

അതുപോലെതന്നെ നമ്മുടെ ആരോഗ്യവകുപ്പിന്റെ പ്രവർത്തനത്തിനു വേണ്ടി വളരെ കാര്യമായ സംഖ്യയാണ് നീക്കിവച്ചിട്ടുള്ളത്. പത്രങ്ങളിലൊക്കെവായിക്കാൻ സാധിച്ചു, ആഗസ്റ്റ് 3–ാം തീയതി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ആശുപത്രിയായി മാറുമെന്ന്. ഇതിന്റെ ഔപചാരികമായ ചടങ്ങ് കോഴിക്കോട് ബീച്ച് ഹോസ്പിറ്റലിൽ വച്ച് നടത്തുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ഇതിനോടനുബന്ധിച്ച് എനിക്ക് പറയുവാനുള്ളത്, ഇതിനോട് ബന്ധപ്പെട്ട ജില്ലാ ആശുപത്രികളിലും മറ്റു താലൂക്ക് ആശുപത്രികളിലും കാര്യമായ സജ്ജീകരണങ്ങളൊന്നും ഉണ്ടാക്കിയിട്ടില്ല, ഇങ്ങനെയുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയശേഷം മാത്രമേ ഇതിന്റെ ഔപചാരികമായ ഉൽഘാടനം നടത്താവൂയെന്നാണ്, കോഴിക്കോട് ജില്ലാ ആശുപത്രിയെന്നുള്ള നിലയിൽ ആ ആശുപത്രിക്ക് ഏതാനും ബെഡ്ഡുകൾ കൂടി ഉണ്ടാക്കുകയല്ലാതെ മറ്റു കാര്യങ്ങളൊന്നും തന്നെ ചെയ്തിട്ടില്ല.

അതുപോലെതന്നെ ഇവിടെ പരാമർശിക്കുകയുണ്ടായി, ഈ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി വയനാട് ജില്ലയിലെ ആദിവാസികൾക്കുവേണ്ടി ഒരു പദ്ധതി നടപ്പിലാക്കുവാൻ തയ്യാറായിരിക്കയാണ് എന്ന്. അത് നല്ല കാര്യമാണ്. ആദിവാസികളുടെ ഇടയിൽ പകർച്ചവ്യാധികൾ തടയുന്നതിന് ബുദ്ധിമുട്ടുണ്ട്. അത് നിത്യേന പത്രത്തിൽ വന്നുകൊണ്ടിരിക്കുന്നതാണ്. ഇത് ദൂരീകരിക്കുന്നതിനുവേണ്ടി, ആദിവാസികൾ നേരിട്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി പദ്ധതികൾ നടപ്പാക്കുന്നതിന് നമ്മുടെ സംസ്ഥാന ഗവൺമെന്റ് തയ്യാറായിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ച് പറയുമ്പോൾ കാര്യമായ ഒരു സംഖ്യയാണ് അതിനുവേണ്ടി നീക്കിവച്ചിരിക്കുന്നത്, കെ. എസ്. ആർ. ടി. സി. യിലെ പൊതുമരാമത്ത് കാര്യത്തെ സംബന്ധിച്ചും മറ്റു കാര്യങ്ങളെ സംബന്ധിച്ചും പഠിക്കുന്നതിന് ഒരു കമ്മീഷനെ വച്ചിട്ടുണ്ട്. ആ കമ്മീഷന്റെ റിപ്പോർട്ട് ഡോക്ടർ അലക്സാണ്ടർ സമർപ്പിക്കുകയുണ്ടായി. കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ഒട്ടേറെ പരാതികളും ഒട്ടേറെ പ്രശ്നങ്ങളും ഉണ്ട്. അവർക്കെല്ലാംതന്നെ കൊല്ലംതോറും വസ്ത്രം നൽകാറുണ്ടെങ്കിലും 1984–നു ശേഷം ഇതുവരെയൂണിഫോറം നൽകിയിട്ടില്ല. ഒരു വർഷം നൽകുന്നതിന് 40 ലക്ഷം രൂപയോളം വേണം. രണ്ടു കൊല്ലമായി അവർക്കു യൂണിഫോറം നൽകാത്ത കാര്യം പരിഗണിച്ചുകൊണ്ട് അവർക്കു വേഗം യൂണിഫോറം നൽകുവാൻ തയ്യാറാകണം.

അതുപോലെതന്നെ ഹരിജന-ഗിരിജന വർഷം കടന്നു പോയി. ഈ വർഷത്തിൽ പല ഡിപ്പാർട്ടുമെൻറുകളിലും താൽക്കാലികമായി ജോലി ചെയ്തിരുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനു തയ്യാറായെങ്കിൽത്തന്നെയും കെ. എസ്.ആർ. ടി. സി. യിൽ ജോലിചെയ്തിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തയ്യാറായിട്ടില്ല. ഈ കാര്യം പരിശോധിച്ചുകൊണ്ട് അത് നടപ്പാക്കാൻ തയ്യാറാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിജന-ഗിരിജന വർഷത്തിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഗവൺമെൻറ് തയ്യാറായില്ല. അതും ഗവൺമെൻറ് പരിശോധിക്കണം. അതുപോലെതന്നെ വർക്ക് അസിസ്റ്റൻറ് എന്ന വിഭാഗക്കാർക്ക് പി. എസ്. സി. നോട്ടിഫിക്കേഷൻ നൽകി ഇൻറർവ്യൂ നടത്തിയ ഒരു ലിസ്റ്റ് കെ. എസ്. ആർ. ടി. സി. യുടെ ഭാഗത്തുണ്ട്. കുറെപ്പേരെ ആ ലിസ്റ്റിൽ നിന്നും നിയമിച്ചിട്ടുണ്ടെങ്കിലും പി. എസ്.സി. യുടെ മെമ്മോ ലഭിച്ച പതിനായിരക്കണക്കിന് ഇതുപോലുള്ള വിഭാഗക്കാർ ജോലിക്കുവേണ്ടി കാത്തുനിൽക്കുകയാണ്. ഇവരുടെ കാര്യം ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം പരിശോധിക്കണം.

അതുപോലെതന്നെ മറ്റൊരു കാര്യം, ഇവിടെ കടലാക്രമണത്തെ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. ഒരു സബ്മിഷൻ മുഖേന അപ്പുറത്തിരിക്കുന്ന ഒരു ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം പരാമർശിക്കുകയുണ്ടായി. മലപ്പുറം ജില്ലയുടെ പല ഭാഗങ്ങളിലും ഈയിടെയായി തുടർച്ചയായി കടലാക്രമണം ഉണ്ടായതിന്റെ ഫലമായി അഞ്ചു കിലോമീറ്ററോളം ഭാഗം പ്രത്യേകിച്ച് പൊന്നാനി പ്രദേശം കടലായി മാറിയിരിക്കുകയാണ്. രണ്ടു വർഷം മുമ്പ് ആ ഭാഗത്തുനിന്നും ദൂരദേശത്ത് പോയ ആരെങ്കിലും തിരിച്ചുവന്നാൽ അവർ കഴിഞ്ഞ കാലത്ത് താമസിച്ചിരുന്ന വീടും പുരയിടങ്ങളും കാണാൻ സാധിക്കാതെവരുന്ന സ്ഥിതിയാണ് അവിടെയുള്ളത്. അതുകൊണ്ട് ഇതുപോലെ അനേകം കിലോമീറ്റർ കടലാക്രമണം മൂലം നഷ്ടപ്പെട്ട പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെൻറ് തയ്യാറാകണം.

സർ, ഇന്ന് നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ മേഖലയിലും ഗവൺമെൻറ് മേഖലയിലും ധാരാളം അന്ധ-ബധിര-മൂക വിദ്യാലയങ്ങളുണ്ട്. അന്ധൻമാർക്കു ഏറെക്കുറെ ഉയർന്ന വിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. എങ്കിലും ബധിരൻമാർക്കും ഊമകൾക്കും പഠിക്കുന്നതിനുള്ള സൗകര്യങ്ങളും നമ്മുടെ സംസ്ഥാനത്തില്ല. നമ്മുടെ സംസ്ഥാനത്ത് ആകെയുള്ളത് ജഗതിയിലുള്ള ഒരു ഗവൺമെൻറ് ഹൈസ്കൂൾ മാത്രമാണ്. അവിടെ രണ്ടു വർഷത്തോളമായി ജൂനിയർ ടൈപ്പിസ്റ്റ് നിയമനത്തിലുള്ള ക്ലാസ് തുടങ്ങിയെങ്കിലും രണ്ടു ബാച്ച്

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ പുറത്തുപോയിട്ടുള്ളൂ. അഡ്മിഷനുവേണ്ടി ധാരാളം ആളുകൾ വന്നു കൊണ്ടിരിക്കയാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് സഹകാര്യ മേഖലയിലായാലും ഗവൺമെൻറ് മേഖലയിലായാലും മൂക—ബധിരർക്കുവേണ്ടിയുള്ള യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മാത്രമല്ല തിരുവനന്തപുരത്തുള്ള വിദ്യാലയം ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ളതാണ്. ഇവിടെ വേണ്ടത്ര അദ്ധ്യാപകരില്ല. ഗ്രാന്റുവേഷനുള്ള അദ്ധ്യാപകർ വളരെ കുറവാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് ഈ കാര്യം പരിശോധിച്ച് ഇവർക്കുവേണ്ടി പണിതിരിക്കുന്ന മനോഹരമായ കെട്ടിടം പൂർത്തിയാക്കി അത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതു പറയാനുള്ള കാരണമുണ്ട്. അന്ധ—ബധിര—മൂകർക്ക് ജനറൽ കാറ്റഗറിക്കേഷൻ വേണ്ടത് 8—ാം ക്ലാസ്സാണ്. സെൻട്രൽ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ ധാരാളം ജോലി സാദ്ധ്യതകൾ ഈ വിഭാഗക്കാർക്ക് ഉണ്ട്. അന്ധൻമാർക്ക് ഇതിനുവേണ്ട അർഹതയുണ്ട്. എന്നാൽ ഊമകൾക്കും ബധിരർക്കും ഈ അവസരം ഉപയോഗിക്കുന്നതിന് സാധിക്കുന്നില്ല. അതുകൊണ്ട് ഇതുപോലെയുള്ള വിദ്യാലയങ്ങൾ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്നതിനു മുന്നോട്ടു വരണമെന്നു പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെൻറ് ജനോപകാരപ്രദങ്ങളായ പ്രവർത്തനങ്ങളൊന്നുംതന്നെ നടത്തുന്നില്ല. എന്റെ നിയോജകമണ്ഡലമായ റാന്നി വളരെ അവഗണിക്കപ്പെട്ട ഒരു മണ്ഡലമാണ്. അവിടെ യാതൊരു വിധമായ വികസന പ്രവർത്തനങ്ങളും നടക്കുന്നില്ല. അങ്ങാടി പഞ്ചായത്തിൽ പത്തു വർഷം മുമ്പ് ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുന്നതിന് നാട്ടുകാർ പണംപിരിച്ച് 50 സെൻറ് സ്ഥലം വാങ്ങിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെ സംബന്ധിച്ച് നിവേദനവും നൽകിയിട്ടുള്ളതാണ്. നാളിതുവരെ അതിന്റെ കെട്ടിടം പണിയുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ റാന്നി ഗവൺമെൻറ് ആശുപത്രിയിൽ കഴിഞ്ഞ ദിവസം സാധുവായ ഒരു സ്ത്രീ പ്രസവ സംബന്ധമായ അസുഖത്തെത്തുടർന്ന് അവിടെ ചെന്നു. രാത്രിയിൽ അവിടെ ഡോക്ടർമാരില്ല, നേഴ്സുമാരുമില്ല. ഒരു വാച്ച്മാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അയാൾ അവരോട് പറഞ്ഞത് ഡോക്ടറേയും നേഴ്സിനേയും വിളിച്ചുകൊണ്ടുവരാനാണ്. ഇങ്ങനെയുള്ള സാഹചര്യം, പ്രത്യേകിച്ച് സ്ത്രീജനങ്ങളോടുള്ള ഇത്തരം പെരുമാറ്റത്തിന് യാതൊരു പരിഹാരവും കാണാൻ കഴിയുന്നില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഉടനെതന്നെ ഡോക്ടറെയും നേഴ്സുമാരെയും നിയമിക്കാമെന്ന് അദ്ദേഹം കഴിഞ്ഞ തവണ പറഞ്ഞതുമാണ്. നാളിതുവരെ അവിടെ ഡോക്ടറെയും നേഴ്സുമാരെയും നിയമിച്ചിട്ടില്ല. അടിയന്തിരമായി നൈറ്റ് ഡ്യൂട്ടിക്ക് രണ്ടു നേഴ്സുമാരെ എങ്കിലും അവിടെ അനുവദിക്കണം.

അതുപോലെതന്നെ പോലീസുകാരുടെ ക്ഷേമത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. റാന്നി പോലീസ് സ്റ്റേഷന്റെ സ്ഥിതി വളരെ പരിതാപകരമാണ്. പോലീസുകാർക്കു നിന്നു തിരിയുന്നതിനോ ഇരുന്ന് ജോലിചെയ്യുന്നതിനോ ഉള്ള സൗകര്യം ആ കെട്ടിടത്തിലില്ല. പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ഏഴാം കേരള നിയമസഭയുടെ അവസാന സമ്മേളനമാണ് ഇപ്പോഴം നടക്കുന്നത്. ഒരു തെരഞ്ഞെടുപ്പിലേക്കു പോകുന്ന അവസരത്തിൽ വടികൊടുത്ത് അടി വാങ്ങിക്കാൻ ഇനിയും ഒരു അസംബ്ലി ശ്രീ. കരുണാകരൻ വിളിച്ചുകൂട്ടുമെന്ന് ചിന്തിക്കാനുള്ള മൗഢ്യം എനിക്കില്ല. ഈ ഗവൺമെൻറിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ ഈ അവസരത്തിൽ വിലയിരുത്തപ്പെടേണ്ടതാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം വികസന രംഗത്ത് വർദ്ധമാനമായ തോതിൽ മുതൽ മുടക്കാൻ കഴിയാതിരുന്നതിന്റെ ഫലമായി കാർഷിക—വ്യാവസായിക രംഗത്ത് പൂർണ്ണമായ തകർച്ചയാണ് ഉണ്ടായിരിക്കുന്നത്. 5—ാം പഞ്ചവൽസര പദ്ധതിയുടെ അവസാനവർഷമായ 1979—80—ൽ ഉണ്ടായിരുന്ന ഉൽപ്പാദനം പോലും കാർഷികമേഖലയിൽ 6—ാം പഞ്ചവൽസര പദ്ധതിയുടെ അവസാനവർഷമായ 1984—85—ൽ നിലനിറുത്താൻ കഴിഞ്ഞില്ലെന്നത് ഉൽക്കണ്ഠ ഉളവാക്കുന്ന ഒന്നാണ്. 5—ാം പഞ്ചവൽസര പദ്ധതിയുടെ അവസാനം 14 ലക്ഷം ആയിരുന്നു. തൊഴിലില്ലാത്തവരെങ്കിൽ 6—ാം പദ്ധതിയുടെ അവസാനം ആയപ്പോഴം അത് 24 ലക്ഷമായി ഉയർന്നിരിക്കുന്നു. വികസനം ത്വരിതപ്പെടുത്തുക്കവിധത്തിൽ, കാർഷിക—വ്യാവസായിക മേഖലയ്ക്ക് വളരാൻ കഴിയുക്ക നിലയിൽ വികസന രംഗത്ത് മുതൽ മുടക്കാൻ കഴിയാത്തതിന്റെ ഫലമായി കാർഷിക—വ്യാവസായിക രംഗം ആകെ തകർന്ന് തൊഴിലില്ലായ്മയും പട്ടിണിയും സാർവ്വത്രികമാക്കിയ ഒരു ഗവൺമെൻറാണ് ശ്രീ. കരുണാകരന്റെ ഗവൺമെൻറ്.

ജനങ്ങളുടെ പ്രശ്നങ്ങളും നാടിന്റെ പ്രശ്നങ്ങളും വിസ്മരിച്ചുകൊണ്ട് അഴിമതിയും വർഗ്ഗീയതയും വളർത്തിയ ഒരു ഗവൺമെൻറാണ്, ഈ നാടിന് ശാപം ഉണ്ടാക്കിയ ഒരു ഗവൺമെൻറാണ് ശ്രീ. കരുണാകരന്റെ ഗവൺമെൻറ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 3 മന്ത്രിമാർ കോടതിയുടെ പരാമർശനത്തിന്റെ അടിസ്ഥാനത്തിൽ രാജിവച്ച് ഒഴിഞ്ഞുപോകേണ്ടി വന്നു. ഈ മന്ത്രിസഭയിലുള്ള മുഖ്യമന്ത്രി അടക്കമുള്ള എല്ലാ മന്ത്രിമാർക്കും എതിരായിട്ട് എത്രയോ അഴിമതിയാരോപണങ്ങളം വസ്തുതകളം നിരത്തിക്കൊണ്ട് തെളിയിക്കുവാൻ കഴിയുന്ന ആരോപണങ്ങളം ഈ സഭയിൽ ഉന്നയിച്ചു. മുഖപ്രമായ നന്നാക്കാൻ വന്ന ശ്രീ. കരുണാകരന്റെ ഗവൺമെൻറ് വികൃതമായ മുഖവുമായി നിൽക്കുന്ന കാഴ്ചയാണ് ഇപ്പോഴം കാണാൻ കഴിയുന്നത്. കേരളത്തിലോ, ഇൻഡ്യയിലോ ഒരു നിയമസഭയിലും ഉണ്ടാകാത്തനിലയിലുള്ള ഒരു റിപ്പോർട്ടാണ് കരുണാകരൻ ഗവൺമെൻറിലെ ഒരു മന്ത്രിക്ക് എതിരായി ഭരണകക്ഷിയിൽത്തന്നെ ഭൂരിപക്ഷമുള്ള ഒരു നിയമസഭാ കമ്മിറ്റി കൊണ്ടുവന്നിരിക്കുന്നത്. ഭരണകക്ഷിയിലെത്തന്നെ ശ്രീ. എം. വി. മാണി, എം. എം. ഹസ്സൻ എന്നിവരടക്കമുള്ള, ഭരണകക്ഷിക്കു ഭൂരിപക്ഷമുള്ള സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി കരുണാകരൻ ഗവൺമെൻറിലെ ഒരു മന്ത്രിക്ക് എതിരായി 1 മുതൽ 45 വരെയുള്ള പേജുകളിലായി റിപ്പോർട്ടു ചെയ്തിരിക്കുകയാണ്. ഈ റിപ്പോർട്ട് ഈ കരുണാകരൻ ഗവൺമെൻറിന്റെ മുഖത്തെ വികൃതമാക്കുന്ന ഏറ്റവും ഗൗരവതരമായ റിപ്പോർട്ടാണ് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ റിപ്പോർട്ടിന്റെ എല്ലാ വശങ്ങളിലേക്കും പോകുന്നില്ല. ആ കമ്മിറ്റിയുടെ റിപ്പോർട്ടിലെ രണ്ടു മൂന്നു വാചകങ്ങൾ വായിക്കുകയാണ്.

The Committee are convinced that Sri. U. Mahabala Rao, Commissioner and Secretary to Government, Labour Department made false statement amounting to breach of privilege of the Committee.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: സർ, ശ്രീ. ശിവദാസന്റെ പ്രശ നം ബഹു മാനപ്പെട്ട സ്പീക്കർ പ്രിവിലേജ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. അത് വീണ്ടും സഭയിൽ ഉന്നയിക്കുന്നത് ഓർഡറിലാണോ?

ശ്രീ. എ. വി. താമരാക്ഷൻ: റിപ്പോർട്ട് ചർച്ച ചെയ്യാമെന്ന് മി. സ്പീക്കർ രാവിലെ പറഞ്ഞതാണ്. അടുത്ത് പറയുന്നത്:

The unholy haste in which each and every matter was decided by the Department shows that it wanted to conceal the matter of appointment from being noticed by other authorities.

The Committee failed to see any lawful direction in this respect in the files made available to the Committee. In the opinion of the Committee the selection authority has committed a crime in this respect by misusing the trust and confidence reposed in him.

ഇത്രയും വലിയ, ഗുരുതരമായ ആരോപണം ലേബർ സെക്രട്ടറിക്കും മിനിസ്റ്റർക്കും എതിരായി ഉന്നയിച്ചിരിക്കുകയാണ്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്നതിനുമുൻപുതന്നെ ഐ. എൻ. ടി. യു. സി. നേതാവ് ശ്രീ. വി. പി. മരയ്ക്കാർ പറഞ്ഞു: ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലേക്കുള്ള നിയമനങ്ങളിൽ 30,000 ത്തിൽപ്പരം രൂപ കൈക്കൂലി വാങ്ങിച്ചിരിക്കുന്നു എന്ന്. 67 നിയമനങ്ങളെക്കുറിച്ച് സഭയ്ക്ക് അറിയാവുന്നതാണ്. കഴിഞ്ഞ ദിവസം മുസ്ലീം ലീഗിന്റെ നേതാക്കൻമാർ മുഖ്യ മന്ത്രിയെ കണ്ടു പറഞ്ഞു: ഈ സമുദായത്തിന് അർഹമായ പ്രാതിനിധ്യം കിട്ടിയിട്ടില്ല എന്ന്. ആ കാര്യത്തെക്കുറിച്ച് മെമ്മോറാണ്ഡം കൊടുത്തിട്ടുണ്ട് എന്ന്. 67 നിയമനങ്ങളിൽ 8 എണ്ണത്തിൽ മുസ്ലീങ്ങളെയാണ് നിയമിക്കേണ്ടത്. എന്നാൽ അവിടെ 3 പേരെയാണ് നിയമിച്ചത്. അതു പോലെ 7 ഹരിജനങ്ങളെയാണ് നിയമിക്കേണ്ടത്. ഹരിജനങ്ങളുടെ ആശാനും ആളുമാണ് ശ്രീ. കരുണാകരൻ എന്ന് ഇവിടെ പറയുന്നു. ശ്രീ. കരുണാകരനോട് ഞാൻ ചോദിക്കുന്നു 7 പേരെ നിയമിക്കേണ്ട സ്ഥാനത്ത് ഒരാളെ ആണ് നിയമിച്ചിട്ടുള്ളത്. ഹരിജനങ്ങളും മുസ്ലീങ്ങളും അടക്കമുള്ള പാവപ്പെട്ട പിന്നോക്കക്കാർക്ക് കിട്ടേണ്ട സംവരണം പോലും നിഷേധിച്ചുകൊണ്ട് അഴിമതി നടത്തിക്കൊണ്ട് ഈ നാടിനെ ആകെ തകർത്തുകൊണ്ടിരിക്കുന്നു.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): * * * എന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ഓർഡറിലാണോ? ഓർഡറിൽ അല്ലെങ്കിൽ ആ ഒബ്സർവേഷൻ എഴുതിത്തന്നിട്ട് പറയാം. ആ ഒബ്സർവേഷൻ രേഖകളിൽനിന്ന് മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: ഇത് ഈ സഭയിൽ വച്ച റിപ്പോർട്ടാണ്. ഈ സഭയിൽ അംഗീകരിച്ച റിപ്പോർട്ടാണ്. ഈ നിയമസഭയിൽ ചട്ടപ്രകാരം അവതരിപ്പിച്ച് സഭ അംഗീകരിച്ച റിപ്പോർട്ടിലെ പരാമർശനം മാത്രമാണു പറഞ്ഞത്. അതാണ് ഞാൻ വ്യക്തമാക്കിയത്. വേറെ ഒന്നും പറഞ്ഞില്ല.

ശ്രീ. കെ. ശിവദാസൻ: സർ, അദ്ദേഹം ഈ പറയുന്നതൊന്നും ശരിയല്ല. ഉങ്ങനെ ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. ആ റിപ്പോർട്ടിൽ സ്പീക്കറുടെ റൂളിംഗ് അനുസരിച്ചുതന്നെ അതിൽ പരാമർശിച്ചിരിക്കുന്നത് ഗവൺമെന്റിനു പറയാനുള്ളത് ഗവൺമെന്റ് എഴുതി കൊടുത്താൽ അതു കേട്ടതിനുശേഷം മാത്രമേ ഫൈനൽ ആകുകയുള്ളൂ എന്നാണ്. ഗവൺമെന്റിന്റെ എക്സ്പ്ലനേഷൻ തന്നെ കൊടുത്തിട്ടില്ല. അത് കേട്ടിട്ടില്ല; അത് ഫൈനൽ ആയിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ

* * * സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

റൂളിംഗിനു് വിരുദ്ധമായി ഇവിടെ അംഗീകരിച്ചു എന്നു് പറയുന്നതു് വളരെ തെറ്റാണു്.

ശ്രീ. എ. വി. താമരാക്ഷൻ: ഇതു് ഇവിടെ ഈ സഭ അംഗീകരിച്ച റിപ്പോർട്ടാണു് .....(ബഹളം).....

ശ്രീ. കെ. ശിവദാസൻ: സർ, പോയിന്റു് ഓഫു് ഓർഡർ. അതു് ഒഴിവാക്കണമെന്നുള്ളതിനു് അങ്ങു് ഒരു റൂളിംഗു് നൽകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: എഴുതിക്കൊടുക്കാത്ത ആരോപണങ്ങളും ഉന്നയിച്ചിട്ടുള്ളതു് രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ശ്രീ. ആർ. എസ്. ഉണ്ണി: ഇവിടെ രാവിലെയും ബഹുമാനപ്പെട്ട സ്പീക്കർ ഈ റിപ്പോർട്ടിനെപ്പറ്റി പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണു് സംസാരിച്ചതു്. ഈ റിപ്പോർട്ടിനെ പരാമർശിച്ചു് സംസാരിക്കാമെന്നു് ഇന്നു രാവിലെയും ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. പക്ഷെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ മാത്രം പരാമർശിക്കാൻ പാടില്ല. ഭരണഘടനാപരമായ കാര്യങ്ങളിലുള്ള വ്യാഖ്യാനത്തെ ഒഴിച്ചു് മറ്റു കാര്യങ്ങളും സംസാരിക്കാമെന്നു പറഞ്ഞു. റിപ്പോർട്ടിനെ സംബന്ധിച്ചു്, റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു് പരാമർശിച്ചു് സംസാരിക്കാവുന്നതാണെന്നു് ഇന്നു രാവിലെയും പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടിനെ സംബന്ധിച്ചു് സംസാരിക്കാൻ സമ്മതിച്ചിട്ടുണ്ടു്. കമ്മിറ്റിയുടെ റിപ്പോർട്ടിനെ സംബന്ധിച്ചു് പ്രസംഗിക്കാൻ പാടില്ല എന്നല്ല പറഞ്ഞതു്. സബോർഡിനേറ്റു് ലെജിസ്ലേഷനെക്കുറിച്ചു് പറയാമെന്നു് മി. സ്പീക്കർ പറഞ്ഞു.

ശ്രീ. ടി. എസ്. ജോൺ: ഇവിടെ കമ്മിറ്റി റിപ്പോർട്ടിൽ ഇല്ലാത്ത കാര്യങ്ങളും പറഞ്ഞു.

ശ്രീ. ഇ. കെ. നായനാർ: ഇതിൽ അഴിമതി ആരോപണമുണ്ടു്; കൈക്കൂലി ആരോപണമുണ്ടു്.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട ടി. എസ്. ജോൺ പറഞ്ഞതാണു് 30,000 രൂപ വീതം കൈക്കൂലി വാങ്ങിച്ചു എന്നു്. ഇതു് താമരാക്ഷൻ പറഞ്ഞ കാര്യമല്ല. നിങ്ങൾക്കുള്ള ആക്ഷേപമായിരിക്കും എന്നുള്ളതു് മറ്റൊരു കാര്യമാണു്. ഇവിടെ കമ്മിറ്റിയൻ അതല്ല. ഇവിടെ ഒരു മന്ത്രിക്കും എതിരായിട്ടു് പ്രത്യേകിച്ചു് ഒന്നും പറഞ്ഞില്ല. റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ചു് പറഞ്ഞു. അതുപോലെതന്നെ പൊതുവായ പരാമർശനം നടത്തി.

മി. ഡെപ്യൂട്ടി സ്പീക്കർ: അല്ലാത്ത പരാമർശനങ്ങളും ഉണ്ടെങ്കിലേ ഒഴിവാക്കുകയുള്ളൂ.

ശ്രീ. കെ. ശിവദാസൻ: പ്രത്യേകം പറഞ്ഞതിനെ മാത്രമേ ഞാൻ ആക്ഷേപിച്ചുള്ളു. എനിക്കു് മറുപടി പറയാമല്ലോ? അദ്ദേഹം പറഞ്ഞതു് അൺഡ്യൂ ഹേസ്റ്റ് എന്നാണു്. 4 മാസത്തെ സമയം കൊണ്ടു് ഒരു കാര്യം ചെയ്യുന്നതു് അൺഡ്യൂ ഹേസ്റ്റല്ല എന്നു് ഞാൻ പറയുന്നു.

ശ്രീ. ബേബി ജോൺ: അൺഡ്യൂ ഹേസ്റ്റ് എന്നു് റിപ്പോർട്ടിലുണ്ടു്.

ശ്രീ. ഇ. കെ. നായനാർ: അൺഡ്യൂ ഹേസ്റ്റ് എന്നു പറഞ്ഞാൽ പൈസ വാങ്ങി എന്നാണു് ഇതിലെ ആരോപണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു എനിക്ക് മറുപടി പറയാമെന്ന്. ഞാൻ മറുപടി പറഞ്ഞുകൊള്ളാം. 4 മാസംകൊണ്ട് ഒരു ഭേദകാര്യം ചെയ്യുന്നതാണ്.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട താമരാക്ഷന്റെ സമയം കഴിഞ്ഞു.

ശ്രീ. എസ്. രാമചന്ദ്രൻ പിള്ള: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. കഴിഞ്ഞ നാലു വർഷമായിട്ട് വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട്, ഗ്രാമപ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രാധാന്യം കൊടുത്തുകൊണ്ട് വളരെയധികം വികസന പ്രവർത്തനങ്ങൾ ചെയ്ത ഒരു ഗവൺമെന്റാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങളുടെ ഉയർച്ചക്കും ഐശ്വര്യത്തിനും വേണ്ടി വളരെയധികം വികസന പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് ചെയ്യുകയുണ്ടായി. ശ്രീമതി ഗൗരിയമ്മ പറയുകയുണ്ടായി ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതി പ്രകാരം 100–140 വീടുകൾ അവിടെ ആരംഭിച്ചതിൽ 40 എണ്ണം മാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളുവെന്ന്. ഒരു കാര്യം മറച്ചുവയ്ക്കരുത്. ഈ സംസ്ഥാനത്ത് അങ്ങോളമിങ്ങോളം എൻ. ആർ. ഇ. പി., ആർ. എൽ.ഇ.ജി.പി. പദ്ധതി പ്രകാരം വളരെയധികം വീടുകൾ ഹരിജനങ്ങൾക്ക് വച്ചുകൊടുക്കുകയുണ്ടായി. എന്റെ മണ്ഡലത്തിൽത്തന്നെ 250–ൽപ്പരം വീടുകളുടെ നിർമ്മാണം ആരംഭിച്ചു. 250–ഉം പൂർത്തിയാക്കുകയും ചെയ്തു. അതുപോലെ തന്നെ എല്ലാ മണ്ഡലങ്ങളിലും ആരംഭിച്ച വീടുകളൊന്നും പൂർത്തിയാക്കാതെ ഇരുന്നിട്ടില്ല, പൂർത്തിയാകുന്നുണ്ട്. ബ്ലോക്കുകളിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിലാണ് നടന്നിരിക്കുന്നത്. എൻ.ആർ. ഇ. പി. പദ്ധതി പ്രകാരം 8 മീറ്റർ വീതിയുള്ള റോഡുകൾ എടുത്തു ചെയ്യാനും ആർ. എൽ. ഇ. ജി. പി. പദ്ധതി പ്രകാരം ടാർ ചെയ്യാനും ഈ ഗവൺമെന്റിന്റെ കാലത്താണ് സാധിച്ചത്. അങ്ങനെ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് വളരെയധികം നല്ല കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതെല്ലാം മറച്ചുവച്ചുകൊണ്ട് ഈ ഗവൺമെന്റിനെ കരിതേച്ചു കാണിക്കാൻ ശ്രമിക്കുകയാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുത്തിട്ടുള്ളത് കരുണാകരൻ ഗവൺമെന്റാണ്. നമ്മുടെ നാട്ടിലെ റോഡിന്റെയും പാലങ്ങളുടേയുമൊക്കെ പണി ഏകദേശം തീർത്തു വരികയാണ്. ട്രാൻസ്പോർട്ടിന്റെ കാര്യത്തിൽ മാത്രം കുറച്ച് അപാകതകൾ ഉണ്ട്. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. 85 ഷെഡ്യൂളുകൾ ഉണ്ടായിരുന്ന ചെങ്ങന്നൂർ ട്രാൻസ്പോർട്ട് ഡിപ്പോയിൽ ഇപ്പോൾ 40 ഷെഡ്യൂളുകളായിട്ട് കുറഞ്ഞിരിക്കുകയാണ്. ട്രാൻസ്പോർട്ടിന്റെ കാര്യത്തിൽ പുരോഗമനമില്ല. ഷെഡ്യൂളുകൾ കുറഞ്ഞതുകൊണ്ട് യാത്രക്കാർ വളരെയധികം ബുദ്ധിമുട്ടുന്നു. ആ കാര്യം തുറന്നുതന്നെ ഞാൻ പറയുകയാണ്. ആ രംഗത്ത് വികസന പ്രവർത്തനങ്ങൾ ഇനിയും നടക്കാനുണ്ട്. പുതിയ ബസ്സുകൾ ഒന്നും വാങ്ങിക്കുന്നില്ല. പണ്ടൊരു പഴഞ്ചൊല്ലുണ്ട്, പട്ടി പുല്ലു തിന്നുകയുമില്ല, പശുവിനെക്കൊണ്ട് തീറ്റിക്കുകയുമില്ല എന്ന്. ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കൊണ്ടിരുന്ന റൂട്ടുകളിൽ അവ ശരിയ്ക്ക് ഓടിക്കുവാൻ കഴിയുന്നില്ല. വളരെയധികം ബസ്സുകൾ കട്ടപ്പുറത്തിരിക്കുകയാണ്, ടയർ കിട്ടുന്നില്ല, ടയർ ക്ഷാമമാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷൻ എം. ഡി. യെ കാണുമ്പോൾ പറയുന്നത് ടയർ കിട്ടുന്നില്ല, അതു തന്നെയുമല്ല ടയർ കൊടുക്കാനുള്ള കമ്പനികൾക്ക് നൂറു ശത

LIBRARY ARCHIVES Kerala Legislative Assembly

മാനം പവർ കട്ട് വന്നിരിക്കുകയാണ് എന്നൊക്കെയാണ്. 100 ശതമാനം പവർ കട്ട് വന്നപ്പോഴും ടയർ ഒട്ടും തന്നെ കിട്ടുന്നില്ലെന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോഴും ബസ് ഓടിക്കാത്ത സ്ഥിതിവിശേഷമാണ് ഉണ്ടാകുന്നത്. എന്നാൽ ട്രാൻസ്പോർട്ടിലെ ഉദ്യോഗസ്ഥൻമാർ തന്നെ ആർ. ടി. എ. മീറ്റിംഗിൽ വരുമ്പോഴും ഒപ്രവറ് ബസ്സിന് പെർമിറ്റ് കൊടുക്കുന്നതിനെ എതിർക്കുകയാണ്. ഈ സ്ഥിതിവിശേഷം മാറണം. ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് സ്കൂളുകളും കോളേജുകളും തുറന്ന അവസരത്തിൽ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം വളരെയധികം കഷ്ടപ്പാടുകളുണ്ട്. അതുകൊണ്ട് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടാത്ത റൂട്ടുകളിൽ മറ്റു ബസ്സുകൾ ഓടിക്കുവാൻ വേണ്ടി സാങ്ഷൻ കൊടുക്കുവാൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശ്രമിക്കണം. വളരെയധികം ഷെഡ്യൂളുകൾ നിന്നുകൊണ്ടിരിക്കുകയാണ്. ട്രാൻസ്പോർട്ടിനെ സംബന്ധിച്ചിടത്തോളം വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആ മേഖലയിൽ നടത്തുവാൻ വേണ്ടി പുതിയ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നാണെനിക്ക് പറയുവാനുള്ളത്. ഈ ഗവൺമെൻറിന്റെ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: മി. ഡെപ്യൂട്ടി സ്പീക്കർ സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇതിലെ ഏതാനും കാര്യങ്ങളെ സ്പർശിച്ചുമാത്രം ചില കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അഴിമതി നിരോധനക്കമ്മീഷനിൽ 12 പുതിയ പോസ്റ്റുകൾ ഉണ്ടാക്കാൻ ഉള്ള ഒരു ഡിമാൻറ് ഉണ്ട്. ആ കമ്മീഷന് വളരെ ജോലിയൊന്നുമില്ല. ഈ 12 പോസ്റ്റുകൾ അനാവശ്യമാണെന്നാണ് എൻറെ അഭിപ്രായം. അതുപോലെ തന്നെ പെൻഷൻസ് ആൻറ് മിസലേനിയസ് എന്നു പറയുന്ന ഡിമാൻറ്സിൽ രണ്ടിനങ്ങൾ ഉണ്ട്. ഒന്ന് കേരളസംസ്ഥാന മദ്യ നിരോധനക്കമ്മിറ്റിക്ക് 25,000 രൂപ ധനമായിട്ട് കൊടുത്തിരിക്കുകയാണ്. എന്തിനാണ് സർ? മദ്യനിരോധന പ്രചരണം ആ കമ്മിറ്റി ചെയ്യുന്നതു സ്വാഗതാർഹമാണ്. പക്ഷേ ഈ ഗവൺമെൻറിൽ നിന്ന് പൈസ വാങ്ങിച്ച് അതു ചെയ്യുന്നത് അപമാനകരമാണെന്നാണ് എനിക്ക് തോന്നുന്നത്. ഈ ഗവൺമെൻറ് അവതരിപ്പിച്ച 1986–87–ലെ ബഡ്ജറ്റിൽ 119 കോടിരൂപയാണ് ഈ ഇനത്തിൽ കിട്ടുന്നത് എന്നു കണക്കാക്കിയിരിക്കുന്നു. ആ എക്സൈസ് റവന്യൂ ഉണ്ടാക്കി 25,000 രൂപ അതിനെതിരായി പ്രചരണം നടത്താനായിട്ട് കൊടുത്തിരിക്കുന്നത്. വിരോധാഭാസമാണ്. അങ്ങനെയാണെങ്കിൽ എനിക്ക് ഗവൺമെൻറിനോട് നിർദ്ദേശിക്കുവാനുള്ളത് ചെത്തുതൊഴിലാളികളും ഇവിടെ രണ്ടുമൂന്നു ദിവസം മുമ്പ് പ്രകടനം നടത്തുകയുണ്ടായി. ആ പ്രകടനത്തിനും എന്തെങ്കിലും കൊടുക്കാനായിട്ട് വക കൊള്ളിക്കണം എന്നാണ് അവർ അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടിയാണ് പ്രകടനം നടത്തിയത്. ആ നിലയിൽ അവരുടെ കാര്യംകൂടി നോക്കാതെ ഇതിനുവേണ്ടി ഈ സംഖ്യ ദാനം ചെയ്യുന്നത് ശരിയാണോ എന്നു ഞാൻ സംശയിക്കുകയാണ്. ഇതിലെ മറെറാരിനം മൽസ്യ ബന്ധന ബോട്ടുകളുടെ കാര്യമാണ്. ഏതാനും കൊല്ലങ്ങൾക്കു മുമ്പ് നഷ്ടപ്പെട്ട 5 മൽസ്യബന്ധനബോട്ടുകളുടെ നഷ്ട പരിഹാരമാണ് പറഞ്ഞിരിക്കുന്നത്. അത് എപ്പോഴാണ് നഷ്ടപ്പെട്ടത്? എങ്ങനെയാണ് നഷ്ടപ്പെട്ടതെന്നൊന്നും ഇതിൽ കാണുന്നില്ല. മൽസ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നത് നല്ലതാണ്. പക്ഷേ ഇതെന്തോ വിവേചനാപരമായി ആർക്കോ പ്രത്യേകമായി കൊടുക്കുന്നതിന് കണ്ടുപിടിച്ചതിനുശേഷം വകയിരുത്തിയിരിക്കുകയാണെന്നാണ് തോന്നുന്നത്. ഇതിലെ മറെറാരു ഡിമാൻറ് നാച്ചുറൽ കലാമിറ്റീസിനെ സംബന്ധിച്ചുള്ളതാണ്. അതിൽ അഞ്ചുകോടി വക

LIBRARY ARCHIVES Kerala Legislative Assembly

തീരുത്തിയത് 3.34 കോടി രൂപ കണ്ടിൻജൻസി ഫണ്ടിൽ നിന്നും കൊടുത്തതാണ്. അത് തിരിച്ചു വാങ്ങിക്കുവാനായിട്ടാണ് ഈ ഡിമാന്റ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ അതിൽത്തന്നെ പറയുന്നു, ടോക്കൺ സപ്ലിമെന്ററി ഗ്രാന്റ് മാത്രമേ ഉള്ളു; ധാരാളം സേവിംഗ്സ് ഉണ്ടെന്ന്. നാച്ചുറൽ കലാമിറ്റീസിന്റെ കാര്യത്തിൽ സേവിംഗ്സ് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ഒരു പ്രവർത്തനവും ഈ കാര്യത്തിൽ വേണ്ടത്ര നടന്നിട്ടില്ലെന്ന് സ്വയം സമ്മതിക്കുകയാണ് ഈ ഡിമാന്റ് മുഖാന്തിരം ചെയ്തിട്ടുള്ളതെന്നാണ് എനിക്ക് തോന്നുന്നത്. അതും തെറ്റാണ്. ഈ ഡിമാന്റിലെ മറ്റൊരു ഭാഗം മോട്ടോർ വെഹിക്കിൾസ് ആക്ട് പ്രകാരം കൊടുക്കേണ്ട നഷ്ടം ആ ട്രൈബ്യൂണലിന് കൊടുക്കുവാൻ വേണ്ടി വകയിരുത്തിയിരിക്കുകയാണ്. മോട്ടോർ വെഹിക്കിൾസ് ആക്ട് പ്രകാരം നടക്കുന്ന ട്രൈബ്യൂണലിന്റെ പ്രവർത്തനം വളരെ നല്ല നിലയിലാണെങ്കിൽക്കൂടി ധാരാളം കാലതാമസമുണ്ട്. മോട്ടോർ വെഹിക്കിൾസ് ട്രൈബ്യൂണൽ വിധിക്കുന്ന കേസ്സുകളിൽ ഇൻഷ്വറൻസ് കമ്പനികൾ അത് കൊടുത്തു തീർക്കാൻ വലിയ കാലതാമസം ഉണ്ടാക്കുന്നുണ്ട്. ആ കാലതാമസം കൊണ്ട് ഈ പണം കിട്ടേണ്ടതായിട്ടുള്ള അവകാശിക്ക് സമയത്തു കിട്ടുന്നില്ല എന്നുള്ള ബുദ്ധിമുട്ട് വന്നുകൂടിയിരിക്കുകയാണ്. അടുത്തത് കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് ആറുമാസം ഓരോ കോടിരൂപ വീതം കൊടുത്തിട്ടുള്ള കടം ഇടപാടിനെ സംബന്ധിച്ചാണ്. ഈ പണം എങ്ങനെ അവർ ചെലവാക്കി? എത്രത്തോളം ഫലപ്രദമാണ് എന്നുള്ളതിന് യാതൊരു സൂചനയും ഇല്ല. ഈ ഡിമാന്റിലുള്ള സൂചന ഒരു കോടിരൂപ കാലാകാലം ഗവൺമെന്റ് കോർപ്പറേഷന് കൊടുക്കേണ്ടി വരുമെന്നാണ്. അതാണ് സ്ഥിതിവിശേഷമെന്നുണ്ടെങ്കിൽ ഈ കോർപ്പറേഷൻ നഷ്ടത്തിൽനിന്ന് നഷ്ടത്തിലേക്ക് നീങ്ങുകയാണ് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ആ നിലയിൽ ഈ ഡിമാന്റ് ശരിയായിട്ടുള്ളതാണെന്ന് വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഈ ഡിമാന്റുകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, ഞാൻ തൃശ്ശിവപേരൂരിൽനിന്ന് വരുകയാണ്. ഇന്നലെ സഖാവ് എം. വി. രാഘവന്റെ നേതൃത്വത്തിൽ യഥാർത്ഥ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി അവിടെ ഉദയം ചെയ്തു. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി ചത്തടിഞ്ഞു. അതിന്റെ പിന്നാലെ നിൽക്കുന്നവിവരമില്ലാത്തവർ അതിൽ ചേർന്നോ എന്നുള്ള ചോദ്യം ചോദിക്കുന്നതു പ്രസക്തമല്ല. കൊല്ലത്തുവച്ച് കോൺഗ്രസ്സിന്റെ കെ. പി. സി. സ് പ്രസിഡന്റ് ഒരു നയപ്രഖ്യാപന പ്രസംഗം ചെയ്തു. കോൺഗ്രസ്സ് പാർട്ടിക്ക് കമ്മ്യൂണിസ്റ്റു വിരോധം തീർന്നിരിക്കുന്നു എന്ന്. അത്രത്തോളം നല്ലത്. അതിനെത്തുടർന്ന് അദ്ദേഹം വീണ്ടും പറയുകയാണ്: രാജീവ് ഗാന്ധിയുടെ നയത്തോട് യോജിക്കുന്നവർ നിന്നാൽ മതി നമ്മുടെ മുന്നണിയിൽ എന്ന്. ഞാൻ ഒരു കോൺഗ്രസ്സുകാരനായിരുന്നു. രാജീവ് ഗാന്ധിയോട് എനിക്ക് വിരോധമില്ല. രാജീവ് ഗാന്ധിയുടെ നയത്തോട് എനിക്ക് വിരോധമില്ല. ഞാൻ ഒരു സോഷ്യലിസ്റ്റുകാരനാണ്. അതുകൊണ്ട് ആ സോഷ്യലിസ്റ്റ് ആശയത്തിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്തെ അധ:സ്ഥിതരുടെ മോചനത്തിനുവേണ്ടി നിൽക്കുന്നവനാണ്.

ശ്രീ. രാജീവ് ഗാന്ധിയോടൊപ്പം, ആധുനിക രാജീവ് ഗാന്ധി ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും കൂടി ചേർന്ന് ഈ രാജ്യത്തെ റിസർവേഷനെ തൊട്ടാൽ ആ തൊട്ട കൈകളെ ഞങ്ങൾ വെട്ടിമുറിക്കും. ആ നാക്കുകൾ ഞങ്ങൾ അറിഞ്ഞുവീഴ്ത്തും. ആ കാലുകൾ ഞങ്ങൾ തല്ലിയൊടിക്കും. ആർക്കും ആവക കാര്യങ്ങളിൽ യാതൊരു സംശ

LIBRARY ARCHIVES Kerala Legislative Assembly

യവും വേണ്ട. എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഇന്ന് ശ്രീ. ബേബി ജോൺ എന്താണ് താൻ ചെയ്യുന്നത് എന്നു അറിയുന്നില്ലെങ്കിൽ, ശ്രീ. ചന്ദ്രശേഖരൻ, എന്താണ് താൻ ചെയ്യുന്നത് എന്ന് അറിയുന്നില്ലെങ്കിൽ, നമ്മുടെ പ്രഭാകരൻ താൻ എന്താണ് ചെയ്യുന്നത് എന്ന് അറിയുന്നില്ലെങ്കിൽ പഴയ കാലങ്ങൾ ഞാൻ ഓർമ്മിപ്പിക്കുന്നു. എന്താണത്? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ രാജ്യത്ത് ഒറ്റപ്പെട്ട കാലഘട്ടത്തിൽ അച്യുത മേനോൻ വിനയത്തോടും വിവരത്തോടുംകൂടി ഈ രാജ്യം ഭരിച്ചപ്പോൾ അച്യുതമേനോനെ അവിടെനിന്നിറക്കി, വീണ്ടും പാർട്ടിയുടെ നയം പ്രചരിപ്പിക്കാൻ ശ്രമിച്ച, വളർന്നുവന്ന ഒരു യോദ്ധാവായ ശ്രീ. എം.വി. രാഘവനെ വെട്ടിമാറ്റി കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇന്ന് കോൺഗ്രസ്സിനകത്ത് നുഴഞ്ഞുകയറാൻ ശ്രമിച്ചിട്ട് ഞങ്ങളെ അവസാനിപ്പിക്കാൻ ശ്രമിച്ചാൽ അതിന് സാധിക്കുകയില്ല. കാരണം നമ്മുടെ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ, കമ്മ്യൂണിസ്റ്റ് പാർട്ടി എന്താണെന്നറിയാവുന്ന കരുണാകരൻ ഈ രാജ്യത്ത് ജീവിച്ചിരിക്കുന്നിടത്തോളം കാലം കോൺഗ്രസ്സ് പാളയത്തിലേക്കു വരാൻ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന് സാധിക്കുകയില്ല എന്ന് അടിസ്ഥാനപരമായി ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ആ മോഹം ഉപേക്ഷിക്കുകയാണ് നല്ലത്. ഞങ്ങളുടെ രാഘവൻ നിങ്ങളിൽ ചിലർക്ക് ബുദ്ധിയുണ്ടെന്ന് ധരിച്ചു. ബുദ്ധിയുണ്ടായതുകൊണ്ടാണ് അന്ന് നിങ്ങളുടെ നയപ്രഖ്യാപനത്തിന് ഭേദഗതികൾ അവതരിപ്പിച്ചത്. അന്ന് അവതരിപ്പിച്ച ഭേദഗതികൾക്കുവേണ്ടി നിൽക്കുന്ന ആ ഭേദഗതിയാണ് ശരിയെന്നു വിശ്വസിക്കുന്ന നിങ്ങളിൽ ഭൂരിപക്ഷം ആളുകൾ ഇന്ന് ശ്രീ. എം. വി. രാഘവന്റെ നയം ശരിയെന്നു പറയുന്നു. ഞങ്ങളുടെ പ്രദേശത്തുനിന്നും വരുന്ന അരവിന്ദാക്ഷൻ ബുദ്ധിയുള്ളവനായതുകൊണ്ട്, ബുദ്ധിയുള്ളവരുടെ ഭാഗത്തുനിൽക്കുന്നു എന്നു പറഞ്ഞു. നിങ്ങൾ ചത്തടിഞ്ഞു പോകുന്ന ആ പാർട്ടിയുടെ ലക്ഷ്യത്തിലാണോ നിൽക്കുന്നത്? ശ്രീ. എം. വി. രാഘവൻ അവിടെനിന്നും പോയപ്പോൾ, 'ചില ആളുകൾക്ക് ഞാഞ്ഞൂലും വിഷമാകു' മെന്ന രീതിയിൽ വിഷമാകാൻ സാധിച്ചു. സർവ്വവും തളർപ്പിറഞ്ഞുകൊണ്ട് ഈ രാജ്യത്തെ അപകടത്തിലേക്ക് നയിക്കുകയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. ശ്രീ. കരുണാകരൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം, കോൺഗ്രസ്സിൽ ബുദ്ധിയുള്ള ആളുകൾ ഉള്ളിടത്തോളം കാലം, കരുണാകരൻ എങ്ങനെ ഒൻപതിൽനിന്നും ഭരണത്തിലേക്കുയർന്നുവോ അതുപോലെ വീണ്ടും ഭരണം കാത്തു സൂക്ഷിക്കാൻ വേണ്ടത്ര രീതിയിൽ പ്രവർത്തിക്കും. അങ്ങനെ പ്രവർത്തിക്കുന്നില്ലെങ്കിൽ കൊല്ലം പ്രസംഗമാണ് നിദാനമായ കാര്യമെങ്കിൽ ആ ഒൻപതിലേക്ക് വീണ്ടും ഇറങ്ങിപ്പോകുന്നതിനുള്ള ഉത്തരവാദിത്വം പരിപൂർണ്ണമായി ശ്രീ. കരുണാകരൻ ഏറ്റെടുക്കേണ്ടിവരുമെന്നറിയിക്കുകയാണ്. നിങ്ങളെ ഒൻപതിലേക്ക് മാറ്റാൻ ഞങ്ങൾ യോജിച്ചു നിന്നുകൊണ്ട്, ഒന്നിച്ചുനിന്നുകൊണ്ട് ഞങ്ങളുടെ പരിപാടി നടപ്പാക്കാൻ ശ്രമിക്കുന്നതിന്റെ തുടക്കം തൃശ്ശൂരിൽ കുറിച്ചിരിക്കുന്നു. ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ താല്പര്യം സംരക്ഷിക്കുന്ന ഒരു ശക്തി ഇവിടെ ഉദയം ചെയ്യുമെന്നും, വളരുമെന്നും ആ വളർച്ചയ്ക്കു തടസ്സമായി നിൽക്കാൻ ആർക്കും സാദ്ധ്യമല്ലെന്നും അറിയിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ മനസ്സാൽ പിൻതാങ്ങുന്നു.

ശ്രീ. ഇ. പത്മനാഭൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശ്രീ. സി. ജി. ജനാർദ്ദനന്റെ പ്രസംഗത്തിൽ ആകെ അനുകൂലമായൊരു വശമുള്ളത് അദ്ദേഹമിവിടെ എല്ലാ പ്രസംഗവും അവസാനിക്കുമ്പോൾ ആത്മാഹൂതി ചെയ്യുമെന്നു ഭീഷണ

LIBRARY ARCHIVES Kerala Legislative Assembly

മുഴക്കാനുള്ളത് ഇപ്രാവശ്യം ഉണ്ടായില്ല എന്നതാണ്. തുടർച്ചയായി നാലര വർഷവും ആവർത്തിച്ചുകഴിഞ്ഞപ്പോൾ ആവർത്തനവിരസത മനസ്സിലാക്കാനുള്ള ബുദ്ധിശക്തിയെങ്കിലും അദ്ദേഹത്തിനുണ്ടായതിൽ സന്തോഷമുണ്ട്. സർ, ചിലരുടെ ജാതകത്തിന് ഒരു പ്രത്യേകതയുണ്ട്. അവർ ഇരിക്കുന്നിടത്ത് കളളൻ കടക്കില്ല. കരിങ്കല്ലിനു തുല്യമായ ശ്രീ. സി.ജി. ജനാർദ്ദനനെ തീവച്ചാൽ തീപോലും പിടിക്കുകയില്ല. അതുകൊണ്ട് അദ്ദേഹം ആത്മാഹൂതി ചെയ്യും എന്നു പറഞ്ഞാൽ ഞങ്ങൾക്ക് പരിഭ്രമവുമില്ല. ചിലർ ഇരിക്കുന്നിടത്ത് കളളൻ കടക്കുകയില്ല എന്നു പറയുന്നത് ശക്തികൊണ്ടും ധൈര്യം കൊണ്ടും കളളനെ പിടിക്കാനുള്ള കഴിവുകൊണ്ടല്ല. അവർ ഇരിക്കുന്നിടത്ത് ഒന്നുമുണ്ടാവില്ല എന്നുള്ളതുകൊണ്ടാണ്. അദ്ദേഹം എത്രയോ പാർട്ടികളിൽ പോയ കഥ ഇവിടെ പറഞ്ഞു. എല്ലായിടവും ഇരുന്നു നിരപ്പായിക്കഴിഞ്ഞപ്പോൾ പിൻബഞ്ചിൽ ഇരിക്കുകയാണ്. ഇപ്പോൾ ഒരലർച്ച മാത്രമെയുള്ളു.

ശ്രീ. സി. ജി. ജനാർദ്ദനൻ: വിവരമുള്ളവർ.....

ശ്രീ. ഇ. പത്മനാഭൻ: കരിങ്കല്ലിന് എന്തു വിവരമാണ്? പാറയ്ക്ക് എന്ത് വിവരമാണ്? ഈ രാജ്യത്ത് മറ്റൊരു പടാർത്ഥത്തിനുമില്ലാത്ത ബുദ്ധി പാറയ്ക്കുണ്ടെന്നാണ് പറയുന്നത്. അങ്ങനെയാകട്ടെ. എന്തായാലും അദ്ദേഹത്തിന്റെ രാഷ്ട്രീയവിവരവും അനുഭവജ്ഞാനവും ഇവിടെ വിളമ്പിയതിന് നന്ദി പറയാതെ നിവൃത്തിയില്ല. സർ, പട്ടിയും മറ്റും പെറ്റുപെരുകി ശല്യമായാൽ അവയെ ചാക്കിൽകെട്ടി പുഴയ്ക്ക് അക്കരെ കൊണ്ടുപോയി കളയുന്ന ഒരു ഏർപ്പാട് ഉണ്ട്. നിങ്ങളുടെ ബൂർഷ്വാ പാർട്ടികളും ബൂർഷ്വാ പത്രങ്ങളുംകൂടി കുറെ ആളുകളെ അക്കരെ കടത്തിയിട്ടുണ്ട്. അവർ അനുഭവിക്കുകയല്ലാതെ എന്തു ചെയ്യും? നിങ്ങളുടെ ജോലിയിതാണ്. നമ്പൂതിരിമാരും നായർമാരുമൊക്കെ വന്നിട്ടുള്ളത് ഈ സി. ജി. ജനാർദ്ദനൻ എന്നുപറയുന്ന ഒരാളെ കണ്ടിട്ടല്ല. അതിനുപിന്നിലുള്ള ചരിത്രം പഠിക്കണം. അന്യരുടെ പാദസേവക്ക് ചെരിപ്പെടുത്ത്, ചെല്ലപ്പെട്ടിയെടുത്ത് നടക്കുന്ന ഈ പ്രസംഗമൊന്നവസാനിപ്പിക്കണം. കരുണാകരൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം ശ്രീ. പത്മരാജനെക്കാളും, രാജീവ് ഗാന്ധിയെക്കാളും രക്ഷയുണ്ടെന്നാണ് പറയുന്നത്. ഈ മാതിരി ചെരിപ്പുമെടുത്ത് ചെല്ലാപ്പെട്ടിയും എടുത്ത് രാഷ്ട്രീയത്തിൽ നടക്കുന്നത് ഒന്നു നിറുത്തണം. നിങ്ങളുടെ സമ്പാദ്യവും നിങ്ങളുടെ നിലനിൽപ്പും ഈമാതിരിയുള്ള ആളുകളുടെ ചെല്ലപ്പെട്ടിയെടുക്കുന്നതിലാണെന്നത് നമുക്ക് എല്ലാവർക്കും അറിയുന്ന കാര്യമാണ്. അതുകൊണ്ട് ആ ജാതി ഗീർവ്വാണ പ്രസംഗങ്ങളൊന്നും വേണ്ട.

സർ, ഞാൻ എന്റെ പ്രസംഗത്തിലേയ്ക്കു കടക്കുകയാണ്. ഈ ബജാറിനെത്തന്നെ ഞാൻ എതിർക്കാനുള്ള പ്രധാനകാരണം ഇവിടെ ശ്രീ. ചന്ദ്രശേഖരൻ സൂചിപ്പിച്ച ഒരു കാര്യമാണ്. ഒരു ഭാഗത്ത് ഈ ഗവൺമെന്റ് ചാരായം വാറ്റ് കമ്പനിക്ക് ഫാക്ടറിയുണ്ടാക്കാൻ ലൈസൻസു കൊടുത്തു. മറുഭാഗത്ത്, മദ്യവർജ്ജന പ്രചരണത്തിനുവേണ്ടിയുള്ള ഒരു കമ്മിറ്റിക്ക് ഗ്രാന്റു കൊടുത്തു. ശ്രീ. മന്മഥൻ വളരെ വാചാലമായി പ്രസംഗിക്കുന്നതു കേട്ടു. ജാഥയുമായി നടക്കുന്നതു കണ്ടു. ഇപ്പോഴാണ് സംഗതി മനസ്സിലായത്. കാസർകോട് നിന്നും തിരുവനന്തപുരത്തുവന്നാൽ 25,000 രൂപ ഈ സർക്കാരിൽ നിന്നും കിട്ടും. ഈ രാജ്യത്തെ തൊഴിലാളികർഷകർക്കും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനുമെതിരായ പ്രസംഗമാണ്. വിദേശമദ്യ രാജാക്കൻമാർക്കെതിരായ പ്രസംഗം

LIBRARY ARCHIVES Kerala Legislative Assembly

അല്ല. ഈ രാജ്യത്ത് അവിയൻ, കഞ്ചാവ് തുടങ്ങിയ വിദേശ മയക്കുമരുന്നുകൾ കൊണ്ടുവരുന്നതിന് എതിരായ പ്രസംഗമല്ല. ഈ രാജ്യത്ത് ചക്ഷക്കണക്കിന് തൊഴിലാളികൾ തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കുന്നതിന് ഉപകരിക്കുന്നതാണ് കള്ളു ചെത്ത്. ലഹരിയുടെ അംശം ഏറ്റവും കുറവുള്ള ഒരു പാനീയമാണ് കള്ള്. അതിനെതിരായ പ്രചാരവേല നടത്താൻ ഈ ഗവൺമെൻറ് 25,000 രൂപ കൊടുത്തു. അതാണ് നിങ്ങളുടെ നയം. അതിനാണ് ഈ ബഡ്ജറ് കൊണ്ടുവന്നിരിക്കുന്നത്. മറൊരുകാര്യം ഇവിടെ പറഞ്ഞു. ഇൻഷ്വറൻസ് നിയമമനുസരിച്ച് അതിൽ നിന്നുള്ള നഷ്ടം നികത്താൻ കഴിയാത്തതിന് എക്സ്ഗ്രേഷ്യാ ഗ്രാൻറു കൊടുത്തു. എന്തിനെല്ലാമാണ് ഈ ഗവൺമെൻറിന് ഗ്രാൻറ് കൊടുക്കാൻ അധികാരമുള്ളത്? 25,000 രൂപ വീതം അഞ്ചു ബോട്ടുടമകൾക്ക് രണ്ടേകാൽ ലക്ഷം രൂപ കൊടുക്കാനാണ് ഇവിടെ വകയിരുത്തിയിട്ടുള്ളത്. ഈ ഉപധനാഭ്യർത്ഥനയിൽ വന്നിട്ടുള്ള ഒരു കാര്യവും ഈ സംസ്ഥാനത്തെ ജനങ്ങളുടെ ഐശ്വര്യത്തിനുവേണ്ടിയല്ല. സ്റ്റേറ്റ് സെക്ടറിൽ ഉള്ള തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുള്ള ഗ്രാൻറാണ് മറെറാന്ന്. രണ്ടു ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ അനുവദിച്ചിട്ടുള്ളത് മാവൂരിലെ ബിർളയ്ക്ക്. കഴിഞ്ഞ ഒന്നൊന്നരക്കൊല്ലമായി ഫാക്ടറി പൂട്ടിയിട്ടിരിക്കുന്ന വ്യവസായിക്ക് വീണ്ടും രണ്ടുലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ ഈ ഗവൺമെൻറ് അനുവദിച്ചു കൊടുത്തിരിക്കുന്നു. അതിനാണ് ഈ ഉപധനാഭ്യർത്ഥന കൊണ്ടുവന്നത്. രാജ്യത്തിൻെറയും നാടിൻെറയും ആകെയുള്ള ഉന്നമനത്തിനുവേണ്ടി ഒരു കാര്യവും ഇവിടെ ശ്രദ്ധിക്കുന്നില്ല.

സർ, രാജ്യത്തിൻെറ ആകെയുള്ള ഉന്നമനത്തിനുവേണ്ടിയുള്ള ഒരു കാര്യത്തിലും ഈ ഗവൺമെൻറ് ശ്രദ്ധിക്കുന്നില്ല. ഞാൻ പാലക്കാട് ജില്ലയിൽ നിന്നാണ് വരുന്നത്. നമ്മുടെ മന്ത്രി ശ്രീ. സുന്ദരവും അതുപോലെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനുംകൂടി കഴിഞ്ഞകൊല്ലം മേയ് മാസത്തിൽ അവിടെ ഒരു പ്രസവശുപത്രിയുടെ (വിമൺ ആൻറ് ചിൽഡ്രൻസ് ആശുപത്രി) ഉൽഘാടനം നടത്തി. പുതുതായി ഒരു മാടം പോലും വച്ചുകെട്ടിയില്ല. ഓലകുത്തിമറയ്ക്കുകപോലും ചെയ്തിട്ടില്ല. പഴയ ആശുപത്രിയുടെ മുമ്പിൽ ബോർഡ് വച്ചിരിക്കുകയാണ്. പന്നികളാണ് ആശുപത്രിക്കുള്ളിൽ. അവ നന്നായി പെറ്റുപെരുകുന്നുണ്ട്. അങ്ങനെ അവിടെ നന്നായി പ്രസവവും പ്രസവശുശ്രൂഷയും നടക്കുകയാണ്. യാതൊരു കുഴപ്പവുമില്ലാതെകണ്ട് അത് അവിടെ നടക്കുന്നുണ്ട്. അതല്ലാതെ ആശുപത്രിക്കുവേണ്ടി ഒരു സെൻറുഭൂമി അക്വയർ ചെയ്യാനോ ഒരു പ്രസവവാർഡ് പണിയാനോ, ഒരു ഓപ്പറേഷൻ തിയേറ്റർ പണിയാനോ യാതൊരു നടപടിയുമെടുത്തിട്ടില്ല. അതുപോലെ നിരവധി പ്രൈമറി ഹെൽത്ത് സെൻററുകൾ (മുപ്പതും മുപ്പത്തഞ്ചും വർഷക്കാലം പഴക്കമുള്ളവ) ഉദ്ഘാടനം ചെയ്തു തുടങ്ങിയിരിക്കുകയാണ്. അവ രണ്ടാമതു നിർമ്മിക്കേണ്ട ആവശ്യത്തിലേക്ക് പണം വകയിരുത്തണമെന്നു പറഞ്ഞാൽ ഹെൽത്ത് ഡിപ്പാർട്ടുമെൻറിന് സാധിക്കുന്നില്ല. അവിടെയുള്ള ആശുപത്രികിടക്കകളിൽ കിടക്കുക എന്നു പറഞ്ഞാൽ വളരെ കഷ്ടമാണ്. കാണാൻ പോലും കൊള്ളുകയില്ല, നാറുന്ന ആ കിടക്കകളിൽ കിടന്നാൽ പകർച്ച വ്യാധി വരും. അത്രത്തോളം പഴകിദ്രവിച്ചതാണ്. ആശുപത്രിക്കാവശ്യമുള്ള പുതിയ സാധനസാമഗ്രികളും കൊടുക്കുന്നില്ല. ആ ജില്ലാ ആശുപത്രി പോയി കാണേണ്ടതാണ്. മൂക്ക് അമർത്തിപ്പിടിച്ചാലും പോരാ, അതിനുള്ളിൽ കടക്കാൻ കഴിയുകയില്ല. ബെഡ്ഷീറ്റു നൽകുന്ന ഒരു ലോൻട്രിപോലും അവിടെയില്ല. അത്യാഹിതങ്ങളും സംഭവിച്ച

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന രോഗികൾക്ക് കിടക്കുന്നതിനുള്ള സൗകര്യമില്ല. ഒരാൾ കിടക്കാൻ വരുമ്പോൾ, അതിന് എത്രയോ മാസങ്ങൾക്കുമുമ്പ് അത്യാഹിതത്തിലൂടെ വന്നവരുടെ രക്തം പുരണ്ടുകിടക്കുന്ന ഫോംബെഡ്ഡിൽ ഒരു ഷീറ്റുപോലും വിരിക്കാതെ കിടക്കേണ്ട സ്ഥിതിയാണുള്ളത്. പലരും തറയിലിറങ്ങി കിടക്കാനാണ് ആഗ്രഹിക്കുന്നത്. ഇങ്ങനെ പാലക്കാടിനെപ്പോലെ പരിപൂർണ്ണമായി അവഗണനയനുഭവിക്കുന്ന മറ്റൊരു ജില്ല ഉണ്ടോ എന്നറിയില്ല.

അവിടത്തെ കാർഷികമേഖലയെ സംബന്ധിച്ചു പറയുകയാണെങ്കിൽ കഴിഞ്ഞ രണ്ടുമൂന്നു കൊല്ലമായിട്ട് തുടർച്ചയായിട്ട് വരൾച്ചയാണ്. നെല്ലുൽപ്പാദനത്തിന്റെ ഒരു കേന്ദ്രമാണ് പാലക്കാട് ജില്ല; പ്രത്യേകിച്ചും ആലത്തൂർ, ചിറ്റൂർ, പാലക്കാട് താലൂക്കുകൾ. കഴിഞ്ഞ മൂന്നു കൊല്ലമായിട്ട് തുടർച്ചയായുള്ള വരൾച്ചകാരണം കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏഴെട്ടു ജലസേചനപദ്ധതികൾ ആ ജില്ലയിലാണ്. ഒരൊറ്റ പദ്ധതിയിലും ആവശ്യമായ ജലം സൂക്ഷിക്കുവാനോ വെള്ളം നിലനിർത്താനോ കഴിയുന്നില്ല. അത് വേണ്ടപോലെ ഉപയോഗിക്കാനുള്ള ഒരു സംവിധാനവും ഇന്നില്ല. ന്യായമായ രീതിയിൽ, കൃഷിക്കുപയുക്തമായ രീതിയിൽ ഉള്ള വെള്ളം വിതരണം ചെയ്യാൻ തയ്യാറില്ല. തുലാവർഷം ഇല്ലെങ്കിൽ ആ സമയം ലിഫ്റ്റ് ഇറിഗേഷനോ അതല്ലെങ്കിൽ ട്യൂബ്‌വെല്ലോ സ്ഥാപിച്ച് ഉള്ള കൃഷി സംരക്ഷിക്കാനുള്ള യാതൊരു സംവിധാനവും ഇന്ന് ഉണ്ടാക്കിയിട്ടില്ല. നമ്മുടെ കാർഷികമേഖലയിൽ പൂർണ്ണമായ അവഗണനയാണ്. കൃഷി ഡിപ്പാർട്ടുമെന്റ് നടത്തിവരുന്ന ഒട്ടേറെ ഫാമുണ്ട്. ഈ സ്റ്റേറ്റിന്റെ ആകെ സ്വത്തായിട്ടുള്ള ഒരു ഓറഞ്ച് ഫാമുണ്ട്. ആ ഓറഞ്ച് ഫാം ഇന്ന് ഏറെക്കുറെ നശിച്ചുതുടങ്ങിയിരിക്കുകയാണ്. കാരണം പഴയതു മാറ്റി പുതിയത് പ്ലാന്റ് ചെയ്യേണ്ട അവസരം വന്നിരിക്കുന്നു. അതിനുവേണ്ടിയുള്ള സംവിധാനമില്ല. അതിനാവശ്യമായ വളം വാങ്ങാൻ, ചാരവും ചാണകവും വാങ്ങാനുള്ള പൈസപോലും അനുവദിക്കാതെകണ്ട് കേരളത്തിലുള്ള ഏക ഓറഞ്ച് ഫാം ഇന്ന് നശിക്കുകയാണ്.

ശ്രീ. വി. സി. കബീർ: കേരളത്തിലെ ഏക ഓറഞ്ചുഫാം വെട്ടി നശിപ്പിച്ച് ഇപ്പോൾ കാപ്പി നട്ടു വളർത്തുകയാണെന്നുള്ള വിവരം മെമ്പർ അറിയാമോ?

ശ്രീ. ഇ. പത്മനാഭൻ: എന്താണ് നടുന്നത് എന്നുള്ളത് എനിക്കറിയില്ല. ഇന്നും രേഖയിൽ ഓറഞ്ചുഫാം ആണെന്നാണ് പറയുന്നത്. അവിടെ സ്ഥലം യഥേഷ്ടം ഇനിയും കിടക്കുന്നുണ്ട്. അത് ശരിക്ക് ഉപയോഗിക്കുന്നില്ല. അത് ശരിക്ക് ഉപയോഗിച്ചാൽ അവിടെ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ, (ഓറഞ്ച് സ്ക്വാഷ് ഉൾപ്പെടെ) ഇന്ന് കുത്തക കമ്പനികളുൾപ്പെടെ ഇന്ത്യാരാജ്യത്ത് ഉൽപ്പാദിപ്പിച്ച് വിൽക്കുന്ന സ്ക്വാഷുകളോടെല്ലാം മൽസരിച്ച് മാർക്കറ്റിലിറങ്ങി ദിവസങ്ങൾക്കകം വിറ്റഴിയാനുള്ള ഗുണനിലവാരങ്ങളുള്ളവയാണ്. അതുപോലും സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് യാതൊരു താൽപ്പര്യവുമില്ല. അതുപോലെതന്നെ മലമ്പുഴയിൽ ഒരു ഫാമുണ്ട്. പത്തിരുന്നൂറ് ഏക്കർ സ്ഥലമുണ്ട്. ഫലപുഷ്ടമായ മണ്ണാണ്. മലമ്പുഴ ഡാം അവിടെ നിൽക്കുന്നുണ്ട്. എത്ര വേണമെങ്കിലും വെള്ളം അവിടെയുണ്ടാകും. എത്ര കാലാവസ്ഥയിലും കൃഷി നടത്താവുന്ന ഒരു സ്ഥലമാണ്. അത് പൂർണ്ണമായും അവഗണിച്ചിട്ടിരിക്കുകയാണ്. ഇന്ന് അവിടം കാടുപിടിച്ചിരിക്കുന്നു,

LIBRARY ARCHIVES Kerala Legislative Assembly

അവിടെ വന്യമൃഗങ്ങളും പാമ്പുകളും ഇഴജന്തുക്കളും മാത്രമേയുള്ളു. 200-ൽ ചിലപ്പോൾ തൊഴിലാളികൾ അവിടെ ജോലിയില്ലാതെ നിൽക്കുന്നുണ്ട്. അവരെ തൊഴിലിന് വിളിക്കുന്നില്ല എന്നുള്ളതാണ് സത്യം. അവിടേയും പ്രശ്നം ഇതാണ്. ദൈനംദിനം ജോലികൾ ചെയ്തുതീർക്കുന്നതിനോ, കാട് വെട്ടിത്തെളിക്കുന്നതിനോപോലും പണം അനുവദിക്കുന്നില്ല. നമ്മുടെ രാജ്യത്ത് ഈ രീതിയിൽ കൃഷിക്കാരോട് അവഗണന കാണിച്ചിട്ടുള്ള ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. ഒന്നാം പഞ്ചവൽസരപദ്ധതിയിലും രണ്ടാം പഞ്ചവൽസരപദ്ധതിയിലും കൃഷിക്ക് നീക്കിവച്ചിട്ടുള്ള തുകയും ഇതുംകൂടി ഒന്നു എടുത്തുനോക്കിയാൽ കാണാൻ സാധിക്കും ഇന്നത്തെ സ്ഥിതി. അവഗണനയുടെ ഒരു വലിയ പട്ടികയാണ് എനിക്കു അവതരിപ്പിക്കാനുള്ളത്. അവിടെ തിരുവാഴാംകുന്നിൽ കുറെ സ്ഥലമുണ്ട്. ഗവൺമെൻറിനേറതാണ്. പണ്ട് മദ്രാസ് ഗവൺമെൻറിൻെറ ഭാഗമായിരുന്ന ഒരു ഫാമാണ്. അവിടെ നൂറുകണക്കിന് ഏക്കർ സ്ഥലം കിടക്കുകയാണ്. അതൊന്ന് ഉപയോഗിച്ച് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു ഫോറസ്ട്രി സ്കൂൾ തുടങ്ങുന്നതിന് ഒരു നിവേദനം നടത്തി. അങ്ങനെ തുടങ്ങുന്നതിനുവേണ്ട തീരുമാനവും എടുത്തു. ഇപ്പോൾ ഈ അടുത്ത ദിവസം തുടങ്ങാൻവേണ്ടി ആരംഭിച്ചതെല്ലാം തന്നെ വീണ്ടും അടച്ചു പൂട്ടിക്കൊണ്ടുപോയി. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ചില പ്രൊഫസർമാർക്കോ ചില ഉദ്യോഗസ്ഥൻമാർക്കോ അവിടെ പോകാനുള്ള വിഷമംകൊണ്ടോ, അതോ മറ്റാരുടെയെങ്കിലും ചരടുവലികൊണ്ടോ എന്തോ ആ സ്ഥാപനം അവിടെ നിന്നും മാറ്റാൻ വേണ്ടിയുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ രീതിയിലുള്ള അവഗണനയാണ് എല്ലാ രംഗങ്ങളിലും കാണാൻ സാധിക്കുന്നത്.

മറെറാന്ന് വിദ്യാഭ്യാസരംഗത്തുള്ള അവഗണനയാണ്. 15 ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ സാംഗ്ഷൻ ചെയ്യാൻവേണ്ടിയുള്ള നിർദ്ദേശം ഈ മന്ത്രിസഭ വന്ന കാലംമുതലുള്ളതാണ്. അതിൽ 13 എണ്ണവും അനുവദിച്ചു. പാലക്കാട് ജില്ലയിൽ അനുവദിക്കാനുള്ള രണ്ടു ജൂനിയർ ടെക്നിക്കൽ സ്കൂളുകളുണ്ടായിരുന്നു. ആ രണ്ടെണ്ണംമാത്രം ഇതുവരെ അനുവദിച്ചിട്ടില്ല. ബാക്കി പതിമൂന്നും ഈ കഴിഞ്ഞ നാലുകൊല്ലത്തിനുള്ളിൽ അനുവദിച്ചുകഴിഞ്ഞു. ഇത് തികഞ്ഞ രാഷ്ട്രീയവിവേചനമാണ്. ഇവിടെ നമ്മുടെ ഭരണകക്ഷിയിലേക്ക് സുന്ദരംസ്വാമി എന്നുള്ള ഒരാൾ മാത്രം വഴുതിവീണു എന്നുള്ള ഒരൊറ്റ തകരാറുകൊണ്ട് പാലക്കാട് ജില്ലയിലെ ജനങ്ങൾക്ക് എല്ലാ പ്രവർത്തനങ്ങളിലും തികഞ്ഞ അവഗണന മാത്രമാണുള്ളത്. പാലക്കാട് ജില്ലയോടുള്ള ഈ രാഷ്ട്രീയ അവഗണന അവസാനിപ്പിക്കണം. അവിടെയുള്ള നിർമ്മാണപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും സത്വരമായി നടത്താനുള്ള ഏർപ്പാട് ചെയ്യണം. അവിടെ തകർന്നുകൊണ്ടിരിക്കുന്ന ഗവൺമെൻറിൻെറ വിവിധ ഡിപ്പാർട്ടുമെൻറുകളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനം പുനരുജ്ജീവിപ്പിക്കാനും ന്യായമായ രീതിയിൽ അവ മുന്നോട്ടു കൊണ്ടുപോകാനുമുള്ള ഏർപ്പാടുകളുണ്ടാവണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ സപ്ലിമെൻററി ഡിമാൻറിനെ അനുകൂലിക്കുകയാണ്. ഈ നിയമസഭാ സമ്മേളന കാലത്ത് അപ്പുറത്തു നിന്നും മുഴങ്ങിക്കേട്ട ശബ്ദമെന്നു പറയുന്നത് സാമുദായികവർഗ്ഗീയശക്തികളെ പ്രീണിപ്പിക്കുന്ന ഒരു ഗവൺമെൻറാണ് ഈ സംസ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

രേക്കുന്നത് എന്നതാണ്. പ്രധാനമായും മുൻ റവന്യൂവകുപ്പു മന്ത്രി ശ്രീ. ബേബിജോണാണ് ഈ പ്രശ്നം ഉന്നയിച്ചത്. 1967—ലും 1980—ലും ഒക്കെ ഈ സംസ്ഥാനം ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഈ രാജ്യത്തിലെ സാമുദായികശക്തികളെ പ്രീണിപ്പിക്കാൻ ശ്രമിച്ചവർ പെകുത്താൻ വേദമോതുന്നതുപോലെ അപ്പുറത്തിരുന്നുകൊണ്ട് സാമുദായിക ശക്തികളെ പ്രീണിപ്പിക്കുന്നു എന്നാണ് പറയുന്നത്. ഞാൻ അതുകൊണ്ട് ചോദിക്കുകയാണ്, ഈ രാജ്യത്തെ സാമുദായിക ശക്തികളെ പ്രീണിപ്പിക്കുന്നതിൽ എന്താണ് തെറ്റ്? പക്ഷേ അതിന് ഒരു സന്തുലിതാവസ്ഥയുണ്ടാകണമെന്നുള്ള വ്യക്തമായ അഭിപ്രായമാണുള്ളത്. കൂടുതൽ ശബ്ദമുയർത്തുന്നവനെ പ്രീണിപ്പിക്കുന്ന നയം ഉപേക്ഷിച്ചിട്ട് എല്ലാപേരേയും ഒരുപോലെ കാണുന്ന ഒരു നയം സ്വീകരിക്കണം. ഇന്നലെ തൃശ്ശൂരിൽ മുഴങ്ങിക്കേട്ട ഒരു ശബ്ദത്തെ ഞങ്ങളും തത്വത്തിൽ അംഗീകരിക്കുകയാണ്. സഖാവ് എം. വി. രാഘവൻ ജനറൽ സെക്രട്ടറിയായിട്ടുള്ള കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റുപാർട്ടി പറയുന്നത് എന്താണ്? കമ്മ്യൂണിസം മതവിരോധപ്രസ്ഥാനമല്ലെന്നാണ്. ഇ.എം.എസ്. മറുപടി പറയേണ്ടതാണ്. ഇ. എം. എസ്സും, എം.വി. രാഘവനും രണ്ടു ധ്രുവങ്ങളിൽനിന്നുകൊണ്ടു കാര്യങ്ങളും പറയുന്നു. വ്യത്യസ്ത മതവിഭാഗളിലെയും പിന്നോക്കവിഭാഗങ്ങളിലെയും തൊഴിലാളി വർഗ്ഗങ്ങളുടെ മോചനത്തിനുവേണ്ടിയുള്ള പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റുപാർട്ടി എന്നു ശ്രീ. എം. വി. രാഘവൻ പറയുമ്പോഴും ഇ.എം.എസ്. എന്താണ് പറയുന്നത്? ഭൂരിപക്ഷ വർഗ്ഗീയ ശക്തികളെ പ്രോൽസാഹിപ്പിക്കുകയാണെന്നാണ്. ഈ അടുത്തകാലത്ത് ചില പ്രസ്താവനകളും ഞാൻ പരിശോധിച്ചു. ഇ. എം. എസ്സിന്റെ പ്രസ്താവനയും കെ. ജി. മാരാരുടെ പ്രസ്താവനയും ഒരേ രൂപത്തിലാണ്. ഭൂരിപക്ഷ വർഗ്ഗീയതയെ പ്രോൽസാഹിപ്പിച്ചുകൊണ്ട് ന്യൂനപക്ഷ വർഗ്ഗീയതയെ നിരുൽസാഹപ്പെടുത്തുന്ന ഒരു നയമാണ് കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ ആചാര്യനെന്നു പറയുന്ന ഇ.എം.എസ്. തുടരുന്നതെങ്കിൽ ഇന്നലെ ഉദയംകൊണ്ട കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റുപാർട്ടിയുടെ ആചാര്യനായ സഖാവ് എം. വി. രാഘവൻ പറയുന്നത് എന്താണ്? മതവിഭാഗങ്ങളിലെ തൊഴിലാളിവർഗ്ഗങ്ങളുടെ മോചനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റു പ്രസ്ഥാനം, അതുകൊണ്ട് അത് മതത്തിന് എതിരല്ല എന്നാണ് പറയുന്നത്. കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടി ഒരു കാര്യം വളരെ വ്യക്തമായിപറയുവാൻ തയ്യാറാകണം. നിങ്ങളും ഭൂരിപക്ഷവർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുന്നോ അതോ ന്യൂനപക്ഷ വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുന്നോ? ഇവിടെ ശരീഅത്തിന്റെ പേരിൽ ഒരു പിന്നോക്ക വിഭാഗമായ മുസ്ലീം സമുദായത്തെ തള്ളിപ്പറഞ്ഞുകൊണ്ട് ഇവിടത്തെ സവർണ്ണാധിപത്യത്തെ അരക്കിട്ടുറപ്പിക്കുവാൻ സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കെ. ജി. മാരാരെ കൂട്ടുപിടിച്ചുകൊണ്ട് മുന്നോട്ടു വന്ന ചരിത്രം നമ്മുടെ മുമ്പിലുണ്ട്. എനിക്ക് ഈ അവസരത്തിൽ വളരെ വ്യക്തമായി പറയുവാനുള്ളത് ഈ കാര്യത്തിൽ സഖാവ് എം. വി. രാഘവൻ എടുത്ത നിലപാട് വളരെ ശരിയാണെന്ന് ഞങ്ങളും വിശ്വസിക്കുന്നു എന്നാണ്. കാരണം പിന്നോക്ക വിഭാഗങ്ങളാണ് തൊഴിലാളികളെന്നു പറയുന്നത്. ഈ രാജ്യത്തിലെ വയലേലകളിൽ പണിയെടുക്കുന്ന, ഫാക്ടറികളിൽ പണിയെടുക്കുന്ന, മറ്റു പ്രദേശങ്ങളിൽ പണിയെടുക്കുന്ന, അദ്ധ്വാനിച്ച് ജീവിതം കഴിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ മോചനത്തിനു വേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളിൽ പിന്നോക്കവിഭാഗക്കാർ നിൽക്കുന്ന കാലത്തോളം ആ നയം അംഗീകരിക്കുകയാണ് ചെയ്യേണ്ടത്. മാർക്സി

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഇന്ന് ഭൂരിപക്ഷ വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുന്ന നയവുമായി മുന്നോട്ടുപോകുമ്പോൾ സഖാവ് എം. വി. രാഘവന്റെ പാർട്ടി ന്യൂനപക്ഷവർഗ്ഗീയതയെയാണ് പോൽസാഹിപ്പിക്കുന്നത്: പിന്നോക്കക്കാരായ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടിയുമായി മുന്നോട്ടു പോകുകയാണ്. അത് ആശാവഹമായ ഒരു പ്രതികരണമാണ്. ഈ രാജ്യത്തിലെ വർഗ്ഗീയ കക്ഷികളെയൊക്കെ നിരുൽസാഹപ്പെടുത്തണമെന്നു പറയുമ്പോൾ ഭൂരിപക്ഷ വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കാൻ ശ്രമിക്കുകയാണ്. ഈ കാലഘട്ടത്തിൽ ശ്രീ. എം. വി. രാഘവൻ ഇത്തരം ഒരു നടപടിയുമായി വന്നിരിക്കുന്നത് ആശാവഹമാണ്. സഖാവ് ഇ. എം. എസ്സിന്റെ കൂടെ നിൽക്കുന്ന പിന്നോക്കവിഭാഗത്തിൽപ്പെട്ട തൊഴിലാളി പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർ ഒരു പുനർചിന്തനത്തിന് വിധേയരാവണമെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ എവിടെ നിൽക്കണമെന്ന് നിങ്ങൾ തീരുമാനിക്കണം. തൊഴിലാളിവർഗ്ഗത്തിന്റെ മോചനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സഖാവ് എം. വി. രാഘവന്റെ കൂടെ നിൽക്കണമോ ഈ രാജ്യത്തെ സവർണ്ണ ബൂർഷ്വാസിക്ക് ഓശാന പാടുന്ന ഇ. എം. എസ്സിന്റെ കൂടെ നിൽക്കണമോ എന്ന് പുനർചിന്തനം നടത്തേണ്ട കാലമാണിത്: സഖാവ് ബേബിജോൺ പറയുകയുണ്ടായി ഇവിടെ വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുന്നു എന്ന്. ഞാൻ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ കാര്യം പറയുകയാണ്. അദ്ദേഹത്തിന്റെ നിയോജക മണ്ഡലമായ കുന്നത്തുറയിൽ തൊഴിലാളികളും കിടന്നുറങ്ങുന്ന സമയത്ത് 500—ഓളം ആർ. എസ്. എസ്സുകാർ അവരുടെ വീടുകളും തീവച്ച്, ഒരു തൊഴിലാളിയെ കൊന്നു. ഒരു പട്ടി ചത്താൽ നിയമസഭയിൽ അടിയന്തിരപ്രമേയവുമായി വരുന്ന സഖാവ് ബേബിജോൺ ഇത്രയും ക്രൂരമായ ഒരു പ്രശ്നം ഉണ്ടായിട്ടും ഇതുവരെ അനങ്ങിയിട്ടില്ല. കാരണമെന്താണെന്നറിയാമോ? എണ്ണായിരം വോട്ട് ആർ. എസ്. എസ്സിന്റെ നേതൃത്വത്തിൽ ആ മണ്ഡലത്തിലുള്ളപ്പോൾ സഖാവ് ബേബിജോണിനെ ബേബിസാറെ എന്നു പറഞ്ഞുകൊണ്ട് താങ്ങും തണലുമായി നിന്ന പാവംപിടിച്ച മൽസ്യത്തൊഴിലാളികൾക്ക് മൂവായിരം വോട്ടു മാത്രമേയുള്ളു. ആ മൂവായിരവും എണ്ണായിരവും തമ്മിലുള്ള അന്തരം പരിശോധിച്ചപ്പോൾ നിശ്ശബ്ദമായിരിക്കുന്നതാണ് നല്ലതെന്നു ബോദ്ധ്യമായി. ഇവരാണ് ഇവിടെ വന്നുനിന്ന് ഭൂരിപക്ഷവർഗ്ഗീയതയേയും ന്യൂനപക്ഷ വർഗ്ഗീയതയേയുംപറ്റി പറയുന്നത്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ചെകുത്താൻ വേദമോതുന്നു എന്നു പറയുന്ന നയമാണ് സ്വീകരിക്കുന്നതെന്ന്. ഞാൻ ഈ സപ്ലിമെന്ററി ഡിമാൻറുകളെ അനുകൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വലതുപക്ഷ മുന്നണിയിൽ നിന്നും ഘടകകക്ഷികളെ അടിച്ചിറക്കി അടുത്ത തിരഞ്ഞെടുപ്പിൽ ഇന്ദിരാ കോൺഗ്രസ് ഒറ്റയ്ക്ക് മൽസരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. മുസ്ലീംലീഗും കേരള കോൺഗ്രസ്സും എസ്. ആർ. പി. യും എൻ. ഡി. പി. യും, ഡി. എൽ. പി. യും വയലാർ രവിയുടെ നേതൃത്വത്തിലുള്ള ആൻറണി കോൺഗ്രസ്സും എം. വി. രാഘവന്റെ പുതിയ പാർട്ടിയും, ബി. ജെ. പി. യും ചേർന്നുള്ള മുന്നാം മുന്നണി രൂപംകൊണ്ടിരിക്കുകയാണ്. എം. വി. രാഘവന്റെ പാർട്ടിയിൽ രവിയുമുണ്ട്. സർ, രാഘവനാണ് ഓർഗനൈസിംഗ് സെക്രട്ടറി. രാഘവന്റെ അടവ് വിലപ്പോകുകയില്ല എന്ന് കാർത്തികേയൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുണ്ട്, ഇന്നത്തെ ''വീക്ഷണം'' ഞാൻ ബഹുമാനപ്പെട്ട ചെയ റിന്റെ അടുക്കൽ ഹാജരാക്കാൻ തയ്യാറാണ്. കോൺഗ്രസ്സിന്റെ പുരോ ഗമനാത്മകമായ ഈ തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി മന്ത്രിമാർ മോഹനസുന്ദര വാഗ്ദാ നങ്ങൾ വാരി വിതറുകയാണ്. വഴിനീളെ കല്പിടുകയാണ്. തച്ചടി തന്നെ 500 കോടി രൂപയുടെ വാഗ്ദാനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. പൂർത്തിയാക്കാത്ത 282 എം. എൽ.എ. റോഡിന്റെ പണി പൂർത്തിയാക്കാൻ 500 കോടി രൂപ വേണം. ഇതുവരെ ആറെണ്ണം മാത്രമാണ് പൂർത്തിയാ ക്കിയിട്ടുള്ളത്. വികസന പ്രവർത്തനമൊന്നും നടക്കുന്നില്ല. മന്ത്രി ബ്ലെയ്ഡ് കമ്പനികളെ തകർക്കുമെന്ന് നിരന്തരമായി പ്രഖ്യാപിക്കുന്നത് ദുരുദ്ദേശപരമായിട്ടാണ്. ഈ സംസ്ഥാനത്തിൽ പന്ത്രണ്ടായിരം ബ്ലെയ്ഡ് കമ്പനികളുണ്ട്. അവരുടെ സംഘടന രണ്ടായിരം രൂപ വീതം ഫണ്ട് പിരിവ് ആരംഭിച്ചിട്ടുണ്ട്. സംഘടനാ പ്രവർത്തനങ്ങൾക്കുവേണ്ടി യാണെന്നാണ് അവർ പറയുന്നത്. വിശദാംശങ്ങൾ എനിക്കറിയില്ല. മുഖ്യമന്ത്രിക്ക് വേണ്ടിയാണിത്. മുഖ്യമന്ത്രിയ്ക്ക് വേണ്ടി നമ്മുടെ തച്ചടി പ്രഭാകരൻ ഒരു രാഷ്ട്രീയ നയപ്രഖ്യാപനം നടത്തുകയുണ്ടായി. ഇത് ദുസ്സൂചന നിറഞ്ഞതാണ്. ദുർബ്ബല വിഭാഗങ്ങളുടെ വീടു കളുടെ വായ്പ നൽകാത്തതുമൂലം ആയിരക്കണക്കിന് കുടുംബങ്ങൾ വഴി യാധാരമായിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ മാത്രം ആയിരം വീടു കളുടെ രണ്ടും മൂന്നും ഗഡുക്കൾ കൊടുക്കാനുണ്ട്. നാലായിരം വീടു കൾക്ക് മൂന്നു ഗഡു സംഖ്യ കൊടുക്കാനുണ്ട്. ചുമരുകൾ തകർന്നു കൊണ്ടിരിക്കുകയാണ്. പാവപ്പെട്ട കുടുംബങ്ങളെ കുടിയിരുത്തുന്നതിന് പണം നൽകാൻ സർക്കാരിന് കഴിയുന്നില്ല. ആശുപത്രികളിൽ മരുന്നില്ല. പവർ കട്ട് മൂലം ഓപ്പറേഷൻ നടക്കുന്നില്ല. ആകെ സൗജന്യമായിട്ട് ഈ സർക്കാർ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത് ചെങ്കണ്ണ് മാത്രമാണ്. ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി. ഭാസ്കരൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനു കൂലിക്കുകയാണ്. പക്ഷേ ഒരു ഉപാധി മാത്രം ഇവിടെ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കണ്ണൂർ ജില്ല എല്ലാ മേഖലകളിലും പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയാണ്. പല വികസന പ്രവർത്തനങ്ങളും വട ക്കോട്ട് വ്യാപിക്കുന്നില്ല. അവഗണന ഒരു പ്രതിഭാസമായിത്തീർന്നിരി ക്കുകയാണ്. ധനകാര്യ വകുപ്പ് ഇതിൽ പ്രത്യേക ശ്രദ്ധ വയ്ക്കണ മെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കണ്ണൂരിന് അനുവദിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോളേജ് ഈ വർഷം തന്നെ ആരംഭിക്കണം. അതിനാ വശ്യമായ ഒരു പുതിയ കെട്ടിടം അടിയന്തിരമായി നിർമ്മിക്കണം., എന്നു കൂടി ഞാൻ ആവശ്യപ്പെടുകയാണ്. കണ്ണൂരിൽ സ്ഥാപിക്കാൻ തീരു മാനിച്ച വെറ്ററിനറി കോളേജ് അവിടെനിന്ന് വേറൊരു സ്ഥലത്തേയ്ക്ക് മാറാൻ ശ്രമം നടക്കുന്നതായി അറിയുന്നു. സർ, മന്ത്രി വകുപ്പു മാറിയ തോടുകൂടി ജില്ലയും മാറുന്നത് പരിതാപകരമാണ്. കണ്ണൂരിൽ ഇന്ന് കുടിവെള്ളത്തിന് ക്ഷാമമാണ്. യുദ്ധകാലാടിസ്ഥാനത്തിൽ ശുദ്ധ ജല വിതരണം പ്രാവർത്തികമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പൊതുമരാമത്ത് പ്രവർത്തനവും കണ്ണൂർ ജില്ലയിൽ വ്യാപകമാക്കണം. ചില സാങ്കേതികത്വം പറഞ്ഞ് പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുകയാണ്. എനിക്ക് അനുവദിച്ചിട്ടുള്ള രണ്ട് എം. എൽ. എ. റോഡുകളുടെ പണി ആരംഭിച്ചിട്ടില്ല. താവക്കര അണ്ടർ ബ്രിഡ്ജിന്റെ പ്രവൃത്തി മുടങ്ങി കിടക്കുകയാണ്. എന്റെ മണ്ഡലത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ച പയ്യാമ്പലം കടൽത്തീര റോഡിന്റെയും ഉഴപ്പിക്കിടവ് പാലത്തിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

പ്രാരംഭ പ്രവർത്തനം കൂടി ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, മാപ്പിളാബേ തുറമുഖം വികസിപ്പിക്കണം. പറമ്പിത്തോട് അതിർത്തി ജലതർക്കത്തിന് നിവാരണം അടിയന്തരമായി കണ്ടെത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കണ്ണൂരിന്റെ പരമ്പരാഗത വ്യവസായമായ കൈത്തറി, ബീഡി തുടങ്ങിയവ പുനരുദ്ധരിക്കണം. തൊഴിലാളികൾക്ക് ആവശ്യമായ ആശ്വാസ നടപടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്ക് അഞ്ചു കൊല്ലം മുൻപാണ് തറക്കല്ലിട്ടത്. അടിയന്തിരമായി അതിന്റെ പ്രവർത്തനം ആരംഭിക്കണം. ഇങ്ങനെ കണ്ണൂർ ജില്ലയോടുള്ള അവഗണന അവസാനിപ്പിച്ച് ജില്ലയ്ക്ക് ഒരു പുതിയ സമ്പദ്നികനയം അനുവർത്തിച്ചുകൊണ്ട് അത് പ്രാവർത്തികം ആക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. പന്തളം സുധാകരൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ അഭിമാനത്തോടുകൂടി ഞാൻ അനുകൂലിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ശ്രദ്ധേയമായ നേട്ടങ്ങളാണ് കൈവരിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾക്കുവേണ്ടി നമ്മുടെ ബഹുമാന്യരായ മന്ത്രിമാർ അവതരിപ്പിച്ചിരിക്കുന്ന ഈ ഉപധനാഭ്യർത്ഥനകൾ ഇനിയും കൂടുതൽ കാര്യക്ഷമതയോടുകൂടി വിവിധ വകുപ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി വിനിയോഗിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിമാർ ശ്രമിക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. കെ. എസ്.ആർ. ടി. സി. യെക്കുറിച്ച് പ്രത്യേകമായി ഇവിടെ പറയുകയുണ്ടായി. ശാപഗ്രസ്തമായ കെ. എസ്. ആർ. ടി. സി. യുടെ മോചനത്തിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ വളരെയധികം പ്രശംസനീയമാണ്. അതുപോലെ തന്നെ മൽസ്യത്തൊഴിലാളികളുടെയും പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെയും ജീവിതക്രമത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്താൻ വേണ്ടി നിരവധി ക്ഷേമ പദ്ധതികൾക്ക് തുക വക കൊള്ളിച്ചിട്ടുണ്ട്. എങ്കിലും ബഹുമാനപ്പെട്ട പല പ്രതിപക്ഷ അംഗങ്ങളും പറഞ്ഞതുപോലെ പല സ്ഥലത്തും റൂറൽ ഡിസ്പെൻസറിക്ക് കെട്ടിടം ഇല്ല എന്നത് സത്യമാണ്. അതുകൊണ്ട് റൂറൽ ഡിസ്പെൻസറികൾക്ക് ആവശ്യമായ കെട്ടിടം പണിയണം. കാറ്റും മഴയും ഉണ്ടായാൽ നമ്മുടെ പിഞ്ചു കുട്ടികൾക്ക് പാഠിക്കാൻ കഴിയാത്ത തരത്തിൽ അവരുടെ ജീവൻ തന്നെ അപകടപ്പെടുത്തുന്ന തരത്തിലുള്ള സ്കൂൾ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും ഒക്കെ തുക വകകൊള്ളിച്ചിട്ടുള്ളതിൽ വളരെയധികം സന്തോഷമുണ്ട്. ബഹുമാന്യനായ ശ്രീ. ലോനപ്പൻ നമ്പാടൻ ഇവിടെ പറഞ്ഞു, എം. എൽ. എ. റോഡുകളുടെ പണി വെറും ആറെണ്ണത്തിന്റെ മാത്രമേ പൂർത്തിയായിട്ടുള്ളൂവെന്ന്. സർ, അത് ഞാൻ ശക്തമായി നിഷേധിക്കുകയാണ്. കാരണം, എന്റെ നിയോജകമണ്ഡലത്തിൽ തന്നെ അനുവദിച്ചിട്ടുള്ള രണ്ടു എം. എൽ. എ. റോഡുകളുടെ പണി പൂർത്തിയായിക്കഴിഞ്ഞു. എന്റെ തൊട്ടടുത്ത നിയോജകമണ്ഡലമായ കൊണ്ടോട്ടിയിലെയും പെരിന്തൽമണ്ണയിലെയും മഞ്ചേരിയിലേയുമടക്കം തൊട്ടടുത്ത എല്ലാ നിയോജകമണ്ഡലങ്ങളിലേയും റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ശ്രീ. ഹംസ സാഹിബ്ബിന്റെ മണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ പണിപോലും കഴിഞ്ഞിരിക്കുന്നു. ഇതിൽ യാതൊരു വിധമായ രാഷ്ട്രീയ പക്ഷഭേദവും കാണിച്ചിട്ടില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പല സ്ഥലങ്ങളിലും എം. എൽ. എ. മാരുടെ ഉദാസീനത കൊണ്ട് പണി പൂർത്തിയായിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

നമ്പാടൻ മാസ്റ്ററുടെ മണ്ഡലം അത്തറത്തിലുള്ളതായിരിക്കും. കുറെക്കൂടി പണം ബഹുമാന്യനായ നഹാ സാഹിബ്ബിന്റെ വകുപ്പിനു കൊടുത്താലും യാതൊരു കുഴപ്പവുമില്ല. കുറെക്കൂടി തുക അനുവദിക്കണമെന്നു ബഹുമാന്യനായ പുതിയ ധനകാര്യമന്ത്രിയോടു ഞാനഭ്യർത്ഥിക്കുകയാണു. ധനകാര്യ സ്ഥാപനങ്ങളിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക തുടങ്ങി ശ്രദ്ധേയമായ പല പ്രഖ്യാപനങ്ങളും ബഹുമാന്യനായ പുതിയ ധനകാര്യ വകുപ്പു മന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ നടത്തിയിരിക്കുകയാണു. കേരളത്തിലെ ജനങ്ങൾക്കു വളരെയധികം താൽപ്പര്യവും കൗതുകവും ഇക്കാര്യത്തിലുണ്ടു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കേരളത്തിന്റെ തകർന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക സ്ഥിതി നന്നാക്കിയെടുക്കുന്നതിനു സഹായിക്കട്ടെ. അതിനുവേണ്ടി പ്രതിപക്ഷ നേതാക്കന്മാർ കൂടി സഹകരിക്കണമെന്നുള്ള അഭ്യർത്ഥനയാണു എനിക്കുള്ളതു. ബ്ലെയ്ഡു കമ്പനികളുടെ കാര്യം ഇവിടെ പറഞ്ഞു. ബ്ലെയ്ഡു കമ്പനികളുടെ കൃത്യമായ കണക്കു കേരളത്തിൽ അതുമായി നിരന്തരം ബന്ധമുള്ള നമ്പാടൻ മാഷിനറിയാവുന്നതാണു. പക്ഷേ ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രിയോടു എനിക്കു പറയാനുള്ളതു .....

ശ്രീ. കെ. കൃഷ്ണൻ കുട്ടി: ശ്രീ. തച്ചടി പ്രഭാകരൻ ഇവിടെ വാഗ്ദാനങ്ങളൊക്കെ നൽകിയതു ശരിയാണു. പക്ഷേ ഇവിടെയൊന്നും പൈസയില്ലാത്തതുകൊണ്ടു മറ്റു സ്ഥലങ്ങളിൽ പോയി പൈസ കിട്ടുമോ എന്നു അന്വേഷിക്കുന്നുണ്ടു. അതങ്ങേക്കറിയാമോ?

ശ്രീ. പന്തളം സുധാകരൻ: കിട്ടാവുന്ന സ്ഥലങ്ങളിൽ നിന്നെല്ലാം പണം സമാഹരിച്ചുകൊണ്ടു നമ്മുടെ സാമ്പത്തിക വിഭവശേഷി വർദ്ധിപ്പിക്കുകയെന്നുള്ളതാണു ഈ ഗവൺമെന്റിന്റെ നയം. പുതിയ ധനകാര്യ വകുപ്പു മന്ത്രി ശ്രീ. തച്ചടി പ്രഭാകരന്റേയും നയം ജനങ്ങൾക്കു നൻമ ചെയ്യുകയെന്നുള്ളതാണു. വളരെക്കാലമായി സെയിൽസ് ടാക്സും അഗ്രിക്കൾച്ചറൽ ഇൻകം ടാക്സും ഒക്കെ പിരിച്ചെടുക്കുന്ന കാര്യത്തിൽ വളരെ ഉദാസീനത നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ടു. ഞാൻ തന്നെ പല സബ്മിഷനിലൂടെയും അഗ്രിക്കൾച്ചറൽ ഇൻകം ടാക്സും സെയിൽസ് ടാക്സും ഒക്കെ പിരിച്ചെടുക്കുന്നതിൽ യാതൊരു വിധമായ ദാക്ഷിണ്യവും കാണിക്കരുതെന്നും കർശനമായി അതു പിരിച്ചെടുക്കണമെന്നും, ഇതിനു ഉദാസീനത കാണിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണമെന്നും ഒക്കെ അഭ്യർത്ഥിച്ചിട്ടുണ്ടു. ബഹുമാന്യനായ ശ്രീ. തച്ചടി പ്രഭാകരൻ കാര്യമായ നിർദ്ദേശം ഇൻകം ടാക്സിലെയും സെയിൽസ്ടാക്സിലെയും ഉദ്യോഗസ്ഥൻമാർക്കു നൽകിയിട്ടുണ്ടു. എന്നുള്ളതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. എനിക്കു ഇന്നു വളരെയധികം സന്തോഷമുള്ള ദിവസമാണു. ഇന്നലെ നമ്മുടെ സഭയിലുള്ള ബഹുമാനപ്പെട്ട എം. വി. രാഘവന്റെ പുതിയ പാർട്ടിയുടെ ''ഹാപ്പി ബെർത്ത്ഡേ'' ആയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂരിൽ ഒരു പുതിയ രാഷ്ട്രീയ പ്രസ്ഥാനത്തിനു ജൻമം നൽകിയ ദിവസമായിരുന്നു ഇന്നലെ. സർ.....

(അദ്ധ്യക്ഷവേദിയിൽ (ശ്രീ. കെ. പി. എ. മജീദ്)

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇന്ദിരാ കോൺഗ്രസ്സിൽ ലയിച്ച ആൻറണി കോൺഗ്രസ് ഇവിടെ ചുടുകാട്ടിൽ കരചരണാദികം ഛേദിച്ചു ഉപഗുപ്തനാകുന്ന ആൻറണിയുടെ ഡൽഹിയിൽ നിന്നുള്ള വരവും പ്രതീക്ഷിച്ചു ദീർഘശ്വാസം വലിച്ചു കിടക്കുകയാണു. ആ അവസ്ഥയെ പറഞ്ഞു പറയാതെ ഈ ക്വാർക്സിസ്റ്റ്കാരെപ്പറ്റി പറയാൻ എന്തിനാണു മെനക്കെടുന്നതു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പന്തളം സുധാകരൻ: ബഹുമാനപ്പെട്ട കുറുപ്പു ചേട്ടാ, ആ അവസ്ഥയെക്കുറിച്ച് ഞാൻ പറയാൻ വരികയാണ്. സർ, ഊർദ്ധ്വ ശ്വാസം വലിച്ചു കിടക്കുന്ന ബഹുമാന്യനായ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെയും സഹപ്രവർത്തകരുടെയും ഈ സ്ഥിതി കാണുമ്പോൾ എനിക്ക് വളരെയധികം സങ്കടമുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ശ്രീ. ഗോവിന്ദക്കുറുപ്പ്, ശ്രീ. എം. വി. രാഘവന്റെ നിർദ്ദേശ പ്രകാരം തൽക്കാലം മാർക്സിസ്റ്റ് പാർട്ടിയിൽ തന്നെ നിൽക്കാനും കുറച്ച് കഴിഞ്ഞ് അപ്പുറത്ത് കടക്കാനുമാണ് തീരുമാനിച്ചത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. പന്തളം സുധാകരൻ: അദ്ദേഹത്തെ ധർമ്മ സങ്കടത്തിലാക്കരുത്. അദ്ദേഹത്തെ ബേജാറാക്കരുത്.

(.....ബഹളം.....) സർ, മാർക്സിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിക്ക് .....ബഹളം.....

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഞാൻ എം. വി. രാഘവന്റെ നിർദ്ദേശമനുസരിച്ച് മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അഞ്ചാംപത്തി പ്രവർത്തനം നടത്താനാണ് നിൽക്കുന്നതെന്നും ഈ രാമചന്ദ്രൻ മാസ്റ്ററുടെ പ്രഖ്യാപനം, രാമചന്ദ്രൻ മാസ്റ്ററുടെ തൊഴിലാണ് ഞാൻ വച്ചുനടത്തുന്നതെന്ന ധാരണയോടുകൂടിയാണെങ്കിൽ ഞാൻ അതിനെ നിഷേധിക്കുന്നു. ആ തൊഴിൽ എന്റെ കയ്യിലില്ല. .....(ബഹളം).....

12 Noon]

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട പന്തളം സുധാകരനും, ശ്രീ. എം. വി. രാഘവന്റെ പ്രസ്താവനയനുസരിച്ച് മാർക്സിസ്റ്റ് പാർട്ടിയിൽത്തന്നെ നിൽക്കാൻ ചട്ടംകെട്ടിയിട്ടുള്ള ആളുകളുടെ പേരു പറയാതിരിക്കുന്നതിന് ശ്രദ്ധിച്ചുകൂടേ? അവരെയൊന്നും കൂടുതൽ ബുദ്ധിമുട്ടിക്കാതിരിക്കുന്നതിനുവേണ്ടി അവരുടെ പേരു പറയാതെ പ്രസംഗിക്കാമോ?

ശ്രീ. പന്തളം സുധാകരൻ: അത് എന്നെക്കൊണ്ട് പറയിപ്പിക്കുകയാണ്. .....(ബഹളം).....ശ്രീമാൻ കുറുപ്പുചേട്ടന്റെയും എന്റെയും താലൂക്ക് ഒന്നാണ്. അതുകൊണ്ടാണ് ഞാൻ ഒരു പ്രാവശ്യം വഴങ്ങിയത്. ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'കോഴിയെ കട്ടവനെ അറിയണമെങ്കിൽ തലയിൽ നോക്കിയാൽ മതി' എന്ന്. കോഴിയെ കട്ടു എന്നു പറയുമ്പോൾ യഥാർത്ഥ കള്ളൻ തലയിൽ തപ്പിനോക്കും എന്നു പറയുന്നതുപോലെയാണ് ബഹുമാനപ്പെട്ട രാഘവൻ പൊഴക്കടവിൽ രാവിലെ ഒരു അരവിന്ദാക്ഷന്റെ പേരുപറഞ്ഞപ്പോൾ ഉടനെ ശ്രീ. കെ. പി. അരവിന്ദാക്ഷൻ ബേജാറാകുന്നതുകണ്ടു സർ. അതുപോലെതന്നെ പ്രതിപക്ഷത്തെ പലരും അസ്വസ്ഥരാകുന്നുണ്ട്. സത്യത്തിൽ ഞങ്ങൾക്ക് ചിരിക്കാനേ കഴിയുന്നുള്ളൂ. അരവിന്ദാക്ഷൻ എന്നേ അദ്ദേഹം പറഞ്ഞുള്ളൂ. അത് പത്രത്തിൽ അച്ചടിച്ചു വന്നതാണ്. അതുപോലെ ഇക്കാര്യത്തിലും പല പ്രതിപക്ഷമെമ്പർമാരും അസ്വസ്ഥരാകുന്നുണ്ട്. ബഹുമാന്യനായ മാർക്സിസ്റ്റുപാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: എം. വി. രാഘവൻ പുതിയതായി രൂപീകരിച്ച മാർക്സിസ്റ്റുപാർട്ടിയിൽ രവിയും ഉണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. പന്തളം സുധാകരൻ: മാഷിനോടൊപ്പം ഉണ്ട് എന്നുള്ളതു് എനിക്കറിയാം.

ശ്രീ. എം. എം. ഹസ്സൻ: ഇന്നലെ തൃശൂർ നടന്ന എം. വി. രാഘവന്റെ കൺവെൻഷനിൽ നമ്പാടന്റെ പാർട്ടിക്കാരും പങ്കെടുത്തിരുന്നുവെന്നകാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. പന്തളം സുധാകരൻ: അതിനെക്കുറിച്ചു് നമ്പാടന്റെ പാർലമെന്ററി പാർട്ടി ഇന്നു് യോഗം കൂടുന്നുണ്ടു്. മാർക്സിസ്റ്റു് പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി, എം. വി. രാഘവനെ പുറത്താക്കിയ അവസരത്തിൽ ഒരു പത്രസമ്മേളനത്തിൽ പറയുകയുണ്ടായി, ''പോനാൽ പോകട്ടും പോടാ രാഘവാ പോ'' എന്നു്. രാഘവൻ പോയാൽ ഒരു പുൽക്കൊടിപോലും കൂടെ വരുകയില്ലെന്നാണു് ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് പ്രസ്താവിച്ചതു്. ഇക്കാര്യം നമ്മളെല്ലാവരും പത്രത്തിൽ വായിച്ചതാണു്. പക്ഷേ ഇന്നലെ കണ്ടതോ? ഒരു നൂറുപേരുപോലും അദ്ദേഹം വിളിക്കുന്ന കൺവെൻഷനിൽ പങ്കെടുക്കുകയില്ലെന്നു് പറഞ്ഞിട്ടു് ആയിരത്തിയെണ്ണൂറിലധികമാളുകൾ പങ്കെടുത്തിരിക്കുന്നു എന്നാണു് അവരെ പിന്താങ്ങുന്ന പത്രങ്ങൾ തന്നെ പറയുന്നതു്. ഈ നിയമസഭയിലുള്ള ശ്രീ. സി. കെ. ചക്രപാണി, ശ്രീ. സി. വാസുദേവമേനോൻ, മുൻ എം.എൽ.എ. മാരായ എം. കെ. കണ്ണൻ, അതുപോലെതന്നെ സി. ജി. പണിക്കർ, എന്റെ ഒരു സുഹൃത്തുകൂടിയായ എസ്.എഫ്.ഐ. യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. ടി. പി. ജോൺ, പിന്നെ ഒരു അരവിന്ദാക്ഷൻ ഇങ്ങനെ ആ പേരുകൾ നീണ്ടുനീണ്ടുപോകുകയാണു്. ഇവരൊന്നും നൂറിൽപ്പെടുകയില്ലേ സർ? ഇവരൊന്നും ആയിരത്തിൽപെടുകയില്ലേ സർ? കേരളത്തിൽ അങ്ങോളമിങ്ങോളം മാർക്സിസ്റ്റു പാർട്ടിയുടെ അടിച്ചമർത്തൽ രാഷ്ട്രീയത്തിനെതിരായി ആളുകൾ സംഘടിച്ചിരിക്കുകയാണു്. ശ്രീമാൻ കെ. കരുണാകരൻ ആഭ്യന്തരവകുപ്പു മന്ത്രിയായിരിന്നു ശേഷം ക്രമസമാധാന നില തകർന്നിരിക്കുകയാണെന്നാണു് ഇവിടെ ബഹുമാനപ്പെട്ട കോലിയക്കോടു് എൻ. കൃഷ്ണൻനായർ പറഞ്ഞിരിക്കുന്നതു്. മാർക്സിസ്റ്റു പാർട്ടിയുടെ ക്രമസമാധാനനിലയും മനസ്സമാധാനവുമാണു് തകർന്നിരിക്കുന്നതെന്നകാര്യത്തിൽ എനിക്കു് യാതൊരു സംശയവുമില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: 1964-ൽ സി. പി. ഐ. യും സി. പി. എം. ഉം തമ്മിൽ ഭിന്നിച്ച സാഹചര്യത്തിൽ സി. പി. ഐ. യിൽ കുറെ നേതാക്കൻമാരേ ഉണ്ടായിരുന്നുള്ളൂ. ഇന്നിപ്പോഴും ഭിന്നിച്ചപ്പോഴും മാർക്സിസ്റ്റു പാർട്ടിയിൽ കുറെ നേതാക്കൻമാരേ ഉള്ളൂ. ബാക്കി അനുയായികളൊക്കെ രാഘവന്റെകൂടെ പോയിരിക്കുകയാണു്. അതു് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. പന്തളം സുധാകരൻ: ആ അനുയായികളാണു് തൃശൂരിൽ കൂടിയതു്. മാത്രമല്ല ഈ സഭയിലെ മൂന്നു എം. എൽ. എ. മാർകൂടി അദ്ദേഹത്തിന്റെ കൂടെ ചേരാനുണ്ടു്. അന്നു് സമ്മേളനം നടന്ന ദിവസം മാർക്സിസ്റ്റു പാർട്ടിയുടെ ഓഫീസിൽ ഇവർക്കു് ഉപരോധമേർപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

തടഞ്ഞുവച്ചിരിക്കുകയായിരുന്നു. ഇങ്ങനെ മനസ്സമാധാനം തകർന്ന ഈയവസരത്തിൽ എന്തു പിച്ചും പേയും പറയുകയാണ്. അതിൽ ഞങ്ങൾക്ക് യാതൊരസ്വസ്ഥതയുമില്ല. ഞങ്ങൾ അക്കാര്യത്തിൽ അസ്വസ്ഥരല്ല.

ശ്രീ. വി. ദിനകരൻ: നമ്മുടെ രാഘവൻറെ പ്രസ്താവനയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ബദൽരേഖ അവതരിപ്പിക്കുന്നതിനുമുമ്പും പിമ്പും അദ്ദേഹത്തിന് വേണ്ട ഉപദേശം കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. പിന്നെ അദ്ദേഹത്തിൻറെ തടിക്ക് കേടുവരുമെന്നുള്ളതുകൊണ്ടാണ് പ്രതിപക്ഷനേതാവിനെപ്പറ്റി കൂടുതലായി പറയാത്തതെന്ന് ശ്രീ. രാഘവൻ പറഞ്ഞ കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. പന്തളം സുധാകരൻ: അങ്ങനെയുള്ള സത്യസന്ധമായ കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഈയവസരത്തിൽ എനിക്ക് ഓർമ്മ വരുന്നത് കേരളത്തിലെല്ലാവർക്കും അറിയാവുന്ന 'താത്രിക്കുട്ടി'യുടെ സ്മാർത്ത വിചാരത്തെക്കുറിച്ചാണ്. ബഹുമാന്യനായ ശങ്കരൻനമ്പൂതിരിപ്പാട് തിരുമേനി, ഇവിടെ ഒരു സ്മാർത്തവിചാരം നടത്തിക്കൊണ്ടിരിക്കുകയാണ്. നാടുവാഴി തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന ഈ സ്മാർത്ത വിചാര സഭയിൽ ഭ്രഷ്ട് കൽപ്പിക്കുന്നതിനുവേണ്ടി റകാണ്ടുനിറുത്തിയിരിക്കുന്നതാരെയാണെന്നറിയാമോ? മാർക്സിസ്റ്റു പാർട്ടിക്കുനേരെയുള്ള എല്ലാ തരത്തിലുള്ള ആട്ടും തുപ്പും സഹിച്ചുകൊണ്ട് കഴിഞ്ഞ അസംബ്ലി കാലഘട്ടംവരെ മാർക്സിസ്റ്റു പാർട്ടിക്കുവേണ്ടി രേഖയിലല്ലാത്തതും ഉള്ളതുമായ ഭാഷയിൽ പ്രസംഗം നടത്തിയ ശ്രീ. എം. വി. രാഘവൻ എന്ന താത്രിക്കുട്ടിയെയാണ്. അദ്ദേഹത്തെയാണ് ഭ്രഷ്ട് കൽപ്പിച്ച് ഇപ്പോൾ പുറത്തുനിറുത്തിയിരിക്കുന്നത്. ഏതായിരുന്നാലും അവരെ ഓരോരുത്തരെയായി ഇങ്ങനെ വിചാരണ നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. സി. കെ. ചക്രപാണിയെ വിചാരണ നടത്തി. ഇനി ബഹുമാനപ്പെട്ട വാസുദേവമേനോനെ വിചാരണ നടത്തുമോയെന്നറിയില്ല. എന്തായാലും ഇങ്ങനെ വിചാരണ നടത്തിനടത്തിവരുമ്പോൾ താത്രിക്കുട്ടി എന്ന എം. വി. രാഘവൻ ചോദിക്കും 'ഇനിയും വിചാരണ വേണമോ തിരുമേനീ' എന്ന്. അന്നത്തെ യഥാർത്ഥ താത്രിക്കുട്ടി ചോദിച്ച സന്ദർഭത്തിൽ പരിഭ്രമംപൂണ്ട തിരുമേനി പറഞ്ഞതെന്താണെന്നറിയാമോ? 'ഇനി വേണ്ട താത്രിക്കുട്ടി, ഇനി വിചാരണ നടത്തണ്ട' എന്നാണ്. കാരണം ഇനി വിചാരണ നടത്തിയാൽ ആ വിചാരണ നടത്തേണ്ടയാൾ നാടുവാഴി തിരുമേനിയാണ്. താത്രിക്കുട്ടിക്ക് നാടുവാഴി തിരുമേനിയുടെ മർമ്മഭാഗത്തുള്ള മറുക് അറിയാം. അതുകൊണ്ട് ഇനി നിങ്ങൾ ഒരു കാരണവശാലും വിചാരണയ്ക്ക് വഴങ്ങണ്ട എന്നു പറഞ്ഞ് അവിടെ വച്ച് അവസാനിപ്പിച്ച് ഭ്രഷ്ട് കൽപ്പിച്ച് പുറത്താക്കിയതുപോലെ ഇന്ന് ബഹുമാനപ്പെട്ട എം. വി. രാഘവനെയും സുഹൃത്തുക്കളെയും പുറത്താക്കിയിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻറെ നേതൃത്വത്തിലുള്ള ഐക്യ ജനാധിപത്യമുന്നണി ഗവൺമെൻറ് കേരളത്തിലെ ദുർബ്ബലജനവിഭാഗങ്ങൾക്കുവേണ്ടി ഒരുതൊഴിലില്ലാത്ത ചെറുപ്പക്കാർക്കുവേണ്ടി, പിന്നോക്കം നിൽക്കുന്ന ഗ്രാമപ്രദേശങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഒക്കെ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ശ്രമിക്കുമ്പോൾ, അതിന് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പിന്തുണയാർജ്ജിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ, കാലാവധി മുഴുവനും തികയ്ക്കുന്ന ഭരണസ്ഥിരതയുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനമെന്ന ഖ്യാതി വീണ്ടും കരുണാകരൻ സർക്കാർ നേടിയെടുക്കുമെന്ന സ്ഥിതിവന്നപ്പോഴാ അതിൽ അനിശംപൂണ്ട പ്രതിപക്ഷ മെമ്പർമാർ എന്തൊക്കെയോ പിച്ചും പേയും പറയുകയാണ്. എനിക്ക് അതിൽ യാതൊരു വിരോധവുമില്ല. ഈ ഉപധനാഭ്യർത്ഥനകളെ അഭിമാനത്തോടുകൂടി വീണ്ടുംവീണ്ടും ഞാൻ പിന്താങ്ങുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ധനാഭ്യർത്ഥന യഥാർത്ഥത്തിൽ പാസാക്കിക്കൊടുക്കുന്നതെന്തിനാണെന്ന് ആലോചിച്ചുകൊണ്ടുതന്നെയാണ് എതിർക്കുന്നത്. നമ്മുടെ നാട്ടിൽ സൈരജീവിതം തകർന്നു. കഴിഞ്ഞ 22–4–1986–ൽ കൊല്ലത്ത് പൂന്തുറ മത്സ്യത്തൊഴിലാളികളുടെ ഗ്രാമത്തിൽ ആർ. എസ്. എസ്. കാർ നടത്തിയ ആക്രമണത്തിൽ സ്ത്രീകളും കുട്ടികളുമടക്കം 27 പേർ മാരകമായി പരിക്കേറ്റ് ആശുപത്രിയിലായി സർ. മുപ്പതിൽപ്പരം വീടുകളും തല്ലിത്തകർത്തു. നിരവധി വള്ളവും വലയും തകർത്തു. ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തകർത്തു. അതിനകത്തുണ്ടായിരുന്ന മുഴുവൻ ഉപകരണങ്ങളും എടുത്തുകൊണ്ടുപോയി. രഘു എന്നൊരു ചെറുപ്പക്കാരൻ വെട്ടേറ്റുവീണു മരിച്ചു. വസ്തുത നഷ്ടമാണ് ആ പ്രദേശത്ത് ഈ ആക്രമണംമൂലം ഉണ്ടായിട്ടുള്ളത്. വളരെയേറെ വീടുകളും തകർന്നിരിക്കുന്നു. സ്ത്രീകളുടെ കഴുത്തിലുണ്ടായിരുന്ന മുഴുവൻ ആഭരണങ്ങളും പിടിച്ചുപറിച്ചു. ആ കുറ്റവാളികളും ആരൊക്കെയാണെന്ന് കൊല്ലം ജില്ലയിലെ പോലീസുകാർക്കറിയാമെങ്കിൽപ്പോലും ഒരൊറ്റയാളുടെ പേരിലും ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഈ കുറ്റവാളികളെ അറസ്റ്റു ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഗവൺമെന്റിനോടാവശ്യപ്പെടുന്നത്.

സർ, അതുപോലെ അവിടെ നഷ്ടപ്പെട്ടുപോയ മുഴുവൻ ജീവിതോപാധികളും, സമ്പാദ്യവും വീണ്ടെടുക്കാനുള്ള കോമ്പൻസേഷൻ കൊടുക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ കരുനാഗപ്പള്ളി താലൂക്കിൽ കുലശേഖരപുരം തഴവാ പഞ്ചായത്തിൽ ഒരൊറ്റരാത്രി ഒരേ സമയം 5 വീടുകൾക്ക് തീ പിടിച്ചു. ആ കുറ്റവാളികളും മാവേലിക്കര താലൂക്കിലുള്ളവരാണ്. 10 പേരുള്ള സംഘം അവിടെവന്ന് രണ്ടായി പിരിഞ്ഞാണ് ഇതൊക്കെ നടത്തിയിട്ടുള്ളതെന്നാണ് വിവരം കിട്ടിയിട്ടുള്ളത്. കരുനാഗപ്പള്ളി പോലീസ് മാവേലിക്കര വിളിച്ചു പറഞ്ഞതനുസരിച്ച് മാവേലിക്കര പോലീസ് കുറത്തിയാട്ടുവച്ച് 2 പേരെ അറസ്റ്റു ചെയ്തു കരുനാഗപ്പള്ളിയിൽ കൊണ്ടു വന്നു. അന്ന് കരുനാഗപ്പള്ളി സ്റ്റേഷനിൽ കൊണ്ടു വന്ന പുള്ളികളെ ഈ സഭയിലെ അംഗമായ തെന്നല ബാലകൃഷ്ണപിള്ള എന്നു പറയുന്ന ബഹുമാന്യനായ അംഗത്തിന്റെ അനുജൻ പ്രസന്നൻപിള്ള ഇടപെട്ട് അവിടെനിന്ന് മോചിപ്പിച്ചു വിട്ടു. ഇതാണ് നമ്മുടെ നാട്ടിൽ ഈ കാലത്ത് നടക്കുന്ന ക്രമസമാധാനത്തിന്റെ ചെറിയ ഒരു സമ്പ്രദായം. അതുപോലെ തന്നെയാണ് ശൂരനാട് വടക്കേ പഞ്ചായത്തിൽ പാവപ്പെട്ട ഒരു ഹരിജന്റെ വീടിന് ആർ. എസ്. എസ്. കാർ തീകൊളുത്തി. ആ ആർ.എസ്.എസ്. കാരെ സംരക്ഷിക്കുന്നത് തെന്നലജീയാണ്. തെന്നലയുടെ അനുജനാണ്, ആ കുടുംബമാണ്. എത്ര സംവേങ്ങളം വേണമെങ്കിലും പറയാൻ കഴിയും. ഞാൻ അങ്ങോട്ടൊന്നും കടക്കുന്നില്ല. അതുപോലെ പോലീസുകാർ ഇക്കാര്യത്തിലൊക്കെ നിഷ്ക്രിയമാണെങ്കിലും മിടുക്ക് കാണിക്കുന്ന സംവേങ്ങളും ഉണ്ട്. ഇപ്പോഴും കശുവണ്ടി തൊഴിലാളികളുടെ സമരം നടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പവിത്രേശ്വരം പഞ്ചായത്തിൽ പൊരിക്കൽ കശുവണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറിയിൽ സത്യഗ്രഹം നടത്തുന്ന പന്തലിൽ കയറി അവർക്ക് സംരക്ഷണത്തിനു വേണ്ടി കിടന്നുറങ്ങിയ സഖാക്കളെ കഴിഞ്ഞ 10—ാം തീയതി രാത്രി കൊട്ടാരക്കര പോലീസ് അകാരണമായി ലാത്തിച്ചാർജ്ജ് ചെയ്തു. പ്രാണരക്ഷാർത്ഥം ഓടിപ്പോയ ഒരു സഖാവ് കിണറ്റിൽ വീണു, അയാളും ആശുപത്രിയിലാണ്. ഇതാണ് നമ്മുടെ നാട്ടിലെ ക്രമസമാധാന നില. സ്കൂട്ടറിൽ പോകുന്ന ആളുകളെ പിടിച്ചിറക്കി വെട്ടി കൊലചെയ്യുന്ന സംഭവം ഈ കഴിഞ്ഞ ആഴ്ച തന്നെ ഉണ്ടായിരിക്കുന്നു. ഇവിടെ രേണകക്ഷികം പ്രസംഗിക്കുമ്പോൾ, സർവ്വ തന്ത്ര സ്വതന്ത്രം, ഇവിടെ എല്ലാവർക്കും നടക്കാം എന്നുള്ള പരാമർശനം ഉണ്ടല്ലോ. അത് വസ്തുതകൾക്ക് നിരക്കാത്തതാണ്. ഞാൻ അതിനപ്പുറത്തേക്ക് ഇക്കാര്യങ്ങളെപ്പറ്റി പറയാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ രാജ്യത്ത് നടക്കുന്ന ഈ സംഭവങ്ങളിലേക്ക് വിരൽ ചൂണ്ടുമ്പോൾ, ആരാണ് ഇതിന് നേതൃത്വം കൊടുക്കുന്നത് എന്നാലോചിച്ചുപോകും. കേരളത്തിൽ ഒരു ഗവൺമെന്റ് ഇപ്പോഴുണ്ടല്ലോ, നമ്മുടെ ബഹുമാന്യനായ കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. ആ ഗവൺമെന്റിൽ ഇതിന് നേതൃത്വം കൊടുക്കുന്ന കക്ഷിയുടെ നില എന്താ ഇന്ന്? ഞാൻ ചോദിക്കുന്നു ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു കഷണം രാജീവ് ഗാന്ധി പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എന്നുള്ള നിലയിൽ കൊണ്ടുനടക്കുന്നു. അല്ലാതെ കോൺഗ്രസ്സ് നമ്മുടെ നാട്ടിലുണ്ടോ? കോൺഗ്രസ്സ് എന്ന പാർട്ടിയെ എനിക്കും അറിയാം. ആത്മാഭിമാനമുള്ള കോൺഗ്രസ്സുകാർ ഇവിടെ ഇരിപ്പുണ്ട്. അവരുടെപേരിൽ നമ്മളും ആത്മാഭിമാനം കൊള്ളുന്നു. നിങ്ങ കോൺഗ്രസ്സോ? എന്തോന്നിന്റെ കോൺഗ്രസ്സ്? പണ്ഡിറ്റ്ജിയും മഹാത്മാഗാന്ധിയും, സുബാഷ്ചന്ദ്രബോസും, ആദർശം ഉയർത്തിപ്പിടിച്ചു കൊണ്ടുനടന്ന കോൺഗ്രസ്സിന്റെ പേരിലാണ് ഇവർ ഊറ്റം കൊള്ളുന്നത്. ആരൊക്കെ ഇരിക്കുന്നു എന്ന് അറിയാമോ? കായംകുളം കൊച്ചുണ്ണി, വെള്ളായണിപ്പരമു, ഇത്തിക്കരപ്പക്കി, മുളമൂട്ടിലടിമ, കെ. കരുണാകരൻ, തച്ചടി, പൊഴക്കടവിൽ രാഘവൻ—എന്താണ് ഈ കോൺഗ്രസ്സിന്റെ ജോലി? അവരുടെ ഇടയിൽത്തന്നെ ക്രമസമാധാനം ഉണ്ടോ? ഞാൻ കൊല്ലത്തുകാരനാണ്. കൊല്ലം ജില്ലയിൽ 3 ആഴ്ചക്കുമുൻപ് 2 സമ്മേളനങ്ങൾ നടന്നു. സമ്മേളനം ഏതെന്നറിയാമോ, എൻ. ജി. ഒ. അസോസിയേഷന്റെ രണ്ടു ഭാഗം. എ—യും ഐ—യും. തോപ്പിൽ രവി ഉണ്ടോ അവിടെ? എ—യുടെ സമ്മേളനത്തിൽ തോപ്പിൽ രവി, വയലാർ രവി, 2 രവിമാരും പങ്കെടുത്തു. അവർ നടത്തിയ പ്രസംഗം എന്താ? ഈ രാജീവ് ഗാന്ധിയായിട്ടു വരാൻ പോറെ ഒരൊറ ഒരുത്തനെ പോലും ഞങ്ങൾ അനുവദിക്കില്ല എന്ന് വയലാർ രവി, തോപ്പിൽ രവി പറഞ്ഞത് എന്താ, ഭഗവാനെ! ഗുരുവായൂരപ്പന്റെ കൃപ കൊണ്ട് കരുണാകരനും കമ്പനിക്കാരും ജയിച്ച് ഇവിടെ എങ്ങാനും വന്നാൽ ദൈവമേ നമ്മുടെ സ്ഥിതി എന്താണ്! ഇതാണ് തോപ്പിൽ രവിയുടെ പ്രസംഗം. എന്നിട്ട് അതിന്റെ അടുത്ത ഒരു ഹൈസ്കൂളിൽ മീറ്റിങ്ങ് കൂടി, ആരാ? (ഐ) അവിടെ ആരാ പ്രസംഗിച്ചത് ശ്രീ. പത്മരാജനും നമ്മുടെ മുഖ്യമന്ത്രിയും. അവർ രണ്ടു പേരും അവിടെ പ്രസംഗിച്ചു. എന്നിട്ട് അവസാന നിമിഷം 15—ാം തീയതി ഒരു പ്രകടനവും ഉണ്ടായിരുന്നു ചിന്നക്കടയിൽ. അവിടെ വിളിച്ച മുദ്രാവാക്യം ഞാൻ കേട്ടതാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> തോപ്പിൽ രവി പ്രസംഗിച്ചതിന്റെ ഫലമായി പത്മരാജൻ അദ്ദേഹത്തിന്റെ ലംപ്സംഗ്രാന്റു കട്ട് ചെയ്തത് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ: അത്തരം കാര്യം പറയാനാണെങ്കിൽ ഇന്ന് പറഞ്ഞുതീർക്കാനൊക്കുമോ? അതുകൊണ്ട് ഞാൻ അതിലേക്കു കടക്കുന്നില്ല, എനിക്ക് അറിയാവുന്ന വസ്തുതയാണ്, മുഴുവൻ കട്ടു ചെയ്യാൻ പോകുന്നു എന്നാണ് ഞാൻ അറിയുന്നത്. ഞാൻ പറഞ്ഞുവന്നത് ചിന്നക്കടയിലെ പ്രസംഗമാണ്, എ—ക്കാർ വിളിച്ച മുദ്രാവാക്യം 'മാള ക്കാരൻ മാരാരെ, ആലു കുരുങ്ങാൽ അത്തും ഒരു തണലോ' എന്നാണ്. ബഹുമാന്യനായ പൊഴക്കടവിൽ ഇതു കേട്ടിട്ടുണ്ടോ? ഇതാണ് കോൺഗ്രസ്സ്. ഒരു കോൺഗ്രസ്സ് നിങ്ങളുടെ കൈവശം ഇല്ല. അതുകൊണ്ട് നമ്മുടെ നാട്ടിൽ അങ്ങനെ ഒരു കോൺഗ്രസ്സില്ല. രാജീവ ഗാന്ധിയുടേയും കുടുംബാംഗങ്ങളുടെയും ഒപ്രവറ് ലിമിറഡ് കമ്പനി- ആ കമ്പനിയുടെ ജനറൽ മാനേജരൻമാരിൽ ഒരാളാണ് എ. കെ. ആൻറണി. മനസ്സിലായോ? അദ്ദേഹം റിക്രൂട്ട് ചെയ്തതാണ്! അങ്ങനെ ഒരു കോൺഗ്രസ്സിനെ നിങ്ങളം അവകാശപ്പടേണ്ട കാര്യമില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: നമ്മുടെ സംസ്ഥാനത്തെ പല ഭാഗങ്ങളിലും (മണ്ഡലങ്ങളം തോറും, ബ്ലോക്കുകളം തോറും ജില്ലകളം തോറും) പഴയ (എ) വിഭാഗം രഹസ്യയോഗങ്ങളം ചേർന്ന് പുതിയ ഒരു പാർട്ടി ഉണ്ടാക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. കെ. തങ്കപ്പൻ: അത് നെയ്യാറിൻകര മാത്രമല്ല. കേരള ത്തിലാകെ വയലാർ രവി ഉൾപ്പെടെയുള്ള ആൻറണി കോൺഗ്രസ്സുകാർ മുൻകൈ എടുത്ത് എല്ലാ പ്രദേശങ്ങളിലും ആൻറണി കോൺഗ്രസ്സ് സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. കരുണാകരനെ ഒരു പാഠം പഠി പ്പിക്കാനാണ് ഇങ്ങനെ സംഘടിപ്പിക്കുന്നത്. അതുകൊണ്ട് വെറുതേ ഊറ്റം കൊള്ളേണ്ട കാര്യമില്ല. ഈ കോൺഗ്രസ്സിനകത്തുണ്ടല്ലോ; കോൺഗ്രസ് ഐ—ക്ക് അകത്ത്—അവിടെ അടി നടക്കുകയാണ്, ഞാൻ പന്തളം സുധാകരനോട് ചോദിക്കുന്നു. ആന നടന്നു പോകുമ്പോൾ കുഴിയാന ഇരുന്ന് എൻറെ അപ്പൻ പോകുന്നു എന്നു പറഞ്ഞാൽ വല്ല കാര്യവും ഉണ്ടോ? ആനയും കുഴിയാനയും തമ്മിൽ എന്താണ് ബന്ധം?

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇവിടെ കോൺഗ്രസ്സ് പാർല മെൻറി പാർട്ടി തന്നെ രണ്ടായിട്ടാണ് കൂടുന്നത്.. ഒന്ന് നൂറുദ്ദീൻറെ വീട്ടിലും ഒന്ന് കരുണാകരൻറെ വീട്ടിലും. അക്കാര്യം അറിയാമോ?

ശ്രീ. സി. കെ. തങ്കപ്പൻ: അങ്ങനെ അത് ഡെവലപ്പു ചെയ്തു കൊണ്ടിരിക്കുകയാണ്. രാജ്യത്തെ ആകെ സ്ഥിതി ഇതാണ്. കൊല്ലത്തു നടന്ന വിക്രിയയെപ്പറ്റിയാണ് ഇപ്പോൾ പറഞ്ഞത്. അതു കൊണ്ട് കോൺഗ്രസ്സിൻറെ പേരിൽ ഊറ്റം കൊള്ളേണ്ട; അങ്ങനെ ഒരു കോൺഗ്രസ്സില്ല. മഹാത്മാഗാന്ധിയും ഡോ. രാജേന്ദ്രപ്രസാദും എല്ലാം നിങ്ങളെ ശപിക്കുകയാകണം. നിങ്ങൾ അവരുടെ പേരിൽ ഊറ്റം കൊള്ളേണ്ട. അങ്ങനെ ഒരു കോൺഗ്രസ്സ് ഇൻഡ്യയിൽ ഉണ്ടെങ്കിൽ അത് കോൺഗ്രസ്സ് (എസ്) ആണ്. അവർ അഭിമാനം കൊള്ളുന്നു; ഞങ്ങൾ അവരെ ബഹുമാനിക്കുന്നു. നിങ്ങൾക്ക് എന്താണ് കോൺ ഗ്രസ്സ് എന്നു പറയാൻ അവകാശം? അതുകൊണ്ട് അങ്ങനെ ഒരു കോൺഗ്രസ് ഇവിടെ ഇല്ല. അതിൻറെ പേരിൽ ആര് ഊറ്റം കൊണ്ടാലും അതു അംഗീകരിക്കില്ല. ഞാൻ ഈ കോൺഗ്രസ്സിൻറെ കൂടെ പണ്ടൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

നടന്നിട്ടുള്ളതാണ്. അതുകൊണ്ട് കോൺഗ്രസ്സിന്റെ പേരിൽ എന്തിനാണ് പൊഴക്കടവിൽ ഊറ്റം കൊള്ളുന്നത്? അങ്ങനെ ഒരു കോൺഗ്രസ് ഇൻഡ്യയിൽ ഒരിടത്തുമില്ല. ഉണ്ടെങ്കിൽ അത് മൂന്നോ നാലോ ആണ്. അന്തസ്സുള്ള കോൺഗ്രസ്സുകാർ എവിടെ ഇരിക്കണം എന്ന് അവർ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് അതിനെപ്പറ്റിയൊന്നും ഇവിടെ പറഞ്ഞ് ഊറ്റം കൊള്ളേണ്ട കാര്യമില്ല. കോൺഗ്രസ്സ് ഉണ്ടല്ലോ, ഈ കോൺഗ്രസ്സ് ഇവിടെ ചെയ്തിരിക്കുന്ന പണി എന്താ? ഒരു കാര്യം കൂടി പറഞ്ഞു വ്യക്തമാക്കാം. ഒരു രണ്ടു ദിവസത്തിന് മുൻപ്വരെ എം. വി. ആറിനെ ഇവർ വിശേഷിപ്പിച്ചത് മാടായിയിലെ കോടാലി രാഘവൻ എന്നാണ്. ഇപ്പോഴോ? പ്രിയങ്കരൻ! ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഹിറ്റ്ലർ അടക്കമുള്ള പ്രമാണിമാരെ കണ്ടിട്ടുള്ള പ്രസ്ഥാനമാണ്. കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നാൽ വിഷം കുടിച്ചു മരിക്കും എന്ന് ഉറക്കെ പ്രഖ്യാപനം നടത്തിയ മഹാനേയും കണ്ടതാണ് ഈ രാജ്യം. അൽപ്പം കൂടി കഴിയുമ്പോഴേ, നിങ്ങളുടെ എല്ലാം ആവശ്യം കഴിയുമ്പോഴേ തെരുവ് വേശ്യകളെ രാവിലെ പറഞ്ഞ് അയയ്ക്കുന്നതുപോലെ നിങ്ങളേ അദ്ദേഹത്തെ പറഞ്ഞയയ്ക്കും. അദ്ദേഹത്തിന്റെ വീടിന്റെ പടിഞ്ഞാറേ മൂലയിൽ ഇരിക്കുന്ന കാഴ്ച നിങ്ങളേ കാണാൻ പോകുകയാണ്. അതാണ് ഈ രാജ്യത്തിന്റെ അനുഭവം. അതുകൊണ്ട് അത് ഇങ്ങോട്ട് പറയണ്ട. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഈ രാജ്യത്തിന്റെ ചരിത്രം കണ്ടിട്ടുള്ളതാണ്. ഇനിയും കാണാൻ പോകുകയാണ്. അതാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. നാലകത്ത് സൂപ്പി: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീ. തങ്കപ്പന്റെ പ്രസംഗം കേട്ടപ്പോഴേ എനിക്ക് നീലക്കുയിലിലെ നീലി പാടിയ രണ്ടു വരികളാണ് ഓർമ്മ വരുന്നത്. ''എല്ലാരും ചൊല്ലണ് എല്ലാരും ചൊല്ലണ് കല്ലാണ് നെഞ്ചിലെന്ന് കരുംകല്ലാണ് നെഞ്ചിലെന്ന്''. അത് കഴിഞ്ഞ് നീലി പാടുകയാണ്, ''ഞാനൊന്ന് തൊട്ടപ്പോഴേ നീലക്കരിമ്പിന്റെ തുണ്ടാണ് കണ്ടതയ്യാ, ചക്കരത്തുണ്ടാണ് കണ്ടതയ്യാ.'' അതുപോലെയാണ് ഇവിടുത്തെ എം. വി. ആറിനെക്കുറിച്ച് മാർക്സിസ്റ്റു പാർട്ടിക്കാർ പറയുന്നത്. അന്നു പറഞ്ഞിരുന്നു, രാഘവൻ വളരെ നല്ല ആളാണ്, ഈ ജനകീയ ജനാധിപത്യ വിപ്ലവ പ്രസ്ഥാനത്തിന്റെ ആധികാരികമായ നേതാവാണ്, വക്താവാണ്, പ്രചാരകനാണ് എന്നൊക്കെ. അതുപോലെതന്നെ വല്ലയിടത്തും വല്ല പ്രശ്നവും ഉണ്ടായാൽ എം. വി. ആറിനെ കൊണ്ടുവരും, എം. വി. ആറിനെകൊണ്ടുവരും എന്നു പറഞ്ഞ് ആളുകളെ പേടിപ്പിച്ചിരുന്നു. ആ പറയുന്ന എം. വി. ആർ. തന്നെയാണ്, ആ കൊച്ചു തലയും, മൂക്കും, കണ്ണും ഒക്കെയുള്ള എം. വി. ആർ. തന്നെയാണ് ഇന്നലെ തൃശൂരിൽ യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടി ഉണ്ടാക്കിയ രാഘവൻ. മാർക്സിസ്റ്റ് പാർട്ടിക്കാർ ആലോചിക്കണം, എനിക്ക് ചോദിക്കാനുള്ളത് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയും നമ്മുടെ പ്രതിപക്ഷ നേതാവുമായ ശ്രീ. നായനാരോടാണ്. അദ്ദേഹം സീറ്റിലില്ല.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, തങ്കപ്പൻ ഇന്നലെ തൃശൂരിൽ രാഘവന്റെ പരിപാടിയിൽ പങ്കെടുക്കാൻ വന്ന് മടങ്ങിപ്പോന്നത് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: സർ, അങ്ങനെ പലരും അപ്പുറത്തുണ്ട്. ശ്രീ. പത്മനാഭൻ പ്രസംഗിച്ചപ്പോഴും പറഞ്ഞു ഞങ്ങടെ പൂച്ചയേയും നായ്ക്കളേയും കര കടത്തുന്നതു പോലെ കരകടത്തിയതാണ് എം. വി. ആറിനെ എന്ന്. ഇനിയും കര കടത്താൻ പറ്റിയ പല ആളുകളും അവിടെയുണ്ട്. നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ, ''ഏതായാലും അവസരം കാത്തിരുന്ന് കാണൂ'' എന്ന് മാത്രമേ എനിക്ക് പറയാനുള്ളു. രാഘവനെക്കുറിച്ച് ഇവർ പറഞ്ഞിരുന്ന കാര്യങ്ങളും ഇതാണ്. രാഘവൻ വളരെ പ്രസിദ്ധമായ ഒരു ചോദ്യം നായനാരോടും നമ്പൂതിരിപ്പാടിനോടും ചോദിച്ചിട്ടുണ്ട്. കേരള സംസ്ഥാനം ഉടലെടുത്തതിനു ശേഷം ഇവിടെ കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന ഏക ഗവൺമെന്റ് 5 കൊല്ലം പൂർത്തിയാക്കുന്ന ഏക ഗവൺമെന്റ് ബഹുമാനപ്പെട്ട കരുണാകരൻ ഗവൺമെന്റാണ്. ഈ ഗവൺമെന്റ് 5 കൊല്ലം പൂർത്തിയാക്കുന്നതിന് പറ്റിയ കാലാവസ്ഥയും അവസരവും സൗകര്യവും ഉണ്ടാക്കി കൊടുത്തത് ഇ. എം. എസ്സിന്റെയും നായനാരുടെയും തെറ്റായ രാഷ്ട്രീയ നയം കൊണ്ടല്ലേ എന്ന് എം. വി. ആർ. ചോദിച്ചിട്ടും അതിന് ഇന്നലെവരെ നായനാർ മറുപടി പറഞ്ഞിട്ടില്ല. മറുപടി പറയേണ്ടതാണ്. അതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ പുതിയ ഒരു ലൈനിലേക്ക് രാഘവൻ നീങ്ങാനുണ്ടായ കാരണമെന്ന് അദ്ദേഹം പറയുന്നു. സർ, 1964-ൽ കമ്മ്യൂണിസ്റ്റു പ്രസ്ഥാനം ഇവിടെ വിഘടിച്ചു നിന്ന് രണ്ടുപാർട്ടികളായിട്ട് മാറി സി. പി. ഐ.യും സി.പി.എം. ഉം. ശ്രീ. കെ കെ. രാമചന്ദ്രൻ മാസ്റ്റർ സൂചിപ്പിച്ചതുപോലെ അന്നത്തെ സി. പി. ഐ. യുടെ ഗതി ഇന്നത്തെ മാർക്സിസ്റ്റുകാർക്ക് വന്നുചേരുമെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. കാരണം നേതാക്കൻമാരുടെ ബാഹുല്യം കാരണം അനുയായികൾ മറുഭാഗത്തുപോയി. അതുപോലെ തന്നെ എം. വി. രാഘവന്റെ കൂടെ അനുയായികൾ പോകും. നേതാക്കൻമാരൊക്കെ സി. പി. ഐ.യെ പോലെ ഇ. എം. എസ്സിനെ കൂടെ നിൽക്കും. അന്ന് ആദർശപരമായ ഒരു തർക്കത്തിന്റെ പേരിലാണ് മാർക്സിസ്റ്റ് പാർട്ടി പിളർന്നത്. കോൺഗ്രസ്സിനെ അനുകൂലിക്കണോ വേണ്ടയോ എന്നുള്ള ആദർശപരമായ ന്യായത്തിന്റെ പേരിലായിരുന്നു അന്ന് പാർട്ടി പിളർന്നത്. ആ ന്യായപ്രശ്നം തന്നെയാണ് ഇന്ന് ഇവിടെ ഇണ്ടായിരിക്കുന്നത്. വ്യക്തിപരമെന്ന് ആരെങ്കിലും പറഞ്ഞാൽ ഞാൻ അത് വിശ്വസിക്കുന്നില്ല. എന്തായാലും ഇന്നത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വളരെക്കാലം താലോലിച്ചുകൊണ്ടുവന്ന പ്രവർത്തകരോടും ഈ രാജ്യത്തെ ജനങ്ങളോടും മറുപടി പറയേണ്ടിവരും. ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ച് പ്രഗൽഭനായ ബ്രൈറ്റ് പറഞ്ഞു Indian Communists are the greatest enemies of Communism in India. അത് വളരെ അർത്ഥവത്താകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി ശ്രീ. ഇ. എം. എസ്സും അദ്ദേഹത്തിന്റെ അനുയായികളും ഇവിടെ നടത്തിവരുന്നത്. ഇവിടെ പ്രശ്നങ്ങൾ ഇല്ലാത്തതുകൊണ്ടല്ല, പ്രയാസങ്ങൾ ഇല്ലാത്തതുകൊണ്ടല്ല. അതൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് അപ്രസക്തമായ കാര്യങ്ങളെക്കുറിച്ച്, ശരിഅത്ത് പോലുള്ള വിവാദങ്ങളെക്കുറിച്ച്, കുവൈറ്റു വരെ പോയി മടങ്ങി വരുന്ന സംഭവങ്ങളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുകയും പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. അങ്ങനെ ഈ രാജ്യത്തെ ജനങ്ങളുടെ ശുദ്ധ മനോരാജ്യം വഴിക്ക് തിരിച്ചുവിട്ടുകൊണ്ട് ഇവിടെ എന്താണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് ഞങ്ങൾക്ക് അറിയുകയില്ല. ഏതായാലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ന് അകപ്പെട്ടിരിക്കുന്ന ആശയക്കുഴപ്പം എന്താണെന്ന് ഞങ്ങൾക്ക് മനസ്സിലാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നുരാവിലെ വേനിപ്പിക്കുന്ന ഒരുവാർത്ത മാതൃഭൂമി പത്രത്തിൽ കണ്ടു. വയനാടുഭാഗത്തുള്ള രമണി എന്ന ഒരു സ്ത്രീ, സ്വന്തം കുഞ്ഞ് കരച്ചിൽ നിർത്താത്തതുകൊണ്ട് അതിന്റെ കഴുത്ത് അരിഞ്ഞ് നിർദ്ദാക്ഷിണ്യം കൊലപ്പെടുത്തി. അത്രയും ഹീനമായി നിങ്ങൾ ചെയ്യരുത്. 50 കൊല്ലക്കാലം മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടി മജ്ജയും മാംസവും ചെലവഴിച്ച്, ത്യാഗം ചെയ്ത എം. വി. രാഘവനാകുന്ന മാർക്സിസ്റ്റിന്റെ കുഞ്ഞിനെ നിങ്ങൾ കൊലചെയ്യരുതേ ഗൗരിയമ്മേ! ഏതായാലും അത് ക്രൂരമായിപ്പോയി. കയ്യിൽ ചോരക്കൊടിയും കരളിൽ ചോരക്കൊതിയും, കണ്ണിൽ ചോരയില്ലായ്മയും ഉള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിനു മാത്രമേ ഇതുപോലുള്ള സമീപനം സ്വീകരിക്കാൻ സാധിക്കൂ. അതാണ് മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ചത്. ആദർശം വിറ്റ് തുട്ടാക്കി ചെലവുകഴിഞ്ഞുപോകുന്ന മാർക്സിസ്റ്റുകാരൻ മാർക്സിന്റെയും, ഏംഗൽസിന്റെയും ലെനിനിന്റെയും, എന്തിന് എ. കെ. ജി. യുടെ പോലും ആദർശങ്ങളിൽ നിന്ന് വഴിമാറി മറ്റൊരു വഴിക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതൊക്കെ ഇന്നല്ലെങ്കിൽ നാളെ നിങ്ങളുടെ പ്രവർത്തകൻമാർ നിങ്ങളോട് ചോദിക്കും. അതിന് നിങ്ങൾ മറുപടി പറയേണ്ടിവരും. ശ്രീ. ഇ. കെ. നായനാർ ഇത് ചെയ്യണമായിരുന്നില്ല. വളരെക്കാലം ബദൽരേഖയ്ക്കുവേണ്ടി ഗൂഢാലോചന നടത്തി. പാവം എം. വി. രാഘവനെ അതിന് പ്രേരിപ്പിച്ച് ബദൽരേഖ തയ്യാറാക്കിച്ചു. കുളത്തിലിറക്കിച്ചിട്ട് കോരിയെടുത്തപോലെ ശ്രീ. നായനാർ ചെയ്തതു തെറ്റായിപ്പോയി. നിങ്ങൾ വളരെ നല്ലയാളാണ്, ആദർശമതിയാണ് പക്ഷേ തിയാണ് ആദർശധീരനാണ് എന്നൊക്കെയാണ് ഞങ്ങൾ വിശ്വസിച്ചിരുന്നത്. എന്തായാലും കാലുവാരുന്ന സ്വഭാവം നായനാർ കാണിച്ചതിൽ ഞങ്ങൾക്ക് വേദനയുണ്ട്. ഒരു കാര്യം കൂടി പറയാം. മാർക്സിസ്റ്റ് പാർട്ടിയുടെ ആദർശം ഇന്ന് ബ്രാക്കറ്റിലാണ്. എം. വി. രാഘവൻ ആ ബ്രാക്കറ്റിൽ നിന്ന് പുറത്തുപോയി. മാർക്സിസ്റ്റ് പാർട്ടിയുടെ ബ്രാക്കറ്റിൽ എം. ഉണ്ടായിരുന്നു. ആ ബ്രാക്കറ്റിൽ നിന്ന് രാഘവൻ പുറത്തുപോയി. ഇന്ന് ആ ബ്രാക്കറ്റുപോയി.

ശ്രീ. കെ. കൃഷ്ണൻകുട്ടി: താങ്കൾ എം. വി. രാഘവനെക്കുറിച്ച് വളരെ സങ്കടത്തോടുകൂടി സംസാരിക്കുന്നല്ലോ. ഇടതുപക്ഷ ജനാധിപത്യമുന്നണിയും മാർക്സിസ്റ്റ് പാർട്ടിയും കേരള കോൺഗ്രസിനേയും ലീഗിനേയും ഇങ്ങോട്ട് എടുക്കുകയില്ല എന്ന് സ്ട്രോംഗായിട്ടുള്ള നിലപാട് എടുത്തപ്പോൾ വിലപേശാൻ പറ്റാത്തതിലുള്ള സങ്കടം കൊണ്ടാണോ ങ്ങനെ പറയുന്നത്?

ശ്രീ. നാലകത്ത് സൂപ്പി: ഞങ്ങൾ അങ്ങോട്ട് വരുമെന്ന് പറഞ്ഞില്ലല്ലോ. വരാൻ ഉദ്ദേശിക്കുന്നുമില്ല. ഞങ്ങൾ വരുകയില്ല. നിങ്ങൾ എടുക്കുന്ന കൂട്ടരാണെങ്കിൽ വരാൻ ആളുവേണ്ടേ?

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: നമ്മുടെ സംസ്ഥാനത്ത ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ നേതാവായ ബാലാനന്ദൻ, കൃഷ്ണൻകുട്ടിയുടെ പാർട്ടിയായ ജനതാപാർട്ടി ഇൻഡ്യൻ രാഷ്ട്രീയത്തിലെ നപുംസക പാർട്ടിയാണ് എന്നും ഇരട്ടത്തലയുള്ള വിഷസർപ്പമാണ് ജനതാപാർട്ടിയെന്നും വിശ്വസിക്കാൻ കൊള്ളുകയില്ല എന്നും, കാസർഗോട്ട് വച്ച് പ്രസംഗിച്ചത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവരാണോ നമ്മളെ കുറ്റം പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: കൃഷ്ണൻകുട്ടിയെ മാത്രമല്ല അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സ് (എസ്) നേതാവിനെയും തള്ളിപ്പറയാൻ പോകുകയാണ്. അതുപോലെ തന്നെ സി. പി. ഐ. യി ലെ കെ. പി. പ്രഭാകരനെയൊക്കെ ഇടതുപക്ഷ പ്രസ്ഥാനത്തിൽ നിന്ന് ഒഴിവാക്കാനും പോകുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് എം. വി. രാഘവന്റെ കൂടെ പോകുന്ന എം. എൽ. എ. മാരുടേയും പ്രവർത്തകരുടേയും പേരിൽ പാർട്ടി യാതൊരു നടപടിയും എടുക്കുന്നില്ല എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, രണ്ടുംകൂടി ഒന്നായിട്ട് പറഞ്ഞാൽ മതി. പൊതുതിരഞ്ഞെടുപ്പ് വരുമ്പോഴാ മാർക്സിസ്റ്റ് മുന്നണിയിൽ നിന്ന് ജനതാപാർട്ടിയേയും കോൺഗ്രസ്സ് (എസ്) നേയും പുറത്താക്കാൻ തീരുമാനിച്ച വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. നാലകത്ത് സൂപ്പി: അതാണ് ഞാൻ സൂചിപ്പിച്ചത്, കോൺഗ്രസ്സ് (എസ്)നെ പുറത്താക്കും. ജനതാപാർട്ടിയെ പുറത്താക്കും. ബഹുമാനപ്പെട്ട ബേബി ജോണിന്റെ പാർട്ടിയായ ആർ. എസ്. പി. യെ പോലും പുറത്താക്കാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിലെ കുഴപ്പത്തെക്കുറിച്ച് സംസാരിക്കുന്ന അങ്ങ് മുസ്ലീം ലീഗിൽ നിന്ന് സീതിഹാജിയെ പുറത്താക്കാൻ പോകുന്നുവെന്ന വാർത്ത കേട്ടോ? സീതിഹാജിക്ക് എതിരായി വല്ല നടപടിയും എടുത്തിട്ടുണ്ടോയെന്ന് പറഞ്ഞാൽ കൊള്ളാം.

ശ്രീ. നാലകത്ത് സൂപ്പി: രാഘവനെ കുപ്പിയിലിറക്കിയില്ലെ? ഏറ്റവും വലിയതായി നിങ്ങളെ പിൻതുണച്ചുനിൽക്കുന്ന വക്താവ് അദ്ദേഹമായിരുന്നു. അതുകഴിഞ്ഞ് പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ നായനാരെയും അച്യുതാനന്ദനേയും പാർട്ടി ഭീഷണിപ്പെടുത്തി. അപ്പോഴേ മൂപ്പർ മാറിക്കളഞ്ഞു. അങ്ങനെ രാഘവനെ കുപ്പിയിലിറക്കി. മുസ്ലീം ലീഗിൽ അങ്ങനെ യാതൊരു പ്രശ്നവും ഉണ്ടായിട്ടില്ല സീതിഹാജിക്കെതിരായി. മാതൃഭൂമിയിൽ പലതും വരുന്നുണ്ട്. മുസ്ലീം ലീഗിനെതിരെ പലതും പത്രങ്ങളിൽ വരുന്നുണ്ട്. അതൊക്കെ വാസ്തവവിരുദ്ധമാണ്. അസത്യമാണ് എന്ന് മാത്രമേ ഞാൻ പറയുന്നുള്ളു. മാതൃഭൂമിയിൽ പലതും വരും അതിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. മാവേലിക്കരയിലെ കുറുപ്പിന് സീറ്റ് വാഗ്ദാനം ചെയ്തിട്ടുണ്ട്. ജയിപ്പിച്ചുകൊടുക്കാമെന്നു പറഞ്ഞ ഉറപ്പിലല്ലേ ശ്രീ. കുറുപ്പ് അവിടെ ഇരിക്കുന്നത്? കഴിഞ്ഞമാസം ശ്രീ. കുറുപ്പ് എന്നോട് പറഞ്ഞത് എനിക്ക് അറിയാമല്ലോ. ഞാൻ എം. വി. രാഘവന്റെ പക്ഷത്താണ്, എം. വി. രാഘവന്റെ ബദൽരേഖയ്ക്കനുകൂലമാണ് എന്ന് അദ്ദേഹം പറഞ്ഞു. ന്യായമായും ബദൽ രേഖ അംഗീകരിക്കേണ്ടതാണ് എന്ന് കുറുപ്പേ, നമ്മൾ തമ്മിൽ സംസാരിച്ചില്ലേ? ഇപ്പോഴും വാക്ക് മാറ്റിപ്പറയരുത്. മാർക്സിസ്റ്റ് പാർട്ടി ഇപ്പോഴും ശിക്ഷണനടപടികളും നിരുത്തിവച്ചിരിക്കുകയാണ്. എന്തുകൊണ്ട് നടപടിയെടുക്കുന്നില്ല? പാർട്ടിവിരുദ്ധ പ്രവർത്തനത്തിന്റെ പേരിലും രാഘവനെ അനുകൂലിക്കുന്നതിന്റെ പേരിലും മാർക്സിസ്റ്റ് പാർട്ടി ആരുടേയും പേരിൽ നടപടിയെടുക്കുന്നില്ല. എന്തുകൊണ്ടാണ് നടപടിയെടുക്കാത്തത്? ചാത്തുണ്ണി

LIBRARY ARCHIVES Kerala Legislative Assembly

മാസ്റ്ററേയും പാട്ട്യം രാജനേയും അതുപോലെ മറ്റ് പ്രഗൽഭരായ പലരേയും പാർട്ടിയിൽ നിന്ന് പുറത്താക്കിയപ്പോഴും മാർക്സിസ്റ്റ് പാർട്ടിക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. മറിച്ച് എം. വി. രാഘവനെ പാർട്ടിയിൽ നിന്ന് പുറത്താക്കാൻ സജസ്റ്റ് ചെയ്തപ്പോഴും രാഘവൻ ഒരു ബദൽ മാർക്സിസ്റ്റ് പാർട്ടിയുണ്ടാക്കി.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ശ്രീ. നാലകത്ത് സൂപ്പിയോട് ഞാൻ എന്തോ പറഞ്ഞു എന്നു പറഞ്ഞു. എന്താണ് പറഞ്ഞതെന്ന് ഞാൻ കേട്ടില്ല. ആ മനുഷ്യനുമായി ഈ അസംബ്ലിയിൽ വച്ചു കാണുന്നതല്ലാതെ ഏതെങ്കിലും കാര്യം ഞാൻ സംസാരിച്ചിട്ടില്ല. ഇത്ര മര്യാദകെട്ട വിമർശനം എം. എൽ.എ. ക്ക് ചേർന്നതല്ല. പണ്ട് ജയറാം പടിക്കലിനെപ്പറ്റി പറഞ്ഞിട്ട് ജയറാം പടിക്കലിനെ പേടിച്ചോടിയവനാണ് സൂപ്പി.

ശ്രീ. നാലകത്ത് സൂപ്പി: നമ്മൾ തമ്മിൽ യാതൊരു അലോഹ്യവുമില്ല. നമ്മൾ സംസാരിച്ചതല്ലേ? ശ്രീ. നായനാർ അതിനെപ്പറ്റി ആക്ഷേപം പറയുകയില്ല. ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ മാറിപ്പറയും. അവസരം വരുമ്പോൾ മാറി ചിന്തിക്കുകയും ചെയ്യും തീരുമാനിക്കുകയും ചെയ്യും. ശ്രീമതി കെ. ആർ. ഗൗരി ഇ. എം. എസ്സിന്റെ അടുത്ത വക്താവാണ് എന്ന് കുറുപ്പ് പറഞ്ഞതാണ്, അത് പറഞ്ഞില്ല എന്ന് പറയേണ്ട. ഏതായാലും മാർക്സിസ്റ്റ് പാർട്ടി മാറുള്ളവരുടെ പേരിൽ നടപടിയെടുക്കുന്നില്ല. പണ്ട് ചാത്തുണ്ണി മാസ്റ്ററേയും മറ്റ് പ്രഗൽഭന്മാരായ ആളുകളേയും പരസ്യമായിത്തന്നെ പുറത്താക്കി. അന്ന് അവരാരും ഒന്നും ചെയ്തില്ല. ഇന്ന് സമ്പ്രദായം മറിച്ചാണ്.

ഒരു ബദൽ മാർക്സിസ്റ്റ് സംവിധാനം ഈ രാജ്യത്ത് ഇന്നലെ ഉടലെടുത്തു. ഈ രാജ്യം ഭരിക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെതിരായി ഒരു ബദൽ ശക്തിയുണ്ടാക്കണമെന്നാണ് എം. വി. രാഘവനാകുന്ന ധീരവിപ്ലവകാരി മാർക്സിസത്തിന്റെ പേരിൽ ആവശ്യപ്പെടുന്നത്. മാർക്സിസത്തിൽ വിശ്വസിക്കുന്ന എല്ലാവരും എം. വി. രാഘവന്റെ ആ നയത്തെ അനുകൂലിക്കുന്നു. എങ്കിൽ മാത്രമേ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഇവിടെ നിലനിൽപ്പുള്ളൂ എന്നാണ് എം. വി. ആർ.ന്റെ കാഴ്ചപ്പാട്. അതല്ലാതെ മൗനമായി ആർക്കെങ്കിലും ഓശാനപാടിക്കൊണ്ട് ആരുടെയെങ്കിലും സൗകര്യത്തിന് കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടാക്കുന്ന രീതി ശരിയല്ലെന്നാണദ്ദേഹം പറയുന്നത്. ഒരു കാലത്തും പൊട്ടാത്ത, പതറാത്ത ഒരു പാർട്ടിയായിരുന്ന കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഇന്ന് പൊളിഞ്ഞ് രണ്ടുതുണ്ടമായിരിക്കുകയാണ്. അത് കാണുമ്പോൾ ഞങ്ങൾക്ക് സന്തോഷമുണ്ട്.

ശ്രീ. വി. ദിനകരൻ: സർ, അച്യുതാനന്ദന്റെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ത്രില്ലിംഗ് പാർട്ടിയാണെന്ന് എം. വി. രാഘവൻ പറഞ്ഞത് അറിയാമോ?

ശ്രീ. നാലകത്തു സൂപ്പി: സർ, ശ്രീ. എം. വി. രാഘവൻ അങ്ങനെ പലതും പറയാൻ പോകുന്നുണ്ട്. ശ്രീ. നായനാരോട് രണ്ട് ചോദ്യം ചോദിച്ചു. ശ്രീ. നായനാരേ, പരസ്യപ്രസ്താവന നിർത്തണം എന്നിക്ക് പലതും പറയാനുണ്ട്, വേണ്ടിവന്നാൽ ഞാൻ പറയുമെന്ന് ശ്രീ. എം. വി. രാഘവൻ അങ്ങനെ പരസ്യമായി പ്രസ്താവന നൽകി. ശ്രീ. നായനാർ അതിനുശേഷം മിണ്ടിയിട്ടില്ല. ഇനി അവിശ്വാസപ്രമേയത്തിന്റെ ചർച്ചയിൽ മാത്രമേ അദ്ദേഹം അസംബ്ലിയിൽ പ്രസംഗിക്കൂ

LIBRARY ARCHIVES Kerala Legislative Assembly

കയുള്ളൂ. അതല്ലാതെ ശ്രീ. എം. വി. രാഘവൻ ഇനി ശ്രീ. നായനാരുടെ കൂടെയില്ല. അദ്ദേഹത്തിനറിയാം ശ്രീ. നായനാർ പറഞ്ഞതെന്താണെന്ന്. എന്തായാലും ശ്രീ. രാഘവനെ ഇങ്ങനെ കൂടുക്കിയത് നിങ്ങളാണ്. അങ്ങനെ ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഒരു ബദൽ ശക്തിയായി ഈ രാജ്യത്ത് ഉണ്ടാകേണ്ടത് എന്റെ ആവശ്യമല്ല കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനേറ്റതാണ്. അതിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കിക്കൊടുത്ത ആംഗ്ലോ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ ശ്രീ. എം. വി. രാഘവൻ ഒരു പാർട്ടി ഉണ്ടാക്കിയതുകൊണ്ട് ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊടുക്കണമെന്നാണ് ഭരണകക്ഷിയിലെ ആളുകൾ പറയുന്നത്. കോൺഗ്രസ്സ് (ഐ) ക്കാർ ഈ സഭയിൽ പ്രസംഗിച്ചാൽ നാഴികയ്ക്ക് നാല്പത്തുവട്ടം ശ്രീ. രാജീവ്ഗാന്ധി, രാജീവ് ഗാന്ധി, രാജീവ് ഗാന്ധി എന്നു പറയുന്നവർ ഇപ്പോൾ രാജീവ് ഗാന്ധിയെ വിട്ടിട്ട് ശ്രീ. രാഘവനെ പിടിച്ചിരിക്കുന്നു. അതിന് കാരണമുണ്ട്. കെ. പി. സി. സി. യുടെ അക്കൗണ്ടിൽ ശ്രീ. രാഘവന് ആളുകളെ ഉണ്ടാക്കിക്കൊടുക്കാൻവേണ്ടി ഒരു സപ്ലിമെന്ററി ഗ്രാന്റ് കെ. പി. സി. സി. പ്രസിഡന്റ് ശ്രീ. സി. വി. പത്മരാജൻ അനുവദിച്ചിട്ടുണ്ട്, എന്നുള്ള ധാരണയിലാണ് ഈ പ്രസംഗിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. കഴിഞ്ഞ ഒറിജിനൽ ഡിമാന്റ്സിന്റെ ചർച്ചാവേളയിൽ മന്ത്രിമാർ സമർത്ഥമായി ഈ ഭാഗത്തുനിന്നുണ്ടായ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞിരുന്നുവെങ്കിൽ, ഈ സഭയിൽ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ, ഈ സപ്ലിമെന്ററി ഗ്രാന്റ്സിനെ ഞങ്ങൾ എതിർക്കുമായിരുന്നില്ല. ഈ സപ്ലിമെന്ററി ഗ്രാന്റ്സിൽ ന്യൂ സർവ്വീസ് പ്രൊപ്പോസീഡർ അനുസരിച്ചുള്ള പല ഇനങ്ങളുമുണ്ട്. സത്യത്തിൽ ഇത് ബഡ്ജറ്റിൽ വരേണ്ടതായിരുന്നു. ഇപ്പോൾ ശ്രീ. മാണിയുടെ മിച്ചം കുറച്ചുകൂടി പ്രകടമാവുകയാണ്. കാരണം ബഡ്ജറ്റിൽ പല ഡിപ്പാർട്ടുമെന്റുകളും പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളിക്കാതെ കൃത്രിമമായി മിച്ചം ഉണ്ടാക്കിയതിന്റെ ഫലമായി അതെല്ലാംതന്നെ ന്യൂ സർവ്വീസ് ആയി ഇപ്പോൾ സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടുവരേണ്ട ബാദ്ധ്യത ഇന്നത്തെ ധനകാര്യമന്ത്രിക്ക് വന്നിരിക്കുകയാണ്. ഇപ്പോൾ പണമുണ്ടാക്കണം എന്നതാണ് ഏറ്റവും വലിയ പ്രശ്നം. പണമുണ്ടാക്കാൻ ഒരു വഴിയുണ്ട്. സർക്കാർ തന്നെ ഒരു ബ്ലെയിഡ് കമ്പനി തുടങ്ങണം. സർക്കാർ തന്നെ ഒരു ബ്ലെയിഡ് കമ്പനി തുടങ്ങി, അപ്പുറത്ത് കൈക്കൂലി വാങ്ങിയിട്ടുള്ള പല മന്ത്രിമാരുടെ കൈയിലും ഉള്ള കോടിക്കണക്കിന് രൂപ വാങ്ങിച്ച് അതിൽ നിക്ഷേപിച്ചാൽ കമ്മിയും നികത്താം. കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യാം. ഇപ്പോൾ സാമ്പത്തികമായി സർക്കാർ വളരെ ബുദ്ധിമുട്ടുന്നുണ്ട്. ധനകാര്യമന്ത്രി പറഞ്ഞത് ഈ വർഷം അവസാനിക്കുമ്പോൾ കമ്മിയില്ലാതെ എങ്ങനെയെങ്കിലും ഉരുട്ടിക്കൊണ്ടു പോകാമെന്നാണ്. നമ്മുടെ സംസ്ഥാനത്ത് കമ്മി ഉണ്ടാകുമ്പോൾ അതിനൊ എല്ലാ ഉത്തരവാദിത്വവും ഭരണകക്ഷിക്കാണെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ ഇവിടെ പ്രസംഗിക്കുന്ന ഭരണകക്ഷി അംഗങ്ങൾ പ്രത്യേകിച്ച് കോൺഗ്രസ്സ് (ഐ) ക്കാർ പറയുന്നു കേന്ദ്രം നമ്മളെ കൈയയച്ചു സഹായിച്ചതുകൊണ്ട് നമ്മൾ രക്ഷപ്പെടാൻ പോകുന്നു എന്ന്. കേന്ദ്രം സഹായിച്ചതുകൊണ്ടല്ല. 240 കോടി രൂപയുടെ ഓവർ ഡ്രാഫ്റ്റ് ദീർഘകാലവായ്പകളാക്കി എന്ന് പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

അത് ഈ സംസ്ഥാനത്തിന്റെ അവകാശമാണ്. ഏറ്റവും വലിയ ഒരു അപരാധം ഇന്ന് കേന്ദ്രഗവൺമെന്റ് ചെയ്യുകയാണ്. കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളും പൊളിച്ചെഴുതണമെന്ന് ഞങ്ങളും പറയുന്നതിന് കാരണം അതാണ്. ഓവർ ഡ്രാഫ്റ്റുമില്ല, കമ്മി നികത്താൻ പണവുമില്ല. എന്ത് അധികാരമാണ് കേന്ദ്രഗവൺമെന്റിന് തീരുമാനിക്കാൻ? ഭരണഘടനാപരമായ ബാദ്ധ്യതയാണ് റവന്യൂ കമ്മി നികത്തുക എന്നുള്ളത്. നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി പറഞ്ഞിരിക്കുന്നു ഇനി റവന്യൂ കമ്മി നികത്താനുള്ള ബാദ്ധ്യത കേന്ദ്രം ഏറ്റെടുക്കുന്നില്ലെന്ന്. അപ്പോഴും റവന്യൂ കമ്മി നികത്താനുള്ള ബാദ്ധ്യത ഒരു ഭാഗത്ത് ഇല്ല എന്ന് പറയുന്നു. മറുഭാഗത്ത് ഓവർഡ്രാഫ്റ്റ് അനുവദിക്കുകയില്ലെന്നും പറയുന്നു. ഇതൊരു ഫെഡറൽ ഭരണസംവിധാനമാണ്. അങ്ങനെയാണെങ്കിൽ നോട്ട് അച്ചടിക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാനത്തിന് ലഭിക്കണം. നോട്ട് അച്ചടിക്കാനുള്ള സ്വാതന്ത്ര്യം കേന്ദ്രത്തിന് മാത്രമേയുള്ളൂ. അതുകൊണ്ടാണ് ഓവർഡ്രാഫ്റ്റ് അനുവദിക്കാൻ സംവിധാനം വച്ചിരിക്കുന്നത്. അത് സൗജന്യവും ഔദാര്യവുമൊന്നുമല്ല. അതുകൊണ്ടാണ് ഞങ്ങൾ കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. ഇവിടെ പല കാര്യങ്ങളിലും കേന്ദ്രം സംസ്ഥാനത്തെ ഗുരുതരമായി അവഗണിച്ചിരിക്കുന്നു. നമ്മുടെ ഈ കഴിഞ്ഞ ലോക് സഭാ സമ്മേളനത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ പല അന്തർദ്ദേശീയ വിമാന കമ്പനികളും വിമാനം ഇറക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ഇത് അന്തർദ്ദേശീയ വിമാനത്താവളമാക്കാൻ ഒക്കുകയില്ലെന്ന് കേന്ദ്ര മന്ത്രി ശ്രീ. ജഗദീഷ് ടിറ്റ്ലർ പറഞ്ഞിരിക്കുന്നു. സ്വാഭാവികമായ വികസനം ഉണ്ടായിട്ടുപോലും ഇവിടെ ഒരു അന്തർദ്ദേശീയ വിമാനത്താവളം ഉണ്ടാക്കാൻ സമ്മതിക്കുകയില്ലെന്ന ധിക്കാരപരമായ നിലപാടാണ് കേന്ദ്രം സ്വീകരിച്ചിട്ടുള്ളത്. ഇറക്കുമതി നയത്തിന്റെ കാര്യത്തിലായിരുന്നാലും കേരളത്തിൽ കേന്ദ്ര മേഖലയിൽ മുതൽമുടക്കുന്ന കാര്യത്തിൽ ആയിരുന്നാലും, എഞ്ചിനീയറിംഗ് വ്യവസായം (പഴയ കോച്ച് ഫാക്ടറി ഉൾപ്പെടെ) അനുവദിക്കുന്ന കാര്യത്തിലായിരുന്നാലും സ്വീകരിക്കുന്ന നിലപാട് ഇതാണ്. വായുദൂത് എന്നുപറയുന്ന ഒരു എയർലൈൻ ഉണ്ട്. ഇത് ഉത്തരേന്ത്യൻ നഗരങ്ങളിൽ മാത്രമേ ഉള്ളൂ. ഇപ്പോൾ ഏതാണ്ട് ബാംഗ്ലൂർ വരെ വന്നുനിൽക്കുന്നു. കേരളം ഇൻഡ്യയുടെ ഭാഗമല്ലേ? ഹിന്ദി സംസാരിക്കുന്ന കുറേ ആളുകൾ മതി ഞങ്ങൾക്ക് ഭരിക്കാൻ, ബാക്കിയുള്ളതൊക്കെ ആരെങ്കിലും ഭരിച്ചോട്ടെ എന്ന നയമല്ലേ കേന്ദ്രത്തിനേറ്റത്.

സർ, മിസോറാമിൽ കുഴപ്പം ഉണ്ടായപ്പോൾ അവിടെ ആറ് കേന്ദ്ര മന്ത്രിമാർ പോയിരിക്കുന്നു വികസനപ്രവർത്തനം നടത്താൻ. ഇവിടെ ശ്രീ. കെ. കരുണാകരനെപ്പോലെ നട്ടെല്ലില്ലാത്ത ഒരു മുഖ്യമന്ത്രി ഉള്ളതുകൊണ്ട് ഇവിടം ആർക്കുംവേണ്ട, ആരും തിരിഞ്ഞു നോക്കുന്നില്ല. ഒന്നും തരുന്നില്ല. അതല്ലേ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉള്ള സ്ഥിതി? ഈ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. തലസ്ഥാന നഗരമായ തിരുവനന്തപുരം ഇന്ന് അവഗണിക്കപ്പെട്ടിരിക്കുകയാണ്. ഇവിടെ മന്ത്രി വിലാസം പരിപാടികളും നടക്കുന്നു. സപ്ലിമെന്ററി ഗ്രാന്റ്സ് നോക്കിയാൽ അറിയാം. സപ്ലിമെന്ററി ഗ്രാന്റ്സിൽ പോലീസ് സ്റ്റേഷൻ വന്നിട്ടുണ്ട്. ബഡ്ജറ്റിൽ പറഞ്ഞ എല്ലാ പോലീസ് സ്റ്റേഷനേക്കൂടാതെയും കെട്ടിടങ്ങളും പണി പൂർത്തിയായതുകൊണ്ടാണോ സപ്ലിമെന്ററി ഗ്രാന്റ്സിൽ പോലീസ് സ്റ്റേഷൻ വന്നത്. അപ്പോഴും മന്ത്രി വിലാസം പരിപാടികളും മന്ത്രിമാർക്ക് താൽപര്യമുണ്ടെങ്കിൽ, ഭരണകക്ഷി

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. മാർക്ക് താൽപര്യമുണ്ടെങ്കിൽ അതിനെല്ലാം സ്യൂ സർവ്വീസ് പ്രൊസീഡ്വർ ആയി സ്ഥാപനങ്ങളും വരും. പക്ഷേ ഇവിടെ പാവപ്പെട്ട ഒരു മന്ത്രി മാത്രം തിരുവനന്തപുരത്ത് ഉണ്ടെന്നുള്ളതുകൊണ്ട് അവഗണിക്കുന്നു. പൊതുമരാമത്തു വകുപ്പിന്റെ കാര്യത്തിൽ ആയിരുന്നാലും മറ്റുള്ള കാര്യത്തിൽ ആയിരുന്നാലും അതുപോലെയാണ്. ശ്രീ. എൻ. ശക്തൻ നാടാർ, എം. എൽ. എ. റോഡുകളെക്കുറിച്ച് ഒരു ചോദ്യം ചോദിച്ചപ്പോഴും അതിന്റെ കണക്കു പറഞ്ഞു. ഒരു കോടി തൊണ്ണൂറു രണ്ട് ലക്ഷം രൂപ ഒരു ജില്ലയ്ക്ക് കൊടുത്തപ്പോൾ 4 ലക്ഷം രൂപയാണ് തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടി കൊടുത്തത്.

ശ്രീ. പി. പി. തങ്കച്ചൻ: സർ; ഈ മന്ത്രിസഭയിൽ ഏറ്റവും കരുത്തനായ മന്ത്രിമാരിൽ, ഒരാളാണ് ശ്രീ. സുന്ദരൻ നാടാർ. അദ്ദേഹത്തെ പാവപ്പെട്ട മന്ത്രിയെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, മന്ത്രിമാരെ ഇരുത്തി അപമാനിക്കുക എന്ന ഒരു ജോലിയാണ് നമ്മുടെ മുഖ്യമന്ത്രി അടക്കമുള്ള അപ്പുറത്തെ എം. എൽ. എ.മാർ സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ തലസ്ഥാന നഗരത്തിന്റെ ആവശ്യങ്ങളും നിറവേറ്റാൻ കഴിയുന്നില്ല. അതിനുള്ള കാരണം എന്താണ്? ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന പണം മുഴുവൻ ഇവിടെ മന്ത്രിമാരുടെ സൗകര്യത്തിനുവേണ്ടി ഉപയോഗിക്കേണ്ടിവരുന്നു. റോഡ് ടാർ ചെയ്യണമെന്ന് വിചാരിച്ചാൽ സെക്രട്ടേറിയറ്റിന്റെ മുന്നിലുള്ള ഒരു റോഡ്, എം. എൽ. എ. ക്വാർട്ടേഴ്സിന്റെ മുന്നിലുള്ള ഒരു റോഡ്, മന്ത്രിമന്ദിരങ്ങളുടെ മുന്നിലുള്ള റോഡ് ഇതൊക്കെയാണ് ടാർ ചെയ്യുന്നത്. പക്ഷേ ഞങ്ങളുടെ ജില്ല എന്നു പറയുന്നത് പതിന്നാലു ജില്ലകളിൽ ഒന്ന് എന്നു കൂട്ടരുത്. അതിൽ ഇന്ന് 26 ലക്ഷം ജനങ്ങളുണ്ട്. 14 അസംബ്ലി നിയോജകമണ്ഡലങ്ങളുമുണ്ട്. ഇത് വലിയ ഒരു ജില്ലയാണ്. ഈ ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായോ അല്ലെങ്കിൽ ഭൂമിശാസ്ത്രപരമായോ പണം നീക്കിവയ്ക്കാതിരിക്കുകയും, അതിനു എല്ലാ ഡിപ്പാർട്ടുമെന്റുകളിലേയും പണം എടുത്ത് 'o' വട്ടത്തിൽ മുടക്കുകയും ചെയ്യുന്നു. തിരുവനന്തപുരം നഗരത്തിൽ തന്നെ ഒരു 2 കിലോമീറ്റർ അങ്ങോട്ടോ ഇങ്ങോട്ടോ പോയാൽ എന്താണ് സ്ഥിതി? അവിടെ കുടിക്കാൻ വെള്ളമില്ല. പൈപ്പിലെല്ലാം കാറ്റാണ്. ശ്രീ. ഹസ്സൻ വാട്ടർ ആൻഡ് വെയിസ്റ്റ് വാട്ടർ അതോറിറ്റിയുടെ ബില്ലിന്റെ ചർച്ചയിൽ ഈ കാര്യം സൂചിപ്പിക്കുകയുണ്ടായി. ഇവിടെ ഡ്രെയിനേജ് സൗകര്യവും വാട്ടർ സപ്ലൈ സൗകര്യവും ഉണ്ടെന്നുപറയുന്നതല്ലാതെ അതിന്റെ ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നില്ല. പ്രകൃതി അനുഗ്രഹിച്ച ഇൻഡ്യയിലെ ഏറ്റവും വലിയ, ശുദ്ധിയുള്ള, സൗന്ദര്യമുള്ള ഒരു നഗരമെന്ന് പേരുകേട്ട തിരുവനന്തപുരം നഗരം അനുദിനിഷം വൃത്തികെട്ട നഗരമെന്ന നിലയിലേക്ക് വന്നിരിക്കുന്നത് മനുഷ്യർ ഉണ്ടാക്കിത്തീർത്തതാണ്. അത് പരിഹരിക്കാൻ ഗവൺമെന്റിനെക്കൊണ്ട് കഴിയുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഞാൻ മുമ്പൊരിക്കൽ ആവശ്യപ്പെട്ടതുപോലെ, ഇൻഡ്യയിലെ മറ്റ് പ്രധാനപ്പെട്ട തലസ്ഥാന നഗരങ്ങളെപ്പോലെ—ഇൻഡ്യയുടെ തലസ്ഥാനമായ ന്യൂ ഡൽഹിക്കുവേണ്ടി കോടിക്കണക്കിന് രൂപ നമ്മുടെ പഞ്ചവൽസരപദ്ധതികളിൽ നീക്കിവയ്ക്കുന്നു. സംസ്ഥാനത്തിന് നീക്കി വയ്ക്കുന്നവിഹിതത്തിന്റെ എത്രയോ ഇരട്ടിയാണ് ഒരു നഗരത്തിന്റെ ആവശ്യത്തിനുവേണ്ടി നീക്കി വയ്ക്കുന്നത്. നഗരത്തിൽ താമസിക്കുന്ന ജനങ്ങൾക്കുവേണ്ടിയൊന്നും ഉള്ളതല്ല. ഇവിടെ മുടക്കുന്ന പണമെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

തലസ്ഥാനത്ത് വരുന്ന മന്ത്രിമാർക്ക് അല്ലെങ്കിൽ വന്നുചേരുന്നവർക്കുള്ള സൗകര്യത്തിനുവേണ്ടി ഒരു 'ഠ' വട്ടംവരുന്ന പ്രദേശത്തുമാത്രം മുടക്കുന്നു. ഈ നഗരത്തിൽ തന്നെ ഒഴിഞ്ഞുകിടക്കുന്ന മറ്റ് പ്രദേശങ്ങളിൽ മുടക്കാൻ വേണ്ടി ബി. ഡി. സി. യിൽ ചെന്നാൽ പണമില്ല. ഈ പണമെല്ലാം മെയിൻ റോഡിനുവേണ്ടി മാത്രം മുടക്കുന്നു എന്നതല്ലേ ഇന്നത്തെ സ്ഥിതി? അതു കൊണ്ട് ഈ തലസ്ഥാന നഗരവികസനത്തിനുവേണ്ടി പ്രത്യേകമായ ഒരു വകുപ്പ് ഉണ്ടാക്കുകയും, അതിനുവേണ്ടി സാധാരണ ബഡ്ജറ്റ് ഇനങ്ങളിൽ ഓരോ ഡിപ്പാർട്ടുമെന്റിനും നീക്കിവയ്ക്കുന്നതിൽ നിന്ന് വ്യത്യസ്തമായി പ്രത്യേകമായ ചെലവ് ഇനത്തിലേക്ക് നീക്കി വയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇവിടെ വളരെയേറെ പരാധീനതകളും ബുദ്ധിമുട്ടുകളും ഉണ്ടായിരിക്കുന്നു. വികസിച്ചു പോയി എന്നുള്ളത് ഒരു തെറ്റായിരിക്കാം. ഇവിടെ വിവിധ വകുപ്പുകൾ പല കാര്യങ്ങൾക്കുവേണ്ടി ചോദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം വ്യവസായങ്ങൾ കുറവാണ്. വ്യവസായത്തോട് ചിറ്റമ്മനയം സ്വീകരിച്ചിരിക്കുന്നു.

സർ, ഞങ്ങൾ ഇവിടെ കെ. എസ്. ആർ. ടി. സി. യെ കൊണ്ട് ബുദ്ധിമുട്ടുന്നവരാണ്. കെ. എസ്. ആർ. ടി. സി. ക്കുവേണ്ടി കുറച്ചുപണം കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. എന്തിനുവേണ്ടിയാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ആ പണം ഉപയോഗിച്ച് എക്സ്പ്രസ്സും, ഫാസ്റ്റ് പാസഞ്ചറും ബസ്സുകൾ ഇറക്കുമെന്ന്. ഞങ്ങൾ ഓർഡിനറി ബസ്സിൽ സഞ്ചരിക്കുന്നവരാണ്. ഈ സംസ്ഥാനത്തൊട്ടാകെ ഓടുന്ന എക്സ്പ്രസ്സും, ഫാസ്റ്റ് പാസഞ്ചറും വല്ലസ്ഥലത്തും മുടിച്ച് അതിന്റെ മെയിൻ പ്ലേറ്റ് പൊട്ടി കേടായ വണ്ടികൾ പെയിന്റടിച്ച് ഞങ്ങൾക്ക് തരാമെന്നാണോ പറയുന്നത്? ചെങ്കോട്ടയിൽ ഒരു ബസ് മറിഞ്ഞു. എന്താണ് കാരണം? മെയിൻ പ്ലേറ്റ് പൊട്ടി. തിരുവനന്തപുരത്ത് അമ്പലത്തറയിൽ ഒരു ബസ മറിഞ്ഞു. എന്താണ് കാരണം? മെയിൻ പ്ലേറ്റ് പൊട്ടി. കാട്ടാക്കട ഒരു ബസ് മറിഞ്ഞു. പണ്ട് ഇൻഡ്യയിലെ വിമാനങ്ങളെക്കുറിച്ച് ഫ്ലിറ്റ്സ് എന്നുപറയുന്ന ഒരു വാരിക ഫ്ളൈയിംഗ് കോഫിൻസ് എന്ന ഒരു ലേഖനം എഴുതിയിട്ടുണ്ട്. ആ അവസ്ഥയിൽ ഇന്ന് ട്രാൻസ്പോർട്ടിൽ കണ്ടം ചെയ്ത കുറേ ബസ്സുകളുണ്ട്. സ്വകാര്യ ബസ് ഓപ്പറേറ്റർമാർ ഇറക്കുന്നത് പുതിയ ബസ്സുകളാണ്. കെ. എസ്. ആർ. ടി. സി. ഞങ്ങൾക്കുവേണ്ടി വച്ചിരിക്കുന്നത് കണ്ടം ചെയ്ത പഴയ ബസ്സുകളാണ്. 3200 ബസ്സുകൾ ഉണ്ടെന്നാണ് മന്ത്രി പറയുന്നത്. അതിന്റെ പകുതി ബസ്സെങ്കിലും യഥാർത്ഥത്തിലുണ്ടോ? തിരുവനന്തപുരം നഗരത്തിന്റെ സ്ഥിതിയെന്താണ്? തിരക്കുള്ള സമയത്തും, ഓഫീസിൽ പോകേണ്ട സമയത്തും ഒക്കെ ചെന്നു നോക്കണം ഓരോ ജംഗ്ഷനിലും ആയിരക്കണക്കിന് ആളുകൾ കൂടി നിൽക്കുന്നു. ഒരു ബസ്സിൽ ഇരുന്നൂറും ഇരുന്നൂറിയമ്പതും പേർ കയറുന്നു. ആ ബസ് എങ്ങനെ സഞ്ചരിക്കുന്നു. മരണവുംകൊണ്ടാണ് ആ ബസ് സഞ്ചരിക്കുന്നത്. അതുകൊണ്ട് കെ. എസ്. ആർ. ടി. സി.യിലെ പണം മുഴുവനും ഇങ്ങനെ എക്സ്പ്രസ്സും ഫാസ്റ്റ് പാസഞ്ചറും ഓടിക്കാനാണ് തീരുമാനിക്കുന്നതെങ്കിൽ അത് യാത്രാപ്രശ്നം പരിഹരിക്കുകയില്ല. ഒരു പക്ഷേ ഇന്ന് മറ്റേതു ജില്ലയേക്കാളും വളരെക്കുറച്ച് ബസ്സുകൾ ഉള്ളത് ഇവിടെയാണ്. സ്വകാര്യ ബസ്സുകൾ ഇന്ന് മറ്റ് ജില്ലകളിൽ ഓടുന്നുണ്ട്. ഇവിടെ സ്വകാര്യ ബസ്സുകൾ ഇല്ല. കെ. എസ്. ആർ. ടി. സി. ബസ് മാത്രമേയുള്ളു. 1000 ബസ് ഓടേണ്ട ഒരു സ്ഥലത്തുകൂടെ 50 ബസ്സുകൾ ഓടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതും ആളുകൾക്ക് യാത്രക്ക് അസൗകര്യം ഉണ്ടാക്കുന്നു. ഓടുന്ന ബസ്സാണെങ്കിൽ കട്ടപ്പുറത്ത് ആകുന്നു. അതുകൊണ്ട് ഈ പണം കൊണ്ട് നിങ്ങളും ബസ് വാങ്ങുന്നതോടൊപ്പംതന്നെ സ്പെയർ പാർട്ട്സും വാങ്ങാൻ തയ്യാറാകണം. ഈ ദുരിതങ്ങളെല്ലാം ഞങ്ങൾ സഹിച്ചുകൊള്ളണമെന്നാണോ?

സർ, കുടിവെള്ളമില്ല. മലിനജല നിർമ്മാർജ്ജനമില്ല. ട്രാൻസ്പോർട്ട് സൗകര്യമില്ല. കിട്ടുന്നയവസരം മുഴുവൻ അഴിമതി നടത്തുകയാണ്.

മറെറാരു വലിയ പ്രശ്നം ചുമട്ടുതൊഴിലാളി ബോർഡിലെ നിയമനമാണ്. അതാര് ചെയ്തെന്നു ഞാൻ പറയുന്നില്ല. അതു വ്യക്തമായി നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാണിച്ചില്ലേ? അതൊരു ഒറ്റപ്പെട്ട സംഭവമാണോ? വാട്ടർ അതോറിറ്റി വെയ്സ്റ്റ് വാട്ടർ അതോറിറ്റി വന്നു. ജനങ്ങൾക്ക് വെള്ളം കൊടുക്കുകയെന്നുള്ളതല്ല അതിന്റെ ഉദ്ദേശം. അവിടേയും അവിഹിതമായ നിയമനമാണ് ഉദ്ദേശം. മൽസ്യഫെഡ് എന്നൊരു സ്ഥാപനമുണ്ടായി. അവിടേയും നിയമനമാണ്. സി. ടി. സുകുമാരനെന്ന ഐ. എ. എസ്. മാനേജിംഗ് ഡയറക്ടർ അവിടെ ടെസ്റ്റ് നടത്തി. ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് പുറത്തു വന്നതിനുശേഷം തോറ്റവനെ വിളിച്ച് ഇൻറർവ്യൂ നടത്തണമെന്നു ഇവിടത്തെ മുഖ്യമന്ത്രി തന്നെ ഉത്തരവു നൽകിയില്ലേ? എല്ലായിടത്തും കൈക്കൂലി വാങ്ങുകയാണ്; കയ്യിട്ട് വാരുകയാണ്. സർക്കാർ സംവിധാനങ്ങൾ മുഴുവൻ സ്വന്തം സിൽബന്ധികൾക്കുവേണ്ടി വിനിയോഗിക്കുകയാണ്. ആരെങ്കിലും അതിന് കുറ്റം പറഞ്ഞാൽ അവരെ പുലഭ്യം പറഞ്ഞിട്ട് കാര്യമില്ല. ഫലപ്രദമായി ഈ ഗവൺമെൻറ് പൊതുപ്പണം ചെലവാക്കുന്നില്ലെന്ന് ഉത്തമബോദ്ധ്യമുള്ളതുകൊണ്ട് ഒരിക്കൽകൂടി ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. വി. മാണി: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള അധിക ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോഴുമുതൽ രണ്ടു കാര്യങ്ങളാണ് ഒരു ഭീഷണിപോലെ ഈ ഗവൺമെൻറിനെതിരായി പ്രതിപക്ഷങ്ങളും പ്രകടിപ്പിച്ചുകൊണ്ടിരുന്നത്. ഒന്ന് ഈ ഗവൺമെൻറിന് 5 കൊല്ലം ഭരിക്കാൻ സാധിക്കുകയില്ലെന്നുള്ളതായിരുന്നു. ഇന്ന് ഏതായാലും ആ പ്രചരണം നടത്തുവാൻ നിവൃത്തിയില്ലാത്ത സ്ഥിതിയാണ്. ജനോപകാരപ്രദമായ പദ്ധതികളുമായി ഈ ഗവൺമെൻറ് മുന്നോട്ടുപോയി 5 വർഷവും പൂർത്തിയാക്കുമെന്ന് ഇപ്പോൾ പ്രതിപക്ഷത്തിന് ബോദ്ധ്യമായിട്ടുണ്ട്. രണ്ടാമത്തേത്, ഈ ഗവൺമെൻറിന് ഭരണകാലം മുഴുവൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരിക്കുമെന്നതാണ്. അതിൽനിന്ന് ഈ ഗവൺമെൻറ് കരകയറുകയില്ലെന്നും അതുകൊണ്ട് ഈ ഗവൺമെൻറിന് നല്ലകാര്യങ്ങൾ ചെയ്യാൻ സാദ്ധ്യമാകുകയില്ലെന്നുമായിരുന്നു. എന്റെ സുഹൃത്ത് ശ്രീ. ശങ്കരനാരായണപിള്ള പ്രസംഗിച്ചപ്പോൾ പറഞ്ഞു ശ്രീ. മാണി ബഡ്ജറ്റിൽ എന്തൊക്കെയോ കസർത്തു കാണിച്ചു, അതുകൊണ്ടാണ് സപ്ലിമെൻററി ഡിമാൻഡ് കൊണ്ടുവന്നതെന്ന്. ഇങ്ങനെ ഓരോ വകുപ്പിനും അൽപ്പം കൂടുതൽ ചെലവുകൾ വന്നാൽ അത് അസംബ്ലിയിൽ പാസ്സാക്കേണ്ടയാവശ്യമുണ്ട്. ഇത് എല്ലാ വർഷവുമുള്ള കാര്യമാണ്. അല്ലാതെ പെട്ടെന്നു കഴിഞ്ഞ വർഷത്തെ ഏതെങ്കിലും കാര്യത്തിന് വേണ്ടി കൊടുക്കാൻ മാത്രമുള്ള ഉപധനാഭ്യർത്ഥനയല്ല ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ശ്രീ. ശങ്കരനാരായണപിള്ള കാര്യങ്ങൾ മനസ്സിലാക്കാതെ പറഞ്ഞതാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് തോന്നുന്നത്. കഴിഞ്ഞ വർഷം ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പ്രതിദിനം 60 ലക്ഷം രൂപ കമ്മിയായിരുന്ന ഒരു അവസ്ഥയായിരുന്നു. ഈ വർഷം മിച്ചബഡ്ജറാണ്. യഥാർത്ഥത്തിൽ മിച്ച ബഡ്ജറാണെന്നു പ്രതിപക്ഷത്തിനും ബോദ്ധ്യപ്പെട്ടിരിക്കുന്ന ഇ അവസരത്തിൽ ഈ രീതിയിൽ സാമ്പത്തികമായ ഡിസിപ്ലിനറി മാനേജ്മെൻറ് കൊണ്ട് അധികവരുമാനമുണ്ടാക്കിയതുകൊണ്ട് ഈ ഗവൺമെൻറിന് 242 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് നികത്തി മിച്ചമായി മുന്നോട്ടു പോകാൻ കഴിഞ്ഞു. അതിന് എൻെറ നേതാവും മുൻധനകാര്യമന്ത്രിയുമായ ശ്രീ. കെ. എം. മാണിയെ ഈ അവസരത്തിൽ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പ്രതിപക്ഷത്ത് ഇതിനെപ്പറ്റിയുള്ള വിവാദങ്ങം ഇപ്പോഴും കെട്ടടങ്ങിയിരിക്കുകയാണ്. ശ്രീ. ശങ്കരനാരായണപിള്ള പറഞ്ഞതുപോലെയുള്ള ഒരുവിധ ചപ്പടാച്ചിയും ഒരു കൺകെട്ടുവിദ്യയും ഇക്കാര്യത്തിൽ കാണിച്ചിട്ടില്ലെന്നു സാമാന്യബുദ്ധി വച്ചുനോക്കിയാലറിയാം. കഴിഞ്ഞവർഷം സെയിൽസ് ടാക്സ് ഇനത്തിലും എ. എസ്. ടി. ഇനത്തിലും ഉദ്ദേശിച്ചതിലും 100 കോടി രൂപ അധികം പിരിച്ചെടുക്കാൻ സാധിച്ചു. അതുപോലെതന്നെ കേന്ദ്രസഹായം നമ്മം ഉദ്ദേശിച്ചതിലും അധികം കിട്ടി. കേന്ദ്രസഹായം കൂടുതൽ കിട്ടുകയും ഉദ്ദേശിച്ചതിലും കൂടുതൽ അധികവരുമാനം ഉണ്ടാക്കുകയും ചെയ്തതുകൊണ്ട് സ്വാഭാവികമായും കമ്മി നികത്തുവാനും മിച്ചമുണ്ടാക്കുവാനും സാധിച്ചു എന്നുള്ള കാര്യം എല്ലാപേർക്കും അറിയാം. മിച്ചമില്ലെന്നൊക്കെ നിങ്ങ എത്ര പ്രസംഗിച്ചാലും യാഥാർത്ഥ്യം ഇതാണ്. പുതിയ ധനകാര്യ മന്ത്രിയും സഭയിൽ ഇതു പറഞ്ഞിരിക്കുകയാണ്. കണക്കുകളിലൂടെ അതു സമർത്ഥിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെൻറ് നല്ല സാമ്പത്തിക അടിത്തറയിലൂടെതന്നെ മുന്നോട്ടുപോകും. ഇപ്പോൾ ഈ ഗവൺമെൻറ് 5-ാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. ചില കാര്യങ്ങം ഞാൻ അഭിമാനപൂർവ്വം ഈ അവസരത്തിൽ പറയുകയാണ്. 4 വർഷംകൊണ്ട് ജനോപകാരപ്രദമായ നിരവധി കാര്യങ്ങം ഈ ഗവൺമെൻറ് ചെയ്തിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു സർവ്വകാല റിക്കാർഡാണ്.

ഹൗസിംഗിനെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങം സൂചിപ്പിക്കാനുണ്ട്. അന്തരിച്ച ശ്രീ. എം. എൻ. ഗോവിന്ദൻ നായരുടെ കാലത്താണ് ഇൻഡ്യയിൽത്തന്നെ പുതിയ ഒരു ഹൗസിംഗ് സ്കീം ആദ്യമായി തുടങ്ങിയതെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അങ്ങനെ തുടങ്ങിയ ലക്ഷംവീടുപദ്ധതി ഇൻഡ്യയ്ക്കുതന്നെ മാതൃകയായിട്ട് മാറുകയുണ്ടായി. പക്ഷേ അതിൽ ചില പോരായ്മകളുണ്ടായിരുന്നു. അത് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ആ സ്കീമിൽ അതിൻെറ ബെനിഫിഷ്യറിയെ സംബന്ധിച്ചിടത്തോളം കൂടുതൽ ജനങ്ങളുടെ പാർട്ടിസിപ്പേഷൻ ഇല്ലാതിരുന്നതുകൊണ്ട് ആ സ്കീം ഉദ്ദേശിച്ചത്രയും വേഗത്തിൽ പൂർത്തിയാക്കാൻ സാധിച്ചില്ല. എങ്കിലും നല്ല ഒരു ആശയം ആയിരുന്നു അത്. കുറെ നല്ലകാര്യങ്ങം ചെയ്യുവാനും സാധിച്ചു. ഈ കഴിഞ്ഞവർഷം ഇവിടെ നടന്നതെന്താണ്? ഹൗസിംഗിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു നിശ്ശബ്ദവിപ്ലവം തന്നെ നടന്നിരിക്കുകയാണ്. 2 വർഷം മുമ്പ് ഇന്ദ്യൻപ്രസിഡൻറ് തന്നെ അങ്ങമാലിയിൽ വന്നു വാളൻറി ഓർഗനൈസേഷനെ പങ്കെടുപ്പിച്ചുകൊണ്ട് പുതിയ ഒരു ഹൗസിംഗ് സ്കീം ആരംഭിച്ചു. അതിൽ ഇരുപത്തീരായിരത്തോളം വീടുകൾ തീർക്കാൻ കഴിഞ്ഞു. 50,000-ത്തോളം വീടുകൾ കൂടി ഉടനെ തീരുന്നതാണ്. ആദ്യകാലത്ത് ഇതു നടക്കുകയില്ലെന്നാണ് പറഞ്ഞിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തെങ്കിലും ഇന്ന് ഈ സംസ്ഥാനത്ത് എമ്പാടും ഹരിജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് നല്ല കോണ്ക്രീറ്റ് ചെയ്തതും ഓടിട്ടതുമായ ഒന്നാംതരം വീടുകൾ ഉയർന്നുവരികയാണ്. അതിനുപുറിയായി സംസ്ഥാനത്തെ വീക്കർ സെക്ഷനുവേണ്ടി ഒരു ലക്ഷം വീടുകൾ നിർമ്മിക്കുകയെന്നു പറഞ്ഞാൽ കേരളത്തെപ്പോലെയുള്ള ഒരു ചെറിയ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം റിക്കാർഡ് തന്നെയാണ്. സാധാരണഗതിയിൽ കുറഞ്ഞത് 3 കൊല്ലമെങ്കിലുംകൊണ്ടേ ഒരു ലക്ഷം വീട് പൂർത്തിയാകുകയുള്ളൂ. ഇവിടെ 6 മാസംകൊണ്ട് 46,000 വീടുകൾ പൂർത്തിയാക്കുകയും ഒരു വർഷംകൊണ്ട് ഒരുലക്ഷം വീടുകൾ നിർമ്മിക്കുകയും ചെയ്യുന്നത് ഇൻഡ്യയിൽത്തന്നെ ഒരു ചരിത്രസംഭവമാണ്. ആ വീടുകളുടെ പണി തീരാൻപോകുകയാണ്. അതിന്റെ സെക്കൻഡ് ഇൻസ്റ്റാൾമെന്റ് കിട്ടിയില്ല, തേഡ് ഇൻസ്റ്റാൾമെന്റ് കിട്ടിയില്ല എന്നൊക്കെ നമ്പ്യാടൻ പറഞ്ഞു. ഇത് വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നു ലോണെടുത്തു ചെയ്യുന്ന കാര്യമാണ്. വലിയ ഒരു കമ്മിറ്റ്മെന്റാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. സ്വാഭാവികമായും അതിന് ഒരു ദിവസമോ ഒരാഴ്ചയോ ഒരു മാസമോ കാലതാമസമുണ്ടാകും. യേവ് വിചാരിച്ച് അതിനെ ഈ രീതിയിൽ വികലമായി കാണരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. ശ്രീ. നമ്പ്യാടന്റെ തൃശ്ശൂർ ജില്ലയാണ് ഇക്കാര്യത്തിൽ ഏറ്റവുംകൂടുതൽ മുന്നോട്ടു പോയിട്ടുള്ളത്. ഇവിടെ ലക്ഷം വീടുകളുടെ പണി തീരാൻ പോകുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു ചരിത്രസംഭവമാണ്. അത്രമാത്രം കാര്യങ്ങൾ ചെയ്തിട്ടുള്ള ഒരു ഗവൺമെന്റാണിത്. വീക്കർ സെക്ഷനുവേണ്ടി ഒന്നര ലക്ഷം വീടുകളുടെ ഒരു വൻ പദ്ധതികൂടി ഒക്ടോബർ മാസത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ പോകുകയാണ്. ഒന്നര ലക്ഷം വീടുകൂടി ഒരു കൊല്ലംകൊണ്ട് തീരുവാൻ പോകുകയാണ്.

നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ കുത്തഴിഞ്ഞ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടേണ്ടതു് അത്യാവശ്യമാണ്. കുത്തഴിഞ്ഞു കിടക്കുന്ന അവയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകമാക്കണം. നാം നികുതി കൊടുക്കുന്ന, നമ്മുടെ ബജനാവിലെ പണം വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാതെ പല പൊതുമേഖലാ സ്ഥാപനങ്ങളും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതു ശരിയല്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുള്ളതു തന്നെ ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസിൽ നിന്നും കിട്ടുന്ന പണംകൊണ്ട് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടിയാണ്. പക്ഷേ പല പൊതുമേഖലാസ്ഥാപനങ്ങളും ഇന്ന് അതല്ല ചെയ്യുന്നത്. ഏതായാലും ഗവൺമെന്റ് ഇവയുടെ പ്രവർത്തനങ്ങൾ അടിയന്തിരമായി നിയന്ത്രിക്കേണ്ടതും ഒരു ഡിസിപ്ലിൻ കൊണ്ടുവരേണ്ടതും ഇന്ന് ഒരാവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനവും പബ്ലിക് യൂട്ടിലിറ്റി സർവ്വീസുമാണ് കെ. എസ്. ആർ. ടി. സി. അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ മന്ത്രി ശ്രീ. പി. കെ. വേലായുധനെ ഞാൻ കുറ്റം പറയുന്നില്ല. കഴിഞ്ഞകാലങ്ങളിൽ അനുവർത്തിച്ചുപോന്ന പല നയങ്ങളും കെ. എസ്. ആർ. ടി. സി. യെ ഇന്നത്തെ പരിതാപകരമായ അവസ്ഥയിൽ എത്തിച്ചു എന്നുള്ളതു് ഒരു സത്യമാണ്. ഞാൻ പുതിയ മന്ത്രിയേയോ മുമ്പിരുന്ന മന്ത്രിയേയോ കുറ്റം പറയുകയല്ല. കെ. എസ് ആർ. ടി. സി. കുറച്ചുകൂടി ശക്തിപ്പെടുത്തണം.

ശ്രീ. വി. ജെ. തങ്കപ്പൻ: അങ്ങ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നടക്കുന്ന കാര്യങ്ങളും പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്. ചുമട്ടുതൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്കും മോട്ടോർ തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി 70—ഓളം നിയമനങ്ങളും നടത്തിയ കഥ അങ്ങ് തന്നെ ചെയർമാനായ ഒരു കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടില്ലേ? ആ ധൂർത്തിനെക്കുറിച്ച് ഒന്നു വിശദീകരിക്കാമോ?

ശ്രീ. എം. വി. മാണി: കമ്മിറ്റിയുടെ റിപ്പോർട്ട് വളരെ വിശദമായി വന്നിട്ടുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് വായിക്കാം. അതിൽ കമ്മിറ്റിയുടെ നിഗമനങ്ങളും പറഞ്ഞിട്ടുണ്ട്. അതിൽക്കൂടുതലായി ഒന്നും പറയാനില്ല.

ശ്രീ. ടി. എസ്. ജോൺ: അങ്ങ് ചെയർമാനായിരുന്ന ആ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ബഹുമാനപ്പെട്ട മന്ത്രിയോ ഗവൺമെന്റോ എന്തെങ്കിലും കുറ്റം ചെയ്തതായിട്ട് പ്രതിപാദിച്ചിട്ടുണ്ടോ?

ശ്രീ. എം. വി. മാണി: ഇല്ല. വ്യക്തിപരമായ രീതിയിൽ മന്ത്രിയെന്ന നിലയിൽ കുറ്റം ചെയ്തതായി ആ റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. അതിലെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം നിയമപരമല്ല എന്ന കമ്മിറ്റിയുടെ നിഗമനം വളരെ വ്യക്തമാക്കിയിട്ടുണ്ട്. മന്ത്രി അതിൽ യാതൊരു രീതിയിലും കുറ്റക്കാരനാണെന്നു ഞങ്ങളാരും പറഞ്ഞിട്ടില്ല. കമ്മിറ്റി റിപ്പോർട്ട് നിങ്ങൾക്ക് വായിച്ചുനോക്കാവുന്ന കാര്യമാണ്. അതിനെ സംബന്ധിച്ചുള്ള തർക്കങ്ങളിലേക്ക് പോകേണ്ട കാര്യമില്ല. അത് ഈ അസംബ്ലിയിൽ പ്രസന്റ് ചെയ്ത റിപ്പോർട്ടാണ്. അതിലെ ഓരോ വാചകങ്ങളും വാക്കുകളും നിങ്ങൾക്ക് വായിക്കാം. അത് തർക്കമില്ലാത്ത കാര്യമാണ്. നമ്മൾ അതിനെപ്പറ്റി വിവാദങ്ങൾ നടത്തേണ്ട കാര്യമില്ല. നമുക്കെല്ലാപേർക്കും അതു വായിക്കാം. അതിനെപ്പറ്റി അഭിപ്രായങ്ങൾ പറയാം. മന്ത്രിയെപ്പറ്റി ഞങ്ങൾ വ്യക്തിപരമായി ഒന്നും പറഞ്ഞിട്ടില്ല. കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെന്റ് ചെയ്യുന്ന ചില ന്യൂനതകൾ,—വൈകല്യങ്ങൾ എസ്.ആർ.ഒ. നോക്കി ചൂണ്ടിക്കാണിക്കുകയെന്നുള്ളതാണ് കമ്മിറ്റിയുടെ ചുമതല. ആ ചുമതല കമ്മിറ്റി ചെയ്തു. അതിൽ യാതൊരു സംശയവുമില്ല. അതു സംബന്ധിച്ചുള്ള അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ശ്രീ. വി. കെ. രാജൻ: മന്ത്രിയെപ്പറ്റി അതിനകത്ത് പരാമർശിച്ചിട്ടില്ലെന്നല്ലേ അങ്ങ് പറഞ്ഞത്? എന്നാൽ അതിനാവശ്യമായ രേഖകൾ തരുന്നതിന് മന്ത്രി തടസ്സം സൃഷ്ടിച്ചു എന്ന് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല?

ശ്രീ. എം. വി. മാണി: അല്ല. ആ റിപ്പോർട്ടുണ്ട്. ബഹുമാനപ്പെട്ട രാജൻ അതിലെ ഓരോ വാക്കും വാചകവും വായിച്ചു നോക്കാവുന്നതാണ്. ഞങ്ങൾ പറഞ്ഞ കാര്യമാണ് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അതിനെപ്പറ്റി യാതൊരു സംശയവുമില്ല.

ശ്രീ. വി. ദിനകരൻ: ബന്ധപ്പെട്ട ഫയൽ മന്ത്രി നേരിട്ട് തന്നതാണോ അതോ ചീഫ് സെക്രട്ടറിയാണോ അതു തന്നത്?

ശ്രീ. എം. വി. മാണി: അത് ചീഫ് സെക്രട്ടറിയാണ്. ഞാൻ അതിലേക്ക് ഒന്നും കടക്കുന്നില്ല. കമ്മിറ്റി റിപ്പോർട്ടിനെപ്പറ്റി അസംബ്ലിയിൽ ചർച്ചചെയ്യേണ്ടതാണ്. പക്ഷേ നിർഭാഗ്യവശാൽ നമ്മുടെ അസംബ്ലിക്ക് അങ്ങനെയില്ല. എനിക്ക് വേറെ ചില കാര്യങ്ങളും പറയാനുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. കമ്മിറ്റി റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വച്ചിട്ടുള്ളതാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രത്യേകിച്ച് കെ. എസ്. ആർ. ടി. സി. ക്ക് വേണ്ടി കോടിക്കണക്കിനു രൂപ എല്ലാവർഷവും അസംബ്ലി പാസ്സാക്കിക്കൊടുക്കുന്നുണ്ട്. കോടിക്കണക്കിനു രൂപ ഗവൺമെന്റ് എല്ലാ വർഷവും ഷെയർ ക്യാപ്പിറ്റലായിട്ട് കൊടുക്കുന്ന സ്ഥാപനമാണത്. ഏറ്റവും കൂടുതൽ പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് നടത്തുന്ന ഒരു സ്ഥാപനമെന്നുള്ള നിലയ്ക്ക് കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനങ്ങളുമായിട്ട് ജനപ്രതിനിധികളായ എം. എൽ. എ. മാർക്കും അതുപോലുള്ള മറ്റ് ആളുകൾക്കും ബന്ധപ്പെടാം. ആ സർവ്വീസിന്റെ പോരായ്മകൾ പരിഹരിച്ച് ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കാൻ ഒരു വേദി ഇന്നില്ല എന്നുള്ളത് ഒരു സത്യമാണ്. ഡി. ഡി. സി. കൂടുമ്പോൾ ഒരു കണ്ടക്ടറോ അല്ലെങ്കിൽ കെ. എസ്. ആർ. ടി. സി. യിലെ സബ് ഡിപ്പോയിലുള്ള മറ്റാരെങ്കിലുമോ വന്ന് അറ്റൻഡ് ചെയ്യുമ്പോൾ ആ ജില്ലയിലുള്ള കാര്യത്തെപ്പറ്റിതന്നെ പറയാൻ സാധിക്കാത്ത ഒരു സ്ഥിതി ഇന്നുണ്ട്. ഇതിന് ഒരു മാറ്റം വരുത്തണം. ഒരു ജില്ലയെ എങ്കിലും കേന്ദ്രീകരിച്ചുകൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും ഒരു യൂണിറ്റ് കേന്ദ്രീകരിച്ചുകൊണ്ടോ കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടാക്കണം. അത് വലിയ പണച്ചെലവില്ലാത്ത ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, 1985 ഫെബ്രുവരി 2–ാം തീയതി കെ. എസ്. ആർ. ടി. സി. യിലേക്ക് കണ്ടക്ടർമാരുടെ നിയമനത്തിനു വേണ്ടി 5009 പേരുടെ ഒരു സെലക്ഷൻ ലിസ്റ്റ് പി. എസ്. സി. പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ ഇന്നേവരെ അതിൽനിന്ന് ഒരാളെപ്പോലും നിയമിച്ചിട്ടില്ല എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. വി. മാണി: ആവശ്യമുണ്ടെങ്കിലല്ലേ ആളുകളെ നിയമിക്കാൻ പറ്റുകയുള്ളൂ? വെറുതേ ആളുകളെയൊക്കെ നിയമിച്ചതുകൊണ്ട് കാര്യമില്ലല്ലോ. എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി പറയുകയാണെങ്കിൽ ഇപ്പോഴും കെ. എസ്. ആർ. ടി. സി യിൽ കൂടുതൽ ജോലിക്കാരാണുള്ളതെന്ന അഭിപ്രായക്കാരനാണു ഞാൻ. ഇന്ന് ഒരു ബസ്സിനു 14.5 സ്റ്റാഫ് വീതം ഉണ്ടെന്നാണ് കണക്ക്. ബഹുമാനപ്പെട്ട നമ്പാടന്റെ കാലത്തുതന്നെ ആവശ്യമില്ലാതെ കുറെ കൂട്ടി. അക്കാര്യത്തെപ്പറ്റി യാതൊരു തർക്കവുമില്ല. അതൊക്കെത്തന്നെ എനിക്ക് വ്യക്തിപരമായി അറിയാവുന്ന കാര്യമാണ്. എന്റെ വ്യക്തിപരമായ അഭിപ്രായം ഞാൻ തുറന്നുപറയുന്നുവെന്നേയുള്ളൂ. കെ. എസ്. ആർ. ടി. സി. യിൽ തൊഴിലാളികളുടെ എണ്ണം ഒരു ബസ്സിനുള്ളതു വളരെ കൂടുതലാണ്. അത് കുറയ്ക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ശ്രീ. ടി. എസ്. ജോണിന് വേറെ ചില അഭിപ്രായങ്ങൾ കാണും. എന്തായാലും കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി ഒന്നുകൂടി ശക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കാരണം ബഹുജനങ്ങളുമായി അത്രമാത്രം ബന്ധപ്പെടുന്ന പബ്ലിക് യൂട്ടിലിറ്റി സർവ്വീസാണത്. അത് നമുക്ക് എടുത്തു കളയാൻ സാധിക്കുകയില്ല. അതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പുതിയ മന്ത്രിക്ക് കഴിയട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നിപ്പോഴും പവർകട്ട് ഏർപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ ജലസമ്പത്ത് ഇന്നും 40 ശതമാനം മാത്രമേ ഉപയോഗിക്കുന്നുള്ളുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ പല ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെയും പണി ഇനിയും തീരാനുണ്ട്. ഇന്നും നമ്മുടെ പല പ്രോജക്ടുകൾക്കും കേന്ദ്രാനുമതി കിട്ടാതെയും മറ്റു പല കാരണങ്ങളാലും മുടങ്ങിക്കിടക്കുകയാണ്. ഏറ്റവും വേഗം ഒരു യുദ്ധ കാലാടിസ്ഥാനത്തിൽ ഇതെല്ലാം ചെയ്തുതീർക്കണം. നമ്മുടെ രാജ്യത്തിന്റെ വികസനത്തിന് ഒരു അടിത്തറയാണ് ഇലക്ട്രിസിറ്റി എന്നു പറയുന്നത്. അതോടൊപ്പംതന്നെ നമുക്ക് ഒരു തെർമൽ സ്റ്റേഷനും വേണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എത്രയൊക്കെയായാലും പ്രകൃതിയെ ആശ്രയിച്ചു ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയാൽ നമുക്ക് ഈ രീതിയിലുള്ള പവർകട്ടുകൾ ഇനിയും ഉണ്ടാകും. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലത്തെ അനുഭവങ്ങൾ അതാണ് സൂചിപ്പിക്കുന്നത്. ഈ കൊല്ലവും അത് ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഒരു തെർമൽ സ്റ്റേഷൻ ഉണ്ടാകണം, അതിനുവേണ്ടി ശക്തമായ സമ്മർദ്ദം കേന്ദ്രഗവൺമെന്റിൽ ചെലുത്തണം. ന്യൂക്ലിയർ പവർ സ്റ്റേഷന്റെ കാര്യത്തിൽ പല വാദപ്രതിവാദകോലാഹലങ്ങളുമുണ്ട്. റഷ്യയിൽ ഇന്നത്തെ സ്ഥിതിക്കാലത്തു നടന്ന സംഭവം പരിഗണിച്ചുകൊണ്ട് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഈ കൊച്ചു സംസ്ഥാനത്ത് അതു വേണമോ വേണ്ടയോ എന്നുള്ള കാര്യം വളരെ ഗൗരവമായി ആലോചിക്കണം. ഓയിൽ കൊണ്ടോ മറ്റു രീതിയിലോ ഉള്ള തെർമൽ സ്റ്റേഷനായിരിക്കും നല്ലതെന്നാണ് എനിക്ക് ഇക്കാര്യത്തിൽ അഭിപ്രായം ഉള്ളത്.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനെ സംബന്ധിച്ച് ഈയടുത്തകാലത്ത് ചില പത്രങ്ങളിൽ തെറ്റിദ്ധാരണാജനകമായ ചില വാർത്തകൾ വന്നിരുന്നു. അതിന്റെ കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. സ്വന്തമായി ചില കാര്യങ്ങൾ നടക്കാതെ വരുമ്പോൾ ചിലർ അതിനെതിരായ രീതിയിലുള്ള ദുഷ്പ്രചരണങ്ങൾ പത്രങ്ങളിൽക്കൂടി നടത്തുക പതിവാണ്. കഴിഞ്ഞ മൂന്നു വർഷമായിട്ട് കെ.എസ്.എഫ്.സി. നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. അത് തർക്കമില്ലാത്ത കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തെപ്പറ്റി ഒരു വിശദീകരണം ഈ അസംബ്ലിയിൽ തരണം. കാരണം, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള വാർത്തകൾ വരുന്നത് ശരിയല്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. നമ്മുടെ രാജ്യത്ത് ഇപ്പോൾ പ്രതിപക്ഷം സംസാരിക്കുന്നത് എം. വി. രാഘവനെ ഞങ്ങൾ ചുമന്നുകൊണ്ടു നടക്കുന്നുവെന്നുള്ള രീതിയിലാണ്. എം. വി. രാഘവന് വളരെ ഇമ്പോർട്ടൻസ് കൊടുക്കുന്നത് ഇവിടത്തെ ഭരണകക്ഷിയാണെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കുത്തകപ്പത്രം പറയാറുണ്ട്. ബഹുമാനപ്പെട്ട നായനാർ മാർക്സിസ്റ്റ് പാർട്ടിയുടെ പത്രമായ 'ദേശാഭിമാനി'യിലെ കഴിഞ്ഞ രണ്ടുമാസത്തെ വാർത്തകൾ നോക്കിയാൽ എം. വി. രാഘവനെപ്പറ്റിയുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൻമാരുടെ പ്രസ്താവനകളും അഭിപ്രായത്തിനെതിരായിട്ടുള്ള പ്രചരണങ്ങളുമല്ലാതെ മറ്റെന്തെങ്കിലുമുണ്ടോ? നിങ്ങൾ തന്നെയാണ് എം. വി. രാഘവനെപ്പറ്റി പലതും പറയുന്നത്. ഇന്നലെ തൃശ്ശൂരിൽ എം. വി. രാഘവൻ പാർട്ടിയുണ്ടാക്കുമ്പോൾ കേരള സംസ്ഥാനമൊട്ടാകെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ എല്ലാ പഞ്ചായത്തുകളിലും വില്ലേജുകളിലും പൊതുയോഗവും പ്രകടനവും നടന്നു. അവിടെയെല്ലാം മുഴങ്ങിക്കേട്ട മുദ്രാവാക്യം 'ആൻറി എം. വി. അർ.

LIBRARY ARCHIVES Kerala Legislative Assembly

ആണ്. ഇതു ഞങ്ങളല്ല പറയുന്നത്. എം. വി. രാഘവനുമുമ്പ് കെ. പി. ആർ. ഗോപാലനേയും മറ്റു പലരേയും സസ്പെൻഡ് ചെയ്തകാലത്ത് ഇതൊന്നും കേട്ടിരുന്നില്ല. ശ്രീ. എം.വി.രാഘവൻ ഇത്ര വലിയ ആളാണെന്ന് ഇപ്പോഴാണ് ഞങ്ങൾക്കു ബോദ്ധ്യമായത്. അദ്ദേഹം ഇത്ര വലിയ ആളാണെന്ന് ഞങ്ങൾ ധരിച്ചിരുന്നില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: സർ, എം. വി. രാഘവനെ പ്പറ്റി നിരന്തരമായി ദേശാഭിമാനി പത്രം എഴുതുന്നുവെന്നുള്ളതുകൊണ്ടു തന്നെ എം. വി. ആർ. ഒരു വലിയ ശക്തിയാണെന്നും ധാരാളം അണികളുടെ പിന്തുണയുള്ള ആളാണെന്നും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തന്നെ സമ്മതിക്കുന്നുണ്ടല്ലോ.

ശ്രീ. എം. വി. മാണി: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിതന്നെ സമ്മതിച്ചിരിക്കുന്നുവെന്നുള്ളതിനു തെളിവാണത്. കാരണം എം. വി. ആറിനെ സംബന്ധിച്ച് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടുതന്നെ പേരുവച്ച് ലേഖനപരമ്പര ഇറക്കി. ഇത് ഞങ്ങളാരും ഇറക്കിയതല്ല. മാതൃഭൂമി, മലയാള മനോരമ, ദീപിക മുതലായ പത്രങ്ങളുമല്ല. അവർ ചെറിയ ന്യൂസേ കൊടുക്കാറുള്ളു. പക്ഷേ ദേശാഭിമാനി പത്രത്തിനു കഴിഞ്ഞ രണ്ടുമാസമായിട്ട് എം. വി. ആറിനെതിരായുള്ള പ്രചരണപരിപാടികളല്ലാതെ വേറൊന്നുമില്ല. അതുതന്നെ എം. വി. ആർ. ചെറിയവനല്ല എന്നുള്ളതിനു തെളിവാണ്. അല്ലെങ്കിൽ പിന്നെ ദേശാഭിമാനി പത്രം എന്തിനാണ് ഇതൊക്കെ കൊടുക്കുന്നത്? രണ്ടാമതായി ഈ രാജ്യത്തു നടക്കുന്ന മുഴുവൻ ജാഥകളിലും പ്രകടനങ്ങളിലും പൊതുയോഗങ്ങളിലും സഖാവ് നായനാരുംപ്പെടെ പ്രചരണം നടത്തുന്നു. എം.വി.ആർ. ചെറുതാണെങ്കിൽ പിന്നെ നിങ്ങളെന്തിനു വിട്ടാൽ പോരേ? ചാത്തുണ്ണിമാസ്റ്ററെ നിങ്ങൾ പാർട്ടിയിൽനിന്നു ഡിസ്മിസ് ചെയ്തിട്ട് ഒരക്ഷരംപോലും ഈ രാജ്യത്തു പറഞ്ഞില്ലല്ലോ? ദേശാഭിമാനി പത്രത്തിൽ ന്യൂസ് പോലും വന്നില്ലല്ലോ? ഞങ്ങളാരുമല്ലേ അതു ചെയ്യുന്നത്. അതുകൊണ്ട് നിങ്ങളാദ്യം ഇതു നിർത്തണം. എം. വി. ആർ. ചെറിയവനാണെങ്കിൽ ദേശാഭിമാനി പത്രത്തിൽ അദ്ദേഹത്തെപ്പറ്റിയുള്ള എഴുത്തു നിർത്തുക, നിങ്ങളുടെ പാർട്ടി അണികളെക്കൊണ്ട് എം. വി. ആറിനെതിരെയുള്ള മുദ്രാവാക്യം നിർത്തുക. ഞങ്ങളാരും അതിനു പ്രചരണം കൊടുക്കുന്നില്ല. ഞങ്ങൾക്ക് എം. വി. ആറും ശരി, നിങ്ങളും ശരി.

ശ്രീ. വി. ജെ. തങ്കപ്പൻ: അങ്ങ് എം. വി. രാഘവനെ സംബന്ധിച്ച് പറഞ്ഞല്ലോ. അദ്ദേഹം ഇപ്പോൾ കേരള കോൺഗ്രസ്സും മുസ്ലീംലീഗുമുൾക്കൊള്ളുന്ന ഒരു പാർട്ടിയാണ് രൂപീകരിച്ചിരിക്കുന്നത്. അതിന്റെ വെളിച്ചത്തിൽ കേരള കോൺഗ്രസ്സുതന്നെ പിരിച്ചുവിട്ടിട്ട് എം. വി. ആറിന്റെ പാർട്ടിയിൽ ചേരാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. വി. മാണി: ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പൻ, അങ്ങ് കേരള കോൺഗ്രസ്സിനെപ്പറ്റി പറയേണ്ട. ഞങ്ങളൊക്കെ അന്തസ്സായി നീങ്ങുകയാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം എം.വി. ആർ. നിങ്ങളെക്കാളും കൂട്ടുകൂടാൻ പറ്റാത്ത ആളാണ്. ഞങ്ങൾ അതു പറഞ്ഞിട്ടുമുണ്ട്. ഞങ്ങൾ അവരുമായിട്ട് കൂട്ടുകൂടാൻ ഉദ്ദേശിക്കുന്നില്ല. അതും ചിന്തിച്ച് മനഃപ്രയാസമുണ്ടാക്കേണ്ട. അതിന് യാതൊരു സംശയവും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട. ഏതായാലും നിങ്ങൾ തന്നെയാണ് എം. വി. ആറിനെ ഇത്ര വലുതാക്കിയത്. അതുകൊണ്ടാണ് എം. വി. ആർ. ഈ രാജ്യത്തെ ഒരു വലിയ ശക്തിയായതെന്നാണ് ഞങ്ങൾക്കിപ്പോൾ തോന്നുന്നത്. അതല്ല കാരണമെങ്കിൽ നിങ്ങളെന്തിന് ഇത്ര വെപ്രാളവും അങ്കലാപ്പും കാണിക്കുന്നു? അതുകൊണ്ട് എം. വി. ആറിനെപ്പറ്റിയുള്ള ദേശാഭിമാനി പത്രത്തിന്റെ എഴുത്ത് നിർത്തിക്കൂടേ?

ശ്രീ. ടി. എസ്. ജോൺ: സർ, എം. വി. രാഘവൻ നേതൃത്വം നൽകുന്ന രാഷ്ട്രീയ പ്രസ്ഥാനം സ്വീകരിച്ചുവരുന്ന രാഷ്ട്രീയ ലൈനാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ബഹുഭൂരിപക്ഷം അണികളും ആഗ്രഹിക്കുന്നതെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് അതിനെതിരായ ചിന്താഗതി മാറാനാണ് ദേശാഭിമാനി പത്രം ഈ പ്രചരണം നടത്തുന്നതെന്നുള്ളത് മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. മാണി: അത് ഞാൻ ആദ്യമേ സൂചിപ്പിക്കുകയുണ്ടായി. എം. വി. ആറിനെ സംബന്ധിച്ചിടത്തോളം നിങ്ങൾ ആദ്യം മിസ്കാൾക്കുലേറ്റ് ചെയ്തു. അതിന് പല — കാരണങ്ങളുണ്ട്. പഴയകാലത്ത് മാർക്സിസ്റ്റ് പാർട്ടിയിൽനിന്ന് ആളുകളെ ഡിസ്മിസ് ചെയ്തപ്പോൾ ഒന്നുമുണ്ടായില്ല എന്നു പറയുന്നത് ശരിയാണ്. പക്ഷേ അന്ന് ശ്രീ. എ. കെ. ഗോപാലൻ ജീവിച്ചിരുന്ന കാലഘട്ടമാണു സഖാക്കളേ! ഇന്ന് എ. കെ. ഗോപാലൻ ഇല്ല. അച്ച്യുതാനന്ദനും ബാലാനന്ദനും പറഞ്ഞാലൊന്നും ആളെ കിട്ടുകയില്ല. അത് സത്യമാണ്. അതിപ്പോൾ ഈ രാജ്യത്ത് കാണാൻ പോകുന്ന ഒരു കാര്യമാണ്. അതുകൊണ്ട് രാഘവനേയുംകൂട്ടി ഒരു ശക്തിയായിക്കോ. അതൊന്നും ഞങ്ങൾക്ക് പ്രശ്നമല്ല. നിങ്ങൾ ആരെക്കൂട്ടിയാലുംശരി നിങ്ങളെ ഒറ്റയ്ക്കു നേരിടാനുള്ള തയ്യാറെടുപ്പിലാണ് ഞങ്ങൾ. അങ്ങനെയാണ് ഞങ്ങൾ നാലു കൊല്ലം കഴിഞ്ഞ് അഞ്ചാമത്തെ കൊല്ലത്തേക്ക് കടക്കാൻ പോകുന്നത്. നിങ്ങൾ ക്ഷയിക്കുകയോ ബലപ്പെടുകയോ ചെയ്യുന്നതൊന്നും ഞങ്ങൾക്ക് പ്രശ്നമല്ല. അവിടുത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി അടുത്തുവരുന്ന തെരഞ്ഞെടുപ്പിൽ നേരിടാൻതന്നെയാണ് ഞങ്ങൾ തയ്യാറായിരിക്കുന്നത്. അതിനിടയ്ക്ക് നിങ്ങൾക്ക് ബലക്ഷയം വന്നാൽ ഞങ്ങൾക്ക് സൗകര്യമായി എന്നല്ലാതെ മറ്റു കാര്യങ്ങളൊന്നും ഞങ്ങൾക്ക് പ്രശ്നമല്ല. അതുകൊണ്ട് എം. വി. ആറിനെപ്പറ്റി പ്രചരണം കൊടുക്കുന്നത് ഞങ്ങളാണെന്നുള്ളത് ഇനിയെങ്കിലും നിർത്തണം. ഞാൻ ഒരിക്കൽക്കൂടി ഈ അധിക ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. പി. കുമാരൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ സഭ അനുവദിച്ച ധനം ജനങ്ങൾക്ക് പ്രയോജനപ്രദമല്ലാത്ത വിധം ഉപയോഗിക്കുന്ന ഒരു സമ്പ്രദായമാണ് ഇന്നു ഈ ഗവൺമെന്റ് അനുവർത്തിച്ചുവരുന്നത്. അതിന്റെ ഫലമായി കാർഷിക രംഗത്തും വ്യവസായരംഗത്തും വിദ്യാഭ്യാസരംഗത്തുമെല്ലാം ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ഉദാഹരണമായി എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഇരുപത് വർഷം മുമ്പ് പ്രവർത്തനമാരംഭിച്ച കാഞ്ഞിരപ്പുഴ തുപ്പനാട് പദ്ധതി 1987 ഓടുകൂടി പൂർത്തിയാക്കുമെന്ന് ഇതിനുമുമ്പ് അതിന്റെ ചാർജ് വഹിച്ചിരുന്ന മന്ത്രി പ്രഖ്യാപിച്ചിരുന്നു. എന്നാൽ 40 കോടി രൂപ ഇതുവരെ ചെലവാക്കിയിരിക്കുന്നു.

1 p.m.]

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അതിൽ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയറോട് അന്വേഷിച്ചപ്പോൾ പുതുക്കിയ എസ്റ്റിമേറ് പ്രകാരം ഇരുപതു കോടി രൂപകൂടി ആ പദ്ധതി പൂർത്തിയാക്കുവാൻ വേണമെന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ ഇക്കൊല്ലം അനുവദിച്ചത് രണ്ടുകോടി രൂപ മാത്രമാണ്. ഇതാണ് പദ്ധതികളുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത. അതുപോലെതന്നെ രണ്ടായിരം ഏക്കർ സ്ഥലത്തെ നെൽക്കൃഷിക്ക് ജലം ഉപയോഗിക്കുന്ന എന്റെ നിയോജകമണ്ഡലത്തിലെ ആനമൂളി ഇറിഗേഷൻ പദ്ധതിയുടെ കനാലിന്റെ റിപ്പെയർ പ്രവർത്തനം മുന്നുകൊല്ലമായി നിറുത്തിയിരിക്കുകയാണ്. ആ റിപ്പെയർ പ്രവർത്തനത്തിന് ആവശ്യമായ ആറു ലക്ഷം രൂപ അനുവദിക്കാൻ മൂന്നുകൊല്ലമായിട്ടും സാധിച്ചിട്ടില്ല. രണ്ടായിരം ഏക്കറോളം സ്ഥലത്ത് കൃഷിക്ക് ആവശ്യമായ ജലം ഉപയോഗിക്കുന്ന പദ്ധതിയാണിത്. നെൽക്കൃഷി ചെയ്യുന്ന പല സ്ഥലങ്ങളും ഇപ്പോൾ റബ്ബർ തുടങ്ങിയ കൃഷിയിലേയ്ക്ക് മാറുന്ന സ്ഥിതിയായിരിക്കുകയാണ്. അതെപ്പറ്റി പല പ്രാവശ്യം ബന്ധപ്പെട്ട മന്ത്രിക്കും മറ്റും നിവേദനങ്ങളും സമർപ്പിച്ചിട്ടും ഇതുവരെ അതിന്റെ ധനാനുമതി നൽകിയിട്ടില്ല. അതുപോലെ അറുനൂറോളം കിലോമീറ്റർ വിസ്തീർണ്ണമുള്ള അട്ടപ്പാടി ഭാഗത്ത് കുടിവെള്ളത്തിനും കൃഷിക്കാരുടെ ആവശ്യത്തിനുംവേണ്ടി ഒരു പദ്ധതിയാവിഷ്കരിച്ചിട്ട് പത്തുകൊല്ലമായി. അട്ടപ്പാടി ഇറിഗേഷന്റെ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർക്ക് ശമ്പളം കൊടുക്കാനുള്ള തുകമാത്രം അനുവദിച്ചതിനാൽ അവിടത്തെ പ്രവർത്തനങ്ങളാകെ സ്തംഭിച്ചിരിക്കുകയാണ്. അട്ടപ്പാടിയിലെ നദികളിൽനിന്നു പോകുന്ന വെള്ളം തമിഴ്നാട്ടിലെ കോയമ്പത്തൂരും മറ്റു ഭാഗങ്ങളിലും ഉപയോഗിക്കുന്നുണ്ട്. അങ്ങനെ ആ പ്രദേശത്ത് കുടിക്കാനും കൃഷിക്കും വെള്ളമില്ലാതായിട്ട് മൂന്നുകൊല്ലമായി. അവിടെ വരൾച്ച ബാധിത മേഖലയായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതുപോലെ അവിടെ തൊണ്ണൂറോളം ചെറുകിട ജലസേചന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഒരു പ്രവർത്തനവും അവിടെ നടക്കുന്നില്ല. വരൾച്ചകൊണ്ട് അവിടത്തെ ആദിവാസികളും കർഷകത്തൊഴിലാളികളും ഇന്ന് കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ ഈ മേഖല അവഗണിക്കപ്പെട്ടിരിക്കുകയാണ്. അട്ടപ്പാടിയിലെ വ്യവസായങ്ങൾകൊണ്ട് ഉപജീവനം നടത്തുന്നവരെല്ലാം ഇലക്ട്രിസിറ്റിയുടെ കുറവുമൂലം പിൻമാറുന്ന ഒരു സ്ഥിതിവിശേഷമവിടെയുണ്ട്. അട്ടപ്പാടി മേഖലയ്ക്കായി ഒരു സ്പിന്നിംഗ് മിൽ കഴിഞ്ഞകാലത്ത് അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചതായിട്ടാണ് അറിയുന്നത്. എന്നാൽ അതിന്റെ സ്ഥിതിയെന്താണെന്ന് അറിയാൻ വയ്യ. അട്ടപ്പാടിയുടെ താഴ്വാരത്ത് തിരുവിഴാംകുന്ന് എന്നൊരു ഭാഗമുണ്ട്. അഞ്ഞൂറോളം ഏക്കർ വിസ്തീർണ്ണമുള്ളതും ഗവൺമെന്റിന്റെ കൈവശമിരിക്കുന്നതുമായ ഒരു പ്രത്യേക ഫാമാണത്. ആ ഫാമിൽ സൈലന്റ്വാലിയുമായി ബന്ധപ്പെട്ടു കിടക്കുന്ന ആ പ്രദേശത്ത് ഒരു ഫോറസ്റ്റ് സ്കൂൾ അനുവദിച്ചതായി അറിയുന്നുണ്ട്. അടുത്തകാലത്ത് ചില താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇത് തൃശ്ശൂർ ഭാഗത്തേയ്ക്ക് മാറ്റാനുള്ള ശ്രമങ്ങളും നടക്കുന്നതായിട്ട് അറിയുന്നു. അവിടത്തെ ജനങ്ങളെ അവഹേളിക്കുന്ന ഒരു സ്ഥിതിയാണ് ഇതുമൂലം ഉണ്ടാകാൻ പോകുന്നത്. അതിനുള്ള നീക്കത്തെ ആ പ്രദേശത്തുള്ള ആളുകളും അനുവദിക്കുകയില്ല. അത് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇതിനൊക്കെ ഉപരിയായി അട്ടപ്പാടി ഫാമിംഗ് സൊസൈ

LIBRARY ARCHIVES Kerala Legislative Assembly

ററിയുടെ പ്രവർത്തനമാകെ സ്തംഭിച്ചിരിക്കുകയാണ്. മാത്രമല്ല, അട്ടപ്പാടി ഫാമിംഗ് സൊസൈറ്റി പണം കടമെടുത്തിട്ടുള്ള മറ്റൊരു സഹകരണ സ്ഥാപനം സ്തംഭനാവസ്ഥയിലിരിക്കുകയാണ്. പെരിന്തൽമണ്ണ ഭൂപണയബാങ്കിൽനിന്നും കടമെടുത്തതുക ഫാമിംഗ് സൊസൈറ്റി കൊടുത്തു തീർക്കാനുണ്ട്. അതിനു കഴിയാത്ത സ്ഥിതിവന്നിരിക്കുന്നു. അങ്ങനെ വളരെ പരിതാപകരമായ രീതിയിൽ രണ്ട് പ്രധാനപ്പെട്ട സഹകരണസ്ഥാപനങ്ങളാണ് മാറിയിരിക്കുകയാണ്. ആ ഫാമിംഗ് സൊസൈറ്റിക്കുണ്ടായ കടം അവിടത്തെ ഗിരിജനങ്ങൾക്ക് വേണ്ടി നൽകിയ കടമായിരുന്നു. ഗിരിജനങ്ങൾക്ക് ഈ സൊസൈറ്റി മുഖാന്തിരമല്ലാത്ത കടങ്ങളെല്ലാം വീട്ടാൻ സാധിക്കുകയില്ല. പലിശയിളവൊക്കെയുള്ള ഈ കാലഘട്ടത്തിൽ ഈ സൊസൈറ്റിക്ക് നൽകിയ കടത്തിന്റെ പലിശ വിട്ടുകൊടുക്കത്തക്കവിധത്തിൽ ഒരു നിയമനിർമ്മാണം നടത്തിയോ അല്ലെങ്കിൽ ആദിവാസികളെന്നുള്ള നിലയ്ക്ക് പലിശ വിട്ടുകൊടുത്തോ കടം തീർക്കുവാനുള്ള നടപടികളും കൈക്കൊള്ളണം. ഇപ്പോൾ അറുപത് ലക്ഷം രൂപ പലിശമാത്രമായി മാറിയിട്ടുണ്ട്. ഇതിന് സഹകരണവകുപ്പും ഈ സർക്കാരും കൂടി ചേർന്ന് എന്തെങ്കിലും നടപടിയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

ശ്രീ. എ. സി. ജോസ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. വികസനപ്രവർത്തനങ്ങളുടെ വസന്തം വിരിയിച്ച ഈ സർക്കാർ മുന്നോട്ടു വച്ചിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നതിൽ എനിക്ക് അഭിമാനവും സന്തോഷവുമുണ്ട്. ഇപ്പോൾ ഇവിടെ നടന്ന ചർച്ചകളും ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഒരുകാര്യത്തിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് എന്റെ പ്രതിപക്ഷ സുഹൃത്തുക്കളും ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് സംസാരിച്ചത്. അതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഇവിടെ ഏതെങ്കിലും ധനാഭ്യർത്ഥനകളോ അപ്രോപ്രിയേഷൻ ബില്ലോ കൊണ്ടുവന്നാൽ കാടുകയറി രാഷ്ട്രീയപരമായി സംസാരിച്ചിരുന്ന, കോൺഗ്രസ്സിനെയും അതിനോട് ബന്ധപ്പെട്ട ഐക്യജനാധിപത്യ മുന്നണിയിലെ കക്ഷികളേയും സ്ഥാനത്തും അസ്ഥാനത്തും ആക്രമിക്കാൻവേണ്ടി എല്ലായ്പ്പോഴും ആയുധം ശേഖരിച്ചു വച്ചിരുന്ന പ്രതിപക്ഷ സുഹൃത്തുക്കളും, വിശേഷിച്ചും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ സുഹൃത്തുക്കളും ഇന്ന് വലിയ രാഷ്ട്രീയ ആക്രമണത്തിന് മുതിർന്നില്ലെന്നത് സന്തോഷകരമാണ്. ശ്രീ. കോലിയക്കോട് കൃഷ്ണൻ നായരൊഴിച്ച് ബാക്കിയെല്ലാവരും—വിശേഷിച്ച് ശ്രീ. ശങ്കരനാരായണപിള്ള സംസാരിച്ചത് ഈ ബഡ്ജറിനെക്കുറിച്ചും കേന്ദ്ര—സംസ്ഥാന ബന്ധങ്ങളെക്കുറിച്ചുമൊക്കെയാണ്. നമ്മുടെ സഭയിൽ ഇങ്ങനെ ചർച്ച പോയിരുന്നുവെങ്കിൽ എന്നു ഞാൻ ആലോചിക്കുകയായിരുന്നു. എനിക്ക് ഒരുകാര്യത്തിൽ ശ്രീ. എം. വി. ആറിനോട് നന്ദിയുണ്ട്. ഇവിടത്തെ സംസാരം കേട്ടപ്പോൾ, എം. വി. ആറിന് വേണ്ടി ഒരു എക്സസ് ഗ്രാൻറിനുള്ള ചർച്ചയാണോ ഇവിടെ നടക്കുന്നതെന്ന് എനിക്കുതോന്നിപ്പോയി. അദ്ദേഹത്തിനുവേണ്ടി ഒരു ചർച്ച നടക്കുകയാണ്. ഞങ്ങളിപ്പോൾ എം. വി. ആറിന്റെ കാര്യം പറയുമ്പോൾ അപ്പുറത്തിരിക്കുന്ന എല്ലാവർക്കും വലിയ വിഷമമാണ്. ഞങ്ങൾ എം. വി. ആറിന്റെ കാര്യം പറയുന്നതിൽ എന്തിനാണ് അൽഭുതപ്പെടുന്നത്? അത് എം. വി. ആറിനോടുള്ള വാൽസല്യം കൊണ്ടോ സ്നേഹംകൊണ്ടോ പറയുന്നതല്ല. വസ്തുതകൾ കാണാൻ ശ്രമിച്ചുകൊണ്ടു മാത്രമാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം എല്ലാകാലത്തുമുള്ള രീതി ഇതാണ്. 1930—കളിലാണ് കമ്മ്യൂണിസ്റ്റു പ്രസ്ഥാനം ഇൻഡ്യയിൽ ഉജ്ജാതമായത്; 1936 തൊട്ട് ഇങ്ങോട്ടുള്ള ചരിത്രം നോക്കിയാൽ കാണാം. ഇന്ന് ഞങ്ങളെ എം. വി. ആറിനെക്കുറിച്ച് പറയുകയല്ല, നിങ്ങളെ ചോദിച്ചതുകൊണ്ടു പറയുകയാണ്. ആദ്യമായി കമ്മ്യൂണിസ്റ്റു പ്രസ്ഥാനം ഇൻഡ്യയിൽ ഒരു ലൈനുമായിട്ട് രംഗത്ത് വന്നത് 1942-ലാണ്. എതിർപ്പിന്റെ ലൈനല്ലാതെ ഇന്നുവരെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിനുണ്ടായിട്ടില്ല.

ശ്രീ. എ. കെ. പത്മനാഭൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു, കാര്യമാത്രപ്രസക്തമായ പ്രസംഗമാണിവിടെ നടത്തുന്നതെന്ന് ഇപ്പോൾ മെമ്പർ പറയുന്നത് അങ്ങനെയാണോ?

ശ്രീ. എ. സി. ജോസ്: 1942—ൽ ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തെ

.....

ശ്രീ. ഒ. രേതൻ: 1964—ൽ അംഗീകരിച്ചിട്ടുള്ള പാർട്ടിയുടെ പരിപാടിയുടെ 108—ാം ഖണ്ഡികയിൽ കോൺഗ്രസ്സിനോടും കോൺഗ്രസ്സ് ഗവൺമെൻറിനോടുമുള്ള കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ സമീപനമെന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എപ്പോഴെല്ലാം നിങ്ങളുടെ പാർട്ടിയും നിങ്ങളുടെ ഗവൺമെൻറും സാമ്രാജ്യത്വ വിരുദ്ധമായിട്ടുള്ള പക്ഷം നിർവ്വഹിക്കുമോ അപ്പോഴൊക്കെ ആ സാമ്രാജ്യത്വ വിരുദ്ധ നിലപാടിന് ഞങ്ങളുടെ പാർട്ടി അകമഴിഞ്ഞ് പിൻതുണ പ്രഖ്യാപിക്കും. എപ്പോഴെല്ലാം നിങ്ങളുടെ പാർട്ടിയും ഗവൺമെൻറും കുത്തക വിരുദ്ധമായിട്ടുള്ള നിലപാട് എടുക്കുന്നുണ്ടോ ആ കുത്തകവിരുദ്ധ നിലപാടിനോട് ഞങ്ങളുടെ പാർട്ടിക്ക് യോജിപ്പുണ്ട്. എപ്പോഴെല്ലാം ഫ്യൂഡൽ വിരുദ്ധമായിട്ടുള്ള നിലപാട് എടുക്കുന്നുവോ അന്നും ഞങ്ങളുടെ പിൻതുണയുണ്ട്. ഒരിക്കലും നിഷേധാത്മകമായ ഒരു സമീപനം കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടി കോൺഗ്രസ്സിനോട് സ്വീകരിച്ചിട്ടില്ല.

ശ്രീ. എ. സി. ജോസ്: സർ, ആദ്യമായിട്ട് അറിയേണ്ടത് ശ്രീ. ഒ. രേതൻ പറയുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി ഏതാണെന്നാണ്. കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടി എന്ന് അദ്ദേഹം പറയുന്നത് ഏത് പാർട്ടിയാണ് എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. കാരണം, ഇന്നലെ ഇവിടെ ഒരു പാർട്ടിയുണ്ടായി. കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടി. പ്രസവവാർഡിൽ ''സ്ത്രീകൾക്കു മാത്രം'' എന്ന് എഴുതിവയ്ക്കുന്നതുപോലെ കമ്മ്യൂണിസ്റ്റുപാർട്ടിക്ക് എന്തിനാണ് സർ, മാർക്സിസം എന്ന ബ്രാക്കറ്റ്? കമ്മ്യൂണിസം ഉണ്ടായതുതന്നെ മാർക്സിസത്തിൽ നിന്നാണ്. ഇപ്പോൾ എന്താണ് സ്ഥിതി? കമ്മ്യൂണിസ്റ്റുപാർട്ടിക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി ഒന്നുകിൽ ഇടത്തോ അല്ലെങ്കിൽ വലത്തോ മാർക്സിസ്റ്റ് എന്ന് എഴുതണം. ഇപ്പോൾ ശ്രീ. രാഘവന്റെ പാർട്ടി എന്താണ്? രാഘവന്റെ പാർട്ടി കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയാണോ? അപ്പുറത്തിരിക്കുന്ന പാർട്ടി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയാണോ? അതറിയണം.

ശ്രീ. വി. ദിനകരൻ: ശ്രീ. അച്യുതാനന്ദന്റെ പാർട്ടിയുടെയും ശ്രീ. രാഘവന്റെ പാർട്ടിയുടെയും കൊടിയടയാളം ഒന്നുതന്നെയാണെന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: ഞാൻ പറഞ്ഞുവന്നത്, ശ്രീ. ഭരതൻ ഇവിടെ പറഞ്ഞു, കമ്മ്യൂണിസ്റ്റു പാർട്ടിയിലാണെന്ന്. ഇപ്പോൾ രേതേട്ടൻ കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയിലാണോ അതോ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലാണോ? ഞങ്ങളും ഇവിടെ കഴിഞ്ഞ തവണ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി അച്യുതാനന്ദൻ ഗ്രൂപ്പ് എന്നു പറഞ്ഞപ്പോൾ അന്ന് ഗൗരിയമ്മ എതിർത്തു. ഞാൻ ഇനി അതുതന്നെ തുടർന്നു പറയേണ്ടി വരും. ഒന്നാമത്തെ കാര്യം അപ്പുറത്ത് ഇരിക്കുന്ന ആരേയും അവർക്കും വിശ്വാസമില്ല. ഞങ്ങൾക്കും വിശ്വാസമില്ല. ഞാൻ ആരുടെയും പേരുപറയാൻ ആഗ്രഹിക്കുന്നില്ല, ഓരോരുത്തരും പറയുന്നു ഇന്നയാൾ അപ്പുറത്തുപോകും, അപ്പുറത്തിരിക്കുന്ന മറേയാൾ ഇപ്പുറത്ത് വരും എന്നൊക്കെ. ശ്രീ. രാഘവൻ പറയുന്നു, ഈ ഇരിക്കുന്നതിൽ നാലഞ്ചുപേർകൂടി ഞങ്ങളുടെ കൂടെ ഇനി ഇപ്പുറത്തു വരും എന്ന്. അപ്പുറത്തിരിക്കുന്നവരും പറയും നാലഞ്ചു പേർ കൂടി പോകാൻ പോവുന്നു എന്ന്. അതുകൊണ്ടാണ് ഗോവിന്ദക്കുറുപ്പ് ചേട്ടൻ ചാടി എഴുന്നേൽക്കുന്നത്, പുലി ചാടുന്നതുപോലെ. ഞങ്ങൾ എന്തെങ്കിലും പറയുമ്പോൾ ചാടി എഴുന്നേൽക്കുന്നത് ''ഞാൻ എങ്ങും പോകില്ല, വിട്'' എന്ന് പറഞ്ഞുകൊണ്ടാണ്. എന്താണ് ഈ പറയുന്നതിന്റെ അർത്ഥം? ഞങ്ങൾ ആരേയും കുറിച്ചല്ല പറയുന്നത്. നിങ്ങൾ തന്നെയാണ് പറയുന്നത്. ശ്രീ. എം. വി. മാണി പറയുന്നതുപോലെ ശ്രീ. പത്മനാഭൻ എന്നോട് ചോദിച്ചു, എന്തിനാണ് രാഷ്ട്രീയം മാത്രം പറയുന്നത്. ഇവിടെ ഇങ്ങനെ ചോദിച്ചതെന്തിനാണ്? പിന്നെ ഇവിടെ ശ്രീ. ഭരതൻ പറഞ്ഞത് ഞങ്ങൾ എല്ലാക്കാലത്തും സാമ്രാജ്യത്വവിരുദ്ധനിലപാടേ സ്വീകരിച്ചിട്ടുള്ളൂ എന്നാണ്. വർഷം എത്രയായി? 1942–ൽ ഇൻഡ്യയിലെ രാഷ്ട്രീയ നേതാക്കൻമാർ മുഴുവൻ സ്വാതന്ത്ര്യസമരത്തിന്റെ രണാങ്കണത്തിൽ അണയും തലയും മുറുക്കി ജനങ്ങൾക്ക് മുഴുവൻ നേതൃത്വം കൊടുത്ത അവസരത്തിൽ, സോവിയറ്റ് യൂണിയൻ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കൂടെയാണ്, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കൂടെ നിന്ന് സമരം ചെയ്യുന്നു, യുദ്ധം ചെയ്യുന്നു എന്ന കാരണം പറഞ്ഞുകൊണ്ട് ഇൻഡ്യയിലെ രാഷ്ട്രീയ നേതൃത്വത്തെ മുഴുവൻ ഒറ്റുകൊടുത്ത രാഷ്ട്രീയമാണ് ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയ്ക്കുള്ളത്. അല്ലെന്നുപറയാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? എന്നിട്ട് ശ്രീ. രേതേട്ടൻ പറയുകയാണ്, ഞങ്ങൾക്ക് ഒരിക്കലും സാമ്രാജ്യത്വമോഹം ഉണ്ടായിട്ടില്ല, നിങ്ങൾ എന്നെല്ലാം സാമ്രാജ്യത്വത്തെ എതിർത്തിട്ടുണ്ടോ അന്നെല്ലാം ഞങ്ങൾ നിങ്ങളുടെ കൂടെ ഉണ്ടായിരുന്നുവെന്ന്. 1942–ലെ സമരത്തെക്കുറിച്ച് ഇപ്പോൾ തർക്കമുണ്ടായി, നമ്പൂതിരിപ്പാടിന്. സോവിയറ്റ് യൂണിയൻ എന്തു നിലപാട് എടുത്തുവോ ആ നിലപാടായിരുന്നില്ലേ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പിളർപ്പിന് മുൻപ് ഉണ്ടായിരുന്നത്? നിങ്ങൾ ഓരോന്ന് പറഞ്ഞ് പറയിപ്പിക്കാൻ ഇടവരുത്തരുത്. 1947–ൽ ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ എന്തായിരുന്നു അവരുടെ നിലപാട്? 1947–ൽ സ്വാതന്ത്ര്യം കിട്ടിയപ്പോൾ കോൺഗ്രസ്സിനെ എതിർക്കുവാൻ വേണ്ടി കരിദിനം ആചരിച്ചവരാണ്. അത് കഴിഞ്ഞ് 1954–ൽ കൃഷ്ണചേവും ബുൾഗാനിനും പറഞ്ഞു ഇൻഡ്യയ്ക്ക് പുരോഗതി ഉണ്ടായിട്ടുണ്ട് എന്ന്. എന്നെങ്കിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കൺസിസ്റ്റൻറായ ഒരു നിലപാട് ഉണ്ടായിട്ടുണ്ടോ? 1947–ൽ ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ പറഞ്ഞു, കരിദിനമാണെന്ന്. 1952–ൽ ഇവിടെ പഞ്ചവൽസരപദ്ധതി നടപ്പിലാക്കിയപ്പോൾ ഇത് ഞങ്ങളുടെ പഞ്ചവൽസര പദ്ധതിയാണെന്ന് പറഞ്ഞു. 1952–ൽ

LIBRARY ARCHIVES Kerala Legislative Assembly

ബുംഗാനിനും ക്രൂഷ്ചേവും വന്നപ്പോഴും ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയെന്ന് പറഞ്ഞപ്പോഴും, പിറേറദിവസം മുതൽ പഞ്ചവൽസരപദ്ധതിയ്ക്ക് പാട്ടുപാടി, പഞ്ചവൽസരപദ്ധതി, പഞ്ചവൽസരപദ്ധതിയായി അതിന് പാട്ടും പാടിക്കൊണ്ട് നടന്നു.

ശ്രീ. ടി. എസ്. ജോൺ: സർ, ഇപ്പോഴും കമ്മ്യൂണിസ്റ്റു പാർട്ടി, (എം) കോൺഗ്രസ്സിന് അനുകൂലമായ നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇങ്ങനെ പ്രസംഗിക്കുന്നതു ശരിയാണോ?

ശ്രീ. എ. സി. ജോസ്: ശരിയാണ് സർ. പക്ഷേ ഞങ്ങൾക്ക്, കോൺഗ്രസ്സിന് ഒരു നിലപാടേ ഉണ്ടായിട്ടുള്ളൂ. ഇൻഡ്യയിലെ ജനങ്ങളുടെ പുരോഗതിക്കുവേണ്ടി ഞങ്ങളും കൺസിസ്റ്റൻറായിട്ടുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞു വന്നത്.....

Shri. R. S. Unni: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ: Sir, Rule (151)-ൽ പറയുന്നത്, "The debate on the supplementary grants shall be confined to the items constituting the same and no discussion may be raised on the original grants or policy underlying them save in so far as it may be necessary to explain or illustrate the particular items under discussion".

സർ, ഈ സപ്ലിമെൻററി ഡിമാൻറിൻെറ ഡിസ്കഷൻെറ സ്കോപ്പ് വളരെ ലിമിറേഡാണ്. അതാണ് 151-ാം വകുപ്പിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ സഭയുടെ ചെയറിൽ അദ്ധ്യക്ഷനായി കുറച്ചു കാലം ഇരുന്ന ബഹുമാന്യനായ സ്നേഹിതനാണ് അദ്ദേഹം. അദ്ദേഹം ഈ സാർവ്വദേശീയ ചരിത്രവും മറ്റു കാര്യങ്ങളുമൊക്കെ ഈ സപ്ലിമെൻററി ഡിമാൻറിൻെറ ഡിസ്കഷനിൽ ഉന്നയിക്കുന്നത് ശരിയാണോ, അത് ഓർഡറിലാണോ? മറെറാരു സന്ദർഭം അദ്ദേഹത്തിന് വിനിയോഗിക്കാവുന്നതേ ഉള്ളൂ.

ശ്രീ. എ. സി. ജോസ്: സപ്ലിമെൻററി ഗ്രാൻറിനെക്കുറിച്ചാണ് സർ, ഞാൻ പറഞ്ഞു തുടങ്ങിയത്. സപ്ലിമെൻററി ഡിമാൻറിനെക്കുറിച്ച് പറഞ്ഞുകൊണ്ട് നിൽക്കുമ്പോൾ ശ്രീ. ഒ. ഭരതൻ അവിടെ നിന്നുകൊണ്ട് ഒരു ചോദ്യം ചോദിച്ചു. ആ ചോദ്യത്തിനു മാത്രമാണ് ഞാൻ മറുപടി പറഞ്ഞത്. ഞാൻ ഇനി ഉണ്ണിച്ചേട്ടനു് ഇഷ്ടപ്പെടുന്ന രീതിയിൽ ശ്രീ. ശിവരാസനെ വിമർശിക്കാം. അപ്പോഴപ്പിന്നെ കുഴപ്പം ഇല്ലല്ലോ. ഇവിടെ പലരും അതുമിതുമൊക്കെ പറഞ്ഞു, ഞാൻ സപ്ലിമെൻററി ഗ്രാൻറ്സിനെക്കുറിച്ച് മാത്രം സംസാരിക്കാൻ ഇരുന്നതാണ്. ഇവിടെ നിന്ന് ചോദിച്ചതുകൊണ്ട് മറുപടി പറയാതിരിക്കുന്നത് ശരിയല്ലെന്നുകരുതി.

അങ്ങനെ 1948-ൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി, ഇവിടെ കൽക്കട്ടതീസിസ് അവതരിപ്പിച്ചു. സാമ്രാജ്യത്വഭീഷണിയെക്കുറിച്ച് പറഞ്ഞതുകൊണ്ട് പറയുകയാണ്. 1942-ൽ തെറ്റുപറ്റി, 1947-ൽ തെറ്റുപറ്റി, 1948-ൽ കൽക്കട്ട തീസിസ് അവതരിപ്പിച്ചു. അത് കഴിഞ്ഞ് 1952-ൽ അതു തെറ്റാണെന്നു പറഞ്ഞു. ഇപ്പോഴും പറയുന്നു, ഇതെല്ലാം തെറ്റാണെന്ന .

മി. ചെയർമാൻ: ശ്രീ. ജോസ്, അങ്ങ് വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: സർ, ഇവിടെ ചോദ്യത്തിന് മറുപടി പറഞ്ഞതാണ്. ഇവിടെ ബഹുമാനപ്പെട്ട ഭരതൻ വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ചോദിച്ചത്. ഇവിടെ ചോദിച്ച ചോദ്യത്തിന് മാത്രമേ മറുപടി പറയാനുള്ളൂ. എന്താണ് ഇവിടെ 1948-ൽ ഉണ്ടായത്? 1948-ൽ ഇവിടെ കൽക്കട്ടാ തീസിസ് അവതരിപ്പിച്ചു. അവസാനം തെറ്റാണെന്നു പറഞ്ഞ് പിൻവലിച്ചു. 1964-ൽ എന്തിനാണ് പാർട്ടി പിളർന്നത്? 1964-ൽ പാർട്ടി പിളർന്നത് സാമ്രാജ്യത്തിന്റെ പേരിലാണ്. അന്ന് സോവിയറ്റ് യൂണിയന്റെ ലൈൻ എടുത്തത്, സോവിയറ്റ് യൂണിയൻ റിവിഷനിസ്റ്റാണെന്നു പറഞ്ഞുകൊണ്ടാണ്. ആ പിളർപ്പിനുശേഷം ഇപ്പോൾ എന്താണ് സ്ഥിതി? എന്നിട്ടിപ്പോൾ സോവിയറ്റ് യൂണിയനിൽ സൗഹാർദ്ദസംഘത്തെ അയയ്ക്കുന്നതിന് നിങ്ങളാണോ മറ്റുള്ളവരാണോ വേണ്ടത് എന്നുള്ളതിനെക്കുറിച്ച് ഒരു തീരുമാനം എടുക്കാൻ ശ്രമിക്കുകയാണ്. ഇവർ ആലോചിക്കുന്നത് ഇന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെ തമ്മിൽ .....(തടസ്സം).....

ശ്രീ. ആർ. എസ്. ഉണ്ണി: പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്യാൻ ഈ സഭയിലെ ഒരംഗത്തിന് അവകാശമുണ്ട്. ചട്ടപ്രകാരം ആ പോയിന്റ് ഓഫ് ഓർഡർ പ്രൊപ്പറാണെങ്കിൽ അതിനെപ്പറ്റി ചെയർ ഒരു റൂളിംഗ് നൽകേണ്ടതാണ്. ആ പോയിന്റ് ഓഫ് ഓർഡർ ചട്ടപ്രകാരം അല്ല ഉന്നയിച്ചതെങ്കിൽ അത് അങ്ങേയ്ക്ക് തീരുമാനിക്കാം. ഇതിൽ എന്തായാലും ഒരു റൂളിംഗ് വേണം സർ.

മി. ചെയർമാൻ: ഞാൻ അത് പറഞ്ഞു കഴിഞ്ഞു.

ശ്രീ. ആർ. എസ്. ഉണ്ണി: ഞാൻ ഇവിടെ റൂം 151 അനുസരിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തിരിക്കുകയാണ്. അതിന് ഒരു റൂളിംഗ് നൽകണം സർ.

മി. ചെയർമാൻ: ചട്ടപ്രകാരം സംസാരിക്കണം എന്ന് പറഞ്ഞു. ജോസ് ചട്ടപ്രകാരം സംസാരിക്കണം.

ശ്രീ. എ. സി. ജോസ്: സർ, ബഹുമാനപ്പെട്ട ഉണ്ണിച്ചേട്ടന് അറിയാം, ഞാൻ ഇവിടെ പ്രസംഗിച്ചുകൊണ്ടുനിൽക്കുമ്പോൾ വഴങ്ങിയതിന്റെ പേരിൽ ശ്രീ. രേതേട്ടൻ ഒരു ചോദ്യം ചോദിച്ചു. ആ ചോദ്യത്തിന് ഞാൻ മറുപടി പറയേണ്ടേ? എന്തായാലും ഉണ്ണിച്ചേട്ടന് അന്താരാഷ്ട്ര ബന്ധങ്ങളില്ലെന്ന് എനിക്കറിയാം. കാരണം, അദ്ദേഹത്തിന്റെ പാർട്ടി കൊല്ലം ജില്ലയിൽ മാത്രം ഒതുങ്ങുന്നതാണ്. അതുകൊണ്ട് ഞാൻ ആ പാർട്ടിയെ കുറ്റപ്പെടുത്തുകയല്ല. ഞാൻ പറഞ്ഞുവന്നത്.....(ബഹളം)..... .....ഞാൻ ഒരു ചോദ്യത്തിന് വഴങ്ങിയിട്ടേയുള്ളൂ. ആ ചോദ്യത്തിന് മറുപടി പറഞ്ഞതാണ്. ഞാൻ എന്റെ പ്രസംഗത്തിൽ അതിന് മറുപടി കൊടുത്തു.

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ റൂളിംഗ് കൊടുക്കണം.

ശ്രീ. എ. സി. ജോസ്: സർ, എനിക്ക് പറയാനുള്ളത് പറയാതെ നിവൃത്തിയില്ല. 1964-ൽ തെറ്റിപ്പിരിഞ്ഞത്, ബ്യൂറോ കമ്മ്യൂണിസവുമായി ബന്ധപ്പെട്ടുകൊണ്ട് സോവിയറ്റ് യൂണിയൻ എടുത്ത നിലപാടിന്റെ പേരിലാണ്. 1964-ൽ എന്തായിരുന്നു മുദ്രാവാക്യം "എ.കെ.ജിയും തോമ്മനും കമ്മ്യൂണിസ്റ്റല്ല, അച്യുതമേനോൻ കമ്മ്യൂണിസ്റ്റല്ലേയല്ല,

LIBRARY ARCHIVES Kerala Legislative Assembly

ഇ. എം. എസ്., എ. കെ. ജി., സുന്ദരയ്യ സിന്ദാബാദ്; വയ്യെടാ വയ്യെടാ വലതാ ചെങ്കൊടി താഴെ,'' ഇതൊക്കെയാണ്. ഇന്ന് എന്താണ് മുദ്രാവാക്യം മുഴക്കുന്നത്? ''നമ്പൂതിരിയും നായനാരും അച്യുതാനന്ദനും കമ്മ്യൂണിസ്റ്റല്ലേയല്ല, വയ്യെടാ വയ്യെടാ ഇടതാ ചെങ്കൊടി താഴെ'' എന്നാണ്. ശ്രീ. രാഘവനും ഉണ്ടാകാൻ പോകുന്നത് ഇതാണ്. അന്ധമായ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ എന്തെങ്കിലും രാഷ്ട്രീയ പ്രസ്ഥാനം ഉണ്ടാകുമോ സർ?

സർ, അന്ധമായ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ ഉണ്ടായതാണ് ശ്രീ. രാഘവന്റെ ഇന്നത്തെ സ്ഥിതി. 'വിഷവൃക്ഷം' എന്നു പറയുന്ന ഒരു സിനിമയുണ്ട്. ആ സിനിമയിലെ ഗാനം പോലെയാണ് ഇന്ന് രാഘവൻ പറയുന്നത്. ശ്രീ. രാഘവൻ അന്ന് പ്രസംഗിച്ചിരുന്നത് ''പഴം തിന്നാൻ കൊതിച്ചൊരു ചെടിനട്ടു ഞാൻ, പലനാൾ അതിനായി പാടുപെട്ടു ഞാൻ'' എന്നാണ്. ഇന്ന് അദ്ദേഹം പറയുന്നത്, ''ആ വൃക്ഷം അതിവേഗം വെട്ടിമാറ്റു സോദരാ'' എന്നാണ്.

ഈ ഡിമാൻഡുകളെല്ലാം തന്നെ പണ്ട് ചെലവാക്കിയതു മാത്രമല്ല പുതുതായി ചെലവാക്കാനുള്ളതുമാണ്. പുതിയതായി ചെലവാക്കാനുള്ളത്, ഇവിടെ ടൂറിസത്തിനുവേണ്ടി ഒരു കോടി രൂപ കേന്ദ്ര ഗവൺമെന്റ് തന്നത് അതിനുവേണ്ടി ചെലവാക്കണമെന്നു പറഞ്ഞപ്പോഴാ അതിനെ എന്തിനാണ് എതിർക്കുന്നത്? പണ്ടുകാലത്ത് ശ്രീ. ഇ. കെ. നായനാരുടെ കാലത്ത് ചെലവാക്കിയ പണം നിയമസഭയിൽ കൊണ്ടുവന്നു പാസ്സാക്കുന്നതിനെ എന്തിനാണ് അപ്പുറത്തിരിക്കുന്നവർ എതിർക്കുന്നത്? അപ്പോഴാ എതിർക്കുന്നതിനെല്ലാം കാരണം എന്താണ്? ഇപ്പോഴാ ശ്രീ. എം. വി. രാഘവൻ പുറത്തുപോയി, പുതിയ ഒരു കമ്മ്യൂണിസ്റ്റു പാർട്ടി ഉണ്ടാക്കി, ആ കമ്മ്യൂണിസ്റ്റു പാർട്ടി തലവേദനയുണ്ടാക്കുന്നു. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് യാഗാശ്വത്തെ അഴിച്ചുവിട്ടിരിക്കുന്നു എന്നാണ് പറഞ്ഞത്. അതിനെ പിടിച്ചുകെട്ടിയിട്ട് ആരും ഇപ്പോഴാ ഒന്നും ചെയ്യുന്നില്ല. അങ്ങനെയുള്ള ബുദ്ധിമുട്ടുകൊണ്ട് ഈ ഗ്രാന്റിനെ എതിർക്കുന്ന സ്ഥിതിവിശേഷം ആണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ഈ ഗ്രാന്റുകളെ ഒന്നും എതിർക്കാതെ അതിനെ എല്ലാവരും പിന്താങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കേശവൻ: സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാൻഡുകളെ എതിർക്കുകയാണ്. ഈ സപ്ലിമെന്ററി ഡിമാൻഡിൽ ഏറിയ ഭാഗവും ടോക്കൺ പ്രൊവിഷനായി നാമമാത്രമായ തുക മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ അസംബ്ലിയിൽത്തന്നെ ബഡ്ജറ്റ് ചർച്ച ചെയ്തു പാസ്സാക്കിയശേഷമാണ് ജൂലൈ മാസത്തിൽതന്നെ 11 കോടിയിൽ ചില്വാനം രൂപ അധികച്ചെലവിനുവേണ്ടിയുള്ള സപ്ലിമെന്ററി ഡിമാൻഡ് അവതരിപ്പിച്ചിരിക്കുന്നത്. ഞാൻ ഈ ഡിമാൻഡിൽ ഒതുങ്ങിനിന്നുകൊണ്ടാണ് പറയുന്നത്. ഈ സപ്ലിമെന്ററി ഡിമാൻഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 11,67,35,200 രൂപയ്ക്കും അംഗീകാരം നേടിക്കൊണ്ട് ഇവിടെ പ്രവർത്തനം നടത്താൻ ഈ ഗവൺമെന്റിന് അവകാശമില്ല. കാരണം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ്തന്നെ അയഥാർത്ഥമാണെന്ന് പരസ്യമായി അംഗീകരിക്കാനാണ് ഇങ്ങനെയൊരു സപ്ലിമെന്ററി ഡിമാൻഡുമായി വന്നത്. ടോക്കൺ പ്രൊവിഷനായി 100 രൂപ ഉൾപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയതുതന്നെ ഈ രാജ്യത്തെ ജനങ്ങളെ പറഞ്ഞിക്കാനും വഞ്ചിക്കാനും ഖജനാവ് കൊള്ളയടിക്കാനും ധൂർത്തടിക്കാനും വേണ്ടിയാണ്; അതിനു വേണ്ടിയാണ് ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ട് അതിൽ അധികരിച്ച് ചെലവാക്കുന്നതിനുള്ള അനുവാദത്തിനുവേണ്ടി വന്നിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നത്. ധൂർത്തിന്റെയും അഴിമതിയുടെയും പര്യായമാണ് ഈ ഗവൺമെൻറ്. ഡിമാൻഡ് 16-ൽ (പേജ് 10) Kerala State Prohibition Committee-ക്ക് ഉള്ള കോൺട്രിബ്യൂഷൻ 25,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണിച്ചിരിക്കുന്നു. ആരാണ് കമ്മിറ്റിയിലുള്ളത്? ഇത് ചെലവാക്കുന്നത് എങ്ങനെയാണ്? ഇവിടെ ശ്രീ. ഇ. പത്മനാഭൻ സൂചിപ്പിച്ചതുപോലെ കള്ളുഷാപ്പ് പൊളിച്ചുമാറ്റണമെന്നു പറഞ്ഞ് മദ്യവർജ്ജന പ്രകടനവുമായി വരുന്ന കമ്മിറ്റിക്കു കൊടുക്കാനാണെങ്കിൽ അത് വ്യക്തമായി പറയണം, അങ്ങനെ ചെലവാക്കുന്നതിനുവേണ്ടിയാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന്.

സർ, ഇവിടെ സ്റ്റോട്ടർ ഹൗസ് ആധുനികവൽക്കരിക്കുന്നതിനുള്ള കമ്മിറ്റിയുടെ യാത്രച്ചെലവിന് ഒരു ലക്ഷം രൂപ അനുവദിച്ചിരിക്കുന്നുവെന്നാണ് പറയുന്നത്. ആരാണ് ഈ കമ്മിറ്റിയിലുള്ളത്? എങ്ങനെയാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്? ഞാൻ ഒന്നുരണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. സംസ്ഥാനത്ത് 11 കോടിയിൽ ചില്വാനം രൂപ അധികച്ചെലവ് വഹിക്കുന്നതിനും അനാവശ്യമായി ധൂർത്തടിക്കുന്നതിനും വേണ്ടിയാണിത്. ഇതിനകത്തുതന്നെ 12-ാമത്തെ ഡിമാൻഡിൽ ഉൾപ്പെട്ട പോലീസ് വകുപ്പിലേക്ക് ടോക്കൺ പ്രൊവിഷനും ഉൾപ്പെടുത്തിക്കൊണ്ട് സ്യൂ സർവ്വീസിനു വേണ്ടി എന്നു പറഞ്ഞ് തുക ആവശ്യപ്പെട്ടിരിക്കയാണ്. ഇപ്പോൾ എനിക്ക് മനസ്സിലായി അപ്പുറത്തുനിന്ന് സപ്ലിമെൻററി ഡിമാൻഡിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കോൺഗ്രസ്സിലും ലീഗിലും അതുപോലെതന്നെ മറ്റുകക്ഷികളിലുംപെട്ട എം. എൽ. എ. മാർ സംസാരിച്ചതെന്താണെന്ന്. പോലീസ് വകുപ്പിലേക്കും മറ്റു വകുപ്പുകളിലേക്കും എന്നു പറഞ്ഞുകൊണ്ട് അധികച്ചെലവിനുവേണ്ടി സപ്ലിമെൻററി ഡിമാൻഡ് കൊണ്ടുവന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലായി. കാരണം, ഇപ്പോൾ പോലീസിന് ഒരു പ്രത്യേക ജോലികൂടി കൊടുത്തിട്ടുണ്ട്. ഇവിടെ ക്രമസമാധാനം അമ്പേ തകർന്നിരിക്കുകയാണ്. കൊള്ളയും കൊലപാതകവും ബലാൽസംഗവും പിടിച്ചുപറിയും ആർ.എസ്.എസ്. എസ്.എസ്. ആക്രമണവും ആണ് എവിടെയും നടക്കുന്നത്. അത്തരം ഒരു സംസ്ഥാനത്ത് പോലീസിനു പുതുതായി രണ്ടു കോടി രൂപ പൊതുസ്വത്തിൽ ഉൾപ്പെടുത്തിയശേഷം വീണ്ടും അധികച്ചെലവിനുവേണ്ടി വന്നിരിക്കയാണ്. ഇപ്പോൾ പോലീസിനുള്ള ജോലി എന്നു പറയുന്നത്, കഴിഞ്ഞ ആറു മാസമായി ശ്രീ. എം. വി. രാഘവനെ ആളെ ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതാണ്; ശ്രീ. എം. വി. രാഘവന്റെ ബദൽരേഖ അച്ചടിച്ചുവന്നത് പ്രചരിപ്പിക്കുകയെന്നതാണ്. തൃശ്ശൂർ സമ്മേളനത്തിൽ മഫ്തിയിൽ പോലീസുകാർ പങ്കെടുത്തിരുന്നു. അവർ സംഘടിപ്പിച്ചുകൊണ്ടുവന്ന ആളുകളാണ് ആ യോഗത്തിൽ പങ്കെടുത്തിരുന്നത്. കോൺഗ്രസ്സിനോടും മറ്റു മരണ മുന്നണിയിൽപ്പെട്ട കക്ഷികളോടും അനുഭാവമുള്ള ആളുകളെ സംഘടിപ്പിച്ചുകൊണ്ടു വരുന്ന ജോലി പോലീസുകാർക്കായിരുന്നു. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് മുമ്പ് അനാശാസ്യ പ്രവർത്തനങ്ങൾക്കും തെറ്റുകൾക്കും നടപടികളെടുത്ത് പുറത്താക്കപ്പെട്ട ഏതാനും ആളുകളും മരണമുന്നണിയിലെ ആളുകളും പോലീസു

LIBRARY ARCHIVES Kerala Legislative Assembly

കാരും കൂടിച്ചേർന്ന് അവിടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. ഇപ്പോഴും ശ്രീ. പന്തളം സുധാകരൻ പറഞ്ഞു, അദ്ദേഹം വളരെയധികം സന്തോഷിക്കുന്ന ഒരു ദിവസമാണ് ഇന്ന് എന്ന്. ബാക്കിയുള്ള പലരും ശ്രീ. രാഘവന്റെ പുതിയ പാർട്ടി രൂപീകരണം സന്തോഷത്തോടുകൂടി സ്വീകരിച്ചതിന്റെ അർത്ഥം ഈ രാജ്യത്തെ സാധാരണക്കാർക്ക് മനസ്സിലാകും. അവരെല്ലാംകൂടി ആളുകളെ പിടിച്ച് കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയെയും ഇടതുപക്ഷ മുന്നണിയെയും തകർക്കാനുള്ള കോടാലിക്കൈയായി ശ്രീ. എം. വി. രാഘവനെ ഉപയോഗിച്ചു; എല്ലാവിധ പ്രോൽസാഹനവും പണവും അതിനുവേണ്ടി നൽകി. 'മാതൃഭൂമി', 'മനോരമ' തുടങ്ങിയ പത്രങ്ങളും പ്രചരണ മാദ്ധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ ഇവയും പോരാത്തതിന് കോൺഗ്രസ്സുകാരും ഇതിനായി പ്രവർത്തിച്ചു. ഇവിടെ കെ. പി. സി. സി. പ്രസിഡന്റ് ശ്രീ. സി. വി. പത്മരാജൻ ഒരു സർക്കുലർ ഇറക്കി. എം. വി. രാഘവന് അനുകൂലമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്കാർ പങ്കെടുക്കുന്നുണ്ടോ, ഓരോ പ്രദേശത്തും എത്രപേർ ഉണ്ട്, അവരുടെ സംഖ്യ ശേഖരിച്ച് അവരെ പ്രോൽസാഹിപ്പിച്ച്, അവർക്ക് പണം കൊടുത്ത് അവർ രാഘവന്റെ കൂടെ നിൽക്കണമെന്നു നിർദ്ദേശിക്കുന്ന സർക്കുലറാണ് കെ. പി. സി. സി. പ്രസിഡന്റ് ഇവിടെ സർക്കുലറാക്കിയത്. ഇങ്ങനെ ആളുകളെ സംഘടിപ്പിച്ചും പത്രങ്ങളിൽ പ്രചരിപ്പിച്ചും മറ്റു പ്രചരണ മാദ്ധ്യമങ്ങൾ ഉപയോഗിച്ചും കുറെ ആളുകളെ അവരുടെകൂടെ നിർത്തി സന്തോഷിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുമ്പോൾ മാർക്സിസ്റ്റ് പാർട്ടിയെ തകർക്കാമോ എന്നാണ് അവർ നോക്കുന്നത്. അതിനാണ് പ്രോൽസാഹനവും പിന്തുണയും ഇവർ നൽകുന്നത്. കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഒരിക്കലും മതവിരുദ്ധ പ്രസ്ഥാനങ്ങളല്ല. ഇവർ കോൺഗ്രസ്സുകാരാണെങ്കിൽ തീർച്ചയായിട്ടും ഗൗരവത്തോടുകൂടി ഇവിടെ ഒരു ഭരണം ഉണ്ടാക്കണം. മന്ത്രിക്കസേരയിൽ വന്ന് അധികാരം കൈയടക്കാനും, ശർക്കരക്കുടത്തിൽ കൈയിട്ടു വാരാനും മാത്രം ചിന്തിക്കുന്ന ഭിക്ഷാംദേഹികളെപ്പോലെ നടക്കുന്നവരല്ലെങ്കിൽ, അവർക്ക് രാഷ്ട്രീയമുണ്ടെങ്കിൽ ഇങ്ങനെ എന്തെങ്കിലും ചെയ്തേ പറ്റൂ. കാരണം നമ്മുടെ രാജ്യത്ത് ഇന്നുള്ള സംവേവികാസങ്ങൾ എന്താണ്? വടക്ക് ആസ്സാം മത രാഷ്ട്രീയക്കാരുടെ കയ്യിലായിരിക്കുന്നു. ലാൽഡെങ്കയുമായി ഒരു ഒത്തുതീർപ്പിലാക്കിക്കൊണ്ട് മിസ്സോറാം അവർക്കു അടിയറ വച്ചിരിക്കുന്നു. പഞ്ചാബിൽ ഇപ്പോഴും കൂട്ടക്കൊല നടക്കുകയാണ്. ഗുജറാത്തിൽ വർഗ്ഗീയ കലാപം ഇപ്പോഴും നടക്കുന്നു. വെടിവയ്പും കൊലപാതകവും ഇപ്പോഴും നടന്നുകൊണ്ടിരിക്കയാണ്. വർഗ്ഗീയ കലാപം ഇവിടെ ആളിക്കത്തുകയാണ്. ഡൽഹിയിൽ ഇപ്പോൾ എന്താണ് നടക്കുന്നത്? വർഗ്ഗീയ കലാപത്തിൽ കഴിഞ്ഞ ദിവസം എത്രയോ ആളുകൾ പോലീസിന്റെ വെടിയേറ്റു മരിച്ചു. വർഗ്ഗീയവാദികളെ ആക്രമിച്ച് കൊലപ്പെടുത്തിയിരിക്കുന്നു. അവിടെ കർഫ്യൂ പ്രഖ്യാപിച്ചിരിക്കുന്നു. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. പട്ടാളം റൂട്ട് മാർച്ച് നടത്തുന്നു. ഇൻഡ്യയിൽ വർഗ്ഗീയ വിഘടന ശക്തികൾ നഗ്നനൃത്തം നടത്തുന്നു. അതുപോലെ കൊടിയ കലാപം അഴിച്ചുവിട്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതിനെ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുകയാണ്. ഇന്ദിരാഗാന്ധിയുടെ കാലത്തുണ്ടായിരുന്ന ഗവൺമെന്റ് പഞ്ചാബിൽ സിക്കു തീവ്രവാദികളെ പ്രോൽസാഹിപ്പിച്ചു. ആസ്സാമിൽ വിഘടന വർഗ്ഗീയ മത രാഷ്ട്രീയത്തെ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിലാണ് ഇൻഡ്യ ഇന്ന് നിൽക്കുന്നത്. ഇത്തര

LIBRARY ARCHIVES Kerala Legislative Assembly

ഒരു സ്ഥിതിയിൽ കമ്മ്യൂണിസ്റ്റു (മാർക്സിസ്റ്റു) പാർട്ടി നയപരമായ ഒരു തീരുമാനമെടുത്തു. വർഗ്ഗീയ വിഘടനശക്തികളുടെ കൂടെനുകയാറത്തിൽനിന്ന് ഇൻഡ്യാരാജ്യത്തെ, നമ്മുടെ ദേശീയ ഐക്യത്തെ, ദ്രോതയെ കാത്തുസൂക്ഷിക്കുവാൻ ഇൻഡ്യയുടെ തൊഴിലാളി വർഗ്ഗത്തെയും അഭ്യുദ്ധാനിക്കുന്നവരെയും ജനാധിപത്യ വിശ്വാസികളെയും അണിനിരത്തിക്കൊണ്ടു പോകാൻ കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളും ഒരു നയപരമായ തീരുമാനമെടുത്തു. ശ്രീ. എം. വി. രാഘവൻ മതരാഷ്ട്രീയവും ജാതിരാഷ്ട്രീയവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഒരു ഭരണം ഉണ്ടാക്കാൻവേണ്ടി നിൽക്കുന്നു. അങ്ങനെ ഒരു നയം കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിക്ക് അംഗീകരിക്കുവാൻ സാദ്ധ്യമല്ലെന്നാണ് ഇതിനെപ്പറ്റി വിവിധ തലങ്ങളിൽ നിന്നുണ്ടായ തീരുമാനം. അതെല്ലാം തള്ളിക്കളഞ്ഞശേഷം സഖാവ് ഇ.കെ. നായനാരും സഖാവ് ഗൗരിയമ്മയും സഖാവ് ഇ. എം. എസ്. നമ്പൂതിരിരിപ്പാടും അടക്കം കേരളത്തിലെയും ദേശത്തിലെയും മഹാഭൂരിപക്ഷം വരുന്ന ഏറ്റവും പ്രധാനപ്പെട്ട ശക്തിയുള്ള പാർട്ടിയാണ് ആ നയത്തിന് കൂട്ടായി നിൽക്കുന്നത്. ഇവിടെ വളരെ കുറച്ച് ആളുകളാ മാത്രമേ ശ്രീ. എം. വി. രാഘവനോടൊപ്പം പോയിട്ടുള്ളു. പോലീസുകാർ, കോൺഗ്രസ്സുകാർ മറ്റു ഭരണകക്ഷിയിൽപ്പെട്ടവർ ഇവരൊക്കെ സംഘടിച്ച് ശ്രീ. രാഘവന്റെ പാർട്ടി വലിയ പാർട്ടിയാണെന്ന് കാണിക്കാൻ വേണ്ടി കഴിഞ്ഞ ദിവസങ്ങളിലെല്ലാം പ്രസംഗം നടത്തിയിരുന്നു. ഇപ്പോഴത്തെ പ്രസംഗം അതാണ്. അങ്ങനെ പ്രോൽസാഹിപ്പിക്കുന്നു. അതുകൊണ്ടൊന്നും കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയെ തകർക്കാൻ കഴിയുകയില്ല. ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തെ തകർക്കാൻ കഴിയുകയില്ല. ഇന്ത്യയിൽ ദേശസ്നേഹപരമായി ചിന്തിക്കുന്ന ഏതൊരു ഇന്ത്യാക്കാരനും മനസ്സിലാക്കേണ്ടതാ ഈ വർഗ്ഗീയ വിഘടനശക്തികളെ അമേരിക്കൻ സാമ്രാജ്യത്വം പണവും ആയുധവും കൊടുത്ത് പാക്കിസ്ഥാനിലൂടെയും മറ്റു വഴികളിലൂടെയും ഇന്ത്യയിൽ കടത്തിവിട്ട് വർഗ്ഗീയ വിഘടന ശക്തികളെ വളർത്തുകയാണ് എന്നതാണ്. ലീഗുകാർ, ശ്രീ. നാലകത്തു സൂപ്പിയും ശ്രീ. കുഞ്ഞാലിക്കുട്ടിയും ലീഗിലെ മന്ത്രിമാരായ ശ്രീ. ബീരാനും, ശ്രീ. അഹമ്മദും കുവൈറ്റുകാരെ സ്വീകരിച്ചതും പണം പറ്റിയതും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ രാജ്യദ്രോഹപരമായ അട്ടിമറി പ്രവർത്തനത്തിന് കൂട്ടുനിന്നതും കൂടാതെ ഇപ്പോഴും ശ്രീ. എം. വി. രാഘവനെ പിൻതുണയ്ക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. ശ്രീ. എം. വി. രാഘവന്റെ ജനാവ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ചില പ്രധാനപ്പെട്ട ആളുകളാണ്. അവർ പണം കൊടുത്തുകൊണ്ടിരിക്കുന്നു. ഇത്തരത്തിൽ പണം ചെലവാക്കിക്കൊണ്ട് ശ്രീ. എം. വി. രാഘവനെ പ്രോൽസാഹിപ്പിച്ച് പോസ്റ്റർ ഒട്ടിക്കുന്നു, പണം കൊടുക്കുന്നു, ലോഡ്ജുകാരെ ഏർപ്പാടു ചെയ്തു കൊടുക്കുന്നു. ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഞാൻ ഒരു കാര്യം പറയട്ടെ. ടി. എ. വാങ്ങുന്ന ഇനത്തിലും സൽക്കാരത്തിലും മുഖ്യമന്ത്രി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സംഖ്യ ചെലവഴിക്കുന്നത് വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദാണ്. സർക്കാരിനുവേണ്ടിയുള്ള ഈ തുക കുവൈറ്റി പൗരൻമാരെ സ്വീകരിക്കാനും സൽക്കരിക്കാനും വേണ്ടി ഉപയോഗിക്കുന്നുണ്ട്. കോടിക്കണക്കിന് രൂപ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ആളുകളാ ശ്രീ. എം. വി. രാഘവന് കൊടുത്ത് സഹായിക്കുന്നു. കൊല്ലത്തെ കശുവണ്ടിമുതലാളിയായ യൂനുസ് കുഞ്ഞിനെ ഒലാഡ്ജാണ് ശ്രീ. എം. വി. രാഘവന്റെ ഓഫീസ് പ്രവർത്തനത്തിനു വേണ്ടി കൊടുത്തിരിക്കുന്നത്.....(ബഹളം).....വർഗ്ഗീയ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയത്തിന്റെയും മതരാഷ്ട്രീയത്തിന്റെയും ആളുകളായിട്ടുള്ള ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് മന്ത്രിമാർ രാജിവയ്ക്കണമെന്ന് കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ആവശ്യപ്പെട്ടപ്പോഴും അതിൽനിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് ശ്രീ. എം. വി. രാഘവന്റെ പ്രശ്നം ഇവിടെ ഉന്നയിക്കുന്നത്. സപ്ലിമെന്ററി ഡിമാന്റിനെപ്പറ്റി പറയാതെ ശ്രീ. എം. വി. രാഘവന്റെ പ്രശ്നത്തെപ്പറ്റി മാത്രമാണ് പറയുന്നത്. ഗുജറാത്തിലായാലും ഡൽഹിയിലായാലും ബോംബെയിലായാലും കേരളത്തിലെ തലശ്ശേരിയിലായാലും ആർ. എസ്. എസ്സുകാർ ആക്രമിച്ചപ്പോഴും ശബ്ദം ഉയർത്തിയ..... .....(ബഹളം).....

ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ: ശ്രീ. എം. വി. രാഘവൻ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് കുവൈറ്റികൾ നൽകിയ ഫണ്ടാണ് ഉപയോഗിക്കുന്നത് എന്ന സത്യവിരുദ്ധ പ്രസ്താവന രേഖയിൽ ഉണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട മെമ്പർ ഈ സഭയിൽ അസംബന്ധം പറയുകയാണ്.

ശ്രീ. വി. കേശവൻ: ഇത്തരത്തിൽ ഇന്ത്യയിലെ മത ന്യൂനപക്ഷങ്ങളുടെ, പാവപ്പെട്ടവരുടെ, ഇടതുപക്ഷ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ, കൃഷിക്കാരുടെ, ഇടത്തരക്കാരുടെ എല്ലാം പ്രസ്ഥാനം ഉണ്ടാക്കിക്കൊണ്ട്, കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ വർഗ്ഗീയ വിരുദ്ധശക്തികളെ പ്രോൽസാഹിപ്പിച്ച്, രാജ്യത്തെ കുട്ടിച്ചോറാക്കി അധികാരത്തിൽ വാഴാൻ ശ്രമിക്കുന്ന ദുഷ്ടനീക്കത്തിനെതിരായി ദേശീയ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ള ഒരു പ്രസ്ഥാനം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനവും മുന്നോട്ടു പോവുകതന്നെ ചെയ്യും; വിജയിക്കുകതന്നെ ചെയ്യും. അതിനെ നോക്കി ഇങ്ങനെ കുരച്ചിട്ടും കുറ്റപ്പെടുത്തിയിട്ടും കാര്യമില്ല. കഴിഞ്ഞ ദിവസം ഈ അസംബ്ലിയിൽ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും ബഹുമാനപ്പെട്ട ലോനപ്പൻ നമ്പാടനും ശ്രീ. എസ്. ആർ. തങ്കരാജും കൂടി മുഖ്യമന്ത്രിയോട് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. മന്ത്രിമാരുടെ 4 വർഷക്കാലത്തെ യാത്രച്ചെലവിന്റെയും സൽക്കാരച്ചെലവിന്റെയും കണക്കിനെക്കുറിച്ചാണ് ചോദിച്ചത്. നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിലെ 4–ാമത്തെ ചോദ്യത്തിന് ജൂൺ 26–ാം തീയതി മുഖ്യമന്ത്രി നൽകിയത് 3മാസത്തെ കണക്കാണ്. 3 മാസത്തെ കണക്കല്ല ചോദിച്ചത്. 4 വർഷത്തെ കണക്ക് ചോദിച്ചപ്പോഴും 3 മാസത്തെ കണക്കാണ് പറഞ്ഞത്. അത് പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. അസംബ്ലിയിലെ എം. എൽ. എ. മാർക്കും ജനങ്ങൾക്കും കാര്യങ്ങൾ അറിയുന്നതിനുള്ള അവകാശം നിഷേധിച്ചുകൊണ്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണ് ശ്രമിക്കുന്നത്. യഥാർത്ഥത്തിൽ മുഖ്യമന്ത്രി 4,31,000 രൂപ ടി. എ. വാങ്ങിയിരിക്കുന്നു. 8,35,000രൂപ സൽക്കാരത്തിനുവേണ്ടി ചെലവഴിച്ചിരിക്കുന്നു. ഡെപ്യൂട്ടി മുഖ്യമന്ത്രി 1,35,000 രൂപ ടി. എ. വാങ്ങിച്ചിരിക്കുന്നു, 37,000 രൂപ സൽക്കാരത്തിനു വേണ്ടി ചെലവഴിച്ചിരിക്കുന്നു. എല്ലാംകൂടി 4 വർഷക്കാലത്തിനിടക്ക് 100 ലക്ഷം രൂപ യാത്രപ്പടിയായിട്ട് ചെലവഴിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് രൂപ യാത്രപ്പടിയായിട്ടും സർക്കാരത്തിനുവേണ്ടിയും ധൂർത്തു ചെയ്യുന്നതിനുള്ള ഈ സപ്ലിമെന്ററി ഡിമാൻഡിനെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ: കുവൈറ്റിൽനിന്നും കൊണ്ടുവന്ന പണം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ശ്രീ. എം. വി. രാഘവന് നൽകുകയാണ് എന്ന് പറഞ്ഞ് ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കയാണ്. അത് നിയമസഭാനടപടിയിൽനിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുന്നു. .....(ബഹളം).....

ശ്രീ. ഒ. ഭരതൻ: ഒരു മെമ്പർ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചോദ്യത്തിന് വഴങ്ങുന്നില്ലെങ്കിൽ വേറൊരാൾക്ക് മൈക്ക് ഉപയോഗിക്കാൻ കൊടുക്കുന്ന സമ്പ്രദായം വളരെ അനാശാസ്യമാണ്. അത് വളരെ തെറ്റായ കീഴ്വഴക്കമാണ്. അങ്ങനെ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: ഒരു മെമ്പർ വഴങ്ങുകയാണെങ്കിൽ മൈക്ക് ഓൺ ചെയ്യും. മെമ്പർ വഴങ്ങുന്നില്ലെങ്കിൽ മൈക്ക് ഓൺ ചെയ്യാൻ പാടില്ല.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1981–1982, 1982–1983, 1983–1984—വർഷങ്ങളിലെ എക്സസ് ഗ്രാന്റിനും 1986–1987 ലേക്കുള്ള 11,66,35,200 രൂപയുടെ ഉപധനാഭ്യർത്ഥനകളുമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ഉപധനാഭ്യർത്ഥനകളെക്കുറിച്ച് പ്രതിപക്ഷത്തോ ഭരണപക്ഷത്തോ ഉള്ളവർക്ക് തർക്കിക്കാൻ കഴിയാത്ത വിധത്തിലാണ് ഇത് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഏകദേശം 8 കോടി രൂപ നമ്മുടെ പൊതുമേഖലാ സ്ഥാപനമായ കെ. എസ്. ആർ. ടി. സി. ഇന്ത്യൻ ഓയിൽ കോർപ്പറേഷന് കുടിശ്ശിക വരുത്തിയിട്ടുള്ളതു കൊടുക്കാൻ വേണ്ടിയാണ്. ആ കുടിശ്ശിക നികത്തിയില്ലെങ്കിൽ കെ. എസ്. ആർ. ടി. സി. യുടെ ഒരൊറ്റ വണ്ടിപോലും ഓടിക്കാൻ പറ്റാത്ത സാമ്പത്തിക ഞെരുക്കത്തിൽ നിൽക്കുന്നതു കൊണ്ടാണ് ബഡ്ജറിൽ നീക്കിവയ്ക്കാതിരുന്ന 8 കോടി രൂപ കെ. എസ്. ആർ. ടി. സി ക്ക് കൊടുക്കേണ്ടി വന്നത്. ഇനിധനച്ചെലവിൽ കൊടുക്കേണ്ടതായിരുന്നു ഈ 8 കോടി രൂപ. കേരളാ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്, വിനോദസഞ്ചാരികളെ ആകർഷിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരുകോടി രൂപയുടെ ബോട്ട് വാങ്ങാനുള്ള പദ്ധതിയുണ്ട്. അതിനുള്ള പണം കേന്ദ്രഗവൺമെന്റ് അനുവദിക്കുന്നതാണ്. കേന്ദ്രഗവൺമെന്റ് ആ തുക അനുവദിക്കണമെങ്കിൽ സംസ്ഥാന ഗവൺമെന്റ് ആ തുക ചെലവഴിക്കണം. ആ തുക ചെലവഴിച്ചു കഴിഞ്ഞതിനുശേഷം കേന്ദ്ര ഗവൺമെന്റ് നീ ഇംപ്രെഴ്സ് ചെയ്യുകയാണ് ചെയ്യുന്നത്. അതിന് ബഡ്ജറിൽ പ്രത്യേക ഹെഡ്ഡില്ലാത്തതുകൊണ്ട് ഈ കാര്യത്തിനുവേണ്ടി 100 ലക്ഷം രൂപ ചെലവഴിച്ചതാണ് ഒരെണ്ണം അഡീഷണലായിട്ട് വന്നിട്ടുള്ളത്. അതുപോലെതന്നെ ഹൗസിംഗ് ബോർഡ് പാവപ്പെട്ട ദുർബല വിഭാഗങ്ങൾക്ക് വായ്പ കൊടുക്കുന്നതിനുവേണ്ടി 115 ലക്ഷം രൂപ കൊടുക്കേണ്ടിവന്നു. അവർ ബോണ്ടിൽകൂടി ഫണ്ട് സ് കളക്ട് ചെയ്യാൻ ശ്രമം നടത്തിയപ്പോൾ റിസർവ്വ് ബാങ്ക് അതിനുള്ള സാങ്ഷൻ കൊടുക്കാതിരുന്നതിനാൽ കെട്ടി പൂർത്തിയാക്കാനുള്ള വീടുകൾക്കുവേണ്ടി ഹൗസിംഗ് ബോർഡിന് 115 ലക്ഷം രൂപയുടെ ഒരു ലോൺ താൽക്കാലികമായി കൊടുക്കേണ്ടിവന്നതുകൊണ്ടാണ് 115 ലക്ഷം രൂപയുടെ ചെലവ് വന്നത്. മൽസ്യത്തൊഴിലാളികൾക്ക് എന്തിനുവേണ്ടിയാണ് 70 ലക്ഷം രൂപ ധൂർത്തടിക്കുന്നത് എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പ്രസംഗിക്കുകയുണ്ടായി. മൽസ്യത്തൊഴിലാളിഗ്രാമങ്ങളിൽ പേര് രജിസ്റ്റർ ചെയ്യുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതാണെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുവേണ്ടിയാണ് 70 ലക്ഷം രൂപ സപ്ലിമെൻററി ഡിമാൻറിൽ വച്ചിട്ടുള്ളത്. ഇതിനുമുൻപ് ഈ സഭയിൽ ഞാൻ പ്രഖ്യാപിച്ചിരുന്നതുപോലെ ഈ വർഷത്തേക്ക് പുഞ്ചകൃഷിക്കാർക്ക് വളം സബ്സിഡി കൊടുക്കുന്നതിന് ബഡ്ജറിൽ ഹെഡ് ഇല്ലായിരുന്നു. അങ്ങനെ 1935–1936–ലെ 35 ലക്ഷം രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുവേണ്ടിയുള്ള ഒരു ഉപധനാഭ്യർത്ഥനയാണ് ഇതിൽ വച്ചിട്ടുള്ളത്. വയനാട് ജില്ലയിലെ ഗിരിവർഗ്ഗക്കാരുടെ ചികിൽസാ സൗകര്യത്തിനുവേണ്ടി 11.83 ലക്ഷം രൂപയുടെ ധനാഭ്യർത്ഥനയുമുണ്ട്. ഈ പറഞ്ഞ ആവശ്യത്തിനുവേണ്ടി ഇത്രയും ചുരുങ്ങിയ ഒരു ധനാഭ്യർത്ഥന ഇവിടെ കൊണ്ടുവന്നിട്ട് പ്രതിപക്ഷം അതിനേയും എതിർക്കുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനമായ കെ. എസ്. ആർ. ടി .സി.യ്ക്കും ഗിരിജനങ്ങൾക്കും മൽസ്യത്തൊഴിലാളികൾക്കും അതുപോലെ പാവപ്പെട്ട ആളുകൾക്ക് വീടു വയ്ക്കുന്നതിനുവേണ്ടിയും കൊണ്ടുവന്നിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ എതിർത്തത് ഒരിക്കലും ശരിയായില്ല.

ശ്രീ. ഇ. കെ. നായനാർ: മദ്യനിരോധന ജാഥയ്ക്ക് 25,000 രൂപ ഡൊണേഷൻ കൊടുത്തതെന്തിനാണ്? മൻമഥൻ സാറിൻെറ നേതൃത്വത്തിൽ ഉള്ള ജാഥ കാസർഗോഡു നിന്ന് തിരുവനന്തപുരം വരെ നടന്നു വന്നതിന് 25,000 രൂപ ഡൊണേഷനുണ്ട്. അതെന്തിനാണ് കൊടുത്തത്?

ശ്രീ. തച്ചടി പ്രഭാകരൻ: അതുകൊടുക്കേണ്ടന്നാണോ പ്രതിപക്ഷ നേതാവിൻെറ അഭിപ്രായം?

ശ്രീ. ഇ. കെ. നായനാർ: മദ്യനിരോധനം വേണമെന്നാണോ?

ശ്രീ. തച്ചടി പ്രഭാകരൻ. മദ്യനിരോധനത്തെ പ്രോൽസാഹിപ്പിക്കാൻ വേണ്ടി അവർ ചെയ്യുന്ന ത്യാഗത്തെ മാനിച്ചുകൊണ്ടാണ് 25,000 രൂപ കൊടുത്തത്. ഈസാമ്പത്തിക വർഷത്തിൽ കഴിയുന്നത്ര ചെലവ് കുറച്ചുകൊണ്ട് വരുകയാണ്. ഭരണച്ചെലവും മറ്റു കാര്യങ്ങളും കുറച്ചുകൊണ്ടുവരണമെന്നുള്ള നയം തന്നെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാൽത്തന്നേയും പല ജനക്ഷേമകരമായ പരിപാടികളും നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജനക്ഷേമകരമായ പരിപാടികളും നടപ്പാക്കാൻ വേണ്ടി മുന്നോട്ടു വരുമ്പോഴാണ് ഇത്തരം കാര്യങ്ങളും പറയുന്നത്. ശ്രീ. കേശവൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി ചെറിയ എമൗണ്ട് ബഡ്ജറിൽ വച്ചിട്ട് സപ്ലിമെൻററി ഡിമാൻറ്സ് കൊണ്ടുവരുന്നു, ആ നയം ശരിയല്ലെന്ന്. എല്ലാ ഗവൺമെൻറുകളുടെ കാലത്തും അപ്രതീക്ഷിതമായി ഉണ്ടാകുന്ന ചില സാഹചര്യങ്ങളിൽ സപ്ലിമെൻററി ഡിമാൻറ്സ് കൊണ്ടുവരേണ്ടിവന്നിട്ടുണ്ട്. ഉദാഹരണത്തിന് നാളികേരത്തിൻെറ വിലയിടിവ്. അതിൻെറ വിലയിടിയുമെന്നും നാളികേര കർഷകരെ സഹായിക്കണമെന്നും ഒരു പ്രതീക്ഷ ഉണ്ടായിരുന്നതല്ല. അങ്ങനെയൊരു പ്രതീക്ഷയില്ലാതിരിക്കുന്ന അവസരത്തിൽ ജനങ്ങൾക്ക് ആവശ്യമുള്ള കാര്യത്തിന് ചിലപ്പോൾ ബഡ്ജറിൽ വക കൊള്ളിച്ചില്ലെങ്കിൽപ്പോലും ചെലവഴിച്ചതിനുശേഷം ഈ സഭയുടെ അനുമതി വാങ്ങുകയെന്നുള്ളതാണ് ഈ ഗവൺമെൻറിൻെറ നയം. ആ രീതിയിൽ ഇന്നിപ്പോൾ ഒരുപക്ഷേ 11.87 കോടിരൂപയുടെ ഉപധനാഭ്യർത്ഥന മാത്രമേ കൊണ്ടുവന്നിട്ടുള്ളു എങ്കിലും.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗിന്റെ ഹെഡിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. അത് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയ്ക്കു വേണ്ടിയാണ് കൊടുത്തിരിക്കുന്നത്. ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടാണ് ആ സ്വയംഭരണ സ്ഥാപനത്തിന്റെ കാര്യത്തിനുവേണ്ടി ഈ പണം കൊടുക്കേണ്ടി വരുന്നത്. ടോക്കൺ പ്രൊവിഷനു ഒരുദ്ദേശം കാണുമല്ലോ. അതിന്റെ വേയ്സ് ആൻറ് മീൻസ് പൊസിഷനും ഇന്നത്തെ അതിന്റെ പ്രവർത്തനവും ആകെ കുഴപ്പമാണ്. സാധാരണഗതിയിൽ ബഡ്ജറ്റിൽ ഈ ഹെഡ്ഡിൽ പ്രൊവിഷൻ ഉണ്ടാക്കി സബ് വെൻഷനോ ഗ്രാന്റോ നേരിട്ടുകൊടുക്കാൻ ഒക്കാത്ത നിയമപരമായ സാഹചര്യം ഇപ്പോഴും നിലവിലിരിക്കേ ഈ ടോക്കൺ പ്രൊവിഷൻ വച്ചതിന്റെ ഉദ്ദേശമെന്താണ്?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ തന്നെ ഈ സഭയിൽ ആറേഴു പ്രാവശ്യം ഈ പോയിന്റ് റേയ്സ് ചെയ്തിട്ടുണ്ട്. അത് പിന്നേയും പിന്നേയും ആവർത്തിക്കുകയാണ്. പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഒരു ഡിപ്പാർട്ടുമെൻറ് എന്ന നിലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ അത് ബഡ്ജറ്റിൽവച്ചിരുന്നു. അതു കഴിഞ്ഞതിനു ശേഷം പിന്നീട്.....

ശ്രീ. ആർ. എസ്. ഉണ്ണി: ഇപ്പോഴും അങ്ങനെയൊരു ഡിപ്പാർട്ടുമെൻറുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: ആ ഡിപ്പാർട്ടുമെൻറില്ലെങ്കിൽ അതിനു വേണ്ടി അത് ചെലവഴിക്കുകയില്ല. അത്രയേ ഉള്ളൂ. ശ്രീ. ലോനപ്പൻ നമ്പാടൻ ഇവിടെ സൂചിപ്പിച്ചു, എം. എൽ. എ. റോഡ് ആകെ ആറ്റെണ്ണമാണ് പണി നടന്നത്. 500 കോടി രൂപയില്ലെങ്കിൽ എം. എൽ. എ. റോഡിന്റെ പ്രവർത്തനം നടക്കുകയില്ല എന്ന് എം. എൽ. എ. മാർ അറിഞ്ഞിരിക്കുന്നതിനുവേണ്ടി അതിന്റെ കണക്കുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഇതുവരെ ഭരണാനുമതി നൽകിയ എം. എൽ. എ. റോഡുകൾ 212. അതിനുവേണ്ടി വരുന്ന തുക 44.95 കോടി രൂപ. വർക്കുകൾ അറേഞ്ച് ചെയ്തത് 151 റോഡുകൾ. അതിന് വേണ്ടിവരുന്നത് 31.64 കോടി രൂപ ഭരണാനുമതി ലഭിച്ചതും ഇനി അറേഞ്ച് ചെയ്യാനുള്ളതും 61 റോഡുകൾ. അതിനുവേണ്ടി വരുന്നത് 20 കോടി രൂപ. ഇനിയും ഭരണാനുമതി നൽകാനുള്ളത് 69 റോഡുകൾ. അതിനാകെ വേണ്ടിവരുന്നത് 20 കോടി രൂപയാണ്. അതുകൊണ്ടാണ് ബഡ്ജറ്റിൽ അത്രയും തുക നീക്കിവച്ചില്ലെങ്കിൽപ്പോലും എം. എൽ. എ. റോഡുകളെ സംബന്ധിച്ചിടത്തോളം.....

ശ്രീ. കെ. ടി. കുമാരൻ: ടെൻഡർ ചെയ്ത് വർക്ക് ഓർഡർ കൊടുത്തിട്ട് പിന്നെ ചെയ്യേണ്ട എന്നു പറഞ്ഞ് ബാൻ ചെയ്തത് എത്രയുണ്ട്?

ശ്രീ. തച്ചടി പ്രഭാകരൻ: ഇപ്പോൾ ഗവൺമെൻറ് പ്രഖ്യാപിച്ച നയം എന്നുള്ളനിലയിൽ ഓരോ എം. എൽ. എ. മാരുടെ നിയോജക മണ്ഡലത്തിലെയും രണ്ടു റോഡുകൾ ഏതു രീതിയിലായാലും പണി വേഗതയിൽ പൂർത്തിയാക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. ചിലതിനൊക്കെ ഭരണാനുമതി കൊടുക്കാതിരിക്കുന്നതിന്റെ കാര്യം ഡെപ്യൂട്ടി മുഖ്യമന്ത്രി ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ചിലത് 8 മീറ്റർ വീതി കിട്ടാത്തതുകൊണ്ട്, ചിലതിന്റെ കൺസൻറ് കിട്ടാത്തതുകൊണ്ട് ചിലത് പഞ്ചായത്തിൽ നിന്ന് പി. ഡബ്ലിയു. ഡി. യ്ക്ക് ഹാൻറ് ഓവർ ചെയ്യാത്തതുകൊണ്ട്, ഇങ്ങനെയുള്ള നിരവധി കാരണങ്ങളും കൊണ്ടാണെന്നാണ് പറഞ്ഞത്. ഒന്നാമത് ഈ നിയമസഭയുടെ കാലാവധി മെയ് മാസം 19-ാം തീയതി ആകുമ്പോഴേക്കും കഴിയാറാകും. ഈ പറഞ്ഞ സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

തടസ്സത്തെക്കുറിച്ച് ഡെപ്യൂട്ടി മുഖ്യമന്ത്രിയും ഞാനുമായിട്ട് ദീർഘമായി സംസാരിച്ചു. ഈ മാതിരിയുള്ള സാങ്കേതിക തടസ്സങ്ങൾ നിങ്ങൾ നീക്കിക്കൊണ്ടു വന്നാൽ ഈ വർഷം തന്നെ എല്ലാ എം. എൽ. എ. റോഡുകളും എടുക്കുന്നതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുന്നതാണെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: എം. എൽ. എ. റോഡിന് ടെൻറർ വിളിച്ച് എഗ്രിമെൻറും വച്ചിട്ട് അലോട്ടുമെൻറ് കിട്ടുന്നില്ല. കിട്ടുകയില്ലെന്നുള്ള സംശയം കൊണ്ട് കോൺട്രാക്ടർമാർ വർക്ക് തുടങ്ങാത്ത കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ? ടെൻറർ വിളിച്ചവർക്കുള്ള അലോട്ടുമെൻറ് ഉടനേ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. തച്ചടിപ്രഭാകരൻ: ടെൻറർ വിളിച്ചാൽ ഉടനേ അലോട്ട്മെൻറ് കൊടുക്കുന്ന നയമില്ല ഈ ഗവൺമെൻറിന്. ബിൽ അവതരിപ്പിച്ചു കഴിഞ്ഞതിനുശേഷം അതിൻെറ എക്സ്പെൻറിച്ചർ നോക്കിയിട്ടാണ് അലോട്ട്മെൻറ് നടത്തുന്നത്. അല്ലാതെ ടെൻറർ വിളിച്ചു. കഴിഞ്ഞാൽ ഉടനെതന്നെ ഡിപ്പാർട്ടുമെൻറിന് ഹാൻറ് ഓവർ ചെയ്യുകയല്ല. എത്ര എക്സ്പെൻറിച്ചർ വേണ്ടി വരും എന്നുള്ളത് കണക്കാക്കിയിട്ടാണ് അലോട്ട്മെൻറ് കൊടുക്കുന്നത്.

ശ്രീ. സി. ടി. കൃഷ്ണൻ: ഒരു എം. എൽ. എ. റോഡ് 10 കിലോമീറർ ദൂരം എസ്റ്റിമേറ്റ് ഉണ്ടാക്കി എല്ലാം അയച്ചു. പക്ഷേ അത് രണ്ടുമൂന്നു ഘട്ടമായിട്ടാണ് ടെൻറർ വയ്ക്കുന്നത്. അതുകൊണ്ട് അത് എം. എൽ. എ. റോഡിൽത്തന്നെ ഉൾപ്പെടുത്തി അതിൻെറ പ്രവർത്തനം പൂർത്തിയാക്കാൻ നടപടിയെടുക്കുമോ?

ശ്രീ. തച്ചടിപ്രഭാകരൻ: ഒരു എം. എൽ. എ. രണ്ടരക്കോടി രൂപയുടെ വർക്കും ഒരു എം. എൽ. എ. നാലു ലക്ഷം രൂപയുടെ വർക്കുമാണ് കൊണ്ടു വരുന്നത്. അങ്ങനെയുള്ള റോഡുകളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് ഒരു പരിമിതിയുണ്ട്. പരമാവധി 20 ലക്ഷം രൂപ വച്ച് ഒരു നീച്ച് എടുക്കുക. അത് പൂർത്തിയാക്കിക്കഴിഞ്ഞതിനുശേഷം സെക്കൻറ് നീച്ചെടുക്കുക. അങ്ങിനെയൊരു നയമാണ് സ്വീകരിക്കുന്നത്. ഈ കാര്യത്തിൽ എം. എൽ. എ. മാർക്ക് നീതി പൂർവ്വമായി വിതരണം നടത്തണം എന്നുള്ളതുവച്ചുകൊണ്ടാണ് അങ്ങനെയൊരു നയം ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എസ്. ആർ. തങ്കരാജ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു എട്ടു മീറർ വീതി ഉണ്ടെങ്കിൽ റോഡ് എടുക്കുന്നതിന് സാങ്കേതിക തടസ്സമില്ലെന്ന്. ഏറ്റെടുത്ത റോഡിന് 8 മീറർ വീതിയുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ പാസ്സാക്കി എ. എസ്സിന് അയച്ചിട്ടുണ്ട്. എ. എസ്. കൊടുക്കാതെ സെക്രട്ടേറിയറിനകത്ത് വച്ചിരിക്കുന്നതുമുണ്ട്. ഞാൻ നാളെ ഫയൽ നമ്പർ ഹാജരാക്കാം. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ടെൻററായി എഗ്രിമെൻറ് വയ്ക്കുന്നതിന് മുമ്പ് സാമ്പത്തിക തടസ്സത്തിൻെറ പേരിൽ മാററിവച്ചത് എം. എൽ. എ. റോഡാക്കി മാററിക്കൊടുത്തപ്പോൾ 87 ശതമാനം എക്സസ് ആയിട്ട് എഴുതിക്കൊടുത്തതിന് അനുവാദം ഇതുവരെ കൊടുത്തിട്ടില്ല. എനിക്കുള്ള രണ്ടു റോഡു

LIBRARY ARCHIVES Kerala Legislative Assembly

കളുടേയും സ്ഥിതി ഇതാണ്. അടിയന്തിരമായി അനുവാദം കൊടുക്കുകയും ടെൻഡർ വിളിക്കുകയും എ. എസ്. കൊടുക്കുകയും ചെയ്യുമോ എന്നെനിക്കറിഞ്ഞാൽ മതി.

ഉപ മുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): എല്ലാ വിധത്തിലും സർട്ടിഫൈ ചെയ്ത റോഡാണെങ്കിൽ ഒരു നിമിഷംപോലും ഓഫീസിൽ വയ്ക്കാറില്ല. അദ്ദേഹം പോയിൻറ് ഔട്ട് ചെയ്ത റോഡിന്റെ രേഖ ഇപ്പോഴും തന്നാൽ അത് ഞാൻ ഒപ്പിട്ടുകൊടുക്കാൻ തയ്യാറാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: ഈ സഭയിൽ വികാരപരമായി ഉയർന്നു വന്ന പ്രശ്നമുണ്ട്. ശ്രീ. കെ. പി. പ്രഭാകരൻ അടക്കം ഉള്ള ആളുകളും ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രശ്നം ചോദ്യത്തിലൂടേയും മറ്റും ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ഉന്നയിച്ചിട്ടുള്ള ഒരു കാര്യം നെൽക്കൃഷിക്കാരുടെ പ്രശ്നമാണ്. നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന്റെ കൈവശം ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടും എ. കെ. കെ. നമ്പ്യാർ കമ്മീഷൻ റിപ്പോർട്ടും അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ റിപ്പോർട്ടും ഉണ്ട്. ആ റിപ്പോർട്ടുകളും ഗവൺമെൻറിന്റെ സജീവമായ പരിഗണനയിൽ ഇരിക്കുകയാണ്. ആ റിപ്പോർട്ടിൽ പല നിർദ്ദേശങ്ങളും മുന്നോട്ടു വച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളും ഗവൺമെൻറ് വളരെ അവഗാഢമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ നെൽക്കൃഷി ആദായകരമല്ലെന്ന് ഗവൺമെൻറിന് ബോദ്ധ്യമായിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: നമ്മളെല്ലാം ഒന്നിച്ചു ഭരണം നടത്തിയ കാലത്ത് നിയമസഭ അംഗീകരിച്ചു നിയമസഭയുടെ അനുവാദത്തോടുകൂടി വച്ച കമ്മീഷനാണ് ജനാർദ്ദനൻ നായർ കമ്മീഷൻ. ആ കമ്മീഷന്റെ റിപ്പോർട്ട് വന്നാൽ നിയമസഭാ ചട്ടം അനുസരിച്ചു ആറു മാസത്തിനകം മേശപ്പുറത്തു വയ്ക്കണം. ഇതുവരെ അതു വച്ചിട്ടില്ല. അതൊന്നു വയ്ക്കാമോ? നിയമപ്രകാരം അത് മേശപ്പുറത്തു വയ്ക്കാനുള്ളതാണ്. അതൊന്നു മേശപ്പുറത്ത് വയ്ക്ക്, ഞങ്ങളൊന്നു കാണട്ടെ.

ശ്രീ. തച്ചടി പ്രഭാകരൻ: ജനാർദ്ദനൻനായർ കമ്മീഷൻ റിപ്പോർട്ട് ശ്രീമതി ഗൗരിയമ്മയുടെ കയ്യിൽത്തന്നെയാണ് കിട്ടിയത്. അന്ന് അത് വയ്ക്കാമായിരുന്നില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ കൃഷിവകുപ്പുമന്ത്രിയായിരുന്നപ്പോഴും എന്റെ കയ്യിൽത്തന്നെയാണ് ജനാർദ്ദനൻനായർ കമ്മീഷൻ റിപ്പോർട്ട് തന്നത്. അന്ന് മന്ത്രിസഭ എതിരായിട്ട് നടന്ന ആളും ശ്രീമാൻ തച്ചടിയായിരുന്നു. അങ്ങനെ പ്രധാനമായിട്ട് നടന്ന ആളു അറിയേണ്ടതാണ്. ആ റിപ്പോർട്ട് കിട്ടി 15 ദിവസത്തിനകം മന്ത്രിസഭ പോയി. പിന്നെ എങ്ങനെ റിപ്പോർട്ട് വയ്ക്കും?

ശ്രീ. തച്ചടി പ്രഭാകരൻ: 15 ദിവസം ഉണ്ടായിരുന്നല്ലോ 14 ദിവസം മുൻപ് വയ്ക്കാമായിരുന്നു. മന്ത്രിസഭ പോകുമെന്നു കണ്ടപ്പോഴെങ്കിലും വയ്ക്കാമായിരുന്നു. സർ, ഈ ഗവൺമെൻറ് ജനാർദ്ദനൻ നായർ കമ്മീഷൻ ശുപാർശ പ്രകാരം നെൽകൃഷിക്കാരെ സഹായിക്കുന്നതിന് വേണ്ടി നിരവധി നിർദ്ദേശങ്ങളാ മുന്നോട്ടു വച്ചിട്ടുണ്ട്. ഇന്നു നെൽകൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡിയുണ്ട്, വളം സബ്സിഡിയുണ്ട്. അതുപോലെയുള്ള ആനുകൂല്യങ്ങളാ കൊടുത്തിട്ടുണ്ട്. ആ ആനുകൂല്യങ്ങളാകൂടി പരിശോധിച്ചതിനു ശേഷം നെൽകൃഷി നഷ്ടമില്ലാതെയാകിലും

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിന് ആവശ്യമായ രീതിയിൽ നെൽക്കൃഷിക്കാരെ സഹായിക്കണ മെന്നതാണ് ഈ ഗവൺമെൻറിന്റെ ഉദ്ദേശം. തീർച്ചയായും കാലതാമസ മില്ലാതെ അതിനുള്ള പരിപാടികളും നടപ്പിലാക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭാ ചട്ടങ്ങളും പ്രകാരം മേശപ്പു റത്തു വയ്ക്കേണ്ട ആ റിപ്പോർട്ട് എക്സ്റ്റൻറ് ചെയ്യുന്നതിന് നിയമസഭാ സ്പീക്കറുടെ അനുവാദം വാങ്ങിയിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: അതുകൊണ്ട് നെൽക്കൃഷിക്കാരുടെകാര്യം ഈ ഗവൺമെൻറ് അനുഭാവപൂർവ്വമായി പരിഗണിക്കുകയും കൃഷിയിൽ വരാവുന്ന നഷ്ടത്തിന് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടുന്ന ആശ്വാസ നടപടികളും നടത്തുകയും ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇപ്പോഴത്തന്നെ പമ്പിംഗ് സബ്സിഡിയുണ്ട്. വളം സബ്സിഡി ഉണ്ടെന്നു പറഞ്ഞു. പാലക്കാട് ഉൾപ്പെടെ കേരള സംസ്ഥാനത്തുള്ള എല്ലാ നെൽക്കൃഷിക്കാർക്കും വളം സബ്സിഡി 50% കൊടുക്കണമെന്നും കീടനാശിനി കൊടുക്കണമെന്നും ശുപാർശ ചെയ്തിരിക്കുന്നത് നടപ്പാക്കുമോ എന്നാണ് ചോദിച്ചത്. അല്ലാതെ ഇപ്പോൾ കൊടുക്കുന്ന സബ്സിഡിയുടെ കാര്യമല്ല.

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ പറഞ്ഞതുപോലെ വളം സബ്സിഡിയുണ്ട്. ഇൻറാസ്റ്റേറ്റ് സബ്സിഡിയുണ്ട് അങ്ങനെ പല രീതിയിലുള്ള ആനുകൂല്യങ്ങളുമുണ്ട്. എല്ലാ ആനുകൂല്യങ്ങളും കൂടി പരിശോധിച്ചു കഴിഞ്ഞതിനുശേഷം പോരാതെ വരുന്ന ആനുകൂല്യങ്ങളും കൂടി കൊടുത്ത് ആ കൃഷിക്കാരെ സഹായിക്കണ മെന്നുള്ള നയമാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ കാർഷികമേഖലയിൽ പ്രധാനപ്പെട്ടതാണ് ഓണാട്ടുകര കാർഷികമേഖല. ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളിയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയും മാവേലിക്കരയും ചേർന്നതാണ് ഈ ഓണാട്ടുകര കാർഷികമേഖല. ഈ പ്രദേശത്തിന് കെ. എൽ. ഡി. സി. യുടെ ഭാഗമായി ചെറിയ ഒരു വികസന പ്രവർത്തനം മാത്രമേ നടക്കുന്നുള്ളൂ. അതുകൊണ്ട് മേൽപ്പറഞ്ഞ 3 താലൂക്കുകളും ചേർന്ന ഓണാട്ടുകര പ്രദേശത്തിനുവേണ്ടി ഓണാട്ടുകര കാർഷിക വികസന അതോറിറ്റി രൂപീകരിക്കാൻ ഈ ഗവൺമെൻറ് ആഗ്രഹിക്കുന്നുണ്ട് എന്നുള്ള കാര്യം ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ബേബിജോൺ: അതിനുള്ള പണമുണ്ടോ?

ശ്രീ. തച്ചടിപ്രഭാകരൻ: സർ, അതിനാവശ്യമായ പണം ഈ ബഡ്ജറ്റിൽ ഇല്ലെങ്കിൽ കണ്ടിൻജൻസി ഫണ്ടിൽ നിന്നും എടുത്ത് ആ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സർ, അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തുള്ള സർവ്വീസ് പെൻഷൻകാരുടെ കാര്യമെടുക്കാം. അഗതി പെൻഷൻകാരുടെ കാര്യം ഞാൻ നേരത്തെ സഭയിൽ പറഞ്ഞതാണ്. സർവ്വീസിൽ നിന്നും പെൻഷൻപ്പറ്റി പിരിയുന്ന ആളുകളെ സംബന്ധിച്ച് നാലാം പേ കമ്മീഷൻ ചില ശുപാർശകളും ചെയ്തിട്ടുണ്ട്. ഈ ശുപാർശകളിൽ ചിലതെല്ലാം ഗവൺമെൻറ് നടപ്പാക്കിയിട്ടുമുണ്ട്. പക്ഷേ പേ കമ്മീഷൻ റിപ്പോർട്ടിൽ പെൻഷൻകാരുടെ കാര്യത്തിൽ ഒരു അവസാന തീരുമാനം എടുത്തിട്ടില്ല. സർ, സപ്ലിമെൻററി ഡിമാൻഡ് പാസ്സായി കഴിഞ്ഞതിനുശേഷം 70 വയസ്സ് പൂർത്തിയാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് 25 രൂപ മെഡിക്കൽ അലവൻസ് കൊടുക്കണമെന്ന് നേരത്തെ തീരുമാനിച്ചിട്ടുണ്ട്. ആ മെഡിക്കൽ അലവൻസ് ഏപ്രിൽ മാസം മുതൽ കൊടുക്കണമെന്ന് ഗവൺമെൻറ് കമ്മിറ്റ് ചെയ്തിട്ടുണ്ട്. മാർച്ചു മാസത്തിലാണ് അത് പാസ്സാക്കിയിട്ടുള്ളത്. ഏപ്രിൽ മുതലുള്ള കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ ഗവൺമെൻറ് നടപടി എടുത്തിട്ടുണ്ട്. എല്ലാ സർവ്വീസ് പെൻഷൻകാർക്കും ഓണത്തിനുമുൻപു തന്നെ പെൻഷൻ തുക അവരുടെ കൈവശം എത്തിയിരിക്കും. പെൻഷൻകാരെ സംബന്ധിച്ചിടത്തോളം നിരവധി ഡിമാൻഡുകൾ ഗവൺമെൻറിൻെറ മുൻപിൽ വന്നിട്ടുണ്ട്. ഈ ആഗസ്റ്റ് മാസത്തിൽത്തന്നെ പെൻഷൻകാരുടെ സംഘടനാ പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്യുന്നതാണ്. പത്തു മുപ്പത്തഞ്ചു വർഷത്തോളം സർവ്വീസിൽ സേവനം അനുഷ്ഠിച്ചതിനുശേഷവും അവർക്ക് കഷ്ടപ്പാട് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറ് അവരുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് ഗവൺമെൻറിൻെറ സാമ്പത്തിക പരിമിതികളും വച്ചുകൊണ്ട് അനുകൂലമായ സമീപനം സ്വീകരിക്കുന്നതാണ്. ഇവർക്ക് ഒരുപാട് പരാതികളുള്ളതുകൊണ്ട് പെൻഷൻകാരുടെ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേകമായി പരാതികളും ആവലാതികളും കേൾക്കുന്നതിനുവേണ്ടി ഒരു സെൽ സെക്രട്ടറിയറ്റിൽ രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനുള്ള സ്റ്റാഫിനെ പോസ്റ്റ് ചെയ്തു കഴിഞ്ഞു. അതിൻെറ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. അങ്ങനെ ഈ സമൂഹത്തിലെ ദുർബലവിഭാഗങ്ങൾ, കർഷകർ, അഗതികൾ തുടങ്ങി എല്ലാ ആളുകളെയും സഹായിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായിട്ടാണ് ഈ സപ്ലിമെൻററി ഡിമാൻഡ് ഇവിടെ കൊണ്ടു വന്നിട്ടുള്ളത്. ഈ സപ്ലിമെൻററി ഡിമാൻറ് യാതൊരു എതിർപ്പുമില്ലാതെ പാസ്സാക്കിത്തരണമെന്ന് ഞാൻ പ്രതിപക്ഷമുൾപ്പെടെയുള്ള ആളുകളോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ദിനകരൻ: സർ, ഇതുവരെ ഈ ദുർബലവിഭാഗങ്ങൾക്ക് വളരെയേറെ ക്ഷേമപ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് നൽകുന്നതായിട്ടാണ് ഈ ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കറിയാം ആലപ്പുഴ ജില്ലയിൽ ചേർത്തല, കാർത്തികപ്പള്ളി, അമ്പലപ്പുഴ താലൂക്കുകളിൽ ധാരാളം മന്തുരോഗികളുണ്ട്. അവർക്ക് വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് പറഞ്ഞാൽ കൊള്ളാം.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, മന്തുരോഗികളുടെ ഒരു അസോസിയേഷൻ ഗവൺമെൻറിൻെറ മുൻപിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. അവർ സമൂഹത്തിലെ കഷ്ടപ്പെടുന്ന ആളുകളാണെന്ന് ഗവൺമെൻറിന് വിശ്വാസമുണ്ട്; അവർക്ക് എന്തെങ്കിലും സഹായം ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിക്കുകയാണ്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, ഈ ഓണാട്ടുകര കാർത്തികപ്പള്ളി താലൂക്കിൽ വരുന്നതുകൊണ്ടായിരിക്കും ഈ ഓണാട്ടുകരയെപ്പറ്റി ഇത്രയേറെ വിശേഷിപ്പിച്ചത്. കേരളത്തിൽ നെല്ലുൽപ്പാദന കേന്ദ്രങ്ങളെപ്പറ്റി പറയുന്ന കൂട്ടത്തിൽ ഓണാട്ടുകര പ്രത്യേകം സൂചിപ്പിച്ചത് കാർത്തികപ്പള്ളി താലൂക്കിൽ പെടുന്നതുകൊണ്ടായിരിക്കും. ഈ പ്രസംഗമല്ലാതെ കേരളത്തിലെ നെൽകൃഷിക്കാർക്ക് എന്തെങ്കിലും ഗുണമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ നേരത്തെ അക്കാര്യം പറഞ്ഞതാണ്. ശ്രീ. കുഞ്ഞിക്കണ്ണൻ ശ്രദ്ധിച്ചില്ലായിരിക്കും. തൃശ്ശൂർ കോഴം നിലമോ, പാലക്കാടോ, കുട്ടനാടോ, ഓണാട്ടുകരയോ എന്നു പ്രത്യേകതയില്ല. ഒറ്റൽകൃഷിക്കാർക്കു കൊടുക്കുന്ന ആനുകൂല്യം കേരളത്തിലെ മുഴുവൻ നെൽക്കൃഷിക്കാർക്കും ഒരുപോലെ ലഭ്യമാക്കുന്നതായിരിക്കും.

വ്യക്തിപരമായ വിശദീകരണം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കുവൈറ്റികളുടെ കയ്യിൽ നിന്നും കുറെ പണം വാങ്ങി ഞാനും ബഹുമാനപ്പെട്ട സുപ്പിയും കൂടി ശ്രീ. എം. വി. രാഘവന് എത്തിച്ചുകൊടുത്തുവെന്ന് ശ്രീ. വി. കേശവൻ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു. സർ, അത് ഇല്ലാത്തതാണെന്ന് തെളിയിക്കാനൊന്നും ഞാൻ ഈ സഭയുടെ സമയം കളയുന്നില്ല. ഇന്നലെ വരെ സ്വന്തം നേതാവായിരുന്ന ശ്രീ. എം. വി. രാഘവനെപ്പറ്റി പറയുമ്പോൾ ഒരുകിലും ഉള്ളവരുടെ ക്രെഡിബിലിറ്റിയെ ബാധിക്കുമെന്ന് നിങ്ങൾ ഓർക്കേണ്ടതാണ്. അത് ലജ്ജാകരവും തരംതാണതും ബാലിശവുമായ പരാമർശമായിട്ടായിരിക്കും ഈ രേഖയിൽ ഉണ്ടാവുക.

സംസ്ഥാനഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടേയും നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുനൂറു രൂപയുടേയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടേയും, മെഡിക്കൽ എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാലുലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറു രൂപയുടേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നു ലക്ഷത്തി അൻപത്തി ആറായിരം രൂപയുടേയും പൊതുജനാരോഗ്യമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടേയും ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനൊന്നു ലക്ഷത്തി എൺപത്തിമൂവായിരം രൂപയുടേയും വിനോദസഞ്ചാരമെന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ, ഒരു കോടി എഴുപത്തി ആറായിരത്തി നാനൂറു രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ പോയം ആവശ്യപ്പെടുന്നു.

(സഭ താഴെപറയും പ്രകാരം വേർതിരിഞ്ഞ് വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—70

1. ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊരമ്പയിൽ അഹമ്മദ് ഹാജി
5. ,, സി. ടി അഹമ്മദ് അലി
6. ,, കെ. അവുക്കാദർകുട്ടി നഹ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
9. ,, പി. കെ. കെ. ബാവ

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. ബെന്നിബഹനാൻ
11. ,, പി. ഭാസ്കരൻ
12. ,, വി. ദിനകരൻ
13. ,, എം. പി. ഗംഗാധരൻ
14. ,, എ. ജോർജ്ജ്
15. ,, കെ. എം. ഹംസക്കുഞ്ഞ്
16. ,, എം. എം. ഹസ്സൻ
17. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
18. ,, ടി. എം ജേക്കബ്ബ്
19. ,, സി. ജി. ജനാർദ്ദനൻ
20. ,, ടി. എസ്. ജോൺ
21. ,, എ. സി. ജോസ്
22. ,, ജോസ്കുറിയാന്നി
23. ,, ഡോക്ടർ കെ. സി. ജോസഫ്
24. ,, കെ. സി. ജോസഫ്
25. ,, പി. ജെ. ജോസഫ്:
26. ,, വി. വി. ജോസഫ്
27. ,, കെ. കെ. നായർ
28. ശ്രീമതി എം. കമലം
29. ശ്രീ. കെ. ജി. ആർ. കർത്താ
30. ,, ജി. കാർത്തികേയൻ
31. ,, പി. കെ. കുഞ്ഞാലിക്കുട്ടി
32. ,, മണിമംഗലത്തു കുട്ട്യാലി
33. ,, ഇ. ജെ. ലൂക്കോസ്
34. ,, കെ. പി. എ. മജീദ്
35. ,, കെ. എം. മാണി
36. ,, എം. വി. മാണി
37. ,, കെ. മുഹമ്മദാലി
38. ,, ഇ. ടി. മുഹമ്മദ് ബഷീർ
39. ,, പി. എ. മുഹമ്മദ് കുഞ്ഞ്
40. ,, കെ. എസ്. നാരായണൻ നമ്പൂതിരി
41. ,, കെ. പി. നൂറുദ്ദീൻ
42. ,, ഉമ്മൻ ചാണ്ടി
43. ,, സി. വി. പത്മരാജൻ
44. ,, തച്ചടി പ്രഭാകരൻ
45. ,, കെ. രാഘവൻ മാസ്റ്റർ
46. ,, രാഘവൻ പൊഴക്കടവിൽ
47. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
48. ,, കെ. പി. രാമചന്ദ്രൻനായർ
49. ,, എസ്. രാമചന്ദ്രൻപിള്ള
50. ,, തേറമ്പിൽ രാമകൃഷ്ണൻ
51. ,, കെ. പി. രാമൻ
52. ,, തോപ്പിൽ രവി
53 ,, വയലാർ രവി
54. ,, എൻ. ശക്തൻനാടാർ
55. ,, പി. സീതിഹാജി
56. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
57 ,, കടവൂർ ശിവദാസൻ

LIBRARY ARCHIVES Kerala Legislative Assembly

58. ശ്രീ. നാലകത്തു സൂപ്പി
59 ,, കെ. കെ. ശ്രീനിവാസൻ
60. ,, എൻ. ശ്രീനിവാസൻ
61. ,, പന്തളം സുധാകരൻ
62. ,, കോട്ടക്കുഴി സുകുമാരൻ
63. ,, സി. എം. സുന്ദരം
64. ,, എൻ. സുന്ദരൻനാടാർ
65. ,, പി. പി. തങ്കച്ചൻ
66. ,, സി. എഫ്. തോമസ്
67. ,, കെ. കെ. തോമസ്
68. ,, പി. കെ. വേലായുധൻ
69. ,, ടി. വി. വിജയരാജൻ
70. ,, സ്റഫീഫൻ പാദുവ

പ്രതികൂലിക്കുന്നവർ—55

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. ഭരതൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
9. ,, കെ. ചന്ദ്രശേഖരൻ
10. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
12. ,, സിറിയക് ജോൺ
13. ശ്രീമതി പി. ദേവുട്ടി
14. ,, കെ. ആർ. ഗൗരി
15. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16. ,, ടി. കെ. ഹംസ
17. ,, കെ. ഇ. ഇസ്മയിൽ
18. ,, എം. ജിനദേവൻ
19. ,, ഇ. കെ. നായനാർ
20. ,, വി. സി. കബീർ
21. ,, കെ. ടി. കണാരൻ
22. ,, എം. കെ. കേശവൻ
23. ,, വി. കേശവൻ
24. ,, സി. ടി. കൃഷ്ണൻ
25. ,, കെ. കൃഷ്ണൻകുട്ടി
26. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
27. ,, കെ. ടി. കുമാരൻ
28. ,, പി. കുമാരൻ
29. ,, പി. വി. കുഞ്ഞിക്കണ്ണൻ
30. ,, ലോനപ്പൻ നമ്പാടൻ
31. ,, സി. പി. മൂസ്സാൻകുട്ടി
32. ,, കെ. മൂസ്സക്കുട്ടി
33. ,, എ. കെ. പത്മനാഭൻ

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീ. ഇ. പത്മനാഭൻ
35. ,, കെ. പങ്കജാക്ഷൻ
36. ,, ടി. പി. പീതാംബരൻ മാസ്റ്റർ
37. ,, കെ. പി. പ്രഭാകരൻ
38. ,, കെ. പുരുഷോത്തമൻ
39. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
40. ശ്രീ. വർക്കല രാധാകൃഷ്ണൻ
41. ,, വി. കെ. രാജൻ
42. ,, കാനം രാജേന്ദ്രൻ
43. ,, കെ. ശങ്കരനാരായണപിള്ള
44. ,, എ. കെ. ശശീന്ദ്രൻ
45. ,, എ. സി. ഷൺമുഖദാസ്
46. ഡോക്ടർ എ. സുബ്ബറാവു
47. ശ്രീ. എ. വി. താമരാക്ഷൻ
48. ,, സി. കെ. തങ്കപ്പൻ
49. ,, വി. ജെ. തങ്കപ്പൻ
50. ,, എസ്. ആർ. തങ്കരാജ്
51 ,, പി. സി. തോമസ് (കടുത്തുരുത്തി)
52. ,, ആർ. എസ്. ഉണ്ണി
53. ,, ജി. വരദൻ
54. ,, സി. വാസുദേവമേനോൻ
55. ,, പി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ—ഇല്ല.

അനുകൂലിക്കുന്നവർ — 70

പ്രതികൂലിക്കുന്നവർ — 55

നിഷ്പക്ഷതപാലിക്കുന്നവർ — ആരുമില്ല.

ഉപധനാഭ്യർത്ഥനകളും പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തതായി പ്രഖ്യാപിക്കപ്പെട്ടു.

പൊതുമരാമത്ത് എന്ന XV—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടെയും പെൻഷനും പലവകയും എന്ന പതിനാറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടു ലക്ഷത്തി അമ്പതിനായിരത്തി ഒരുനൂറു രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുനൂറു രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാരേണവും പലവകയും എന്ന XI—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു ലക്ഷത്തി ആറായിരം രൂപയുടെയും ഭവനനിർമ്മാണം എന്ന XXII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി ഇരുപത്തിയഞ്ചു ലക്ഷത്തി രണ്ടായിരത്തി തൊള്ളായിരം രൂപയുടെയും പ്രകൃതിക്ഷോഭത്തി നിരയായവർക്ക് ദുരിതാശ്വാസം എന്ന XXVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXIX—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

സ്റ്റേഷനറിയും അച്ചടിയും ഭരണപരമായ മറ്റു സർവ്വീസുകളും എന്ന XIV—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടേയും സഹകരണം എന്ന XXVIII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു നൂറു രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

നഗരവികസനമെന്ന XXIII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുനൂറു രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

കൃഷി എന്ന XXX—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മുപ്പത്തഞ്ചുലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മൽസ്യബന്ധനമെന്ന XXXIV—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ എഴുപതുലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

തുറമുഖങ്ങൾ എന്ന XLI—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാലുലക്ഷത്തിപ്പതിനേഴായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

ഗതാഗതം എന്ന XLII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ എട്ടു കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അധികധനാഭ്യർത്ഥനകൾ

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേയ്ക്ക് തൊണ്ണൂറിയാറുലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂററി എഴുപത്തിയാറു രൂപയുടേയും ഒഡിക്കൽ എന്ന XVIII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പത്തുലക്ഷത്തി അറുപത്തെണ്ണായിരത്തി ഇരുന്നൂററി അറുപത്തിയഞ്ചു രൂപയുടെയും അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

ഫാമിൻ എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേയ്ക്ക് നാലുലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുപത്തിയഞ്ചു രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

സ്റ്റേഷനറിയും അച്ചടിയും ഭരണപരമായ മററു സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തിക വർഷത്തേയ്ക്ക് മൂന്നുകോടി അറുപത്തിയേഴുലക്ഷത്തി എഴുപത്തയ്യായിരത്തി മുന്നൂറിയറുപത്തിയഞ്ച് രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981-82 സാമ്പത്തികവർഷത്തേക്ക് റവന്യൂ ഇനത്തിൽ രണ്ടുകോടി മുപ്പത്തിനാലു ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി എഴുനൂററി ഒൽപതു രൂപയുടേയും മൂലധനം ഇനത്തിൽ ഒരു കോടി മുപ്പത്തിഎട്ടുലക്ഷത്തിമുപ്പത്തി എണ്ണായിരത്തി ഇരുനൂററി നാൽപ്പത്തിയഞ്ചു രൂപയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നു കോടി പത്തുലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി ഒന്ന് രൂപയുടേയും അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982-83 സാമ്പത്തികവർഷത്തേയ്ക്ക് ഒരു കോടി നാൽപ്പത്തിയാറു ലക്ഷത്തിപന്തീരായിരത്തി എണ്ണൂററിനാൽപ്പത്തിയാറു രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982-83 സാമ്പത്തികവർഷത്തേയ്ക്ക് ഇരുപത്തിയഞ്ചുലക്ഷത്തി ഏഴായിരത്തി എണ്ണൂററിമുപ്പത്താൻപത് രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു. ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1983–84 സാമ്പത്തികവർഷത്തേയ്ക്ക് മുപ്പത്തിയഞ്ചുലക്ഷത്തി അൻപത്തിയാറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിനാല് രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലൈ 28–ാം തീയതി വൈകുന്നേരം നാലുമണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.07-ന് പിരിഞ്ഞു.)

(നിയമസഭ വൈകുന്നേരം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ വീണ്ടും സമ്മേളിച്ചു.)

VI. നിയമനിർമ്മാണകാര്യം

(1) 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങളും സംബന്ധിച്ച 10–ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ഇവിടെ എം. എൽ. എ. മാർക്ക് കിട്ടിക്കൊണ്ടിരുന്നത് ക്ലാസ് I ഓഫീസർമാർക്ക് കിട്ടിക്കൊണ്ടിരുന്ന ടി. എ. യാണ്. അത് 95 പൈസയാണ്. ക്ലാസ് I ഓഫീസേഴ്സിന്റെ 95 പൈസ 125 പൈസയാക്കി. എം. എൽ. എ. മാർക്കും അത് ബാധകമാക്കണമെന്നുള്ളതാണ് ടി. എ. യെ സംബന്ധിച്ച എന്റെ ഭേദഗതി. അതു പോലെ വർദ്ധനവനുസരിച്ച് മിനിമം ടി. എ. 95 രൂപ കൊടുത്തുകൊണ്ടിരുന്നപ്പോൾ ആയിരം രൂപയായിരുന്നു എം. എൽ. എ. മാർക്ക് കൊടുത്തുകൊണ്ടിരുന്നത്. അതിപ്പോൾ മിനിമം ടി. എ. 1,250 രൂപയാക്കണമെന്നുള്ളതാണ്. അതുപോലെതന്നെ റെയിൽവേ കൂപ്പൺ അയ്യായിരം രൂപയാണ് ഉണ്ടായിരുന്നത്. മൂന്നു പ്രാവശ്യം റെയിൽവേയുടെ ചാർജ് വർദ്ധിപ്പിക്കുകയുണ്ടായി. ആ സാഹചര്യത്തിൽ മിനിമം പതിനായിരം രൂപയാക്കണമെന്നുള്ള ഒരു ഭേദഗതിയുമുണ്ട്. ഈ ബിൽ X–ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly